
# കലാനിധി



DIA 8 NAS

FOREIGN 10 ANNAS

പ്രഥമ ധന




## വിഷയവിവരം.


| | | പേജ്. |
|---|---|---|
| 1. | ബാപ്പുവിന്റെ അനശ്വര വചസ്സുകൾ | 359 |
| 2. | ഗാന്ധിദേവൻ (കവിത) | 362 |
| 3. | ത്രിമൂർത്തികൾ | 363 |
| 4. | ജവാഹറിന്റെ ജന്മദിനം (കവിത) | 366 |
| 5. | നാമജപം (ചെറുകഥ) | 367 |
| 6. | വിടർന്നപൂവു് (കവിത) | 372 |
| 7. | ഏഷ്യയും ലോകഗതിയും (ഉപന്യാസം) | 373 |
| 8. | കാത്തിരിപ്പ് (കവിത) | 376 |
| 9. | അസമത്വം (കവിത) | 376 |
| 10. | രോഗിയുടെ ഭാര്യ (ചെറുകഥ) | 377 |
| 11. | ജയിൽപുള്ളി (കവിത) | 382 |
| 12. | ബാരിസ്റ്റർ ജി. പി. (ജീവചരിത്രം) | 383 |
| 13. | സാഹിത്യചിന്തകൾ (കവിത) | 391 |
| 14. | നീലഅരുവി (ചെറുകഥ): | 393 |
| 15. | കേരളം ജയിക്കട്ടെ (കവിത) | 400 |
| 16 | തച്ചോളിവീട്ടിലേക്ക് (ഇതിഹാസം) | 401 |
| 17. | ഭാമയുടെ പശ്ചാത്താപം (കവിത) | 405 |
| 18. | പുലയി (കവിത) | 405 |
| 19. | കലാകാരൻ (ചെറുകഥ) | 406 |
| 20. | വിരക്തി (കവിത) | 412 |
| 21. | ത്യാഗിനി (ഒരു സ്മരണ) | 413 |
| 22. | ഹാവായിയൻനർത്തകി (കവിത) | 419 |
| 23. | ആ പരമാർത്ഥം (ഏകാങ്കനാടകം) | 422 |
| 24 | വിപ്ലവത്തിലേക്ക് (ഗദ്യകവിത) | 426 |
| 25 | ദില്ലി-പടക്കപ്പൽ (കവിത) | 427 |
| 26. | ഒരു യാമിനി (ചെറുകഥ) | 428 |
| 27. | വാവിട്ടു കരഞ്ഞുപോയി (കവിത) | 431 |
| 28. | ആശാലത (തുടർച്ച് നോവൽ) | 433 |
| 29. | വനിതാപംക്തി | 444 |
| 30. | ബാലപംക്തി<br>ഒന്നായിത്തീരുകില്ലേ? (കവിത)<br>പത്തുമിന്നിട്ട് | 447 |
| 31. | വിനോദപംക്തി | 449 |
| 32. | ജ്യോതിഷപംക്തി | 453 |


## മുഖചിത്രവിവരണം.

ഈ സ്മാരകകുടീരം ടിപ്പുസുൽത്താൻ തന്റെ പിതാവായ ഹൈദരാലിയ്ക്കു വേണ്ടി മൈസൂറിൽ പണികഴിപ്പിച്ചതാണു്. അദ്ദേഹത്തേയും മാതാവിനേയും സംസ്കരിച്ചതും അവിടെത്തന്നെ. കറുത്തമാർബിൾശിലാസ്തംഭങ്ങളോടുകൂടി ചതുരശ്രാകൃതിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഒരു മനോജ്ഞമന്ദിരമാണിതു്. അതു് കോണുകളിൽ മിനാരത്തോടുകൂടിയ കുംഭഗോപുരത്താൽ അലംകൃതവും വാതിലുകൾ ദന്തവേലകളോടുകൂടിയതുമാണു്.

National Book Stall, KALARIKAL BAZAAR, KOTTAYAM

# വില്പനയ്ക്കുള്ള ചില നല്ല പുസ്തകങ്ങൾ.

| | Rs. As. P. |
|---|---|
| ഗാന്ധിമാർഗ്ഗം (കൃപലാനി) | 2-0-0 |
| ഗാന്ധിയുടെകൂടെ (ലൂയിഫിഷർ) | 2-8-0 |
| ഗാന്ധിവിചാരദോഹനം (മഷ്രുവാല) | 2-0-0 |
| രതിജന്യമായ രോഗങ്ങൾ (മിസ്സിസ്സ് ഹെലൻതോമസ്) | 1-0-0 |
| കൂത്തമ്പലം (ഇ. എം. കോവൂർ) | 1-0-0 |
| സ്പന്ദിക്കുന്ന മണ്ണ് (കോവൂർ) | 1-4-0 |
| അശോകത്തണലിൽ (കോവൂർ) | 1-4-0 |
| ഞാൻകണ്ട ഇ. വി. (അച്ചടിയിൽ) | |
| മറവിൽ (കേശവദേവ്) | 1 0 0 |
| മുന്നോട്ട് (കേശവദേവ്) | 1-4-0 |
| വെല്ലിസും മെലിസാന്ദയും (ചങ്ങമ്പുഴ) | 1-8-0 |
| മാനസാന്തരം ടി | 1-8-0 |
| പ്രതീകാരദുർഗ്ഗ് ടി | 2-8-0 |
| തൂപ്പുകാരൻ (കാരൂർ) | 1-4 0 |
| അസ്ട്രാളജർ ടി | 1-0 0 |
| കാരൂർകഥകൾ ടി | 1-4-0 |
| ഇരുട്ടിൽ ടി | 1-0-0 |
| സോഷ്യലിസം (സി. ജെ. തോമസ്) | 1-4-0 |
| ചെറുകഥാപ്രസ്ഥാനം (എം. പി. പോൾ) | 2-0-0 |
| ദേവദാസി (വെട്ടൂർ രാമൻനായർ) | 1-8-0 |
| മഴക്കാറുകൾ (മുട്ടത്തു വർക്കി) | 1-0-0 |
| ജയിൽദിനങ്ങൾ (വിജയലക്ഷ്മി പണ്ഡിററ്) | 1-8-0 |
| പ്രൊഫസർ (മുണ്ടശ്ശേരി) | 1-0-0 |
| പ്രയാണം | 0-12-0 |
| 8-പ്രേമകഥകൾ (പി. സി. ചാക്കോ) | 1-8-0 |
| പ്രേമവഞ്ചി (ദിവാകരൻപോററി) | 1-8-0 |
| രാഗധ്വനി (തൈക്കാട്ട്) | 0-12-0 |
| ജീവകാഹളം ടി | 1-4-0 |
| നിർമ്മല (വി. പി. ജോസഫ്) | 2-4-0 |
| പുരോഗതി (എം. സി. ജോസഫ്) | 1-4-0 |

| | Rs. As. P. |
|---|---|
| റാണി മംഗളാഭായി (കുറുപ്പുംവീട്ടിൽ) | 1-4-0 |
| പോർക്കളത്തിൻെറ പിന്നിൽ | 1-8 0 |
| രാത്രി (രാമകൃഷ്ണൻ) | 1-0-0 |
| മാലിനീമാല്യം (നാരായണൻഉണ്ണി) | 3-0-0 |
| ഇ. വി. സ്മരണകൾ | 1 8-0 |
| വിശ്വമോഹിനി (കമുകറ) | 2-0-0 |
| രമണി (മിസ്സ്. സുന്ദരം) | 1 0 0 |
| പോയതലമുറ (സി. നാരായണപിള്ള) | 1-4-0 |
| പുരോഗമനസാഹിത്യം എന്തിന് | 1-4-0 |
| പറക്കുംബോംബ് (വെട്ടിക്കവല) | 1-0-0 |
| കാഷ്മീർ (കെ. എസ്. പൊററക്കാട്ട്) | 1-0 0 |
| തകഴിയുടെ കഥകൾ (തകഴി) | 1-4-0 |
| തലയോട് ടി | 1-8-0 |
| പതിതപങ്കജം ടി | 1-0-0 |
| ചങ്ങാതികൾ ടി | 2-0-0 |
| വികാരസദനം (പൊൻകുന്നംവർക്കി) | 3-0-0 |
| നീരാവി ടി | 1-0-0 |
| ജയിലിൽ നിന്ന് ടി | 1-4-0 |
| പ്രേമവിപ്ലവം ടി | 1-0-0 |
| തിരുമുല്ക്കാഴ്ച ടി | 1-12-0 |
| അണിയറ ടി | 1-0-0 |
| പൂജ ടി | 1-8-0 |
| ആരാമം ടി | 1-12-0 |
| ഹൃദയനാദം ടി | 1-0 0 |
| ഏഴകൾ ടി | 1-4-0 |
| ശശികല (എൻ. പി.) | 2-0-0 |
| ലഫ്റ്റനൻറ് നാണി ടി | 1-0-0 |
| തണ്ണീർപ്പന്തൽ ടി | 1-8-0 |
| ആററംബോംബ് ടി | 2-0-0 |
| ഇടിയും മിന്നലും ടി | 1-8-0 |
| മിന്നൽപ്രണയം ടി | 1-8-0 |
| വനരാജകുമാരി ടി | 1-8-0 |
| ഏകാങ്കമണ്ഡലം (കെ. എം. ജാക്ക്) | 1-0-0 |
| പ്രബന്ധചന്ദ്രിക (കെ. എം. ജാക്ക്) | 1-8-0 |

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

# കലാനിധി

## അഭിപ്രായങ്ങളും കത്തുകളും.

The Special Vijayadasami Number of *Kalanidhi,* a monthly periodical published in Trivandrum, provides a rich variety of interesting contributions on subjects of topical interest by distinguished writers in Malayalam literature. The issue opens with a short note on the significance of Ram Nam and the importance that was attached to it by Mahatma Gandhi, followed by Vallathol's translation of some of the more important verses in Halland's "Gatha Sapthasathi." Other items of interest include Puthezath Raman Menon's essay on Capitalism and Thakazhi Rama Variyar's disquisition on mathematical astrology. One noteworthy feature as the number of excellent poems and short stories included in this issue. The number contains large-size pictures of all important personages now in charge of the administration in Cochin and Travancore. It is priced Rs 1-8 0 a copy.—

HINDU, MADRAS.

ഇക്കൊല്ലത്തെ വിദ്യാരംഭദിനം പ്രമാണിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്ന കലാനിധിയുടെ വിശേഷാൽപ്രതി ആ അവതാരവിശേഷത്തെ ആവിഷ്കരിക്കുന്ന മുഖചിത്രംകൊണ്ടു കമനീയവും ബൃഹത്തായ ആകാരപരിമിതികൊണ്ടു് അന്യകാലികപ്രകാശനങ്ങളിൽ പ്രഥമഗണനീയവുമായി പ്രശോഭിക്കുന്നു. ആകാരപരിമിതിയുടെ ഈ ഗോപുരപ്രമാണത്തിൽ ചില വിടവടപ്പുകളും സംഘടിച്ചുപോയിട്ടുണ്ടെന്നു വിമർശദൃഷ്ടിയിൽ വെളിപ്പെടുമെന്നിരുന്നാലും പ്രസാധകശ്രമം നിഷ്ഫലമായിട്ടില്ലെന്നും ഭാഷയ്ക്കു ലഭിച്ച ഒരു നേട്ടമായി പരിഗണിക്കാമെന്നും ആണു ഞങ്ങളുടെ വ്യക്തമായ അഭിപ്രായം.

മലയാളരാജ്യം, കൊല്ലം.

കലാനിധി വിശേഷാൽപ്രതി നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. ഒന്നു കണ്ണോടിച്ചു ദൂരെത്തള്ളാവുന്ന ഒരു പ്രസിദ്ധീകരണമല്ലിതു്. കേരളത്തിലെ കേളികേട്ട കലാകാരന്മാരുടെ ലേഖനതല്ലജങ്ങളാലും രാഷ്ട്രീയനേതാക്കന്മാരുടെ ചിത്രങ്ങളാലും സമാലംകൃതമായിരിക്കുന്ന ഈ വിശേഷാൽപ്രതി ഗ്രന്ഥലോകത്തിലെ ഒരു നിധി തന്നെയാണു്. സർദാർ കെ. എം. പണിക്കരും ശ്രീ. വി. കെ. കൃഷ്ണമേനോനും ആശംസകൊണ്ടു് ഈ പ്രസിദ്ധീകരണത്തെ അലംകരിക്കുന്നു. മേനിക്കടലാസ്സിലുള്ള ഈ ഗ്രന്ഥത്തിനു ഒന്നരരൂപാ വില ഒട്ടും കൂടുതലല്ല. പ്രസാധകന്മാരെ ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു.

നവഭാരതം, കൊല്ലം.

ഒരൊററ കൊല്ലംകൊണ്ടു മലയാളമാസികാലോകത്തിൽ അനശ്വരസ്ഥാനം സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ള 'കലാനിധി' (റെഡ്യാർപ്രസ്സ്, തിരുവനന്തപുരം, പത്രാധിപർ ആർ. നാരായണപ്പണിക്കർ ബി. എ., എൽ. ടി.) യുടെ പ്രഥമജന്മദിനം പ്രമാണിച്ചു പുറപ്പെടുവിച്ചിരിക്കുന്ന വാർഷികപ്പതിപ്പിനെപ്പററി തൽപ്രവൎത്തകന്മാൎക്കു തികച്ചും അഭിമാനം കൊള്ളാമെന്നു പറയാൻ ഞങ്ങൾക്കു ധൈൎയ്യമുണ്ടു്. ആധാരമെഴുത്തുകാരും തെരുവുപ്രാസംഗികന്മാരുംകൂടി സാഹിത്യകാരവേഷം കെട്ടുന്ന ഇക്കാലത്തു, ഏററവും ഉയൎന്ന സ്റ്റാൻഡേർഡിൽ ഇങ്ങനെ ഒരു പ്രസിദ്ധീകരണം പുറത്തു കൊണ്ടുവരാനുള്ള ക്ലേശം ചില്ലറയൊന്നുമല്ല. കേരളത്തിലെ കേളികേട്ട ലേഖകന്മാരും കവികളും കഥാകൃത്തുകളും വിമർശകന്മാരുമെല്ലാം കൂടി ഒന്നിച്ചിണങ്ങി വിലസുന്ന ഈ വാർഷികപ്രതി തികച്ചും ഒരു സാഹിത്യാരാമം തന്നെയാണു്. 60 രസികൻ ലേഖനങ്ങളും കമനീയമായ കെട്ടും മട്ടുമുള്ള ഇതിനു നിശ്ചയിച്ച ഒന്നര ഉറപ്പികവില, വാങ്ങുന്നവനു അതിലാഭമാണു്. കലാനിധിക്കു ഞങ്ങളുടെ ഭാവുകാശംസകൾ.

എക്സ്പ്രസ്സ്, തൃശ്ശൂർ.

'കലാനിധി'യുടെ പ്രഥമ വാർഷികപ്പതിപ്പു വായിച്ചു. നവീനങ്ങളായ പല ആദൎശങ്ങളും ആരാധ്യമായ ഒരു സംസ്കാരമഹിമയും ഒരുമിച്ചിണങ്ങിയ ഒരു ഉപഹാരമാണു് പ്രസ്തുത വിശേഷാൽപതിപ്പു് എന്നറിയിക്കുവാൻ സന്തോഷമുണ്ടു്. പ്രതീക്ഷിച്ചിരുന്നതിൽ കവിഞ്ഞ ഒരു വിജയം വിശേഷാൽപ്രതി നേടിക്കഴിഞ്ഞിട്ടുണ്ടു്.

തികഞ്ഞ ശുഭപ്രതീക്ഷകളോടെയുള്ള കലാനിധിയുടെ ഭാവിയിലേക്കുള്ള കാൽവെപ്പുകൾ ഒരിക്കലും പരാജയപ്പെടുകയില്ല. 'കലാനിധി'യുടെ കാൽവെപ്പുകൾ ഉത്തരോത്തരം അഭിവൃദ്ധമാവട്ടെ എന്നു ഹൃദയപൂൎവ്വം ആശംസിക്കുന്നു.

പത്മസേനൻ, ചേലാട്ട്.

നിങ്ങളുടെ 'കലാനിധി' വിശേഷാൽപ്രതി സദയം കൈപ്പററി. നന്ദി പറഞ്ഞുകൊള്ളുന്നു. കലാനിധിയുടെ പുരോഗമനോന്മുഖമായ ഈ കുതിച്ചുപായൽ കണ്ടിട്ടു ഞങ്ങൾക്കതിയായ ആനന്ദമുണ്ടു്. കേവലം ഒരു വയസ്സുപോലും തികയാത്ത ഈ മാസികാശിശുവിന്റെ വിജയോന്മാദത്തിന്റെ വികൃതിയിൽ കൈരളി കണ്ണഞ്ചിപ്പോകാതെ തരമില്ല. കലാനിധിക്കു് ഈ വിശേഷാൽപ്രതിമൂലം അനൎഘമായ കീൎത്തിസമ്പാദിക്കുവാൻ കഴിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇക്കൊല്ലത്തെ മററു വിശേഷാൽപ്രതികളെക്കാളും മുൻഗണനയർഹിക്കുവാൻ കലാനിധിക്കു കഴിഞ്ഞിട്ടുണ്ടെന്നതിൽ നിസ്സീമമായ കൃതജ്ഞത ഞങ്ങൾ രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ വിശിഷ്ടഗ്രന്ഥത്തിലൂടെ കൈരളിക്കു അവിരളമാം വിധം വിഭവസമൃദ്ധി സംവിധാനം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടു്. മുന്നൂറോളം വരുന്ന കലാനിധിയുടെ പേജുകളിൽ കൈരളിയുടെ കലാപ്രസരിപ്പു വേണ്ടുവോളം തെളിഞ്ഞു കാണുന്നുണ്ടു്. പേരുകേട്ട കഥാകൃത്തുക്കളുടേതായ 20-ൽപരം ചെറുകഥകൾ ഈ ഗ്രന്ഥത്തെ മനോഹരമായി അലങ്കരിക്കുന്നു. ഉത്തേജകങ്ങളായ കവനതല്ലജങ്ങൾ കലാനിധിയുടെ കലാപ്രസരിപ്പിനു കനക്കാന്തിമ ചൊരിച്ചു കൊടുത്തിരിക്കുന്നു. മററു വിശിഷ്ടങ്ങളായ നിരൂപണങ്ങളും ശാസ്ത്രീയലേഖനങ്ങളും കലാനിധി കൈരളിക്കു സംഭാവന ചെയ്തിട്ടുണ്ടു്. കലാനിധിയിലെ ലേഖകന്മാരുടേയും ദേശീയനേതാക്കന്മാരുടേയും ഛായാപടങ്ങൾ കലാനിധിയുടെ അഴകിനു് ഒരു പ്രത്യേകതയാണു്. ഈ വിശിഷ്ടഗ്രന്ഥത്തിന്റെ വില ഒരു രൂപ എട്ടണ മാത്രമാണു്. സാധാരണക്കാരനു വാങ്ങിക്കത്തക്ക നിലയിൽ കലാനിധിയുടെ വില വിലക്കു മാത്രമായിട്ടല്ലെന്നു വേണം വിചാരിക്കുവാൻ. എങ്ങിനേയും കലാനിധി പ്രവൎത്തകന്മാർ ഈ പ്രസിദ്ധീകരണത്തിൽ അഭിനന്ദനാൎഹരാണു്. കലാനിധിക്കു ഭാവുകങ്ങൾ.

നവയുഗം, എടവനക്കാട്ട്.

തിരുവനന്തപുരത്തു റെഡ്യാർപ്രസ്സിൽ നിന്നും ശ്രീ. ആർ. നാരായണപ്പണിക്കർ ബി, എ. എൽ. ടി. യുടെ ആധിപത്യത്തിൽ പ്രസിദ്ധം ചെയ്യുന്ന ഒരു കഥാമയസാഹിത്യമാസികയാണു് കലാനിധി. കലാനിധിക്കു് ഒരു വയസ്സു തികഞ്ഞിരിക്കുന്നു, ഇതിനകംതന്നെ മറെറാരു മാസികയ്ക്കുമുണ്ടായിട്ടില്ലാത്ത പ്രചാരം കലാനിധിക്കു സിദ്ധിച്ചിട്ടുണ്ടു്. കലാനിധിയുടെ മേന്മയ്ക്കു് അതുതന്നെ തെളിവു്. ആണ്ടുപിറന്നാളിനു കലാനിധി ഒരു വിശേഷാൽപ്രതി പുറപ്പെടുവിച്ചിരിക്കുകയാണു്. അതാണിപ്പോൾ ഞങ്ങളുടെ മുമ്പിലിരിക്കുന്നതു്. ഇതൊരു ഒന്നാംതരം പ്രസിദ്ധീകരണമാണെന്നു പറയുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. കേരളത്തിലെ പേരെടുത്ത കവികളും കഥാകൃത്തുക്കളും, ലേഖകന്മാരും, നിരൂപണപടുക്കളും, ഈ വിശേഷാൽ പ്രതിക്കു് ഉപഹാരങ്ങൾ നല്കിയിരിക്കുന്നു. 260 പേജുകൾ. അറുപതു ലേഖനങ്ങൾ, വിലയോ ഒന്നര രൂപ മാത്രം. മനോഹരമായ ഈ പ്രസിദ്ധീകരണത്തിലെ ചിത്രങ്ങളുടെ വിലയെ ആകുന്നുള്ളു ഈ ഒന്നര രൂപാ എന്നു ഞങ്ങൾ പറയും.

സഹകരണപ്രബോധിനി, തൃശ്ശൂർ.

തിരുവനന്തപുരം റെഡ്യാർപ്രസ്സ് ഉടമസ്ഥന്റെ മാനേജുമെൻറിൽ പ്രസിദ്ധംചെയ്തുകൊണ്ടിരിക്കുന്ന കലാനിധിമാസികയുടെ വിശേഷാൽപ്രതി അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. പ്രസ്തുത വിശേഷാൽപ്രതി സാമാന്യത്തിലധികം നന്നായിട്ടുണ്ടെന്നു പറയുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. എണ്ണപ്പെടാവുന്ന സാഹിത്യാരാധകന്മാരുടെ വിജ്ഞാനപ്രദങ്ങളായ വിവിധ ലേഖനങ്ങൾ കലാനിധിയിൽ കടന്നുകൂടീട്ടുണ്ടു്. വിശ്രമവേളകളിൽ ദിവസം കാൽ മണിക്കൂർ വീതം വായിക്കുന്നതായാലും മൂന്നു മാസത്തോളം വായിക്കത്തക്കവെലിപ്പം പ്രസ്തുത വിശേഷാൽപ്രതിക്കുണ്ടെന്നുള്ളതാണു് ഒരു പ്രത്യേകമേന്മ. മേലും ഇത്തരം വിശേഷാൽ പ്രതികൾമൂലം സാഹിത്യാരാമത്തെ പരിപുഷ്ടിപ്പെടുത്താൻ ദൈവം സംഗതിയാക്കട്ടെ!

രസികൻ, ആററിങ്ങൽ.

വിദ്യാരംഭം വിശേഷാൽപ്രതി കലാനിധിയുടെ പേരിനനുയോജ്യമാംവിധം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെന്നു പറയാൻ സന്തോഷമുണ്ടു്. 'പറയത്തക്ക ബാല്യാരിഷ്ടതകൾ കൂടാതെ' പ്രഥമവയസ്സിനെ തരണംചെയ്ത മാസികാശിശുവാണിതു്. സരസങ്ങളായ ചെറുകഥകളും അനവധി നല്ല കവിതകളും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും ഇതുൾക്കൊള്ളുന്നു. തകഴി, കേശവദേവ്, കോവൂർ, നാഗവള്ളിൽ, പൊററക്കാട്ടു് തുടങ്ങിയ ചെറുകഥാകൃത്തുകളും മഹാകവി വള്ളത്തോൾ, ജി. ശങ്കരകുറുപ്പ്, പാലാ നാരായണൻനായർ, തിരുനയിനാർക്കുറിച്ചി മുതലായ കവികളും അവരുടെ തൂലികാവിലാസത്താൽ യഥോചിതം മെച്ചമാക്കിത്തീർത്തിട്ടുള്ള വിശിഷ്ടഗ്രന്ഥമാണിതു്. കൂടാതെ ഭാരതത്തിലേയും കേരളത്തിലേയും എണ്ണപ്പെട്ട നേതാക്കന്മാരുടെ മുഖചിത്രങ്ങളും ഇതിൽ സ്ഥലം പിടിച്ചിട്ടുണ്ടു്.

കലാനിധിയുടെ ആരംഭംതന്നെ ചില പ്രത്യേകതകളോടുകൂടി ആയിരുന്നു. ആദ്യം മുതല്ക്കേ, ലേഖകന്മാരേയും വായനക്കാരേയും യഥാവിധി പ്രോത്സാഹിപ്പിച്ചു തുടങ്ങിയതിൽ നിന്നുതന്നെ അതിന്റെ ഭാവി ശോഭനമാണെന്നു ഊഹിക്കാമല്ലോ.

പുറംചിത്രവും കമനീയമായിട്ടുണ്ടു്. 'കലാനിധി'ക്കു മംഗളമാശംസിച്ചുകൊള്ളുന്നു.

ബാപ്പുജി, ഇരണിയൽ.

എന്റെ അഭിനന്ദനങ്ങൾ സ്വീകരിക്കുക. കലാനിധി വാർഷികപ്രതി കണ്ടു, വായിച്ചു. മലയാളത്തിൽ പല ഇത്തരം പ്രസിദ്ധീകരണങ്ങളും ഞാൻ കണ്ടിട്ടുണ്ടു് പക്ഷെ ഒന്നെനിക്കു ധൈര്യമായി പറവാൻ സാധിക്കും. ഇത്രയും മെച്ചമായ ഒന്നു് ഇതുവരെയും ഈ കേരളക്കരയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല എന്നു്. മുഖചിത്രം വരച്ചു ശരിപ്പെടുത്തിയതു് ഒരു കലയും നിധിയും തന്നായിരുന്നു. ഉള്ളടക്കം എല്ലാത്തരം വായനക്കാർക്കും വേണ്ടതു നല്കുന്നു. ഇത്തരം ഒരു പ്രസിദ്ധീകരണം പുറത്തിറക്കിയതിനു റെഡ്യാർപ്രസ്സിനെ ഞാൻ വീണ്ടും അനുമോദിച്ചുകൊള്ളുന്നു

ഈ. എം. കോവൂർ.

ഈ വിശേഷാൽപതിപ്പ് വളരെ വിശേഷമായിട്ടുണ്ട്. മനോഹരങ്ങളായ അനേകം ചിത്രങ്ങൾ, ചെറുകഥകൾ, കവിതകൾ മുതലായവയാൽ ഈ പുസ്തകം അലംകൃതമാണ്. ഇതു് കൈരളിയുടെ ഒരു മികച്ച നിധിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. കമുകറ എൻ. നാരായണക്കുറുപ്പ് ബി. എ. അവർകളുടെ "പരിവർത്തനം" എന്ന ഏകാങ്കനാടകം, എസ്. ശങ്കരനാരായണൻ അവർകളുടെ 'സ്നേഹത്തിന്റെ വെളിച്ചത്തിൽ' എന്ന ചെറുകഥ പി. ഏ. ഡാനിയൽ അവർകളുടെ 'ആററമിക്ക് ഗവേഷണം' മുതലായവ അവയുടെ കർത്താക്കന്മാർ വലിയ പ്രസിദ്ധരും പ്രാക്ടീസുള്ളവരുമല്ലാത്തനിലയിൽ, നന്നായിട്ടുണ്ടെന്നു് എടുത്തു പറയാതെ നിവൃത്തിയില്ല. പോരാതെ സുപ്രസിദ്ധരായ തകഴി, നാഗവള്ളിൽ, കമുകറ മുതലായവരുടെ വിശിഷ്ട ലേഖനങ്ങൾ ഈ പ്രതിയെ അലംകരിക്കുന്നുണ്ട്. ലേഖനകർത്താക്കന്മാരുടെ ഫോട്ടോകൾ കൊടുത്തിട്ടുണ്ടെന്നുള്ളതാണ് വേറൊരു വിശേഷം. ഇതിൽ ആകെ അറുപതു ഗദ്യപദ്യലേഖനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഈ വിശേഷാൽ പതിപ്പ് എത്രയും സമയോജിതമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതു പുറത്തിറക്കിയ മി. റെഡ്ഡിയാരും മറഡ്യാർപ്രസ്സ്കാരും അഭിനന്ദനീയരാണ്. ഉദ്ദേശം മുന്നൂറോളം പേജുകളുള്ള ഈ വലിയ പുസ്തകത്തിന് അതിന്റെ വില ഒന്നരരൂപ ഒട്ടും തന്നെ കൂടുതലല്ലെന്നു പറയേണ്ടതില്ലല്ലോ.

മഹാത്മാ—തൃശ്ശൂർ.

കലാനിധിയുടെ വിശേഷപ്പതിപ്പ് കിട്ടി. നന്ദി. മുഖചിത്രം തികച്ചും കലാത്മകമാണ്. ഉള്ളടക്കം കൊണ്ട് അതു് 'കലാനിധി' തന്നെയാണ്. ആകപ്പാടെ പ്രവർത്തകർക്കഭിമാനിക്കാം. അതിന്റെ വിജയത്തിൽ.

പുതിയ എഴുത്തുകാരിൽ പലരേയും ഹൃദയപൂർവ്വം നിങ്ങൾ പ്രോത്സാഹിപ്പിയ്ക്കുന്നു. അവർ 'നാളത്തെ വിരിയുന്ന പൂക്കളല്ലേ?"

വയലാർ, രാമവർമ്മ.

ചുരുങ്ങിയകാലംകൊണ്ടു മലയാളക്കരയിലെന്നല്ല, മലയാളികളുള്ള മറുനാടുകളിലെവിടെയും പ്രചുരപ്രചാരം ആർജ്ജിച്ചിട്ടുള്ള കലാനിധിയുടെ ഈ വിശേഷാൽപ്രതി കെട്ടിലും മട്ടിലും മനോഹരമായിരിക്കുന്നതുപോലെതന്നെ, ഉള്ളടക്കത്തിന്റെ വൈവിദ്ധ്യവും വൈശിഷ്ട്യവും കൊണ്ട് അത്യന്തം പ്രയോജനപ്രദമായ ഒരു പ്രസിദ്ധീകരണമായിത്തീർന്നിട്ടുണ്ട്. കല, സാഹിത്യം, ശാസ്ത്രം, രാഷ്ട്രമീമാംസ—എന്നിങ്ങനെ വിവിധവിഷയങ്ങളെപ്പററി കേരളത്തിലെ വിദഗ്ദ്ധലേഖകന്മാരുടെ തൂലികാസംഭാവനകൾ ഇതിന്റെ പംക്തികളെ അലങ്കരിക്കുന്നു. സാഹിത്യഗുണംകൊണ്ടും അർത്ഥസമ്പുഷ്ടികൊണ്ടും ഏററവും ആസ്വാദ്യമായ മനോഹരകവിതകളും, അനുവാചകഹൃദയങ്ങളെ ഹഠാൽ ആകർഷിക്കുന്ന ചെറുകഥകളും ഈ വിപുലമായ പ്രസിദ്ധീകരണത്തിൽ വേണ്ടുവോളമുണ്ട്. വിവിധ വർണ്ണത്തിലുള്ള മനോഹരമായ മുഖചിത്രത്തിനു പുറമെ, ഭാരതീയ രാഷ്ട്രീയനേതാക്കന്മാരുടേയും മററും ചിത്രങ്ങളും ഒന്നാംതരം ആർട്ട് പേപ്പറിൽ അച്ചടിച്ചു ചേർത്തിട്ടുണ്ട്. ആകപ്പാടെ, കണ്ണിനും കരളിനും ആനന്ദം നൽകുന്ന ഒരു വിശിഷ്ടമായ ഉപഹാരമാണ് കലാനിധിപ്രവർത്തകർ കൈരളിയ്ക്കു കാഴ്ചവച്ചിരിക്കുന്നതെന്നു പ്രസ്താവിക്കുവാൻ ഞങ്ങൾ തെല്ലും മടിക്കുന്നില്ല.

വിജയഭാനു, ആലപ്പുഴ.

കലാനിധിയുടെ ഒരു വർഷത്തെ സാഹിത്യസേവനത്തിന്റെ വിജയം യഥാർത്ഥത്തിൽ പല വർഷങ്ങൾ കൊണ്ടു ലഭിക്കാത്തതാണ്. ആദ്യത്തെ വാർഷികപ്പതിപ്പുതന്നെ അതു് അസന്ദിഗ്ദ്ധമായി തെളിയിക്കുന്നു. രണ്ടാംസ്കന്ധത്തിന്റെ പ്രഥമദളംകൂടിയായ വിശേഷാൽപ്രതി വിടർന്നുണ്ടാകുന്ന മണംകൊണ്ട്, വായനക്കാർ മനസ്സിലാക്കും. കലാനിധിയുടെ രണ്ടാംസ്കന്ധം സംപൂർണ്ണമായി വിടർന്നു പരത്തുവാൻപോകുന്ന പരിമളധോരണി എത്രമാത്രമാണെന്ന്.

രണ്ടാംസ്കന്ധത്തിന്റെ ശോഭനതയെ കാംക്ഷിച്ചുകൊണ്ട്, സസ്നേഹം.

പുളിമൂട്ടിൽ, എസ്. ശങ്കരനാരായണൻ.

വിശേഷാൽപ്രതി വളരെ ഭംഗിയായിട്ടുണ്ട്. സാഹിത്യാചാര്യനായ പത്രാധിപർ അവർകളുടെ സാഹിത്യസൌന്ദര്യവും പ്രസാധനചതുരതയും അതിൽ തിളങ്ങിക്കാണുന്നുണ്ട്. കലാനിധിയെ ജ്ജയിക്കാവുന്ന ഒരു മാസികയില്ലതന്നെ.

പള്ളത്തു്.

"കലാനിധി" ഞാൻ ശ്രദ്ധാപൂർവ്വം വായിക്കാറുള്ള ഒരു മാസികയാണ്. കേരളത്തിലെ സാഹിത്യാഭിവൃദ്ധിക്കുവേണ്ടി റെഡ്യാർകുടുംബം ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് ഈ മാസിക ഒരുദാഹരണമാണെന്നു നിങ്ങളെ അറിയിക്കുവാൻ എനിക്കു സന്തോഷമുണ്ട്.

പി. കേശവദേവ്.

സാഹിത്യ'കല'യുടെ ഒരു യഥാർത്ഥ 'നിധി'യാണ് താങ്കളുടെ വിശേഷാൽപ്രതി മാദൃശരായ സാഹിത്യാരാധകന്മാർക്ക് സംഭാവന ചെയ്തതെന്ന് ഹൃദയപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

വിവിധജോലികൾക്കിടയിൽ ഇപ്പോഴാണ് മാത്രമാണ് 'കലാനിധി' വായിച്ചുതീർക്കുവാൻ സാധിച്ചതു്. ഏതാദൃശമായ അനുഗ്രഹം കൈരളിക്ക് അത്ര സുലഭമല്ലെന്നാണ് എന്റെ അഭിപ്രായം.

എ. എസ്. ആചാരി, നെടുമങ്ങാട്.

കലാനിധി വിശേഷാൽപ്രതി കിട്ടി. 'പ്രതീക്ഷപോലെ മനോഹരമായിരിക്കുന്നു, അകവും പുറവും. ഇന്നത്തെ മികച്ച വിശേഷാൽപ്രതികളിൽ പ്രഥമസ്ഥാനം കലാനിധി വാർഷികപ്പതിപ്പിനു സുലഭ്യമാണ് എന്നു നിസ്സംശയം അഭിമാനിക്കാം.

തയ്യാട്ടു് എൻ. ചന്ദ്രശേഖരൻനായർ.

"കലാനിധി"യുടെ വിശേഷാൽപ്രതി കണ്ട് ആദ്യം ഞാൻ അത്ഭുതപ്പെട്ടുപോയി. 260 പേജോളമുള്ള ഈ മാസിക ഇത്ര തുച്ഛമായവിലയ്ക്കു വില്ക്കാൻ തീരുമാനിച്ച നിങ്ങളുടെയും മാനേജരുടേയും നിശ്ചയമെന്തിനെ ആസ്പദമാക്കിയുള്ളതാണെന്നു മനസ്സിലാകുന്നില്ല. ലേഖനങ്ങൾതന്നെ എന്നെന്നും ഒരു അമൂല്യസമ്പത്തായിട്ടു സൂക്ഷിച്ചു വയ്ക്കേണ്ടതുതന്നെ.

ഞാൻ കേരളക്കരയിലെ അനവധി വിശേഷാൽപ്രതികളും മാസികകളും കണ്ടിട്ടും, വായിച്ചിട്ടുമുണ്ട്. എന്നാൽ അതെല്ലാം ഇതിനെ താരതമ്യപ്പെടുത്തിയാൽ വലിയ അന്തരമുണ്ട്. ഇത്ര ശൈശവത്തിൽതന്നെ വലിയപ്രചാരവും; സ്വീകരണവും ലഭിച്ച കലാനിധി തീർച്ചയായിട്ടും അഭിനന്ദനീയാർഹം തന്നെ യാതൊരു വൈഷമ്യങ്ങളും; കുഴപ്പങ്ങളും സംഭവിക്കാതെ മലയാളഭാഷയുടെ കാലംവരെ ഈ മാസികയെ നല്ലതിനുള്ളും . പരിപോഷിപ്പിക്കേണ്ട ചുമതല താങ്കളുടേതും പ്രിയപ്പെട്ട വായനക്കാരുടേതുമാണ്. ഞാൻ ഇതിനു് അതിന്റെ ഒന്നാമത്തെ വയസ്സിൽതന്നെ കണ്ട ഉയർച്ചക്ക് അഭിനന്ദിച്ചുകൊള്ളുന്നു

ജി. മുരളീധരൻനായർ, ചിറയിൻകീഴ്.




ഹിഗ്ഗിൻബോതാംസ് വക
എല്ലാ റെയിൽവേ
ബുക്ക് സ്റ്റാളുകളിലും
"കലാനിധി" കിട്ടുന്നതാണ്.

★

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിലേക്ക് ഏജൻറന്മാരെ ആവശ്യമുണ്ട്.

മനുഷ്യവർഗ്ഗത്തിൽപെട്ട സകല പണ്ഡിതപാമരന്മാക്കും
വിവേകജ്ഞാനമുളവാക്കിക്കൊടുക്കുന്നതും
സമുദായരസവനത്തിനുതകുന്നതുമായ ഒരു ഒന്നാന്തരം നോവലാണു്

# ചന്ദ്രമോഹിനി

(പ്രക്ഷോഭജനകമായ ഒരു പുതിയ ഡിററക്ടീവ് നോവൽ)

വില ക. 1 ണ. 4.

ഗ്രന്ഥകർത്താ—കെ. നാരായണൻനായർ.

## പത്മസുന്ദരൻ.

(അതിമനോഹരമായ ഡിററക്‌ടീവു നോവൽ)

തമിഴിൽ 80-ൽ പരം നോവലുകൾ എഴുതിയിട്ടുള്ള ശ്രീമതി വി. എം. കോതനായകി അമ്മാളുടെ കൃതികളിൽ, ഘടനാവൈശിഷ്ട്യംകൊണ്ടും സംഭവബഹുലതയാലും അതിമഹനീയമായ ഒരു സ്ഥാനം അലങ്കരിക്കുന്ന വിശിഷ്ട നോവലത്രേ "പത്മസുന്ദരൻ" ഈ അനർഘമായ സാഹിത്യസമ്പത്തിന്റെ വൈഭവം മലയാളികൾക്കുകൂടി ആസ്വദിക്കണമെന്നു കരുതി, ഞങ്ങൾ അതു തർജ്ജിമചെയ്തു ഇതാ പ്രസിദ്ധീകരിച്ചിരിക്കുന്നു. വായിക്കുവാൻ തുടങ്ങിയാൽ അവസാനപേജുവരെ തീരാതെ പുസ്തകം താഴെ വയ്ക്കാൻ സാദ്ധ്യമല്ലാത്ത വിധം സഹൃദയഹൃദയങ്ങളെ ഹഠാൽ ആകർഷിക്കുന്നതും രണ്ടു വലിയ ഭാഗങ്ങളുള്ളതുമായ ഒരു ഒന്നാന്തരം നോവൽ.

ഓരോ ഭാഗത്തിനും വില രൂപാ 2.

## അനാർക്കലി.

അഥവാ ബാഷ്പമണ്ഡപം.

(ചരിത്രസംബന്ധമായ ഒരു ഗദ്യനാടകം)

ഗ്രന്ഥകർത്താ:
കെ. കെ. വേലായുധൻപിള്ള ബി. ഏ.

മുഗൾസാമ്രാജ്യം ഭരിച്ചിരുന്ന പ്രതാപവാനും മഹാശയനുമായ അക്ബർ ചക്രവർത്തിയെ മനുഷ്യസാധാരണമല്ലാത്തമനഃസ്ഥൈര്യംകൊണ്ടും, സത്യനിഷ്ഠകൊണ്ടും ലജ്ജിപ്പിക്കുകയും, പശ്ചാത്തപിപ്പിക്കപ്പെടുകയും ചെയ്ത അനാഥയും കുലീനയുമായ ഒരു പാരസീകകന്യകയുടെ അനുരാഗപരവും അത്യുൽകൃഷ്ടവുമായ ഒരു ത്യാഗമാകുന്നു ഇതിലെ പ്രതിപാദ്യവിഷയം. ഹൃദയാവർജ്ജകമായ കഥാബന്ധവും സരസവും, ലളിതവുമായ ഭാഷാരീതിയും ആദിമുതൽ അവസാനം വരെയുള്ള കരുണരസത്തിന്റെ പ്രവാഹവും ഇതു വായിച്ചുതന്നെ അറിയേണ്ടതാണ്.

വില രൂപാ 1.

റെഡ്ഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

യാവദാദിത്യസ്തപതി യാവദ് ഭ്രാജതി ചന്ദ്രമാഃ ||
യാവദായുഃ പ്രവഹതി താവജ്ജീയാൽ കലാനിധിഃ ||

# കലാനിധി

-കഥാമയ സാഹിത്യ മാസിക-

Chief Editor—R. NARAYANA PANIKKAR, B. A., L. T.

സുമം ൨ } ൧൧൨൪ ധനു { ദളം ൩


# ബാപ്പുവിന്റെ അനശ്വരവചസ്സുകൾ.

ററി. എസ്. ഭാസ്കരൻനായർ. മട്ടാഞ്ചേരി.

"അനേകരുടെ ഹൃദയത്തെ അനുസന്ധാനം ചെയ്യുന്നതിനും, അവരിൽ ഐക്യം ഉത്പ്പാദിപ്പിക്കുന്നതിനും, 'രാമനാമ' ചിന്ത ഒന്നൊഴിഞ്ഞ് ഇത്ര സുന്ദരവും സഫലവുമായ 'സാധന' മറ്റൊന്നില്ല തന്നെ. ഹൃദയത്തിൽ ശക്തിമത്തായി രാമനാമചിന്ത ജാഗ്രത്തായിട്ടിരിക്കുവാൻ കഴിയാത്തിടത്തോളം കാലം നാവിൽനിന്നും ശബ്ദം പുറപ്പെടുന്നതു കൊണ്ടെന്തു പ്രയോജനം? എന്നു ചിലർ ചോദിക്കാറുണ്ട്. സംഗീതജ്ഞന്മാർ തങ്ങൾക്കനുരൂപമായ ശ്രുതി ലഭ്യമാകുന്നതുവരെ വീണയുടെയും മറ്റും തന്ത്രികൾ മീട്ടിക്കൊണ്ടിരിക്കുമ്പോൾ അവിചാരിതമായി യോഗ്യമായ ശബ്ദം (സ്വരം) ലബ്ധപ്രായമാകുന്നതുപോലെ, നമ്മളും ഭാവപൂർണ്ണമായ ഹൃദയംകൊണ്ടു രാമനാമമാകുന്ന തന്ത്രി മീട്ടുകയാണെങ്കിൽ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഐക്യത്തിനനുയോജ്യമായ ഫലം സിദ്ധിക്കാതിരിക്കുകയില്ല. ഇതു അനുഭവം എന്റെ മാത്രമല്ല, പലരുടേതുമാണ്. പല കുസൃതിക്കുട്ടികളുടേയും കളങ്കരഹിതമായ കുസൃതിത്തനം നിരന്തരമായുള്ള നാമജപത്താൽ മാറിയിട്ടുണ്ടെന്നും, അവർ യഥാർത്ഥരാമഭക്തരായി തീർന്നിട്ടുണ്ടെന്നുമുള്ളതിനു ഞാൻ സ്വയം ഒരു സാക്ഷിയാകുന്നു. എന്നാൽ ഇതിനൊരു നിയമമുണ്ട്. നാമജപസമയത്തു ഹൃദയത്തിന് ആ ശബ്ദവുമായി ഒരു സഹയോഗം ഉണ്ടായിരിക്കേണ്ടതാണ്. എന്തു കൊണ്ടെന്നാൽ ഭാവനാശൂന്യമായ ശബ്ദം ഈശ്വരസന്നിധാനം വരെ എത്തുകയില്ല …………"

"രാമനാമപ്രഭാവത്താൽ നിർജ്ജീവവസ്തുക്കളും നീന്തിത്തുടങ്ങി—രാമനാമസഹായത്താൽ ഹനുമാൻ പർവ്വതം പൊക്കിയെടുത്തു ആ മഹാമന്ത്രശക്തിയാലത്രേ സീതാദേവി രാക്ഷസരുടെ ഗൃഹം പൂകിയിട്ടും തന്റെ സതീത്വത്തെ—പാതിവ്രത്യ

ത്തെ—രക്ഷിച്ചതു്. ഭരതൻ പതിന്നാലു വർഷം പ്രാണൻ ധരിച്ചതും തന്റെ കണ്ഠത്തിൽനിന്നും രാമനാമമൊഴിച്ചു മറെറാന്നും പുറപ്പെടാഞ്ഞതുകൊണ്ടാണു്. ഇതുകൊണ്ടാണു തുളസീദാസൻ പറഞ്ഞിട്ടുള്ളതു് "കലികാലത്തെ പാപം കഴുകിക്കളയുന്നതിനു 'രാമനാമം' ജപിക്കൂ" എന്നു്......"



"ഈ വിധത്തിൽ പ്രാകൃതരും സംസ്കൃതരുമായിട്ടുള്ള ആളുകൾ കേവലം 'രാമനാമ'ജപത്താൽ പവിത്രനായിത്തീരുന്നു. എന്നാൽ അതു ഹൃദയതലത്തിൽ സ്പർശിച്ചുള്ളതാണെങ്കിൽ മാത്രമേ പാവനമായിത്തീരുന്നുള്ളൂ. ഹൃദയവും ജിഹ്വയും ഐക്യത്തോടുകൂടിയിരിക്കുമ്പോൾ നാമം ജപിക്കേണ്ടിയിരിക്കുന്നു. ഞാൻ എന്റെ അനുഭവം പറയാം. ഞാനൊരു വ്യഭിചാരിയായിരുന്നിട്ടും ഈ സംസാരസാഗരത്തിൽ നിന്നും രക്ഷ പ്രാപിച്ചതു് 'രാമനാമ'ത്താലാണു്. ഞാൻ പലതും അധികാരപ്രമത്തതയോടു കൂടി ചെയ്തിട്ടുണ്ടു്. എങ്കിലും എന്റെ പക്കൽ 'രാമനാമം" ഇല്ലായിരുന്നെങ്കിൽ മററു സ്ത്രീകളെ സഹോദരി എന്നു വിളിക്കുന്നതിനു ഞാൻ ശക്തനാവുകയില്ലായിരുന്നു. എന്നിൽ വികടവും വികാരദ്യോതകവുമായ പ്രസംഗങ്ങൾ തോന്നിയിട്ടുള്ളപ്പോഴെല്ലാം ഞാൻ 'രാമനാമ"ത്തെ ശരണം പ്രാപിക്കുമായിരുന്നു. അങ്ങിനെ ഞാനതിൽ നിന്നും രക്ഷനേടുമായിരുന്നു. അനേകം സങ്കടങ്ങളിൽ നിന്നും രാമനാമം എന്നെ രക്ഷിച്ചിട്ടുണ്ടു് ............"

"ഞാൻ ഈ രാമനാമത്തെ യാതൊരാളുടെ ദൃഷ്ടി അസ്പൃഷ്ടമല്ലാതിരിക്കുന്നുവോ — യാതൊരുത്തന്റെ ശ്രദ്ധ വിദ്യത്വം പ്രാപിക്കുന്നതിൽ മഗ്നമല്ലാതിരിക്കുന്നുവോ—അവന്റെ മുമ്പിൽ കാട്ടി വയ്ക്കുന്നു. വിദ്യത്വം നമ്മളെ ജീവിതത്തിന്റെ അനേകം അവസ്ഥകളിൽനിന്നും സഫലതകളോടുകൂടി മുമ്പോട്ടു കൊണ്ടുപോകുന്നു. എന്നാൽ സങ്കടങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽനിന്നും നമ്മളെ കരകയററുവാൻ അതിനു സാദ്ധ്യമല്ല. ആ സ്ഥിതിയിൽ നമ്മളെ കേവലം നാമജപം മാത്രം ഉദ്ധരിക്കുവാൻ കെല്പുള്ളതായിത്തീരുന്നു. ഈശ്വരപ്രീതിക്കുവേണ്ടി പഞ്ചസാരവാക്കു പറയുവാൻ ആഗ്രഹിക്കുന്നവർക്കും, ആത്മരക്ഷയ്ക്കുള്ള ആശയാൽ പ്രയത്നതല്പരരായവർക്കും വേണ്ടിയല്ല രാമനാമം പ്രത്യുത, ഈശ്വരനെ ഭയന്നും, സംയമത്തോടുകൂടിയും തങ്ങളുടെ ജീവിതം നയിക്കുന്നവർക്കുവേണ്ടിയാണു്........"

"രാമനാമപ്രകീർത്തനത്തിനു് ആരെങ്കിലും എന്നോടു് ആവശ്യപ്പെടുകയാണെങ്കിൽ ഞാൻ, രാത്രി മുഴുവനും പാടിക്കൊണ്ടിരിക്കും. നിങ്ങൾ സ്വയം ദുഃഖിയും പതിതരുമാണെന്നു വിചാരിക്കുന്നുണ്ടെങ്കിൽ (നമ്മളെല്ലാം തന്നെ പതിതരാണു്) രാവിലേയും വൈകിട്ടും ശയനസമയത്തും എല്ലാം രാമനാമത്തെ സ്മരിക്കുക. അങ്ങിനെ പവിത്രരാകുക..."

"അതുകൊണ്ടു നിങ്ങൾ മനസ്സിലാക്കണം രാമനാമം ഹൃദയത്തിന്റെ വാണിയാണെന്നു്. എവിടെ ശബ്ദമനസ്സുകൾക്കു് ഐക്യമില്ലയോ അവിടെ ശബ്ദം (വചനം) കേവലം മിഥ്യയാണു്— അഹങ്കാരമാണു്—ശബ്ദജടിലമാണു്. ഈ പ്രകാരമുള്ള മന്ത്രോച്ചാരണം കൊണ്ടു ലോകത്തിനു ചതിവു പററാമെങ്കിലും ആ അന്തര്യാമിയായ രാമനു എങ്ങിനെ ചതിവു് പററും? സീതാദേവി കൊടുത്ത

മാല, അതിന്റെ അന്തർഭാഗത്തു രാമനാമം ഉണ്ടോ എന്നറിയുന്നതിനുവേണ്ടി ഹനുമാൻ പൊട്ടിച്ചു കളഞ്ഞു. സ്വയം മിടുക്കരെന്നഭിമാനിച്ചിരുന്ന യോദ്ധാക്കളും സേവകരും സീതാദേവി കൊടുത്ത മാലയിലുള്ള അനാദരവിനെക്കുറിച്ചു ഹനുമാനോടു ചോദിച്ചു. "അതിന്റെ അന്തർഭാഗത്തു രാമനാമമില്ലെങ്കിൽ സീതാദേവി തന്നതാണെങ്കിലും അതെനിക്കു ഭാരമാണു്" എന്നായിരുന്നു ആ രാമഭക്തന്റെ മറുപടി. സേവകർ ഉടനെ ആ വീരനെ തോല്പിക്കുന്നതിനു "നിങ്ങളുടെ അന്തർഭാഗത്തു രാമനാമം ഉണ്ടോ?" എന്നു ചോദിച്ചു. കേൾക്കാത്ത താമസം, ഹനുമാൻ കത്തികൊണ്ടു തന്റെ മാറിടം ചീന്തിക്കാട്ടിക്കൊടുത്തു. "നോക്കണം രാമനാമമല്ലാതെ വേറെ എന്തെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ പറയൂ?" ആ സേവകർ ലജ്ജിച്ചുപോയി. ഹനുമാനിൽ പുഷ്പവൃഷ്ടിയുണ്ടായി. അന്നുമുതൽ രാമകഥ പറയുന്നിടത്തും മറ്റും ഹനുമാന്റെ ആവാഹനവും ഉണ്ടായി......"

"പരമാത്മാവിനു് അനേകം പേരുകൾ ഉണ്ടു്. തങ്ങളുടെ ശ്രദ്ധാനുസാരം ഏതെങ്കിലും പേരുവിളിച്ചാരാധിക്കുന്നതിനു് ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ടു്. ഈശ്വരന്റെയും അള്ളാവിന്റെയും കർത്താവിന്റെയും ദൈവത്തിന്റെയും എല്ലാം മതം ഒന്നു തന്നെ. എന്നാൽ തത്തയെപ്പോലെ ജപിക്കരുതു്. അതിന്റെ പ്രമാണം ക്രിയാത്മക (പുരുഷാർത്ഥ)ത്തോടു ചേർന്നതായിരിക്കണം......"

"ജഡതുല്യമായ ശരീരത്തിനു അന്നമെന്നതുപോലെ ആത്മാവിന്റെ ആഹാരം രാമനാമം ആകുന്നു. ഗായത്രി, ജപിക്കുന്നതിനും സന്ധ്യാവന്ദനയ്ക്കും പ്രാർത്ഥനയ്ക്കും മറ്റും കൢപ്തസമയങ്ങൾ വച്ചിട്ടുണ്ടു്. എന്നാൽ രാമനാമത്തിനാണെങ്കിൽ യാതൊരു സമയകൢപ്തവും ഇല്ല. ആരുടെ ശ്വാസത്തോടുകൂടി രാമ ശബ്ദവും പുറപ്പെടുന്നുവോ അതാണു് ഉത്തമം..."

"പ്രാർത്ഥനയും ഭജനയും നാവിൽനിന്നു് ഉണ്ടാകുന്നതല്ല, ഹൃദയത്തിൽ നിന്നു് ഉണ്ടാകുന്നതാണു്. അതുകൊണ്ടു ബധിരനും മൂകനും മൂഢനും വിജ്ഞനും എല്ലാം പ്രാർത്ഥനയ്ക്കർഹരാണു്. നാവിൽ അമൃതും ഹൃദയത്തിൽ കാളകൂടവും നിറഞ്ഞിരിക്കുകയാണെങ്കിൽ നാവിലുള്ള അമൃതു് എന്തു് ഉപയോഗത്തിനു്? കടലാസുകൊണ്ടുള്ള പുഷ്പത്തിനു സൗരഭ്യം ഉണ്ടാകുമോ?......"

"നമ്മൾ ഭക്ഷിക്കുന്നതും കുടിക്കുന്നതും നടക്കുന്നതും ഇരിക്കുന്നതും എല്ലാം സത്യം തന്നെ. എന്നാൽ അതിനെയോ അതിനേക്കാൾ ഉപരിയോ ആയ ഒരു സത്യമാണു് സ്തുതിയും ഉപാസനയും പ്രാർത്ഥനയും മറ്റും. അല്ലാതെ അതു് അന്ധവിശ്വാസം അല്ല. മറ്റുള്ളവയെല്ലാം അസത്യവും മിഥ്യയും ആണെന്നു വന്നാലും ഇതു് ഏകമായ സത്യമാണെന്നു പറയുന്നതിൽ അത്യുക്തിക്കു ഒന്നുമില്ല തന്നെ. .........."

ജയദേവവിരചിതമായ

## ഗീതഗോവിന്ദം—ശൃംഗാരകാവ്യം

(പന്ത്രണ്ടു സർഗ്ഗാത്മകം)

വ്യാഖ്യാതാ—വിദ്യാഭൂഷണൻ, വി. വി. ശർമ്മ.

രാമപുരത്തുവാര്യരുടെ "ഭാഷാഷ്ടപദി" എന്ന പഴയ ഭാഷാകൃതിയോടുകൂടിയതു്.

മൂലശ്ലോകങ്ങളും, ഗീതാപ്രബന്ധങ്ങളും, അവയുടെ അന്വയം അർത്ഥം താൽപര്യം കുറിപ്പുകൾ പാഠങ്ങൾ മുതലായവ അടങ്ങിയ "രാധാകൃഷ്ണവിലാസം" എന്ന ഭാഷാവ്യാഖ്യാനവും അടങ്ങിയതു്.

വില 2 ക. 8 ണ. റെഡ്യാർ പ്രസ്സ്—തിരുവനന്തപുരം.

# ഗാന്ധിദേവൻ

ആറെൻപി.

(കുറത്തിമട്ട്)

ഭാരതഭൂദേവിയാകും ക്ഷീരവാരിരാശി
ഭൂരിമോദം പെറെറടുത്ത കമ്രചന്ദ്രൻ ഗാന്ധി
രാഷ്ട്രീയാന്തരീക്ഷത്തിങ്കൽ പുഷ്ടശോഭം പൊങ്ങി;
പാലൊളിനിലാവു നാലു ദിക്കിലും പരന്നു;
ജാതിമതഭേദരൂപമന്ധകാരം നീങ്ങി;
നാട്ടുകാർതൻ നട്ടെല്ലുകളും കോട്ടമററു നിന്നു;
ആംഗലേയമാനസാബ്ജം മങ്ങലാർന്നു, കൂമ്പി

(ഇരട്ടിപ്പ്)

പരുത്തചക്രകരം കനത്തശാന്തി തൻ
മിനുത്തനൂലുകൾ നൂല്ത്തു;
മുഴങ്ങി നാടെല്ലാം പുഴങ്ങുമാറങ്ങു
സ്വാതന്ത്ര്യതാഭേരീനാദം;
അഹിംസയാകുന്ന കവചമാർന്നിട്ടു
സഹനഹേതിയുമേന്തി
അടർക്കളത്തിങ്കൽ പൊരുതുകനെച്ചാടി-
പ്പോടിച്ചു ഗാന്ധേയ മല്ലർ.

(ചെഞ്ചുരുട്ടി)

കുരച്ചു ചർച്ചിലുമമെറിയാമെറി;
* മുറയ്ക്കു കാരവാൻ നീങ്ങി;
അറച്ചിതാംഗലർ; വിറച്ചു ഹൃത്തടം;
മറച്ചിതാധൈര്യനാശം;
അണഞ്ഞു ക്രിപ്സിൻറെ നനഞ്ഞതാം ദൌത്യം
പിണങ്ങിയങ്ങവൻ പോയി;
കടുത്തൊരാഗസ്ററു സമരഘോഷത്തിൽ
മടുത്തിതാംഗ്ലേയസിംഹം.
ചുരുട്ടിലാംഗൂലം പതുക്കെത്തന്നുടെ
ഗുഹയ്ക്കകത്തങ്ങു കേറി;

ഉയർന്നു ഭാരതത്രിവർണ്ണരഞ്ജിത
മണിക്കൊടി ശോണ ദുർഗ്ഗേ.
മുഖരമായിതു ജനതതൻഹ്ലാദ
ധ്വനിയാൽ നാടുകളെല്ലാം.

(ക്യാനഡ)

ഹതവിധിയിതു സഹിക്കാതെന്നപോൽ
തുടങ്ങിനാരകനൃത്തം;
സഹജവർഗ്ഗത്തിൻ ചുടുത്തശോണിത-
ക്കടലിൽ പഞ്ചാബു മുങ്ങി;
തപിച്ചു ഗാന്ധിതൻ നനുത്തഹൃത്തടം;
ത്രപിച്ചു നേതാക്കളെല്ലാം.
രസിച്ചു ഹൂണരും; ത്രസിച്ചു ലോകങ്ങൾ;
മദിച്ചു നൃമൃഗവൃന്ദം.

(നാഥനാമക്രിയ)

ദുഷിച്ചതാം മതം വമിച്ച ദുർവിഷം
വരുത്തി വച്ചു വിനാശം
കനത്ത ശോകമോടടുത്തു കാൺകയാൽ
പെരുത്തു കൺകളിൽ ബാഷ്പം.
തെരിക്കനെഗ്ഗാന്ധി തിരിച്ചു; ദില്ലിയി-
ലരക്ഷണം കൊണ്ടങ്ങെത്തി.
ഉരത്തൊരാക്രമപ്രസക്തി തീർത്തിട്ടു
വരുത്തി ശാന്തിയദ്ദേവൻ
ദുരന്തമേ! ഹന്ത! പറഞ്ഞിടാൻ പണി;
ചതിച്ചു നാഥുറാം പാപി!
മറഞ്ഞു ഗാന്ധിജി;യണഞ്ഞു ലോകത്തിൻ
മണിവിളക്കെന്നു തോന്നി.
പൊറുത്തിടേണമേ ജഗത്തിന്നീശ! തൻ
കടുത്തപാപത്തിൻ ഭാരം!
അണഞ്ഞതില്ലല്ലോ മഹാത്മജിയിങ്ങു
കൊളുത്തി വച്ചതാം ദീപം.
തെളിക്കുമാമണിവിളക്കിൻ നാളങ്ങൾ
പുരോഗതിക്കുള്ള മാർഗ്ഗം.
ജയിക്കഗാന്ധിജി! ജയിക്ക ഭാരതം!
ജയിക്ക നവ്യസ്വാതന്ത്ര്യം

---

* അമേറി പാർല്ലമെൻറിൽ പറഞ്ഞു:—"നായ്ക്കൾ കുരച്ചാലും കാരവാൻ(സാർത്ഥസംഘം) മുന്നോട്ടുപോകുമെന്നു്—ചർച്ചിലും കൂട്ടരും കുരച്ചിട്ടും ഇൻഡ്യൻ പ്രക്ഷോഭകസാർത്ഥസംഘം മുന്നോട്ടു കുതിച്ചുവെന്നു് ഇവിടെ.

# ത്രിമൂർത്തികൾ.

നവഭാരതനിർമ്മാതാക്കളിൽ പ്രമുഖന്മാരായ മൂന്നു പേരാണ് ജവാഹർ നേഹ്‌റുവും, വല്ലഭായി പട്ടേലും, സീ. രാജഗോപാലാചാര്യരും. അവർ മൂന്നു പേരും ഇന്ന് ഇൻഡ്യൻ ഭരണകൂടത്തിലെ അത്യുന്നതങ്ങളായ സ്ഥാനങ്ങൾ വഹിക്കുന്നു.

ഭാരതത്തിന്റെ വാത്സല്യഭാജനവും രാഷ്ട്രപിതാവിന്റെ രാഷ്ട്രീയോത്തരാധികാരിയും, ആയ ജവാഹർലാല്ജിയ്ക്ക് ഈ കഴിഞ്ഞ നവംബർ 14-ാംതീയതി അൻപത്തിഒൻപതു വയസ്സു തികഞ്ഞു. സ്വജന്മദിനം കൊണ്ടാടുന്ന വിഷയത്തിൽ



അതീവവിമുഖനാണെങ്കിലും, അന്ന് അദ്ദേഹത്തിനു നിരവധി ക്ഷേമകാംക്ഷികളെ സ്വീകരിക്കേണ്ടതായിവന്നു. ലോകമൊട്ടുക്ക് ആ ദിനം സാഘോഷം കൊണ്ടാടപ്പെടുകയും ചെയ്തു.

സ്ഥിതിസമത്വവാദികളിൽ അഗ്രഗണ്യനെങ്കിലും, അദ്ദേഹത്തിന്റെ ഏതദ്വിഷയകമായ അഭിലാഷങ്ങളിൽ പലതും ഇതേവരെ നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് പരമാർത്ഥംതന്നെ. എന്നാൽ അദ്ദേഹത്തിന്റെ നയപരിപാടികളെ കർക്കശമായി നിരൂപണം ചെയ്യുന്നവർ പോലും, അദ്ദേഹത്തിന്റെ മഹനീയമായ ആദർശങ്ങളേയും ത്യാഗസന്നദ്ധതയേയും പ്രശംസിക്കാതിരിക്കുന്നില്ല. കാന്ദിശീകപ്രളയം, പാകിസ്താനികളുടെ സമരമനോഭാവം, കാശ്മീർ യുദ്ധം, ഹൈദ്രബാദ്പ്രശ്നം, നാട്ടുരാജ്യപ്രശ്നം, ഭക്ഷ്യക്ഷാമം, നാണയപ്പെരുപ്പം—ഇത്യാദി പല വിഷമങ്ങളേ അദ്ദേഹത്തിനു തരണം ചെയ്യേണ്ടിവന്നതോർക്കുമ്പോൾ, അദ്ദേഹത്തിന്റെ സ്ഥിതിസമത്വവിഷയകമായ തൃഷ്ണയെ ചോദ്യം ചെയ്യാൻ ആർക്കും ധൈര്യമുണ്ടാകുന്നതല്ല. കിട്ടിയ സ്വാതന്ത്ര്യത്തെ അഷ്ടഗന്ധമിട്ടുറപ്പിക്കും മുമ്പ് വൻകിട വ്യവസായങ്ങളും മററും ദേശീയീകരിക്കുന്നതിനു ചാടിപ്പുറപ്പെട്ടാൽ, ഉണ്ടാകും വൈഷമ്യങ്ങളെ അദ്ദേഹം കണ്ടു; അതനുസരിച്ചു പ്രവർത്തിച്ചതിനാൽ ഇൻഡ്യയുടെ നില ലോകദൃഷ്ടിയിൽ ആകപ്പാടെ ഒന്ന് ഉയരുകയും ചെയ്തിട്ടുണ്ടെന്നു നിസ്സംശയം പറയാം.

കാന്ദിശീകാധിനിവേശനം പരിപൂർണ്ണമായിട്ടില്ലെങ്കിലും, ഒരു വിധം തൃപ്തികരമായി പുരോഗമിച്ചിട്ടുണ്ട്. കാശ്മീരപ്രശ്നം യു. എൻ. ഓവിൽ സമർപ്പിച്ചതു ബുദ്ധിഹീനമായിപ്പോയെന്ന് ആക്ഷേപിച്ചുകൊണ്ടിരുന്ന പത്രങ്ങളും ഇപ്പോൾ നേഹ്‌റുജിയെ അനുമോദിക്കുന്നു. പാകിസ്താന്റെ ചതിയും കാപട്യവും തദ്വാരാ കരതലാമലകംപോലെ തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു; എന്നു മാത്രമല്ല, ആക്രമണകാരികൾ മിക്കവാറും ബഹിഷ്കൃതമാവുകയും ചെയ്തു. അല്പകാലത്തിനുള്ളിൽ ആ പ്രദേശം ശത്രുശൂന്യമായിത്തീരുമെന്നുള്ളതിനു സംശയമില്ല.

'ഹൈദരാബാദി'ൽ നടന്നുകൊണ്ടിരുന്ന അക്രമങ്ങളെ, ഉടനടി ഇടപെട്ട്, അമർച്ച ചെയ്യാതിരുന്ന

തിനെപ്പററിയും നേഹ്റു ഗവൺമെൻറു പ്രതികൂല വിമർശനങ്ങൾ അഭിമുഖീകരിക്കേണ്ടതായിട്ടാണിരുന്നതു്. എന്നാൽ വിശാലവീക്ഷണന്മാരായ നമ്മുടെ നേതാക്കന്മാർ ഒരുതുള്ളി രക്തംപോലും ചിന്താതെ അവിടുത്തെ കാര്യങ്ങൾ ഇത്രഭംഗിയായി ഒതുക്കിയതോർക്കുമ്പോൾ നാം വിസ്മയപരവശരായിത്തീരുന്നു.

കാമൺവെൽത്ത് പ്രധാനമന്ത്രിമാരുടെ യോഗത്തിൽ പങ്കുകൊള്ളുവാനായി നെഹ്റു പോയതിനെപ്പററിയും പലരും ആക്ഷേപശരങ്ങൾ പൊഴിച്ചുകൊണ്ടിരുന്നു. എന്നാൽ 'ഇൻഡ്യയുടെ സ്വാതന്ത്ര്യനിലയ്ക്കു തെല്ലുപോലും ചലനം വരുത്താതെയും, അവിടെ സന്നിഹിതരായിരുന്ന സകല മന്ത്രിപ്രവരന്മാരുടേയും സവിശേഷമായ ശ്ലാഘയ്ക്കു പാത്രമാകത്തക്കവിധത്തിലും അദ്ദേഹം പെരുമാറി. വാസ്തവത്തിൽ അതു് അദ്ദേഹത്തിൻെറ മൈത്രിയാത്രതന്നെയായിരുന്നു. ഇൻഡ്യയുടെ പേരും പെരുമയും അതുനിമിത്തം പല മടങ്ങു വർദ്ധിച്ചു. യൂ. എൻ. ഒ. ജനറൽ അസംബ്ളിയിൽ പ്രസംഗിക്കാനുള്ള അനന്യസുലഭമായ അവസരവും അദ്ദേഹത്തിനു ലഭിച്ചു.

ഈശ്വരൻ അദ്ദേഹത്തിനു ദീർഘായുസ്സു നല്കുന്നപക്ഷം, 'ഗാന്ധിയൻസ്വരാജ്' അദ്ദേഹം അചിരേണ ഇവിടെ സ്ഥാപിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഡിപ്പ്യൂട്ടിപ്രൈംമിനിസ്റ്ററായ വല്ലഭായ്പട്ടേലിൻെറ 75-ാം ജന്മർക്ഷവും ഇക്കഴിഞ്ഞ മാസത്തിൽ തന്നെ ഇൻഡ്യ ആഘോഷിച്ചു. ഉരുക്കുമനുഷ്യൻ എന്നാണു് അദ്ദേഹം അറിയപ്പെടുന്നതെങ്കിലും, സാധുക്കളുടെ ദയനീയസ്ഥിതി കണ്ടാൽ വെണ്ണപോലെ അലിയുന്ന ഹൃദയമാണു് അദ്ദേഹത്തിനുള്ളതെന്നു സീ. രാജഗോപാലാചാര്യർ അടുത്തൊരവസരത്തിൽ പ്രസ്താവിച്ചു. ഈ വസ്തുത പലരും ധരിച്ചിട്ടില്ല. ജീവിതകാലം മുഴുവനും 'കിസാന്മാർക്ക്'വേണ്ടിയും മിൽതൊഴിലാളികൾക്കു വേണ്ടിയും പടവെട്ടി 'സർദാർ' ബിരുദംനേടിയ ഈ മഹാനുഭാവനെ 'മുതലാളിത്തലവന്മാ'രുടെ ചേരിയിൽ ചില തൽപരകക്ഷികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും, കാലം അചിരേണ വസ്തുസ്ഥിതികളെ യഥാർത്ഥരൂപത്തിൽ വെളിപ്പെടുത്താതിരിക്കയില്ല. മഹാത്മജിയുടെ കർമ്മസചിവനായിരുന്ന അദ്ദേഹം,



തൻെറ ഗുരുവര്യൻെറ ചുവടുകൾവിട്ടു്, ഒരണുപോലും പിന്മാറുകയില്ലെന്നുള്ള കാര്യം തീർച്ചയാണു്. നേഹ്റുവും പട്ടേലും തമ്മിൽ പിണങ്ങിപ്പിരിയുന്ന നിമിഷത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യം തകർന്നുപോകുമെന്നു് മഹാത്മജി അരുളിച്ചെയ്തതിൽനിന്നു് അദ്ദേഹത്തിനു് അവരിൽ രണ്ടു പേരിലും എത്ര ദൃഢമായ വിശ്വാസമാണുണ്ടായിരുന്നതെന്നു തെളിയുന്നു. ഏതായിരുന്നാലും ഒരു കാര്യം തീർച്ചയാണു്. ഇൻഡ്യൻസ്വാതന്ത്ര്യത്തിൻെറ ശൈഥില്യകാരണങ്ങളിൽ പ്രധാനമായിരുന്ന 'നാട്ടുരാജ്യപ്രശ്ന'ത്തെ അല്പകാലത്തിനുള്ളിൽ എല്ലാവർക്കും തൃപ്തികരമായ വിധത്തിൽ ഒതുക്കിത്തീർത്തതു് ഈ ഉരുക്കുമനുഷ്യനാണെന്നോർക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ കൃതജ്ഞതാതരളിതങ്ങളായിത്തീരുന്നു. അദ്ദേഹത്തിനും ജഗദീശ്വരൻ ദീർഘായുരാരോഗ്യങ്ങൾ നല്കട്ടെ.

പട്ടേൽ ഭരണകൂടത്തിൻെറ ശക്തികേന്ദ്രമാണെങ്കിൽ സീ. രാജഗോപാലാചാരിയർ അതിൻെറ ബുദ്ധികേന്ദ്രമാണു്. ആദ്യത്തെ ഇന്ത്യൻ ഗവർണ്ണർ

ജനറലായിരിക്കുന്നതിന് ഇദ്ദേഹത്തിനേക്കാൾ യോഗ്യതയുള്ള ഒരാളെ കണ്ടുകിട്ടാൻ പ്രയാസമാണ്. തികഞ്ഞ ഗാന്ധിഭക്തൻ, മികച്ച ദേശാഭിമാനി, മഹാബുദ്ധിശാലി, ത്യാഗി—വിപരീതതാൽപ്പര്യങ്ങളെ അനുരഞ്ജിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യം അദ്വിതീയമാണ്. സീ. ആർ. പദ്ധതി എന്നു കുപ്രസിദ്ധി നേടിയ ആ വിഭജനപദ്ധതി നേരത്തെ കാൺഗ്രസ്സ് സ്വീകരിച്ചിരുന്നെങ്കിൽ പിന്നീടുണ്ടായ ഭയങ്കര നരമേധവും, കാന്ദിശീകപ്രവാഹവും, മററു സംഭവങ്ങളും ഇൻഡ്യക്കു അഭിമുഖീകരിക്കാതെ കഴിയ്ക്കാമായിരുന്നു. ഹരിജനോദ്ധാരണം, മദ്യപരിവർജ്ജനം ഇവ ഗാന്ധിജി സമാരംഭിക്കും മുമ്പു തന്നെ അദ്ദേഹം ചെറിയ തോതിൽ ആരംഭിച്ചുകഴിഞ്ഞതാണ്. അദ്ദേഹത്തിനു ഈ കഴിഞ്ഞമാസത്തിൽ 69 വയസ്സു തികഞ്ഞു. ഈ ജന്മദിനത്തിന്റെ നിരവധി പുനരാഗമനങ്ങളുമുണ്ടാകട്ടെ.

## രണ്ടു രാഷ്ട്രപതികൾ.

ഗാന്ധിമാർഗ്ഗത്തിൽ നിന്നു എള്ളളവു വ്യതിചലിക്കാത്ത ഒരു മഹാത്യാഗിയാണു രാജേന്ദ്രപ്രസാദ്. അദ്ദേഹത്തിനു ഈ മാസത്തിൽ 64 വയസ്സു പൂർത്തിയായി. അദ്ദേഹത്തിന്റെ സ്ഥാനത്തു പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പട്ടാഭിസീതാരാമയ്യയുടെ ജന്മർക്ഷവും ഇതേ മാസത്തിലായിരുന്നു. അവർ രണ്ടുപേരും ദീർഘായുഷ്മാന്മാരായിരുന്നു് ഭാരതഭൂമിയെ സേവിക്കുമാറാകട്ടെ.



യൂ. കെ. ഹൈക്കമ്മീഷണറായ ലഫ്ടനന്റ് ജനറൽ സർ ആർച്ചിബാൾഡ് നൈ ഡൽഹി വിമാനത്താവളത്തിൽ എത്തുന്നു. ഇദ്ദേഹം മദ്രാസ് ഗവർണ്ണറായിരുന്നു.

# ജവഹറിൻെറ ജന്മദിനം

പി. കെ. ഷാ, ബി. എ.

## I

ജനനിവഹനിസ്സീമഭാഗധേയാംശുമദ-
ഘനകിരണകന്ദളാരമ്യോദയത്തൊടേ,
ജയജയരവം ചേർത്തുവന്നണഞ്ഞിന്നിതാ
ജവഹരിയുടെ ജന്മവാസരം ഭാസുരം.

## II

ജനകനതിനിസ്തുല“മുത്താ”യിരിക്കവേ
തനയനതിലും ശ്രേഷ്ഠ“രത്ന”മായീടണം.
സുജനമണിയാം പിതാവേലും പ്രശസ്തിയെ
നിജവിമലകീർത്തിയാൽ പുത്രൻജയിക്കണം.

## III

ഭരതഭുവിഗാന്ധിതൻ ശാന്തിസന്ദീപ്തിയിൽ
വരതരനയത്തോടു കൃത്യങ്ങൾ നോക്കവേ,
അനുദിനപണിക്കാർതന്നാവശ്യമൊക്കെയും
മനുജസഹജതിയോടേററു ശ്രദ്ധിക്കവേ,
സഹനസമരാദർശവും ധർമ്മയുദ്ധവും
സമരസസ്വതന്ത്രമായ് കൈകാര്യമേലവേ,
സകലമതസൂക്തസാരാവലീപാലനം
പകലിരവു തൻ മതാദർശമായ് കാണവേ,
വനിതകളുമീവിശ“ചക്ര”ത്തിരിച്ചിലിൽ
തുനിയുവതൊരുത്തമാവശ്യമായെണ്ണവേ,
അഖിലജനമാനസോല്ലാസമേകിസ്സദയം
നിഖിലദിശിജവഹർതൻ കീർത്തി ചാർത്തുന്നിതാ;

## IV

ഉരുസുകൃതമേലുംമഹാനാംപിതാവിൻെറ
പുരസ്കൃതിപൂകിയാരാത്മജൻതന്നെയായ്
അരുപതിലുമോറംമുവാക്കാടെവാഴ്ത്തിട്ടും,
വരഗുണഗണാഭിരാമ്യാദർശമൂർത്തിയായ്
അഗതികളെയൻപാലണച്ചുരക്ഷിപ്പതിൽ
വിഗളിതഭയംസദാരംപൊരുക്കുവാൻ പ്രാപ്തനായ്
അവനിതലപൂർവ്വഭാഗാശാവലംബമായ്
ഭുവനതലനേതാക്കളെല്ലാം പ്രകാശമേ!
എതുപൊഴുതിലും“ലോകപരര”നാണെന്നതാ-
മതുലമഹിതാദർശമേതുകൃത്യത്തിലും
തനതളവുകോലായ് ഗ്ഗണിച്ചുവർത്തിപ്പതാ-
മനഘകമനീയാത്മചൈതന്യരൂപമേ!
യുവജനമനമൂല്യതത്വചിന്താശതാ-
ദൃവിരതക്രിയാമാർഗ്ഗജംജാല്യതാരമേ!
നവസുചിരകീർത്തിചേർത്തുല്ലസിക്കുന്നതായ്
തവജനനനാളിനവ്യാഹതം സ്വാഗതം!

## V

കൊടുമുടികളേലുന്ന കാശ്മീര, ‘മർത്ത്യ’ത-
ക്കൊടുമുടിയിലാവാസമേലുമാചാര്യനെ-
ബ്ബുധജനനിരീക്ഷവിതമല്ലഹാബാദു, നൽ
സുധയിലഭിഷിക്തനാം ലക്ഷപ്രഭുവിനെ,-
പതിതജനസഞ്ചയത്തിന്നൊരാലംബമായ്
സദയമരുളീടിനോരുൽഫുല്ലവാസരം,
സുരുചിരയശോഭരം തിങ്ങവേ,ലാലസി-
ച്ചുതളുകളുളം നമുക്കാചന്ദ്രതാരകം.

# നാമജപം

പി. കേശവദേവ്.

ഞാൻ തിരിഞ്ഞു നോക്കുകയാണ്:

സന്ധ്യയ്ക്കു നാമം ജപിച്ചാൽ ഏഴയൽവക്കത്തു കേൾക്കണമെന്നാണ്, കാരണവരുടെ അലിഖിതമെങ്കിലും, അനിഷേദ്ധ്യമായ നിയമം. കുടുംബത്തിന്റെ ആഭിജാത്യം പുലർത്തുവാനുള്ള നഷ്ടമില്ലാത്ത മാർഗ്ഗങ്ങളിലൊന്നാണതു്.

"രാമ, രാമ, രാമ, രാമ"—അങ്ങനെ ഉച്ചത്തിൽ വിളിച്ചു കൂവണം ഞങ്ങൾ. പള്ളിക്കൂടത്തിൽ ഉച്ചപ്പട്ടിണിക്കാരായ ഞങ്ങൾ വൈകുന്നേരം വീട്ടിൽവന്നാൽ, കഞ്ഞി വെള്ളമൊ ചേമ്പു പുഴുങ്ങിയതൊ കിട്ടിയെന്നും വരാം; ഇല്ലെന്നും വരാം. അങ്ങനെ വിശന്നു പൊരിഞ്ഞു തളർന്നിരിക്കുന്ന പിഞ്ചുകുട്ടികളായ ഞങ്ങളാണ്, കുടുംബത്തിന്റെ ആഭിജാത്യം പുലർത്തുവാൻ വേണ്ടി ഏഴയൽവക്കത്തു കേൾക്കത്തക്കവിധം "രാമ രാമ" എന്നു കൂകിവിളിക്കേണ്ടതു്.

കാരണവർ മാത്രമല്ലാ, കുടുംബത്തിൽ പ്രായമായവർക്കെല്ലാം തന്നെ, ആഭിജാത്യസംരക്ഷണത്തിൽ വലിയ നിർബ്ബന്ധമുണ്ടായിരുന്നു. സാമ്പത്തികമായി അധഃപതിച്ച ഞങ്ങൾക്കു് ആഭിജാത്യമല്ലാതെ മറെറാന്നും പുലർത്തേണ്ടതായിട്ടുണ്ടായിരുന്നില്ലതാനും. മൃതശരീരത്തെ പുണരും പോലെ, ഞങ്ങൾ ആഭിജാത്യത്തെ കെട്ടിപ്പിടിച്ചു അഭിമാനം കൊള്ളുകയായിരുന്നു. അയിത്തജാതിക്കാരെ കൂടുതൽ കൂടുതൽ അകററി നിറുത്തിയും, മുണ്ടു മുറുക്കി ഉടുത്തു് ഒട്ടിയ വയറിനെ വീർപ്പിച്ചു കാണിച്ചും, കുട്ടികളായ ഞങ്ങളെക്കൊണ്ടു് സന്ധ്യയ്ക്കു കൂകിവിളിപ്പിച്ചും, ചീഞ്ഞുനാറിത്തുടങ്ങിയ ആഭിജാത്യത്തെ കൈവിടാതെ പുലർത്തിപ്പോരികതന്നെ ചെയ്തു. കുടുംബത്തിലെ മൂപ്പത്തിയാറു് അംഗങ്ങൾ അർദ്ധപട്ടിണിക്കാരാണെങ്കിലും, ഒന്നാം തീയതികൾ തോറും അമ്പലത്തിൽ 'വഴവാട്ട്' കഴിക്കുന്നതിലും, സർപ്പം തുള്ളലും അയ്യപ്പൻ പാട്ടും വാവുബലിയും മററും നടത്തുന്നതിലും, ഒരു കുറവും വരുത്തുകയില്ല. എല്ലാം ത്യജിച്ചും ആഭിജാത്യത്തെ സംരക്ഷിക്കുക!—അതായിരുന്നു ഞങ്ങളുടെ കുടുംബത്തിന്റെ മുദ്രാവാക്യം.

കുട്ടികളായ ഞങ്ങൾ, അത്താഴം വിളമ്പുന്ന നിമിഷങ്ങളെ എണ്ണിക്കൊണ്ടിരിക്കുകയായിരിക്കും. അപ്പോഴാണ്, തളത്തിൽ നിന്നൊരു വിളികേൾക്കുന്നതു്, 'വിളക്കു" എന്നു്. പൂമുഖത്തേക്കു സന്ധ്യാദീപം വരികയാണെന്നും, ഞങ്ങൾ കൂകി വിളിക്കാൻ തയാറായിക്കൊള്ളണമെന്നും ഉള്ള അറിയിപ്പാണതു്. ഹാവൂ!—ആ വിളികേൾക്കുമ്പോൾ ഞങ്ങളുടെ പൊരിയുന്ന വയററിൽ ഒരാളലാണുണ്ടാവുക.

സ്വാമിവിവേകാനന്ദനും മഹാത്മാഗാന്ധിയും ഉപദേശിച്ചു, വിശക്കുന്നവരോടു് ഈശ്വരനാമം പറയരുതെന്നു്. പക്ഷേ, വിശക്കുന്നവരോടു മാത്രമേ ഇതുവരെ ഈശ്വരനാമം പറയപ്പെട്ടിട്ടുള്ളു. വിശക്കാത്തവർക്കു് ഈശ്വരനെക്കൊണ്ടു ഒരൊററ

പ്രയോജനമേ ഉള്ളു — വിശക്കുന്നവരുടെ ശ്രദ്ധയെ അങ്ങോട്ടു തിരിച്ചു വിടുക! ആ കാപട്യത്തെയാണ്, വിവേകാനന്ദനും ഗാന്ധിജിയും എതിർത്തതു്. അതിരിക്കട്ടെ.

എന്റെ അമ്മയാണ്, സന്ധ്യാദീപവും കൊണ്ടു പൂമുഖത്തേക്കു വരുന്നതു്. തെക്കേ അററത്തു്, ഒരു കസേരയിൽ ഇരിക്കുന്ന കാരണവർ എഴുന്നേററു ദീപത്തെ വന്ദിക്കും. ഞങ്ങളും ദീപത്തെ വന്ദിച്ചുകൊള്ളണമെന്നാണ് നിയമം. അറവാതലിനു നേരെ വിളക്കു വച്ചിട്ട്, അമ്മ അപ്പുറത്തേക്കുപോകും. ഞങ്ങൾ, വിളക്കിന്റെ ഇരുഭാഗത്തും നിരന്നിരിക്കും— ജയിൽപ്പുള്ളികൾ നിരന്നിരിക്കുംപോലെ. എന്നിട്ട്, "രാമ രാമ രാമ രാമ" എന്നു് അത്യുച്ചത്തിൽ, ഏഴയൽവക്കത്തു കേൾക്കത്തക്കവിധം ഞങ്ങൾ കൂക്കുവിളി തുടങ്ങുകയായി.

സഗൌരവം കസേരയിലിരിക്കുന്ന കാരണവർ, ഭൃത്യനെ വിളിക്കുന്നതു പോലെ "രാമാ കൃഷ്ണാ" എന്നൊക്കെ ജപിക്കുന്നുണ്ടാവും. കുടുംബഫിററ്ലർ ആയ അദ്ദേഹത്തിന്റെ മനസ്സ് നൂറു നൂറു കാര്യങ്ങളിൽ അങ്ങനെ പതറിപ്പാഞ്ഞു കൊണ്ടിരിക്കും. തെങ്ങിൽ നിന്നു് ഓലമടൽ ഉണങ്ങിവീണാൽ, കണക്കന്റെ (തണ്ടാൻ) അശ്രദ്ധയെപ്പററി അദ്ദേഹം മുറുമുറുക്കും. സന്ധ്യയായാൽ പിന്നെ വല്ലവരും കുളത്തിൽ ചെന്നു കുളിക്കുകയോ, മുണ്ടടിക്കുകയോ ചെയ്താൽ, അദ്ദേഹം അട്ടഹസിക്കും. അടുക്കളയിൽ സ്ത്രീകളുടെ സംസാരമൊ, പാത്രങ്ങൾ അനങ്ങുന്ന ശബ്ദമൊ കേട്ടാൽ അദ്ദേഹം ഗർജ്ജിക്കും. നാമംജപിക്കാൻ നിരന്നിരിക്കുന്ന ഞങ്ങളെ അദ്ദേഹം എണ്ണിനോക്കും. ഒന്നു കുറവുകണ്ടാൽ, കാരണം അന്വേഷിക്കുകയായി. ദീനമാണെന്നോ മറേറാ ഞങ്ങൾ സമാധാനം പറഞ്ഞാൽ അദ്ദേഹത്തിനു വിശ്വാസമാവുകയില്ല. ഹാജരാകാത്ത കുട്ടിയുടെ അമ്മ തളത്തിന്റെ വാതലിൽ മറഞ്ഞു നിന്നു കൊണ്ടു് വിളിച്ചു പറഞ്ഞാലേ, അദ്ദേഹം വിശ്വസിക്കുകയുള്ളു. ഇതിനെല്ലാമിടയിൽ "രാമ, കൃഷ്ണാ, വൈക്കത്തപ്പാ, ഗുരുവായൂരപ്പാ" എന്നൊക്കെ വിളിക്കുകയും ചെയ്തുകൊള്ളും. ആജ്ഞകൾ കൊടുത്തും, ആജ്ഞകൾ അനുസരിപ്പിച്ചും ശീലിച്ച അദ്ദേഹത്തിനു, ദൈവങ്ങളേയും ആജ്ഞാനുവർത്തികളായി കാണുവാനേ കഴിവുള്ളു.

വളരെ വാശിയോടുകൂടിയാണ്, ഞങ്ങൾ നാമജപം ആരംഭിക്കുന്നതു്. ഏഴല്ല, പതിന്നാലു അയൽവക്കത്തു കേൾക്കും ഞങ്ങളുടെ കൂക്കുവിളി. യഥാർത്ഥത്തിൽ ആ നാമജപക്കൂക്കുവിളി ഒരു വെല്ലുവിളിയായിരുന്നു. ഞങ്ങളെ അങ്ങനെ പിടിച്ചിരുത്തി കൂക്കു വിളിപ്പിക്കുന്നവരോടും, ഞങ്ങളെ പട്ടിണിക്കിടുന്നവരോടും ഉള്ള ഒരു വെല്ലുവിളിയായിരുന്നു അതു്. ഒരു അമർഷം, ഒരു വൈരാഗ്യം, ഞങ്ങളുടെ "രാമ രാമ" വിളിയിൽ മുഴച്ചു നില്ക്കുന്നുണ്ടാവും. കാരണവരാകട്ടെ, തന്റെ നിയമങ്ങളും ആജ്ഞകളും അനുസരിക്കപ്പെടുന്നതിലുള്ള അഭിമാനത്തോടെ ഞെളിഞ്ഞിരിക്കും.

പക്ഷേ, അധികനേരമങ്ങനെ കൂക്കുവിളിക്കാൻ, അൽപ്പട്ടിണിക്കാരായ ഞങ്ങൾക്കു കെല്പില്ല. ക്രമേണ ഞങ്ങളുടെ ഊർജ്ജിതം കുറയും. ഒച്ചതാഴും. അതോടുകൂടിത്തന്നെ രാമശബ്ദത്തിനു് മരാ എന്ന രൂപഭേദമുണ്ടാവുകയും ചെയ്യും. മാത്രമല്ല, ക്ഷീണിച്ചു തളരുന്ന ഞങ്ങൾ "മരാ മരാ എന്നു വിളിക്കുന്നതു കേട്ടാൽ തോന്നും,

ആ അടിമത്തത്തിൽ നിന്നു മോചനം കിട്ടാൻ യാചിക്കുകയാണെന്നു്.

ഒടുവിൽ, വിശപ്പും ക്ഷീണവും കൊണ്ടു തളരുന്ന ഞങ്ങളെ ഉറക്കം ആക്രമിച്ചു തുടങ്ങും. അപ്പോഴേക്കു്, "മരാ മരാ" എന്ന ജപം "മഴാ, മഴാ", എന്നാകും. ഉറക്കം തൂങ്ങിത്തൂങ്ങി ഞങ്ങളുടെ തലകൾ, പിറകിലുള്ള ചുമരിലും മുൻപിലുള്ള തറയിലും ചെന്നുമുട്ടും. എന്നാലും ഞങ്ങൾ മോങ്ങിക്കൊള്ളും, "മഴാ, മഴാ" എന്നു്.

വൃദ്ധൻെറ പല്ലുപോലെ ആടുന്നകസേരയെ ഞെരിച്ചു കൊണ്ടു് കാരണവർ ഉഗ്രമായി അട്ടഹസിക്കും. ഞങ്ങൾഞെട്ടിത്തെറിച്ചു് വീണ്ടും ഉച്ചത്തിൽ ക്രുക്കുവിളി തുടങ്ങും, "രാമ, രാമ" എന്നു്. പിന്നേയും പഴയതുപോലെ, രാമൻ മരമാകും, മരം മഴയാകും. ഞങ്ങളുടെ തലകൾ ചുമരിലും തറയിലും ചെന്നു മുട്ടും. അങ്ങനെ രണ്ടിലധികം പ്രാവശ്യമായാൽ, കാരണവഹിററ്ലർ ആജ്ഞാപിക്കും, "ഏത്തമിടടാ" എന്നു്.

ഞങ്ങൾ എഴുന്നേററു നില്ക്കും. വലതു കൈ ഇടത്തെ ചെവിയിലും, ഇടതുകൈ വലത്തെ ചെവിയിലും പിടിക്കും. എന്നിട്ടു, കുനിഞ്ഞു് രണ്ടു കൈമുട്ടുകളും തറയിൽ മുട്ടിക്കും. അതാണു് ഏത്തമിടൽ. ഒരു പ്രാവശ്യം മുട്ടുകൾ നിലത്തു മുട്ടിച്ചാൽ പിന്നെ നിവർന്നു നില്ക്കണം. വീണ്ടും കുനിഞ്ഞു് നിലത്തു മുട്ടിക്കണം. അങ്ങനെ കുനിഞ്ഞും നിവർന്നും മുട്ടിച്ചാൽ മാത്രം പോരാ, മുട്ടുന്ന ശബ്ദം ഉച്ചത്തിൽ കേൾക്കുകയും വേണം. മുട്ടുന്ന ശബ്ദം അകലെ കേൾക്കുമോ എന്നു പരീക്ഷിക്കാനായി, കാരണവർ കസേരയിൽ നിന്നെഴുന്നേററു് തെക്കുവശത്തുള്ള പ്ലാവിൻെറ കീഴിൽ ചെന്നു നില്ക്കും. അവിടെ കേൾക്കണം, മുട്ടുകൾ മുട്ടുന്ന ശബ്ദം!

അപൂർവ്വം ചില ദിവസങ്ങളിൽ മാത്രം, ഞങ്ങൾ പള്ളിക്കൂടത്തിൽ നിന്നു വരുമ്പോൾ വിശപ്പു മാററത്തക്കവിധം വല്ലതും കിട്ടിയെന്നു വരും. അന്നത്തെ നാമജപത്തിനു് ഒരുത്സാഹമുണ്ടായിരിക്കും. പക്ഷേ, അന്നു ഞങ്ങൾ നാമം ജപിക്കുന്നതിനിടയിൽ പലതരം കുസൃതികൾ കാണിക്കും.

മുറയനുസരിച്ചു് എൻെറ അനന്തരവനാകുമെങ്കിലും, എൻെറ സമപ്രായക്കാരനായ ഒരുത്തനുണ്ടായിരുന്നു. അവൻ അന്നൊരു "കൂട്ടത്തിൽ കുത്തി"യായിരുന്നു. കൂട്ടത്തിലുള്ളവരെ വേദനിപ്പിച്ചു നിലവിളിപ്പിക്കുക, അവൻ ചെയ്യുന്ന തെററുകളെ കൂട്ടത്തിലുള്ളവരിൽ ചുമത്തി ശിക്ഷിപ്പിക്കുക, അതെല്ലാം അവനൊരു രസമാണു്. നാമം ജപിക്കുന്നതിനിടയിൽ അവൻ ഞങ്ങളെ നുള്ളുകയും പിച്ചുകയും ചെയ്യിട്ടു്, ഒന്നും അറിയാത്ത ഭാവത്തിൽ ഇരുന്നുകളയും. ചിലപ്പോൾ അവൻ കാരമുള്ളും കയ്യിൽവച്ചുകൊണ്ടായിരിക്കും നാമജപത്തിനു വരുന്നതു്. ഞങ്ങൾ വാശിയോടെ "രാമ, രാമ"എന്നു് ഉച്ചത്തിൽ ക്രുവിവിളിക്കുമ്പോഴോ, "മഴ,മഴ" എന്നു മോങ്ങുമ്പോഴോ ആയിരിക്കും, അവൻ കാരമുള്ളുകൊണ്ടു് ഞങ്ങളുടെ തുടകളിൽ കുത്തുന്നതു്. ഞങ്ങൾ ഞെട്ടി കരഞ്ഞുപോകും. കാരണവർ അലറിക്കൊണ്ടു് എത്തുകയും ചെയ്യും.

പിന്നെ, കാരണവരുടെ പട്ടാളക്കോടതിയിൽ കേസുവിസ്താരം തുടങ്ങുകയായി. പ്രതി കുററം സമ്മതിക്കുകയില്ലന്നു മാത്രമല്ല, മററാരുടെയെങ്കിലും മേൽ കുററം ആരോപിക്കുകയും ചെയ്യും. അത്രയുമല്ല,

അവൻ പരാതിക്കാരിലൊരാളായി നിന്നുകൊണ്ട്, ദേഹപരിശോധന നടത്തണമെന്നും മററും കരഞ്ഞു യാചിക്കുകയും ചെയ്യും. അതിനിടയിൽ അവൻെറ കയ്യിലിരിക്കുന്ന കാരമുള്ള്, അടുത്തു നില്ക്കുന്നവൻെറ മുണ്ടിൽ കുത്തിയിടും. കാരണവർ ദേഹപരിശോധന നടത്തി, നിർദ്ദോഷിയെ ശിക്ഷിക്കുകയും ചെയ്യും.

ചെറുതരം കുററങ്ങൾക്കു സാധാരണയായി ഏത്തമിടലാണ് ശിക്ഷ. ചിലപ്പോഴത്തെ ശിക്ഷ, "ഇവനിന്നു അത്താഴം കൊടുക്കരുത്." എന്നൊരാജ്ഞയായിരിക്കും. അത്താഴം തരുന്നതു ഞങ്ങളുടെ അമ്മമാരായതുകൊണ്ട്, ആ ശിക്ഷയെ ഞങ്ങൾ ഭയപ്പെടാറില്ല. പക്ഷെ, കുററം ഗൗരവമുള്ളതാണെങ്കിൽ, ശിക്ഷയും ഗൗരവമുള്ളതായിരിക്കും. ആജ്ഞാലംഘനവും, ആഭിജാത്യവിരുദ്ധനടപടികളും ആണ് ഏററവും ഗൗരവമുള്ള കുററങ്ങൾ. തൂണിൽ കെട്ടി അടിയാണ്, അതിനുള്ള ശിക്ഷ. കുററക്കാരൻ ഉടുത്തിരിക്കുന്ന മുണ്ടു മാററിയിട്ടു തൂണിൽ കൈകെട്ടി നില്ക്കണം. ഉരിഞ്ഞുകളഞ്ഞ മുണ്ടുകൊണ്ട് മറെറാരാൾ കൈകെട്ടണം. എന്നിട്ടു കാരണവർ ഇറമ്പിൽ വച്ചിരിക്കുന്ന നീളമുള്ള ചൂരൽവടിയെടുത്തു കുററക്കാരൻെറ നഗ്നമായ ചന്തിയിലും, തുടകളിലും, ആഞ്ഞാഞ്ഞടിക്കും. "മിണ്ടരുത്......മിണ്ടരുത്" എന്നലറിക്കൊണ്ടാണ് അടിക്കുന്നതു. നിലവിളി വർദ്ധിക്കുന്നതോടൊപ്പം കാരണവരുടെ കോപവും വർദ്ധിക്കും. നിലവിളി നിറുത്തിയാലേ, അടിയും നിറുത്തുകയുള്ളു. ഞങ്ങളുടെ അമ്മമാർ പരിഭ്രമത്തോടെ തളത്തിൻെറ വാതുക്കൽ മറഞ്ഞു നിന്നുകൊണ്ട് വിളിച്ചുപറയും, "നിലവിളിക്കാതെ മോനെ, നിലവിളിക്കാതെ" എന്ന്. അടി തുടരാതിരിക്കുവാൻവേണ്ടി അടി കൊള്ളുന്നവൻ പല്ലുകൾ ഇറുക്കി വേദന അടക്കിക്കൊണ്ടു, വിങ്ങിവിങ്ങി വീർപ്പുമുട്ടിക്കൊണ്ട്, ആ തൂണിന്മേൽ കിടന്നു പുളയുന്ന പുളച്ചിൽ!...അമ്പമ്പോ!

ഞാനും കുസൃതിക്കാരനായിരുന്നുവെങ്കിലും "കൂട്ടത്തിൽ കുത്തി" ആയിരുന്നില്ല. ഞങ്ങളുടെ പൊതുശത്രുക്കളായ കാരണവർ, അദ്ധ്യാപകന്മാർ മുതലായവരോടെതിർക്കുന്നതിലാണ് എനിക്കു പ്രിയമുണ്ടായിരുന്നതു്. ചിലപ്പോൾ ഞാൻ നാമം ജപിക്കുന്നതിനിടയിൽ കാരണവരെ അനുകരിച്ചു് ഞെളിഞ്ഞിരുന്നു ഗൗരവത്തോടുകൂടി "രാമ കൃഷ്ണാ, വൈക്കത്തപ്പാ, ഗുരുവായൂരപ്പാ" എന്നൊക്കെ വിളിക്കും. മററുള്ളവർ ചിരിയടക്കാൻ ശ്രമിക്കുമെങ്കിലും, ചിലപ്പോൾ പൊട്ടിച്ചിരിച്ചുപോകും. പക്ഷെ, കാരണവർ കേസുവിസ്താരം നടത്തിയാൽ, കുററക്കാരൻ ഞാനാണെന്ന് ആരും പറയുകയില്ല. ഞങ്ങളുടെ കൂടെയുള്ള തൊഴുത്തിൽ കുത്തിയും കാരണവരെ കളിയാക്കുന്നതിൽ പ്രിയമുള്ളവനായതുകൊണ്ട് എന്നെ കുററക്കാരനാക്കുകയില്ല. ഒടുവിൽ ഏത്തമിടലെന്ന ഒരു കൂട്ടശിക്ഷ നടത്തുകയേ കാരണവർക്കു നിവൃത്തിയുള്ളൂ എന്നുവരും. ഞാൻ ചെയ്ത കുററത്തിന് മററുള്ളവർ ശിക്ഷയനുഭവിക്കുന്നതിൽ എനിക്കു വ്യസനമുണ്ടെങ്കിലും എല്ലാവരുംകൂടെ അങ്ങനെ ശിക്ഷമേടിക്കുന്നതിൽ ഒരു രസവുമുണ്ടായിരുന്നു.

ഏതാണ്ടൊരു ഒൻപതു മണിയാകുന്നതുവരെയുണ്ട്, ഈ ആഭിജാത്യക്കൂക്കുവിളിയും അതേത്തുടർന്നുള്ള കേസുവിസ്താരങ്ങളും ശിക്ഷകളും മററും. അപ്പോഴേക്കു്,

പൂമുഖത്തിന്റെ വടക്കേ അററത്തു്, തളത്തിലേയ്ക്കുള്ള വാതലിന്നരികിൽ വിളക്കു വയ്ക്കും, കാരണവർക്കു് അത്താഴമുണ്ണാൻ. അദ്ദേഹം ഊണുകഴിക്കുമ്പോഴും ഞങ്ങൾ “മഴാ, മഴാ,”ന്നുജപിച്ചുകൊണ്ടിരിക്കണം. കാരണവർക്കുള്ള ചോറും കറികളും ‘സ്പെഷ്യൽ’ ആണു്! അതൊന്നും ഞങ്ങൾക്കു കിട്ടുകയില്ല.

ഊണുകഴിഞ്ഞു്, പട്ടിക്കു കൊടുക്കാനായി ഉരുട്ടിവച്ചിരിക്കുന്ന ഉരുളയും എടുത്തുകൊണ്ടെഴുന്നേററു നിന്നിട്ടു് ഒരേമ്പക്കം വിടും!—അമ്പമ്പോ! അതും ഏഴയൽവക്കത്തുകേൾക്കാം. കാരണവർ സമൃദ്ധമായി ഊണുകഴിച്ചതു് ഏഴയൽവക്കത്തു് അറിയുക എന്നതും ആഭിജാത്യമാണല്ലോ. ആഭിജാത്യത്തിനുവേണ്ടിത്തന്നെ അദ്ദേഹം അങ്ങനെ ഏമ്പക്കംവിട്ടു ശീലിച്ചതായിരിക്കാം.

അക്കാലത്തു ഞങ്ങളുടെ കളികളിൽ ഏററവും പ്രധാനപ്പെട്ടതു്, കാരണവരെ അനുകരിച്ചു രസിക്കുകയായിരുന്നു. കാരണവരെപ്പോലെ ഏമ്പക്കം വിടുക, രാമ, കൃഷ്ണ, വൈക്കത്തപ്പാ, ഗുരുവായൂരപ്പാ എന്നൊക്കെ വേലക്കാരനെ വിളിക്കും പോലെ വിളിക്കുക, ‘എന്താടീ അവിടെ’ എന്നും മററും അലറുക, എന്നിട്ടു് ആർത്തു ചിരിക്കുക—അതാണു് ഞങ്ങൾക്കു് ഏററവും പ്രിയമുള്ള കളി. കാരണവരെ അനുകരിച്ചു ചിരിക്കുവാനും ചിരിപ്പിക്കുവാനും മററുള്ളവരേക്കാൾ കൂടുതൽ സാമർത്ഥ്യം എനിക്കുണ്ടായിരുന്നു. അതുകൊണ്ടു് ഞങ്ങളുടെ അമ്മമാർ എന്നെ ‘കുരുത്തംകെട്ടവനെ’ന്നാണു് സാധാരണ വിളിച്ചിരുന്നതു്. അവർക്കും കാരണവരുടെ ഫിററ്ലർഭരണം അത്ര പ്രിയമുള്ളതായിരുന്നില്ലെങ്കിലും, അദ്ദേഹത്തെ പരസ്യമായി കളിയാക്കുന്നതു ഇഷ്ടമല്ലായിരുന്നു. പക്ഷേ, ഞാൻ അവരുടെ ആരുടേയും ഇഷ്ടാനിഷ്ടങ്ങളെ നോക്കാതെ കാരണവരെ കളിയാക്കി, ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ എന്റെ പിഞ്ചുമനസ്സിൽ അടങ്ങാത്ത എതിർപ്പിനെ ഞാൻ പ്രകടിപ്പിക്കുമായിരുന്നു.

ശൈശവത്തിൽത്തന്നെ ആരംഭിച്ച ആ എതിർപ്പു്—സ്വേച്ഛാധികാരത്തോടും, മേന്മയോടും, ആഭിജാത്യത്തോടുമുള്ള എതിർപ്പു്—ഞാനിന്നും തുടർന്നുകൊണ്ടുതന്നെ ഇരിക്കുന്നു. അധികാരത്തിന്റെയോ മേന്മയുടെയോ നേരിയ നിഴലാട്ടം കണ്ടാൽ, സഹിച്ചു നില്ക്കുവാനുള്ള കരുത്തു് ഇന്നും എനിക്കില്ല. ആ ദുശ്ശീലംകൊണ്ടു തന്നെയാണു്, ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടേയോ, സാഹിത്യസംഘടനയുടേയോ “നല്ലപിള്ള”യാകാൻ എനിക്കു സാധിക്കാത്തതു്. അതുതന്നെയാണു്, എന്റെ ഭൗതികജീവിതത്തിന്റെ പരാജയഹേതുവും.........അതിരിക്കട്ടെ.

അത്താഴംകഴിഞ്ഞു ചൂട്ടും കത്തിച്ചു കാരണവർ ഭാര്യാവീട്ടിലേയ്ക്കു പോയ്ക്കഴിഞ്ഞാൽ പിന്നെ ഞങ്ങളുടെ വീർപ്പുമുട്ടു തീർന്നു. പിന്നെ ഞങ്ങൾക്കു സ്വാതന്ത്ര്യമായി ശ്വാസോച്ഛ്വാസം ചെയ്യാം. അത്താഴമുണ്ണാൻ ഞങ്ങളെല്ലാവരുംകൂടി തളത്തിലേയ്ക്കു് ഒരു ഘോഷയാത്ര നടത്തും. “ചോറുതായോ” എന്ന മുദ്രാവാക്യവും, ആർപ്പുവിളികളുംമുഴക്കിക്കൊണ്ടുള്ളതാണു് ആ ഘോഷയാത്ര.

പിന്നെ അത്താഴസ്സദ്യ തുടങ്ങുകയായി. ദാരിദ്ര്യം ബാധിച്ച മരുമക്കത്തായ കുടുംബത്തിലെ അത്താഴസ്സദ്യ ഒന്നു കാണേണ്ടതുതന്നെയാണു്.. അതു കാണുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ളവർക്കു മാത്രമേ

# വിടർന്ന പൂവ്

ഏവൂർ, എം. കെ. സുകുമാരൻനായർ.

(അന്നനട)

വിടർന്നിതളുകൾ വിളറിനില്പൊരു
മലർന്ന പൂവിനു സമീപമായ് വേഗം
പറന്നടുത്തിടും മധുകരത്തോടു
പറഞ്ഞിടുന്നിതേവിധം പനിമലർ:

“ഭവാന്റെയാഗമപ്രതീക്ഷയോടഹം
മുകുളമായ്ത്തന്നെയിരുന്നു നാൾ കുറെ.
അണഞ്ഞതില്ലന്നെൻ മുകുളബന്ധനം
വിടുത്തുവാൻ ഭവാൻ മമ സമീപത്തിൽ.
ഹൃദയനാഥനായരുളുവാനന്നേ
ഹൃദയത്തിൽ മധു നിറച്ചിരുന്നല്ലോ.
ചെറുകാറ്റുവന്നെൻ ചെവികളിൽ പ്രേമ-
മുരളി വായിച്ചു ഭവൽസ്വനംപോലെ.
പ്രഫുല്ലയായിതപ്രഭാതസന്ദേശ-
പ്രഭയിലന്നിവൾ; മനോജ്ഞയായ്മേന്മേൽ.
കമിതാവാകും നിൻ വരവും കാത്തു ഞാ-
നമിതസൌരഭ്യം ചൊരിഞ്ഞു നിന്നല്ലോ.
പല നിറങ്ങളെ വിതറിയ പത്ര-
ദ്വയമടിച്ചൊരു “ശലഭ”മെത്തിനാൻ.
പുറംപകിട്ടിൽ ഞാൻ ഭ്രമിക്കുമെന്നോർത്തു
പറന്നു വന്നവൻ മമ നികടത്തിൽ
“മധുരമാം മധുവവനു നല്കുവാൻ”
പറഞ്ഞിതെന്നോടു, ചെറുത്തു നിന്നു ഞാൻ.
മരുത്തിലെൻ വല്ലി ചലിച്ചു, ഞാനൊട്ടും
തരപ്പെടാതെ നിന്നവന്റെ പാർശ്വത്തിൽ.
ശലഭമോടു ഞാൻ നടത്തിയ പോരിൽ
തുളുമ്പി നഷ്ടമായ് മധുവെല്ലാം നാഥാ!
അടർന്നുവീഴുവാൻ തുടങ്ങുമ്പോഴല്ലോ
അരികത്തെത്തി നീ, മനോജ്ഞഭൃംഗമേ!
മധുവും തീർന്നുപോയ് മനം തപിച്ചു ഞാൻ
കരയുമ്പോഴല്ലോ ഭവാന്റെയാഗമം?
പരിമളം തെല്ലുണ്ടതെങ്കിലും ഭവാൻ
സ്വദിച്ചു സന്തുഷ്ടിയിവൾക്കരുളുക.”

മനംവേവിച്ചേവം മൊഴിഞ്ഞ പൂവിനോ-
ടുരച്ചു സാന്ത്വനമുടനളിവരൻ:—
“മധു നശിച്ചാലും മധുരസൌരഭ്യം
പൊഴിച്ചിടുന്ന നീ മധുരയാണിന്നും.”

---

അതിലുള്ള അവജ്ഞാജനകമായ എച്ചിത്തനത്തിന്റെയും, വേദനാജനകമായ ഇല്ലായ്മയുടേയും ആഴം മനസ്സിലാവുകയുള്ളു. കണക്കുപറച്ചിലും, മുഖം വീർപ്പിക്കലും, മുറുമുറുക്കലും, അടിയും, പിടിയും കരച്ചിലും, പിഴിച്ചിലും—അയ്യോ! അന്നത്തെ ആ രംഗങ്ങൾ ഓർക്കുമ്പോൾ ഇന്നും എന്റെ കണ്ണു നനയും.

കുട്ടികളായ ഞങ്ങൾ അമ്മമാരോടു വഴക്കടിച്ചും, ഉച്ചത്തിൽ നിലവിളിച്ചും, ഞങ്ങൾക്കുള്ള “ഓഹരി”യിൽ കൂടുതൽ വാങ്ങിക്കഴിക്കുമായിരുന്നു. ഉള്ളതെല്ലാം മക്കൾക്കു കൊടുത്തിട്ട്, ഞങ്ങളുടെ അമ്മമാർ, തേങ്ങാപ്പീര പൊങ്ങിക്കിടക്കുന്ന കഞ്ഞിവെള്ളക്കായലുകൾ കുടിച്ചുവററിക്കുകയാണു് പതിവ്. അതുപോലും കിട്ടാതെ, വിളമ്പുകാരിയായ എന്റെ അമ്മ നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ടു് അടുക്കളയിൽ നിന്നു പുറത്തേക്കു വരുന്ന ആ വരവ്—ഇതെഴുതുമ്പോഴും, ആ ത്യാഗമൂർത്തിയുടെ നിറഞ്ഞ കണ്ണുകൾ—ഞാൻ കാണുന്നുണ്ടു്.

# ഏഷ്യയും ലോകഗതിയും

കെ. രത്നമ്മ.

ലോകത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള സകല മനുഷ്യ പ്രയത്നങ്ങളുടേയും, സംരംഭങ്ങളുടേയും അടിസ്ഥാനം ജീവിതസൌഖ്യമാണ്. സ്ഥിരമായ വാസസ്ഥാനമില്ലാതെ, വേട്ടയാടി അലഞ്ഞുതിരിഞ്ഞ ആദിമമനുഷ്യൻ, വാസസ്ഥാനം ഉറപ്പിച്ച് കൃഷിചെയ്യാൻ തുടങ്ങിയത് കൂടുതൽ ജീവിത സൌകര്യത്തിനു വേണ്ടിയാണ്. പ്രകൃതിനിയമങ്ങളെ അന്ധമായി ആരാധിക്കുക എന്ന പതിവ് ഉപേക്ഷിച്ച്, അവയെ കൂടുതൽ കൂടുതൽ പഠിച്ച്, മനുഷ്യർക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കാൻ തുടങ്ങിയതും ഇതേ ലക്ഷ്യത്തിനു വേണ്ടിത്തന്നെ. ആഹാരവും വസ്ത്രവും, കിടക്കാൻ ഇടവും, തടസ്സം കൂടാതെ ലഭിക്കുന്ന സമാധാനപൂർണ്ണമായ ഒരന്തരീക്ഷമാണ് സാധാരണക്കാരന്റെ ജീവിതലക്ഷ്യം. ഇതിലും ഉന്നതമായ ജീവിതാശകളോ, സാംസ്കാരികവും, ആദ്ധ്യാത്മികവുമായ ആന്തർദ്ദാഹങ്ങളോ മനുഷ്യന് ഇല്ലെന്നല്ല. ഭൌതികമായ അസംതൃപ്തിയുടെ നടുവിൽ മഹത്തായ ജീവിതലക്ഷ്യങ്ങളെ മുൻനിറുത്തി പ്രവർത്തിക്കുന്നവർ വളരെ അപൂർവമെന്നുമാത്രം. ആദിമകാലം മുതൽ മനുഷ്യന്റെ ജീവിതലക്ഷ്യമായിരുന്ന സുഖവും, സമാധാനവും, സംതൃപ്തിയും, ലോകജനതയുടെ അനേകനൂററാണ്ടുകളിലെ നിരന്തരമായ പരിശ്രമങ്ങൾക്കു ശേഷവും, ദുഷ്പ്രാപമായ ഒരു വിദൂരലക്ഷ്യമായി അവശേഷിക്കുന്നു.

ഇന്നത്തെ ലോകഗതി സാധാരണക്കാരനെ അമ്പരപ്പിക്കുന്നതാണ്. ലോകത്തിൽ ഇരുനൂറുകോടിയല്ല, അതിലിരട്ടി ജനങ്ങൾ തന്നെ ഉണ്ടായിരുന്നാലും, അവരെ പോററിപ്പുലർത്തുന്നതിനു തക്ക പ്രകൃതിവിഭവങ്ങളും ഔദാര്യവും ഭൂമിദേവിക്കുണ്ട്. ആവശ്യമുള്ള വസ്തുക്കളെ വേണ്ടവിധം ഉല്പാദിപ്പിക്കുന്നതിനും, സംസ്കരിക്കുന്നതിനുമുള്ള കഴിവ് മനുഷ്യനും ഒട്ടും കുറവല്ല. എന്നിരുന്നാലും സാമാന്യജനങ്ങൾക്ക് ലഭിക്കുന്നത് വെറും പട്ടിണിയും ദാരിദ്ര്യവുമാണ്. സാധനങ്ങൾ സുലഭമായിരിക്കുകയും, അതേസമയം സാമാന്യജനതയുടെ ജീവിതാവശ്യങ്ങൾക്ക് അവ ലഭിക്കാതിരിക്കുകയും ചെയ്യുന്നത്, ലോകവ്യവസ്ഥിതിയിലെ വലിയൊരു ന്യൂനതയാണ്. ഈ ന്യൂനത പരിഹരിക്കപ്പെടേണ്ടതുമാണ്. മനുഷ്യരുടെ ആവശ്യത്തെ അടിസ്ഥാനമാക്കിയല്ലാ, ഇന്നു ലോകത്തിൽ ഉൽപാദനവും വിതരണവും നടക്കുന്നത്. മനുഷ്യത്വമില്ലാത്ത കച്ചവടമനഃസ്ഥിതിയാണ് അവയ്ക്കു പിന്നിലുള്ളത്. ഒരു ഭാഗത്ത്, വിലവർദ്ധനവിനുവേണ്ടി ധാന്യങ്ങൾ നശിപ്പിക്കുമ്പോൾ, മറെറാരു ഭാഗത്ത് ഭക്ഷണക്ഷാമം കരാളനൃത്തം നടത്തുന്നു. അമിതലാഭത്തിനുവേണ്ടി ഒരുകൂട്ടർ സാമാനങ്ങൾ പൂഴ്ത്തിവയ്ക്കുമ്പോൾ മറെറാരു കൂട്ടർ അവ കിട്ടാതെ കഷ്ടപ്പെടുന്നു. ഇതു ലോകത്തിലെ നിത്യസംഭവങ്ങളാണ്. ഇതിനുള്ള ഉത്തരവാദിത്വം ഏതാനും വ്യക്തികളിലോ ഒരു വർഗ്ഗത്തിലോ ചുമത്തുന്നതു നീതിപൂർവമായിരിക്കുകയില്ല. അവർ

ഇന്നത്തെ ദുഷിച്ച സാമൂഹ്യവ്യവസ്ഥിതിയുടെ അനിവാര്യഘടകങ്ങളാണു്.

സാമ്പത്തികമേധാവിത്തമാണു് രാഷ്ട്രീയവും സാമൂഹ്യവുമായ സംഭവഗതികൾക്കു ചരടുപിടിക്കുന്നതു്. സാമ്പത്തികമേന്മയുള്ള വർഗ്ഗം രാഷ്ട്രത്തേയും സമുദായത്തേയും നിയന്ത്രിക്കുന്നു. രാഷ്ട്രത്തിലെ ലിഖിതനിയമങ്ങളും, സമുദായത്തിലെ അലിഖിതനിയമങ്ങളും അവരുടെ നന്മയ്ക്കും താൽപര്യസംരക്ഷണത്തിനും വേണ്ടി ഉണ്ടാക്കപ്പെട്ടിരിക്കുംപോലെതോന്നും. വ്യാവസായികവിപ്ലവത്തോടുകൂടി ഉണ്ടായ സമ്പൽസമൃദ്ധിയും, സാമ്രാജ്യസ്ഥാപനവുമാണു് കഴിഞ്ഞ രണ്ടുമൂന്നു ശതാബ്ദക്കാലത്തേക്കു് ഇംഗ്ലണ്ടിനെ ഏററവും വലിയ ലോകശക്തിയാക്കി ഉയർത്തിയതു്. ഇന്നു് ആ സ്ഥാനം അമേരിക്കയും റഷ്യയും, പ്രത്യേകിച്ചും അമേരിക്ക കൈവശപ്പെടുത്തിയിരിക്കുന്നു. തങ്ങളുടെ ഇച്ഛാനുസരണം ലോകത്തെ ഭരിക്കാൻ അവർക്കുകഴിയും. യുദ്ധം തുടങ്ങുന്നതും, ഒഴിവാക്കുന്നതും, ലോകജനതയുടെ ഇഷ്ടാനിഷ്ടങ്ങളോ, സുഖാസുഖങ്ങളോ നോക്കിയല്ല. സാധാരണക്കാരനെ കബളിപ്പിക്കാൻ പറയാറുള്ളതുപോലെ, ഒരാദർശത്തിനുവേണ്ടിയുമല്ല. ലോകാധികാരം യാതൊരു കോട്ടവും കൂടാതെ വച്ചു പുലർത്താൻ യുദ്ധം അനിവാര്യമായി വരുമ്പോൾ മാത്രം ആദർശവും ജീവിതവും തമ്മിൽ കഴിയുന്നതും അടുപ്പിക്കാൻ ശ്രമിക്കുന്നതാണു് മനുഷ്യജീവിതത്തിലെ വിജയമെങ്കിൽ, ആദർശങ്ങളിൽ നിന്നും കഴിയുന്നതും അകന്നു നില്ക്കുന്നതിലാണു് ഒരു സാമ്രാജ്യത്തിന്റെ വിജയം. ഒരു മനുഷ്യനോ, സമുദായത്തിനോ യോജിക്കാത്ത പ്രവൃത്തികൾ—ചതിയും വഞ്ചനയും കൂട്ടക്കൊലയും—ഒരു ജനതയുടെ പേരിൽ, ഒരാദർശത്തിന്റെ മൂടുപടം അണിഞ്ഞ സാമ്രാജ്യശക്തി അനുഷ്ഠിക്കുന്നതിൽ തെററില്ലെന്നാണു് ഇന്നത്തെ വിശ്വാസം. പക്ഷേ, അവിടെ അതിന്റെ പേർ രാജ്യതന്ത്രമെന്നോ, നയതന്ത്രമെന്നോ മററെന്തെല്ലാമെന്നോ ആയിരിക്കും.

സ്വാതന്ത്ര്യബോധവും, മനുഷ്യത്വവും ഉള്ളവരെ വീർപ്പുമുട്ടിക്കുന്നവയാണു് സമുദായത്തിലെ അലിഖിതങ്ങളായ നിയമസംഹിതകൾ. മനം മയക്കുന്ന, ആകർഷകങ്ങളായ ആദർശങ്ങൾ—യഥാർത്ഥജീവിതത്തിലല്ല, എഴുത്തിലും, പ്രസംഗങ്ങളിലും—വേണ്ടുവോളമുണ്ടു്. മനുഷ്യപുരോഗതിയെ എത്രമാത്രം വിളംബിപ്പിച്ചാലും സാമൂഹ്യഘടനയെ പൊളിച്ചെഴുതുക അത്ര എളുപ്പമൊന്നുമല്ല. മനുഷ്യനന്മയുടെ പേരിൽ, അവയ്ക്കെതിരായി ശബ്ദം ഉയർത്താൻ അസാമാന്യധൈര്യശാലികൾക്കേ സാദ്ധ്യമാകുകയുള്ളു. ഉപയോഗങ്ങളെ അതിജീവിച്ചാണെങ്കിലും, പരമ്പരാഗതമായി നിലനിന്നു വരുന്ന ഈ നിയമങ്ങൾ നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടു്. വർഗ്ഗവ്യത്യാസവും ജാതിവ്യത്യാസവും മനുഷ്യനിർമ്മിതങ്ങളാണെന്നും, മനുഷ്യത്വത്തിനാണു് വിലകല്പിക്കപ്പെടേണ്ടതെന്നുമുള്ള പ്രാഥമികതത്വം നമുക്കു അറിയാൻ പാടില്ലായ്കയില്ല. വെള്ളിത്തുട്ടുകളുടെ കിലുക്കമല്ല, യഥാർത്ഥമനുഷ്യമഹത്വമാണു ആദരിക്കപ്പെടേണ്ടതെന്നും നമുക്കറിയാം. പക്ഷേ, അതെല്ലാം അറിവുമാത്രമാണു്—വിദ്യാഭ്യാസംകൊണ്ടും ലോകപരിചയം കൊണ്ടും മററും ലഭിക്കുന്ന അറിവുകൾ. ദൈനന്ദിനജീവിതവുമായി അവയ്ക്കു് അത്ര വലിയ ബന്ധമൊന്നുമില്ല. ഏകലോകാദർശത്തെപ്പററി, ആദർശത്തിന്റെ ഉച്ചകോടിയിൽ നിന്നു സംസാരിക്കുന്ന നമ്മുടെ, യഥാർത്ഥ

ജീവിതത്തിൽ വർഗ്ഗീയത ഏററവും നീചമായ രീതിയിൽ നിലവിലിരിക്കുന്നു. കറുത്ത വർഗ്ഗക്കാരെ കാൽചവിട്ടടിയിൽ വച്ചുകൊണ്ടിരിക്കുവാൻ ബദ്ധപ്പെടുന്ന ആദർശവാദികളായ യൂറോപ്യന്മാരും ഇതിൽ നിന്നൊട്ടും ഭിന്നമല്ല. ലോകഗതിയുടെ അപ്രതിഹതമായ ഒഴുക്കിൽപ്പെട്ട്, നിസ്സഹായരായ നാം മുന്നോട്ടു നീങ്ങുകയാണ്. ആ ഒഴുക്കിനെ ഭേദിക്കാൻ നാം ശക്തരല്ല. യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി കാണാനും, ആദർശത്തിൻെറ മറ പിടിക്കാതെ അവയെനേരിടുന്നതിനും നമുക്കു കഴിഞ്ഞിരുന്നെങ്കിൽ!

ലോകം ഇന്നൊരു വിഷമഘട്ടത്തിലൂടെ കടന്നുപോകുകയാണ്. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളും, ശാസ്ത്രലോകത്തു നടന്ന കണ്ടുപിടിത്തങ്ങളും, റഷ്യൻവിപ്ലവവും ലോകത്തിലെ ആശയഗതിക്കു വലുതായ മാററം ഉണ്ടാക്കിയിട്ടുണ്ട്. രാഷ്ട്രീയ സ്വാതന്ത്ര്യവും, സാമ്പത്തിക സമത്വവും കൈവരുത്തുന്നതിനുള്ള ഉൽക്കടമായ ആവേശം, ഇന്നു ജനഹൃദയങ്ങളിൽ വേരൂന്നിയിട്ടുണ്ട്. ജനകീയഭരണത്തിൻെറ ജനയിതാക്കൾ എന്നവകാശപ്പെടുന്ന യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ചു ഏഷ്യയിലാണ് ഈ പരിവർത്തനോന്മുഖമായ മനഃസ്ഥിതി കൂടുതൽ പ്രകടമായി കാണുന്നതു്. സാമാന്യം ഉയന്ന ജീവിതത്തോതും, മററു സുഖസൌകര്യങ്ങളും, വിപുലമായ രാഷ്ട്രീയസ്വാതന്ത്ര്യവും യൂറോപ്യന്മാരെ കൂടുതൽ യാഥാസ്ഥിതികന്മാരാക്കി തീർത്തിട്ടുണ്ട്. പൊളിഞ്ഞു വീണുകൊണ്ടിരിക്കുന്ന തങ്ങളുടെ സാമ്രാജ്യശക്തിയിൽ പററിപ്പിടിക്കുവാൻ ബ്രിട്ടൻ ബദ്ധപ്പെടുകയാണ്. അതേ സമയം റഷ്യയുംഅമേരിക്കയും തങ്ങളുടെ സാമ്രാജ്യശക്തി സാമ്പത്തികനിയന്ത്രണം മുഖേനയുള്ള രാഷ്ട്രീയാധിപത്യം സ്ഥാപിക്കാൻ യൂറോപ്പിനെ പങ്കിടാൻ വ്യഗ്രത കാണിക്കുന്നു. ഏഷ്യയുടെ നില വ്യത്യസ്തമാണ്. നാലഞ്ചു ശതാബ്ദക്കാലത്തെ ദീർഘനിദ്രയ്ക്കുശേഷം ഏഷ്യ ഉണന്നെഴുന്നേല്ക്കുകയാണ്. യൂറോപ്യൻ മേധാവിത്വത്തെ വലിച്ചെറിഞ്ഞു മുന്നോട്ടു കുതിക്കാൻ വെമ്പുകയാണ്. കഴിഞ്ഞ കാലങ്ങളിലെ രാഷ്ട്രീയവും, സാമ്പത്തികവും, സാമൂഹ്യവുമായ അധഃപതനം ഏഷ്യയുടെ ഹൃദയത്തെ വളരെ വ്യാകുലപ്പെടുത്തിയിട്ടുണ്ട്. വ്രണിതഹൃദയത്തിൽ നിന്നും ഉയന്ന അഭിമാനബോധം, പ്രയത്നശക്തിയോടെ പ്രവൃത്തിപഥത്തിൽ ഇറങ്ങിയിരിക്കുകയാണ്. ഇതു ഏഷ്യയുടെ കാലമാണ്. ഭാവിയിൽ ലോകചരിത്രത്തെ നിയന്ത്രിക്കുന്നതിലുള്ള പ്രധാന പങ്കു ഏഷ്യയുടേതായിരിക്കും. പക്ഷേ, അതൊരിക്കലും ഒരു സാമ്രാജ്യശക്തിയുടെ അധികാര ദുർമ്മോഹത്തോടുകൂടിയതോ സേച്ഛാധികാരത്തോടുകൂടിയതോ ആയിരിക്കുകയില്ല. ഈ സംഭവഗതികളുടെ മുന്നോടിയാണ് ഇന്ന് ഏഷ്യയിൽ അങ്ങോളമിങ്ങോളം ആഞ്ഞടിക്കുന്ന വിപ്ലവാസക്തി.

സാമൂഹ്യസംസ്കാരിക വിപ്ലവങ്ങൾക്കു വഴി തെളിക്കുന്ന ഒരു സാമ്പത്തിക വിപ്ലവത്തിനുള്ള കളമൊരുക്കലിനേയാണ് ഇന്നു ഏഷ്യയിലെ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നതു്. അടിമത്തവും, ദുർവഹമായ ജീവിതക്ലേശങ്ങളും, വീർപ്പുമുട്ടിക്കുന്ന സാമൂഹ്യനിയമങ്ങളും മനുഷ്യനിൽ ഗൂഢമായിക്കിടക്കുന്ന വിപ്ലവശക്തിയെ ഉണത്തിവിടുന്നതിനു പര്യാപ്തമായിത്തീൎന്നു. ഇരമ്പിപ്പായുന്ന നവീനചിന്താഗതികളും ആദർശങ്ങളും ഇതിനു വേഗം കൂട്ടി. രാജ്യ

# കാത്തിരിപ്പ്

കെ. കെ. രാമകൃഷ്ണപിള്ള, മൂവാററുപുഴ.

പൂക്കാലം പുലർകാലപ്പുളകത്തിൽ കുളിക്കവേ,
പൂങ്കുയിൽ പുതുരാഗം പരത്തീടവേ,
കുങ്കുമപ്പൂവിയാന്ന പൊൻമുഖം തെളിക്കുന്നു
മങ്കയാൾ ദിനലക്ഷ്മി കിഴക്കുനിന്നും.
മാമകഹൃദയത്തിന്നാമയമകററുന്നോ-
രാമണിമടവാരിരുന്നവിടെയാണോ?
ഞാനെന്നെ തേടിത്തേടിക്കാൽകുഴഞ്ഞിരിക്കുന്നു
യാനപാത്രമില്ലാതിപ്പുഴക്കരയിൽ?
പൂക്കാലം നിരത്തിയ പുതുപൂക്കൾകൊരുത്തു ഞാൻ
കാക്കുന്നു കഴിവില്ലാതണഞ്ഞിടുവാൻ.
കാലത്തിൻകലക്കത്തിൽകടൽതാണ്ടിക്കടക്കുംപോൽ
ദേവിതന്നടുത്തെത്താൻ ശ്രമിച്ചിതാരോ.
ആവഴിയവർമൊഴിയാഴത്തിൽ ഹൃദയത്തിൽ
ഭാവനയ്ക്കിടംനല്കിത്തഴച്ചു നിന്നു.
ആയതിൻതിരത്തള്ളലായത്തിലടിക്കവേ,
പായുന്ന പയസ്സിലെ പത കണക്കേ
ഹാ! ദേവി തവപാദമണയുവാനിളകിയ
ഭൂദേവർ പലരുണ്ടെന്നെനിക്കറിയാം
അമ്മ തന്നടുത്തെത്തിയവിടെയൊന്നിരിക്കുവാ-
നമ്മതൻ പദത്തിലീമലർ നിരത്താൻ
ചെമ്മെയിന്നനുഗ്രഹിച്ചരുളേണമിനിയുമെ-
ന്നംബികെ, കരൾനൊന്തു കഴികയായു!

# അസമത്വം

പി. സി. സേനൻ, പരവൂർ.

എങ്ങോട്ടു തിരിഞ്ഞാലുമസമത്വത്തിൻ ഛായ
തങ്ങിയ വടിവല്ലാതെന്തുവാൻ കാണ്മാനുള്ളു?
ഉഴവൻ യത്നിക്കുന്നു രാപ്പകലെന്തിനായി-
വഴിയേ ജന്മിതൻെറ പത്തായം നിറയ്ക്കുവാൻ!
പതിവായ് തൊഴിലാളി പാടുപെട്ടദ്ധ്വാനിപ്പൂ—
മുതലാളിതൻ വിത്തവിഭവം വളരുവാൻ!
എളിയോനെല്ലു നൊന്തു ചെയ്യുന്ന പ്രയത്നങ്ങൾ
വെളിവിൽ ധനവാൻെറ മേന്മക്കായ് ഭവിക്കുന്നു!
ഒരുനാളൊരുനേരമുണ്ണുവാൻ ലഭിയാത-
ങ്ങൊരുവനുഴറുമ്പോൾ മറെറാരാൾ ഉഷ്ണാന്നമായ്
വിഭവസമൃദ്ധമാം സദ്യയുണ്ടിരിക്കുന്നു
നിഭൃതസുഖാനന്ദസൌഭാഗ്യനിരതനായ്.
വിത്തവായ്പിൻെറ വാച്ച വൻഗർവ്വമെളിയോനെ-
ബ്ഭൃത്യനായ് തള്ളിപ്പടികാവലിനയയ്ക്കുന്നു.
എങ്ങോട്ടു തിരിഞ്ഞാലുമസമത്വത്തിൻ ഛായ-
തങ്ങിയ വടിവല്ലാതെന്തുവാൻ കാണ്മാനുള്ളു?
എന്തൊരു സാമ്പത്തികസാമൂഹ്യവ്യവസ്ഥിതി!
എന്തുവാൻ രക്ഷാമാർഗ്ഗമേഴകൾക്കിതിലോർത്താൽ?
അധർമ്മനിരതമാമിസ്സ്വാർത്ഥനയങ്ങളെ-
സ്സുധീരമെതിർക്കുവിൻ ധ്വംസിപ്പിൻ സഹജരേ!
സമത്വസാഹോദര്യസ്വാതന്ത്ര്യത്രയത്തിനാ-
ലമർത്ത്യലോകമായിത്തീർക്കുവിൻ വഞ്ചിരാജ്യം!!

ത്തിലെ കുഴപ്പങ്ങളിൽ നിന്നു മുതലെടുക്കണമെന്നു് ആഗ്രഹിക്കുന്ന ഏതാനും വിപ്ലവകാരികളുടെ ശ്രമഫലമല്ല ഈ വിപ്ലവ മനഃസ്ഥിതി. ഇതു ലോകത്തിലെ മഹത്തായ ഏഷ്യാ ഭൂഖണ്ഡത്തിലെ പരിവത്തനഘട്ടമാണു്. ലോകഗതിയാണു് ഇതിനു നിദാനം. ഇതരകാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന സാമാന്യജനതയുടെ മനോഗതിയുടെ പ്രതിനിധികളാണു് വിപ്ലവകാരികൾ. അവരാണു് ജനഹൃദയങ്ങളിൽ അലയടിക്കുന്ന ആശയാദർശങ്ങൾക്കു് രൂപം കൊടുക്കുന്നതു്. അവർ വിപ്ലവം സൃഷ്ടിക്കുകയില്ല, വിപ്ലവാത്മകമായ പരിതഃസ്ഥിതികൾ അവരെ സൃഷ്ടിക്കുകയാണു്. മലീമസമായ ഇന്നത്തെ അന്തരീക്ഷം ശുദ്ധമാക്കുന്നതിനു്, വിപ്ലവക്കൊടുങ്കാററിൻെറ ഇരമ്പിപ്പാച്ചിലിനെ നമുക്കു കാത്തിരിക്കാം.

# രോഗിയുടെ ഭാര്യ

കിളിമാനൂർ, ശ്രീരഞ്ജനൻ.

"സുകു; കൂ് ഉം" പതിവുപോലെ അന്നും ആ കൊച്ചു കൂട്ടുകാരികൾ സുകുമാരനെ കൂകി വിളിച്ചു.

"വരുന്നു—വരുന്നേ" ആ കൊച്ചൻ ചൊടിച്ചു. അയൽ പക്കക്കാരായ അവർ മൂന്നുപേരുംദിവസവുംവിശേഷിച്ച് ഒഴിവു ദിവസങ്ങളിൽ അങ്ങിനെ കൂടാറു പതിവുണ്ട്. വീട്ടിനടുത്തുള്ള ആ ആററുവക്കത്താണ്, അവരുടെ കളിക്കളം. പള്ളിക്കൂടം വിട്ടുകഴിഞ്ഞാൽ, അവക്ക് അങ്ങിനെ സന്ധിയ്ക്കുവാൻ സൗകര്യപ്പെട്ടില്ലെങ്കിൽ ആ ദിവസം മൂന്നുപേൎക്കും ഒരു പോലെ ദുർദ്ദിനമായിരിക്കും.

"ഇന്നു ഒളിച്ചു് കളിക്കാം; അല്ലേ സുശീ?" വഴിയ്ക്കുവച്ചു സുകുമാരൻ അഭിപ്രായമാരാഞ്ഞു.

"വേണ്ടാ, ഇന്നും വീട്ടു കളിക്കാം." സുശീല മൊഴിഞ്ഞു. രാധയുടെ ആഗ്രഹവും അതായിരുന്നു. അതുകൊണ്ടുസുകുമാരന്റെ അഭിപ്രായം അസാധുവായി.

"എന്നാൽ വീട്ടു കളിക്കാം" സുകുമാരനും യോജിച്ചു. അവർ കളിസ്ഥലത്തെത്തി. ഇനിയാണു കുഴപ്പം. അച്ഛനും, അമ്മയും മകളും,—അതാണവരുടെ വീട്ട്. ഇതിൽ അമ്മയാകാനാണു സുശീലയും, രാധയും പിണക്കം. പിണക്കത്തിൽ സുശീലയാണ് മിക്കവാറും ജയിക്കുന്നതെങ്കിലും ഇന്നു രാധയും വിട്ടില്ല.

"ഇന്നു ഞാനാണമ്മ. കേട്ടോ സുകു?"

"എനിക്കറിഞ്ഞുകൂടാ" അവൻ ഒഴിഞ്ഞു.

"ഒക്കുകില്ല. അമ്മ ഞാനാണ്." സുശീല വാദിച്ചു.

"അങ്ങിനെയാണെങ്കിൽ ഞാനിന്നു കളിക്കുന്നില്ല."

"എന്നാൽ നീ പോ. ഞാനും സുകുവും കൂടി കളിക്കും."

"അപ്പോൾ കുട്ടിക്കു് (മകൾക്കു്) ആളു വേണ്ടേ?" സുകുമാരനാണ് അതു ചോദിച്ചത്.

"വേണ്ടാ. ഞാൻ പ്രസവിച്ചില്ലെന്നു പറയാം."

"ആരും പിണങ്ങേണ്ടാ. നമുക്കൊരു ചക്രമെറിയാം. ശംഖു വശമാണെങ്കിൽ സുശീല; ചക്രവശമാണെങ്കിൽ രാധ. എന്താ?"

"ഞാൻ സമ്മതിച്ചു."

"ഞാനും."

സുകുമാരൻ നിഷ്പക്ഷമായി ചക്രമെറിഞ്ഞു. "ഖ്ണം" എന്നൊരു ശബ്ദത്തോടെ ചക്രം നിലം പതിച്ചു. മൂന്നു നോട്ടങ്ങളും ചക്രത്തിൽ പതിഞ്ഞു. സുശീല ആർത്തുവിളിച്ചു. കഷ്ടം! ആ ഭാഗ്യപരീക്ഷണത്തിലും, രാധ നിരാശപ്പെട്ടു. ഈ കളിതുടങ്ങിയിട്ടു രണ്ടോ, മൂന്നോ തവണമാത്രമേ രാധ അമ്മയായിട്ടുള്ളു. അവൾ എത്രതവണ വിങ്ങിയിട്ടുണ്ട്, ആ ശ്വാസം മുട്ടുന്ന ആഗ്രഹങ്ങളുടെ സാദ്ധ്യതയ്ക്കു്. ഇന്നും അവളതിനെ ഞെരുക്കി വീർപ്പുമുട്ടിച്ചു......

അമ്മ ആയാൽതന്നെ സ്വസ്ഥതയില്ലാത്ത ജോലികളാണ്. അരിയും കറിയും

വയ്ക്കണം, എന്നു വേണ്ട എല്ലാ വീട്ടുകാര്യങ്ങളും, ഭർത്തൃശുശ്രൂഷണം അങ്ങിനെ എന്തെല്ലാം രസങ്ങൾ......ആ ഒരു ദിവസത്തെ കളിയിൽ തന്നെ അവർ പല ദിവസങ്ങൾ അഭിനയിക്കും.

* * * * *

"ഒരൊററ ഏറിനു പേരക്കായ് രണ്ടും തറയിലിടാമോ, സുകു?"

"ഓ. ഇട്ടാൽ......?"

"ഇട്ടാൽ നമുക്കു തിന്നാം." സുശീല "പോരാ"

"പോരങ്കിൽ സുകുവിനു ചുണയുമുണ്ട്."

"ശരി. എടുത്തോ." സുകുമാരൻ എറിഞ്ഞു. ആദ്യത്തെ ഏറിനു തന്നെ പേരക്കായ് രണ്ടും അററുവീണു.

"സുകു, ഈ പേരക്കായ് രണ്ടും ഇതുപോലെ ആടാമോ?" സുശീല വാതുപിടിച്ചു. ഒരുകൈയ്കൊണ്ടു ആ പേരക്കായ് രണ്ടും സുശീല വളരെനേരം അമ്മാനമാടി. ആ രസകരമായ കാഴ്ച സുകു നോക്കി രസിച്ചു. അതിൻെറ പരീക്ഷണത്തിൽ സുകുമാരൻ പരാജയപ്പെട്ടു.

"അപ്പോൾ 'ചുണ' നമുക്കു രണ്ടുപേക്കും സമം അല്ലേ സുകു?"

"അതെങ്ങിനെ? എനിക്കതറിഞ്ഞുകൂടാല്ലോ."

"അതെ. അതാണു സമമെന്നു പറഞ്ഞതും. സുകു പേരക്കായ് എറിഞ്ഞിട്ടു. ഞാനതമ്മാനമാടി. അപ്പൊഴോ?"

"ഓഹോ. അതുശരി. ഏതായാലും പോകാം, സുശി, ഭയങ്കര മഴവരുന്നു."

"ഉള്ളതു തന്നെ. നമുക്കു ഓടാം."

അവർ വീട്ടിലേക്കോടി. ഇന്നു രാധ വളരെ നിരാശപ്പെട്ടിട്ടുണ്ടാവും. അവൾക്കു പനി. പനി നിമിത്തം അവൾക്കു മററു യാതൊരു ഖേദവുമില്ല—കളിയിൽ പങ്കുകൊള്ളാൻ സാധിയ്ക്കാത്തതു അവളുടെ ഹൃദയം തകരുന്ന സംഭവമാണു്. സുശീലയും രാധയും ആത്മാർത്ഥ സ്നേഹിതകളാണ്. കളിക്കളത്തിലെ പിണക്കത്തിൽ മാത്രമേ അവർ ഇടഞ്ഞിട്ടുള്ളൂ.

ദിവസങ്ങൾ ചിലതു പിന്നിട്ടു. രാധയ്ക്കു ആശ്വാസമുണ്ടെങ്കിലും പരിപൂർണ്ണസുഖം കിട്ടിയില്ല. ഇടവമാസത്തിലെ തുള്ളിക്കുതുടം വീതം വരുന്ന മഴ. സ്കൂളിൽ പോകാൻ നേരം വൈകിയെങ്കിലും, തോഴ്ച്ചയെ പ്രതീക്ഷിച്ചു നില്ക്കുകയാണു സുശീലയും, സുകുമാരനും. സുശിക്കു കുടയുണ്ടായിട്ടും, സുകുവിനെ പ്രതീക്ഷിക്കുകയാണവൾ. ക്ഷമയററു സുശീല മുററത്തിറങ്ങി. വിഷമിച്ചു നില്ക്കുന്ന സുകുമാരനെ അവൾ തലയാട്ടി വിളിച്ചു.

"രണ്ടുപേരു് ഈ കുടയിൽ എങ്ങിനെ പോകും സുശീ?"

"ഓഹോ. അതൊക്കെ പോകാം."

"അയ്യോ, സുശി നനയും"

"ഇല്ല. സുകു കുട പിടിക്കണം. എനിക്കു പൊക്കമില്ല." അവർ നടന്നു. സ്കൂളിൽ എത്താറായപ്പോഴേക്കു്, അവരുടെ തലയൊഴിച്ചു മററു ഭാഗങ്ങളെല്ലാം നനഞ്ഞിരുന്നു. സുശീലയുടെ വോയിൽ ബ്ളൗസ് നനഞ്ഞു ശരീരത്തോടു ചേൎന്നു പോയി.

"മുഴവനും നനഞ്ഞു. ഇല്ലേ സുശീ?"

"ഓ. സാരമില്ല."

"സാരമില്ലേ. ഉടുപ്പിൽ നോക്കിയ്ക്കേ! സ്ഫടിക ഭരണിയിലെ നാരങ്ങാപോലെ" ......അതു സുകുവിൻെറ ഒരൊളിയമ്പായിരുന്നു. ഒരപരാധിനിയെപ്പോലെ സുശീലയുടെ ശിരസ്സു കുനിഞ്ഞുപോയി. ആ

കുസൃതിക്കാരനെ അവൾ മനസ്സാലെങ്കിലും പരിഹസിച്ചിരിയ്ക്കണം. ഇല്ലെന്നും വരാം

* * * * *

കാലത്തിരശ്ശീലയ്ക്കുള്ളിൽ കൊല്ലങ്ങൾ ചിലതു ഓടി ഒളിച്ചു. അച്ഛന്റെ മരണം നിമിത്തം രാധ അമ്മവീട്ടിലേയ്ക്കും, ഉന്നത വിദ്യാഭ്യാസത്തിനു സുകുമാരൻ വിദേശത്തേയ്ക്കും പൊയ്ക്കഴിഞ്ഞു. "ഒററഞെട്ടിൽ വിടർന്നു സൗരഭം മററിടും 'മൂന്നു' പൂക്കൾപോലെ" വിലസിയിരുന്ന നമ്മുടെ സുശീലാരാധാസുകുമാരന്മാർ ഇന്നു മൂന്നു ദിക്കിലായി. അവരാരും പ്രതീക്ഷിച്ചിരുന്നതല്ല ഇപ്രകാരം ഒരവസ്ഥയുണ്ടാകുമെന്നു്.

ക്രമത്തിലധികം ബാധിച്ചുകൊണ്ടിരുന്ന യൗവനം സുശീലയെ ഒരപ്സരസ്സാക്കി. എങ്കിലും ഭൂതകാലങ്ങൾ അവളുടെ മനസ്സിൽ മായാത്ത ചില ചിത്രങ്ങൾ വരച്ചിട്ടുണ്ടു്. ആ ചിത്രങ്ങൾ അവളെ ഇക്കിളിക്കൂട്ടുന്നതാണെങ്കിലും, ചില ശുഭപ്രതീക്ഷകൾ അവൾക്കുണ്ടു്.

സുകുവിന്റെ സുഖാന്വേഷിച്ചു കൊണ്ടു രാധയുടെ കത്തുകൾ സുശീലക്കു വരാറുണ്ടു്. സുകുവിന്റെ കാര്യമൊഴിച്ചു് അവൾ മറുപടി കൊടുക്കും. വാസ്തവത്തിൽ സുകുമാരന്റെ വിശേഷങ്ങൾ സുശീയ്ക്കറിയാൻ പാടില്ലാത്തതു കൊണ്ടു തന്നെ. സുകുവിന്റെ വീട്ടിൽ വരുന്ന കത്തുകളിൽ നിന്നെങ്കിലും അവൾ വിവരങ്ങൾ അറിഞ്ഞു കൊണ്ടിരിക്കും. സുകുമാരന്റെ കത്തു പ്രതീക്ഷിച്ചു് അവൾ എത്ര തവണ നിരാശപ്പെട്ടിട്ടുണ്ടു്!

സുശീലയുടെ വിവാഹകാര്യം അച്ഛനമ്മമാരുടെ തർക്ക വിഷയമായി. "മക്കളുടെ ഹിതത്തിനു വിപരീതമായി വിവാഹം ചെയ്തയയ്ക്കയില്ല" എന്ന നിർബന്ധക്കാരനാണു് സുശീലയുടെ അച്ഛൻ. അമ്മ വിപരീതാഭിപ്രായക്കാരിയുമാണു്.

"പിള്ളരുടെ ഇഷ്ടത്തിനാടാൻ നിന്നാലേ കാര്യം കുഴപ്പത്തിലാകും. പറഞ്ഞേക്കാം. അബദ്ധം വന്നിട്ടു പറഞ്ഞാൽ ഒരു വിശേഷവുമില്ല. മഹാ നാണക്കേടും ആകും. എത്ര നല്ല വിവാഹങ്ങൾ വന്നു! ഒന്നും അവൾക്കിഷ്ടമില്ലപോലും. അവളുടെ ജ്യേഷ്ഠത്തിയല്ലേ, ശാരദ? അവൾക്കൊരു തർക്കവുമില്ലായിരുന്നല്ലോ? അവൾ സുഖമായി താമസിക്കുന്നു. നാട്ടിലില്ലാത്ത പുതുമതന്നെ ഇവിടത്തെ കാര്യം. ഇഷ്ടവും കാത്തിരുന്നാൽ ഇതിനൊക്കെ ഒരു സമയത്തെ ആവശ്യക്കാരുണ്ടാകു."

"നീ എന്തൊക്കെ പറഞ്ഞാലും, വിവാഹം അവൾക്കാണു്. അവൾക്കു കാര്യങ്ങളൊന്നും അറിയാൻ പാടില്ലാതില്ല. ഇപ്പോൾ വിവാഹം വേണ്ടാത്തവൾക്കു ഞാനിനി കെട്ടിവയ്ക്കണമോ?"

ഈ രീതിയിലാണു് സുശീലയുടെ അച്ഛനമ്മമാരുടെ അഭിപ്രായവ്യത്യാസങ്ങൾ. ബാല്യകാലസ്മരണകളാണു് സുശീലയുടെ പ്രതീക്ഷകളെ മധുരീകരിക്കുന്നതു്. കാലചക്രം കറങ്ങിക്കൊണ്ടുതന്നെയിരുന്നു.

* * * *

"ഈ സംഗതിയിൽ മാത്രം അങ്ങു് എന്നോടു യോജിക്കണം. ഞാൻ അങ്ങയ്ക്കു വേണ്ടി കാത്തിരുന്നു. എന്തൊക്കെ പറഞ്ഞാലും ഞാനീ ജന്മം വേറൊന്നു ചെയ്യുകയില്ല അങ്ങയുടെ ഇഷ്ടംപോലെ ചെയ്യണം." സുശീലയുടെ ശപഥം സുകുമാരന്റെ ഹൃദയത്തെ മരവിപ്പിച്ചു. അയാൾ പറയാനുള്ളതെല്ലാം പറഞ്ഞും കഴിഞ്ഞു.

"എന്റെ സുശീ, എന്നെ നീ വിശ്വസിക്കുക. നീ അറിയാത്ത ചില ദുഃഖങ്ങൾ സഹിച്ചുകഴിയുകയാണു് ഞാനെന്നു നീ ദയവായി മനസ്സിലാക്കുക. ഓമനേ, ശോഭിയ്ക്കേണ്ട ഭവതിയുടെ ഭാവിയെ എന്തിനു മുരടിപ്പിക്കുന്നു?" ആ കവിൾത്തട

ങ്ങളിൽ വിശ്രമാത്ഥം പറന്നുവീണ കുറു നിരകളെ സുകു തടവി ഒതുക്കി.

"അങ്ങയുടെ ഏതു ദുഃഖത്തിനോടും എപ്പോഴും എതിരിടുവാൻ മനസ്സുള്ളവളായിരിക്കും, അങ്ങയുടെ സുശി എന്ന് അങ്ങു ദയവായി മനസ്സിലാക്കണം." അവളുടെ കണ്ണുകൾ രണ്ടു ബാഷ്പകണങ്ങളെ വിസർജ്ജിച്ചു. സുശീലയുടെ ആത്മാത്ഥതയുടെ ആഴത്തിൽ സുകു മുട്ടുകുത്തിപ്പോയി. അവൻ അവളെ ആശ്വസിപ്പിച്ചു. "സുശീലയുടെ ഇഷ്ടംപോലെ ഞാൻ ചെയ്യാം." ആ ചെഞ്ചുണ്ടുകൾ ഒന്നു വികസിച്ചു. ഒരു ചെറുപുഞ്ചിരി അതിൽ തത്തിക്കളിച്ചു. അവൻ അവളിൽ കിക്കിളി പകന്നു. "ഹൌ എനിക്കെങ്ങിനെനൊന്തു?" ആ നഖക്ഷതം അവളെ വേദനിപ്പിച്ചു. "സാരമില്ല" അവർ പിരിഞ്ഞു.

ഉദ്യോഗാർത്ഥം നാട്ടിലെത്തിയ സുകുവിൻെറ ഹൃദയത്തിൽ പൊട്ടിത്തെറിക്കുന്ന ചില വികാരങ്ങൾ സ്ഥാനം പിടിച്ചു. വിവാഹം. അതൊരു ദുർഘടമേറിയ പരീക്ഷണ ഘട്ടമായിരുന്നു. സുകുമാരനെ—സംബന്ധിച്ചിടത്തോളം വിവാഹം ചെയ്യുക എന്നുള്ളതല്ലാതെ സുശീലയോടു ഇനി അയാൾക്കു പറയുവാൻ യാതൊന്നുമില്ലതാനും. വിഭിന്നമായ രണ്ടു ചിന്തകൾക്കു അയാളുടെ ഹൃദയം അധീനമായി. സുശീലയുടെ ആഗ്രഹം ഒടുവിൽ വിജയിച്ചു. ഇരുകൂട്ടക്കും ഹിതകരമായ ആ വിവാഹം മംഗളമായിക്കഴിഞ്ഞു.

ഒരു മുഷിപ്പൻ ദാമ്പത്യമായിരുന്നു സുശീലാസുകുമാരന്മാരുടേതു്. ആകപ്പാടെ ഒരരസികത്വം അവരുടെ ജീവിതത്തിൽ പൊന്തിക്കാണാമായിരുന്നു. ഭത്താവിൻെറ ഹിതങ്ങൾ അറിഞ്ഞു പ്രവത്തിക്കുവാൻ എപ്പോഴും തയാറുള്ള പതിവ്രതാരത്നമായിരുന്നു സുശീല. പക്ഷേ, ഭത്താവിൻെറ ഹിതങ്ങൾ, അല്ല—ആവശ്യങ്ങൾ പരിമിതങ്ങളായിരുന്നു.

ദിവസങ്ങൾ പലതു കഴിഞ്ഞതോടെ സുശീലയുടെ ഉൽക്കണ്ഠ വർദ്ധിച്ചു. എന്താണു തൻെറ ഭത്താവിനുള്ള വിരസത? അവരുടെ ദാമ്പത്യജീവിതത്തിൽ എന്തോ ഒരപൂർണ്ണത. രാത്രി വളരെനേരം സുകു അവളെ തലോടും. ചുംബിക്കും......അങ്ങനെ പലതും..."ഇന്നല്ലെങ്കിൽ നാളെ അതു പൂർണ്ണിക്കും." അവൾ പ്രതീക്ഷിച്ചു. നിരാശയുടെ ആളിക്കത്തലിൽ അവളുടെ പ്രതീക്ഷകൾ വെണ്ണീറായി. ജിജ്ഞാസ അവളെ ഭ്രാന്തയാക്കി. മനസ്സാകുന്ന തിരശ്ശീലയിൽ അവൾ പലതരം സിനിമ കാണും. രാത്രിയുടെ നാലാംയാമത്തിലും, അതവസാനിക്കാറില്ല.

അപ്പൻെറ ജന്മദിനം പ്രമാണിച്ചു ഭർത്താക്കന്മാരോടുകൂടി വീട്ടിൽവന്ന ശാരദയും സുശീലയും പോയില്ല. ധൃതിയിൽ എന്തോ കാര്യം പ്രമാണിച്ചു ശാരദയുടേയും അവളുടെ ഭത്താവിൻെറയും കിടക്കമുറി സുശീല തള്ളിതുറന്നുപോയി. തൻെറ ജീവിതത്തിലെ ഇല്ലായ്മ സുശീല ശാരദയുടെ ജീവിതത്തിൽ കണ്ടുപോയി. ഏതോ ഒന്ന് അവളുടെ മനസ്സിൽ ഇടിഞ്ഞു താഴ്ന്നു. അവൾ ഒരു വിധത്തിൽ അവിടെനിന്നും രക്ഷപ്പെട്ടു.—ആ ഹൃദയഭാരവും പേറിക്കൊണ്ടു്.

ഭർത്തൃഗൃഹത്തിൽപോയി. സുശീലയുടെ ഇളംമേനി ആധിക്കൊടുംതീയിൽ വെന്തു ദഹിച്ചു. അന്നുരാത്രി സുശീലയുടെ വിങ്ങിക്കരച്ചിൽ സുകുമാരനെ നിദ്രയിൽ നിന്നും ഉണത്തി.

"എന്താ! സുശീ കരയുന്നതു്?" സുകു പരിഭ്രമിച്ചു ചോദിച്ചു. അവളുടെ ഹൃദയം ത്രസിച്ചു.

"അങ്ങയ്ക്കറിയാൻ പാടില്ലാത്തതാണോ അതിനുത്തരം?" അവൾ വിങ്ങി...ആ മൂക്ക് ചീററി.

"അതെ!" സുശീ പറയും. ആ കവിൾ ത്തടം ആർത്തിയോടുകൂടി ഗന്ധിച്ചു. ആ പൂമേനി കോരിത്തരിച്ചു.

"അതെ, അങ്ങേയ്ക്കു തോന്നുകയില്ല.—താലി കെട്ടിയിട്ടും കന്യകയായി ജീവിക്കുന്ന എന്റെ ദുഃഖം"

'എന്റെ സുശി'...അയാളുടെ കണ്ഠം ഇടറി. "എനിക്ക് മാപ്പു തരിക. ഞാൻ നിന്നെ വരിക്കുകയല്ല, നിന്നെ ദ്രോഹിക്കുകയാണ് ചെയ്തത്. എങ്കിലും ഞാൻ ആവുംമട്ടു നിന്നെ ഉപദേശിച്ചില്ലേ? നിന്റെ ആത്മാർത്ഥത നിന്നെത്തന്നെ വഴി തെററിച്ചു. ഞാൻ നിന്റെ ഭർത്താവായിച്ചമഞ്ഞു. അതെ! എനിക്കറിയാമായിരുന്നു; അതു്, വെറും ഒരു വേഷംകെട്ടലാണെന്നു്. സുശികൂടതന്നെ ആലോചിച്ചുകൂടെ, ആഹാരവും മുമ്പിൽവച്ചുകൊണ്ടു് ആരോഗ്യമുള്ളവർ പട്ടിണി കിടക്കുവാൻ ഇഷ്ടപ്പെടുകയില്ലെന്നു്? ക്ഷമിക്കു, സുശീ; ഞാനൊരു കാലത്തും എന്റെ ഓമനയെ ദ്രോഹിക്കുകയില്ല. ഞാ...ൻ രോ...ഗി. ഒരു രോഗിയുടെ ഭാര്യയായിരിക്കണമെന്നായിരിക്കും നിന്റെയും ജാതകം. ഈശ്വരൻ ഒരുപക്ഷ, നമ്മെ പരീക്ഷിക്കുകയായിരിക്കും. അനുജൻ അടുത്ത മാസത്തിൽ തന്നെ വരുമെന്നു് എഴുത്തുണ്ടല്ലോ. അവൻ വരട്ടെ. അനുസരണയുള്ള അനുജൻ ഓമനയെ രക്ഷിക്കും. അതുവരെ ക്ഷമിക്കുക."

ഒരു തണുത്ത കൈയ് സ്നേഹപൂർവം സുകുവിന്റെ കവിൾത്തടത്തിൽ തടവി. ആ ചെഞ്ചുണ്ടുകൾ എന്തോ മന്ത്രിച്ചു. ആ അധരാമൃതപാനം അവൾക്കൊരു നവോന്മേഷം നല്കി.


# മരവിൽ

(ചെറുകഥാസമാഹാരം)

ഗ്രന്ഥകർത്താ—ശ്രീ: പി. കേശവദേവ്.

1 രാഘവന്റെ അമ്മ
2 കർട്ടന്റെ പിറകിൽ
3 പി. സി. യുടെ പ്രേമകഥ
4 അഹിംസാസേന
5 ഇരുളിൽ
6 മീൻകാരൻ കോരൻ
7 ചായക്കടയിൽ

വില ക. ൧.

റെഡ്യാർപ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

# ജയിൽപുള്ളി

കവനാലയം.

എമ്പാട്ടുമിരുമ്പഴിച്ചൂഴ്പൊരിത്തുറങ്കുള്ളിൽ
വെമ്പിവീണടിഞ്ഞൊരിജ്ജീവിതം ദഹിക്കുമ്പോൾ
മൃത്യുവിലാനന്ദാനുഭൂതിതൻ കിനാവുകൾ
നൃത്തമാടിക്കണ്ടാകിൽ മാത്രമേ ജയിക്കൂ ഞാൻ.
ജീവിതം കണ്ണീരിൽ വീണുരുകിപ്പൊലിയുന്ന
നോവുകൾ കണ്ടാൽ ചിരിക്കുന്നതാണത്രേ കല.
തീവ്രവേദനകൊണ്ടു വിപ്ലവക്കൊടുങ്കാററിൽ
സാംഖലകിക്കോൽക്കടമിളക്കും പെരുംകടൽ
എത്രനാളായി ക്ഷമിച്ചിപ്പോഴുംതാനിപ്പോഴുംതാന-
പ്പാത്തലം വിഴുങ്ങുമെന്നായുന്നു വീണ്ടും വീണ്ടും!
ജീവരക്തത്താലെന്നിൽത്തന്നെ ഞാദനാനുകലാ–
ജീവിതം-കലാലോകം-തീക്ഷ്ണം തന്നത്താനേ.
ആനന്ദഭ്രാന്തന്മാർക്കു കലതൻ ചെന്നായ്ക്കൂർക്കി
മാനിന്റെരക്തം കുടിച്ചാകിലേ ദാഹംതീരൂ.

## II

കണ്ണീരിൻ കണങ്ങളിൽ, നെടുനിശ്വാസങ്ങളിൽ
പൂർണ്ണവേദനകളിൽ, ആർത്തരോദനങ്ങളിൽ,
പട്ടിണിച്ചെററക്കൂടിൽ ജ്ജീവിതവിയർപ്പുമൺ
കട്ടയോടിടഞ്ഞുയരും പാടങ്ങളിൽ,
ധനികസുഖോന്മാദം ചവച്ചുകാറിത്തുപ്പി-
ത്തെറിക്കുമോടപ്പാത്തിപ്രേതജീവിതങ്ങളിൽ,
രക്തവും ചലവും ധാരന്നൊലിക്കും മാനുഷ്യക-
രിക്തസംസ്കാരത്തിന്റെ തീവ്രയാതനകളിൽ,
നിറകണ്ണോടെൻ നീറുംഹൃദയം ലയിക്കുമ്പോൾ
കലതൻ ഹൃദ്രക്തമെൻതൂവലിൽതുളുമ്പുമ്പോൾ,
'വിജ്ഞാന'സാമ്രാജ്യത്തിൻ നിയമച്ചെങ്കോലു നി-
ന്നാലത്തെ തൻകരംചൂണ്ടിലക്ഷ്യനിർദ്ദേശം ചെയ്വൂ

പുഷ്പിതാരാമത്തിന്റെ സുന്ദരസ്വപ്നങ്ങളാം
പുഷ്പസഞ്ചയത്തിന്റെ തുടുചെങ്കവിൾക്കൂമ്പിൽ
മന്ദമധുപാളീരാഗലോലകൾ യുവ-
പ്പെൺമണിപ്രേമാസവമധുരാധരങ്ങളിൽ,
നാണയപ്രഭുക്കൾതൻ സ്വൈരസല്ലാപോത്സവ-
പ്രീണിത'സന്മാർഗ്ഗ'ത്തിൻ കാൽച്ചിലമ്പൊലിക [ളിൽ,
കലതൻ തനിസ്സത്താമാനന്ദം മുഴുവനും
പുലരുന്നിവററയിൽ—ഇല്ലമററെങ്ങും കല
പുഞ്ചിരിക്കുള്ളിൽ മാത്രം കലയെക്കാണും,കണ്ണിൽ
നെഞ്ചലിച്ചീടും കണ്ണീരാവില്ലെന്നോ കഷ്ടം?
ഇന്നോളം കഴിഞ്ഞീല പാണ്ഡിത്യപ്രഭുത്വത്തിൻ
നാണയക്കിലുക്കത്തിനാററുവാൻ പൈദാഹങ്ങൾ.

## III

വിപ്ലവത്തീജ്വാലകളീയഗ്നിയുഗത്തിലും
നിസ്പൃഹം പ്രേമമിത്തടവിൽ കിടക്കയോ?
തുരുമ്പിച്ചൊരീയിരുമ്പഴിതൻ നേർക്കൊന്നാഞ്ഞു–
ത്തുറിച്ചുനോക്കിപ്പോയാൽ, കൈവാളിൽകണ്ണോടിച്ചാ [ൽ
ആയിരംനിയമപ്പാഴ്ക്കെട്ടുകൾപൊക്കിക്കാട്ടി-
ട്ടായത്തു പാടില്ലെന്നുവിലക്കും മനുഷ്യത്വം.
ഇരുട്ടിൽ തപ്പിത്തടഞ്ഞെത്തിയാവെളിച്ചത്തിൻ
കരുണാർദ്രമായമുഖത്തൊന്നെത്തിനോക്കിപ്പോയാൽ
ഇടിവാൾവീശിക്കഴുത്തറുക്കാൻ കുതിക്കുമ-
ത്തടവിൽ വെളിച്ചത്തെ പ്പാപ്പിക്കുംകാർമേഘങ്ങൾ
സ്വാതന്ത്ര്യക്കെടാവിളക്കൊളിയൊന്നതാദൂരെ
പ്പാതിരത്താരത്തിൽ കണ്ടാനുനിശ്വസിച്ചെന്നാൽ
ആറടിമണ്ണിന്നവകാശമുള്ളോരെൻ നാടിൻ-
മാറിടം തുടിക്കവേ—മമകൺനിറഞ്ഞെന്നാൽ,
നീറുമെൻകരൾക്കാമ്പിൻനേർക്കുതൻനിറയൊഴി-
ച്ചീടുവാൻനീട്ടിക്കാട്ടും പ്രഭുത്വം പീരങ്കികൾ.

എങ്കിലെന്താണിപ്രപഞ്ചോഗ്രശക്തികളെല്ലാ-
മെങ്കൽവന്നെതിർത്താലും തൃണമാണെനിക്കെല്ലാം
എൻകലാശക്തിക്കെഴും വെളിച്ചത്തിനാലാവു-
ന്നെങ്കിലീയിരുൾത്തുറങ്കാകെ ഞാൻ ദഹിപ്പിക്കും.
ആറടിമണ്ണിനുള്ളിൽ നീറലിത്തീജ്വാലക-
ളാറിടാതുയർന്നിതിൽചാമ്പലാംതമസ്സുകൾ.

# ബാരിസ്റ്റർ ജി. പി.

എൻ. കെ. ബാലകൃഷ്ണൻ നായർ ബി. ഏ.

(അവലംബം:—"കേരളീയൻ" എഴുതിയ "ജി. പരമേശ്വരൻ" പിള്ള എന്ന ഇംഗ്ലീഷ് ലഘുഗ്രന്ഥം)

ഭാരതസ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയോടുകൂടിത്തന്നെ തിരുവിതാംകൂറിലെ ഉത്തരവാദഭരണവിളംബരവും പ്രഖ്യാപിതമായി. വഞ്ചിരാജ്യജനതയ്ക്കു മാത്രമല്ല, സ്വാതന്ത്ര്യചഞ്ചുക്കളായ നാട്ടുരാജ്യ പ്രജകൾക്കാകമാനം, ആനന്ദപ്രദമായ വാർത്തയായിരുന്നു അതു്. മൂന്നു നാലു ദശാബ്ദങ്ങളായി പരോക്ഷമായും, ഇപ്പോൾ ഒരു ദശസംവത്സരകാലമായി പ്രത്യക്ഷമായും നടന്നുകൊണ്ടിരുന്ന രാഷ്ട്രീയ പ്രക്ഷോഭണത്തിനു് അതു വിജയമകുടം ചാർത്തി. സ്റ്റേറ്റു കാൺഗ്രസ്സിന്റെ സമര ചരിത്രം സർവ്വവിദിതമാണു്. ഈ രാഷ്ട്രീയ പ്രബുദ്ധതയുടെ മുന്നോടിയായിരുന്ന സ്വദേശാഭിമാനിയുടേയും ജീവചരിത്രം കേരളീയർക്കജ്ഞാതമല്ല.



വിജയോന്മുഖമായി കൂലങ്ങളെ തല്ലിത്തകർത്തുകൊണ്ടു ഇരമ്പിപ്പാഞ്ഞ ഈ വനകല്ലോലിനിയുടെ ഉത്ഭവസ്ഥാനത്തെപ്പററി ആരായുകതന്നെ. അറുപത്തിയെട്ടു് വർഷങ്ങൾക്കുമുമ്പു്, അന്നു കേവലം വിദ്യാർത്ഥിയായിരുന്ന ഒരു പതിനെട്ടാം വയസ്സുകാരനിൽ നിന്നുമാണു് ഈ സ്രോതസ്സു രൂപമെടുത്തതു്.

ഇന്നും തിരുവിതാംകൂർ സർവ്വകലാശാലാ വിദ്യാപീഠത്തിനുമുമ്പിൽ ഗംഭീരനായ ഒരു ചൂതവ്യക്തൻ നില്പുണ്ടു്. സംഭാഷണശക്തിയുണ്ടായിരുന്നെങ്കിൽ, എത്രയെത്ര വിവിധങ്ങളും വിചിത്രങ്ങളുമായ വൃത്താന്തങ്ങൾ അതിനു പറയാൻ കഴിയുമായിരുന്നു! രാജസേവകന്മാരുടെ നീചമായ ഉപജാപങ്ങൾ, അരമനരഹസ

ങ്ങൾ, പുണ്യശ്ലോകരായ രാജർഷിമാരുടെ വാർത്തകൾ, വിദേശിദിവാൻജിമാരുടെ ആഗമനനിർഗ്ഗമനങ്ങൾ, കിരാതമായ വിദ്യാർത്ഥിവേട്ടകൾ, പണിമുടക്കുകൾ എന്നിങ്ങനെ ആയിരം ആയിരം കാര്യങ്ങൾ! പടർന്നുപന്തലിച്ച് നില്ക്കുന്ന ആ തരുവീരന്റെ തണലിലിരുന്ന് ഒരു യുവാവ് സഹപാഠികളായ രണ്ടു സഹചാരരുമൊരുമിച്ച്, അന്ന് ദിവാനായിരുന്ന വേമ്പാകം രാമയ്യങ്കാരെപ്പററി കഠിനമായിവിമർശിക്കുന്ന ലേഖനങ്ങൾ ധ്രുതഗതിയിൽ തയ്യാറാക്കുകയായിരുന്നു. പ്രസ്തുത ലേഖനങ്ങൾ അന്നു കൊച്ചിയിൽനിന്നും പുറപ്പെട്ടിരുന്ന "വെസ്റ്റേൺ സ്റ്റാർ" എന്ന ദൈ്വവാരിക പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വിദേശികളെ തിരുവിതാംകൂർ സർവീസിൽ വിവേചനബുദ്ധിയില്ലാതെ ഇറക്കുമതി ചെയ്യുന്ന കുത്സിതമായ നയമായിരുന്നു വിദ്യാർത്ഥിലേഖകന്റെ പ്രതിപാദ്യം. ഈ ലേഖനപരമ്പര തിരുവിതാംകൂറിലും വെളിയിലുമുള്ള ഔദ്യോഗികകേന്ദ്രങ്ങളിൽ ഒച്ചപ്പാടുണ്ടാക്കി. എഴുത്തുകാരൻ കുറേക്കാലം അജ്ഞാതനാമാവായിത്തന്നെ കഴിഞ്ഞു. ആ വ്യക്തിയെ കണ്ടുപിടിക്കാനായി തന്റെ സർവ്വശക്തികളും ദിവാൻ നിയോഗിച്ചു. കേവലം യുവാക്കളായ ലേഖകനും സഖാക്കളും കണ്ടുപിടിക്കപ്പെട്ടു. അവർ കലാലയത്തിൽനിന്നു നിഷ്കാസിതരായി. കഥാപുരുഷനായ ജി. പരമേശ്വരൻപിള്ളയും, ദിവാൻ നാണുപിള്ളയുടെ പുത്രനും പിൽക്കാലത്തു തിരുവിതാംകൂറിലെ എക്സൈസ് കമ്മീഷണരായി പ്രശസ്ത സേവനം അനുഷ്ഠിച്ച എൻ. രാമൻപിള്ളയും, മഹാരാഷ്ട്രസമുദായാംഗവും ഉദ്യോഗസ്ഥപുത്രനുമായ ആർ. രംഗറാവുവുമായിരുന്നു ഈ ത്രിമൂർത്തികൾ.

ഈ സംഭവവികാസങ്ങൾ ഒരു പ്രത്യേക കാലഘട്ടത്തെയാണു കുറിക്കുന്നതു്. റാവുദിവാൻജിമാരുടെ സ്വാർത്ഥനയവും, വെളിയിലുള്ള പത്രങ്ങളുടെ നിശിത വിമർശനങ്ങളും, രാജ്യനിവാസികളുടെ രാഷ്ട്രീയപ്രബുദ്ധതയെ ഇളക്കാൻ പര്യാപ്തമായിരുന്നില്ല. സ്വാവകാശസംരക്ഷണങ്ങൾക്കായി സംഘടിതമായ രീതിയിൽ പ്രക്ഷോഭണം-അതിന്റെ പൂർണ്ണവും വ്യാപകവുമായ അർത്ഥത്തിൽ, സ്വേച്ഛാപ്രിയരായ ഭരണാധികാരികളോടുള്ള പോരാട്ടമായിസമാരംഭിച്ചതു് ശ്രീ. ജി. പരമേശ്വരൻപിള്ളതന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ പത്തു വർഷത്തേയ്ക്കു് തുടർന്നുണ്ടായ പ്രവർത്തനം തിരുവിതാംകൂറിന്റെ അവശതകളെപ്പററി വെളിയിലുള്ളവർ അറിയുന്നതിനും അവരുടെ ശ്രദ്ധയെ ഇങ്ങോട്ടാകർഷിക്കുന്നതിനും പര്യാപ്തമായി. അദ്ദേഹത്തിന്റെ പരിശ്രമമാണ് വഞ്ചിരാജ്യജനതയ്ക്കു് സ്വന്തം അവകാശങ്ങളെപ്പററിയുള്ള ബോധം ഉളവാക്കിയതു്. അതിനാൽ തിരുവിതാംകൂറിലെ രാഷ്ട്രീയപ്രക്ഷോഭണത്തിന്റെ ജനയിതാവ് എന്ന് അദ്ദേഹത്തെ ന്യായമായി അഭിസംബോധനം ചെയ്യാം.

ശ്രീ. പരമേശ്വരൻപിള്ള ആയിരത്തിഎണ്ണൂററിഅരുപത്തിനാല് ഫെബ്രുവരി ഇരുപത്തിനാലാം തീയതി, തിരുവനന്തപുരത്തിനടുത്തുള്ള പള്ളിപ്പുറത്തു ജനിച്ചു. ബാല്യകാലത്തിൽതന്നെ മാതാപിതാക്കന്മാർ ഇഹലോകവാസം വെടിഞ്ഞു. അക്ഷരാരംഭം മുതല്ക്കുതന്നെ ശോഭനമായ ഒരു വിദ്യാലയജീവിതമാണദ്ദേഹത്തിനുണ്ടായിരുന്നതു്. വ്യായാമപ്രിയനും, പ്രാസംഗികനുമായിരുന്ന പരമേശ്വരൻ സഹപാഠികളുടെ കണ്ണിലുണ്ണിയായിരുന്നു.

വിദ്യാഭ്യാസാരംഭത്തോടുതന്നെ കൊച്ചുപരമേശ്വരന്റെ പത്രപ്രവർത്തനവും തുടങ്ങി എന്നു തോന്നിപ്പോവും. എഫ്. ഏ. ക്ലാസ്സിൽ പഠിക്കുന്ന കാലത്തും "കൊച്ചിൻ ആർഗസി"ന്റെ ഒരു നിത്യലേഖകനായിരുന്നു. അതിനെ തുടർന്നാണ് വെസ്റ്റേൺ സ്റ്റാറിൽ പ്രവേശിച്ചതു്. സ്റ്റാറിലെ ലേഖനങ്ങളുടെ പരിണതഫലമായിട്ടാണ് ജി. പി. തിരുവനന്തപുരത്തു നിന്നും നിഷ്കാസിതനായതും. മററു ചില വലിയ ആളുകളെക്കൂടി ഇതിൽ കൂട്ടിക്കുഴയ്ക്കാൻ ദിവാന് ആഗ്രഹമുണ്ടായിരുന്നു. പ്രലോഭനങ്ങൾ ചൊരിയപ്പെട്ടു. ജി. പി. താണില്ല. ശ്രമങ്ങൾ വിഫലങ്ങളായപ്പോൾ അയ്യങ്കാർദിവാൻ ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. ഒരറസ്ററുവാറണ്ടു്. ജി. പി. മദ്രാസിലേക്കു കടന്നു. എക്സ്ററാഡിഷൻ ആയുധവുമേന്തി ദിവാൻ പിന്തുടർന്നതു് ഫലപ്രാപ്തമായില്ല.

ബി. ഏ. ബിരുദം നേടിയശേഷം മദ്രാസ് ഹൈക്കോർട്ടിൽ മലയാളം പരിഭാഷകനായി അദ്ദേഹം ജോലിയിൽ പ്രവേശിച്ചു. ഇതിനിടയ്ക്കു് രാമയ്യങ്കാരെ തുടർന്ന് ദുർബ്ബലമനസ്കനായ രാമറാവു ഭരണമാരംഭിച്ചു. സ്ഥിതിഗതികൾ കുറേക്കൂടി വഷളായി. ജി. പി-യ്ക്കു് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. തൂലികയുമായി അദ്ദേഹം സമരരംഗത്തിറങ്ങി. തിരുവിതാംകൂർ കാര്യത്തിൽ പരസ്യാന്വേഷണം നടത്തണമെന്നു ചില പ്രമുഖപത്രങ്ങൾ എഴുതി. * ആയിടയ്ക്കുതന്നെ മദ്രാസ് ഗവർണ്ണറായ, കണ്ണിമാറാ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചു. ജീ. പി. "Pro-patria" എന്ന അപരനാമത്തിൽ ഒരു പ്രത്യക്ഷപത്രം† അച്ചടിച്ചു് പരസ്യപ്പെടുത്തി. സായിപ്പു് പ്രശസ്താതിഥിയായി സസുഖം താമസിച്ചു, മൃഗയാവിനോദവും കഴിഞ്ഞു് തിരിച്ചുപോയതല്ലാതെ ഒന്നും ചെയ്യുകയുണ്ടായില്ല. രണ്ടുവർഷത്തിനുശേഷം "തിരുവിതാംകൂർ തിരുവിതാംകൂർകാർക്കുവേണ്ടി" എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ പുറത്തുവന്നു. വിദേശിദിവാൻജിമാരുടെ പലേ ഭരണവൈകല്യങ്ങളെപ്പററിയും, നാട്ടുകാരെ സ്റ്റേററു് സർവീസിലെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കാൻ അധികൃതർ കാണിച്ചിരുന്ന വൈമുഖ്യത്തെപ്പററിയുമുള്ള കർക്കശമായ വെളിപ്പെടുത്തലായിരുന്നു അതു്.

പ്രജകൾ രാജ്യഭരണനിർവ്വഹണത്തിൽ ശരിയായ ഒരു പങ്കിനു് അർഹരാണെന്നു മഹാരാജാവിനെ അറിയിക്കാനായി ജി. പി. ഒരു നിവേദനസമർപ്പണം നടത്തി: നാട്ടുകാരുടെ അവശതകളെ സവിസ്തരം പ്രതിപാദിക്കുന്ന "മെമ്മോറിയൽ" എഴുതിയുണ്ടാക്കി, അതച്ചടിച്ചു് വിതരണം ചെയ്യുകയും, പതിനായിരത്തിൽപരം ഒപ്പുകൾ നേടുകയും ചെയ്തു. § അക്കാലത്തു— എല്ലാ ഉദ്യോഗസ്ഥന്മാരും രാജപ്രതിനിധികളാണെന്നും അവരെപ്പററിയുള്ള ന്യായമായ ദോഷാരോപണംപോലും രാജദ്രോഹമാണെന്നും ജനസാമാന്യം അന്ധമായി വിശ്വസിച്ചുപോന്ന അക്കാലത്തു്—അതു്

* ഇതു മൂലം തിരുനാൾ മഹാരാജാവിന്റെ ഭരണാരംഭദശയിലായിരുന്നു. ജീ. പി. യുടെ ലേഖനങ്ങൾ സമാഹരിച്ചു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. വളരെക്കാലത്തേക്കു് അതു തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ടിരുന്നു. (ക. പ.)

§ ഇതായിരുന്നു പ്രസിദ്ധമായ "മലയാളിമെമ്മോറിയൽ" സുവിഖ്യാതനായ കാവാലം നീലകണ്ഠപ്പിള്ള മുതൽപേരുടെ സഹകരണത്തോടുകൂടിയാണ് പ്രസ്തുത നിവേദനം പ്രസിദ്ധീകൃതമായതു്. ഇദംപ്രഥമമായി ബ്രാഹ്മണരൊഴിച്ചുള്ള സകലജാതിക്കാരും ഒത്തുചേർന്നു തങ്ങളുടെ അവകാശസ്ഥാപനാർത്ഥം പ്രയത്നിച്ചതു് അന്നായിരുന്നു. (ക. പ.)

ഒരു വലിയ നേട്ടംതന്നെ ആയിരുന്നു. മദിരാശി ബാറിലെ അനിഷേധ്യ നേതാവായിരുന്ന ശ്രീ. കെ. പി ശങ്കരമേനോൻ അതു മഹാരാജസമക്ഷം സമർപ്പിച്ചു. ഈ ഭീമഹർജിയാണു പില്ക്കാലത്തു് "ട്രാവൻകോർ മെമ്മോറിയൽ" എന്ന വിഖ്യാതമായ പ്രബന്ധം. രാഷ്ട്രീയപ്രബുദ്ധതയുടെ സുപ്രഭാതത്തെയാണതു കുറിക്കുന്നതു്. ജനപ്രതിനിധികളടങ്ങിയ ഒരു നിവേദകസംഘത്തെ കാണാൻ മഹാരാജാവു സമ്മതിച്ചു. പ്രക്ഷുബ്ധമായ അന്തരീക്ഷം കുറഞ്ഞൊന്നു ശാന്തമായി. മെമ്മോറിയലും അതിനെ തുടർന്നുണ്ടായ ശബ്ദകോലാഹലവും, പൌരനാദം തങ്ങൾക്കു നേരിടേണ്ട, അന്വേഷിച്ചറിയേണ്ട, അറിഞ്ഞു് കുറവുകൾ നികത്തേണ്ട, ഒരു പ്രധാന ശക്തിയാണെന്നു് ഭരണാധികാരികൾക്കു മനസ്സിലാക്കിക്കൊടുത്തു.

തിരുവിതാംകൂറിലെ ഈഴവരുടെ അവകാശവാദങ്ങളുമായി ആദ്യമായി മുന്നോട്ടു വന്നതും ജി. പി. ആയിരുന്നുവെന്നുള്ളതു് സ്മർത്തവ്യമാണു്. മെമ്മോറിയലിൽ ഈഴവരുടെ അവശതകളെപ്പററിയുള്ള പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. യാഥാസ്ഥിതികമായ അന്നത്തെ ഗവൺമെൻറു് അതിനെ ചെവിക്കൊണ്ടില്ല. ജി. പി. അതു് ബ്രിട്ടീഷ് പാർളിമെൻറുവരെ എത്തിച്ചു. നാഷണൽ കാൺഗ്രസ്സ് സമ്മേളനങ്ങളിൽപോലും അദ്ദേഹം അതിനെപ്പററി വാദിക്കയുണ്ടായി.

കേവലം കൌമാരദശയിൽ തന്നെ തിരുവിതാംകൂർ സർക്കാരുമായി സമാരംഭിച്ച സമരം, മെമ്മോറിയൽ സമർപ്പണത്തോടു കൂടി അവസാനിച്ചു. എന്നാൽ പത്തുവർഷത്തോളം ഇടവിടാതെ, തളരാതെ, അദ്ദേഹം നടത്തിയ പ്രക്ഷോഭണം സുഷുപ്തിയിലാണ്ടു് കിടന്നിരുന്ന, ജനലക്ഷങ്ങളുടെ കണ്ണുകൾ തുറപ്പിച്ചു. വഞ്ചിനാട്ടിൻെറ രാഷ്ട്രീയ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം അപ്രകാരം വിരചിതമായി.

ചരിത്രം സൃഷ്ടിച്ച തിരുവിതാംകൂർ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ, ജി. പി. നിരന്തരമായി വൃത്താന്തപത്രങ്ങൾക്കു് ലേഖനസഹായം ചെയ്തിരുന്നു. മദ്രാസിൽ ജീവിതമാരംഭിച്ചതിനുശേഷം പത്രപ്രവർത്തനം മാത്രമായിരുന്നു ഏകഉപജീവനമാർഗ്ഗം. 1892-ൽ അദ്ദേഹം 'മദ്രാസ്സ് സ്റ്റാൻഡേർഡിൻെറ' ആധിപത്യം ഏററു. ത്രൈവാരികമായിരുന്ന സ്റ്റാൻഡേർഡ് പ്രതിദിനമായി മാറി. വെറുമൊരു യൂറേഷ്യൻ പത്രമെന്ന നിലയിൽനിന്നും അതൊരു തീക്ഷ്ണ വാദിയായ ദേശീയദിനപ്പത്രമായി പൊങ്ങി. സർ ദീൻഷാ വാച്ചാ, നാട്ടൺ തുടങ്ങിയ പ്രസിദ്ധന്മർ അതിൻെറ പതിവു ലേഖകന്മാരായി. സ്റ്റാൻഡേർഡ് പത്രലോകത്തും, അതിൻെറ പത്രാധിപർ മദ്രാസ് നഗരത്തിലും ഗണനീയരായി.

സമുദായപരിഷ്കരണവും ജി. പിക്കു പ്രിയപ്പെട്ട ഒരു വിഷയമായിരുന്നു. മധുവർജ്ജനം മുതലായവയെപ്പററി പ്രചരണം നടത്താനായി മദ്രാസു സോഷ്യൽറിഫാം അസ്സോസ്സിയേഷൻ (സമുദായപരിഷ്കരണസമിതി)മുതലായ സംഘങ്ങൾ ഉണ്ടാക്കി. ആദർശങ്ങൾ പ്രസംഗിച്ചു് അവ സ്വയം പരിശീലിക്കാത്ത അവസരസേവകന്മാരെ നാം കണ്ടിട്ടുണ്ടു്; ഇപ്പോൾ കാണുന്നുമുണ്ടു്. ജി. പി. അതിനു് ഒരു വ്യത്യസ്തനായിരുന്നു. മരണപര്യന്തം അദ്ദേഹം ലഹരിദ്രവ്യങ്ങൾ ഉപയോഗിച്ചിരുന്നില്ല. ചരമശയ്യയിൽ രോഗശമനത്തിനായി പോലും മദ്യം സേവിക്കാൻ അദ്ദേഹം വിസമ്മതിച്ചു.

മദിരാശി മലയാളികൾക്ക് ഒരു ശക്തി കേന്ദ്രംതന്നെയായിരുന്ന ജീ. പി. നിഃസ്വാത്ഥമായ പ്രവൎത്തനങ്ങൾ, സത്യസന്ധത, സേവനസന്നദ്ധത എന്നിവ അദ്ദേഹത്തെ ഒരു വ്യക്തി എന്ന നിലയിൽ നിന്നും പൊക്കി ഒരു ശക്തിയാക്കിത്തീൎത്തിരുന്നു. പതിതന്റെയും, പാവങ്ങളുടെയും ഉററബന്ധുവും, അക്രമനിരതരുടെ അപ്രധൃഷ്യനായ വൈരിയുമായിരുന്നു അദ്ദേഹം.

നിൎഭയനായ ജീ. പിയുടെ പത്രപ്രവൎത്തനജീവിതംസമുജ്ജ്വലമായ ഒന്നായിരുന്നു. അതിനിടക്കു നടന്ന പല സംഭവങ്ങളും അന്നു ജീവിച്ചിരുന്നവരുടെ സ്മരണയിൽ മറയാതെ കിടപ്പുണ്ട്. ജനാഭിലാഷവിരോധിയും, അധികാരപ്രമത്തനുമായിരുന്ന ഗവൎണ്ണർ വെൻലോക്ക് പ്രഭുവിന്റെ ഭരണത്തെ സ്റ്റാൻഡേർഡ് അതിനിശിതമായി വിമൎശിച്ചിരുന്നു. വെൻലോക്ക് ഭരണമൊഴിഞ്ഞപ്പോൾ, ചില വ്യക്തികൾ സായ്വിന്റെ പ്രതിമ പ്രതിഷ്ഠിക്കാനായി ശ്രമങ്ങൾ നടത്തി. ജീ. പിയുടെ ലേഖനപരമ്പര അവരെ അതിൽ നിന്നും വിനിവൎത്തിപ്പിച്ചു. ഗുണഗീതങ്ങൾ പാടിക്കേൾക്കാതെതന്നെ ധ്വര ഇൻഡ്യൻതീരംവിട്ടു. അപാരപണ്ഡിതനും, നിയമശാസ്ത്ര വിശാരദനുമായിരുന്ന സർ മുത്തുസ്വാമി അയ്യരുടെ പ്രതിമാസ്ഥാപന കാലത്തും ജീ. പിയുടെ തൂലിക നിഃസ്വാത്ഥമായ സേവനം ചെയ്തു. ഇക്കുറി ആശയഗതി മറിച്ചായിരുന്നുവെന്നേയുള്ളു. സർ മുത്തുസ്വാമിയുടെ പ്രതിമ സ്ഥാപിക്കുന്നതിൽ പല പ്രമുഖരും എതിൎപ്പുണ്ടായിരുന്നുവെങ്കിലും സ്റ്റാൻഡേർഡിന്റെ ആശയഗതി, അവരെ നിശ്ശബ്ദരാക്കി. മദ്രാസ് ഹൈക്കോട്ടിന്റെ പുരോഭാഗത്തു് സുപ്രസിദ്ധനായിരുന്ന ആ ഭാരതീയ നിയമ പടുവിന്റെയും, പ്രാഡ്വിപാകപ്രവരന്റെയും സ്മാരകമായി ഒരു മാർബ്ബിൾ പ്രതിമ ഇന്നും സവിശേഷം പ്രശോഭിക്കുന്നുണ്ട്. പ്രസ്തുത പ്രതിമ പത്രാധിപമണ്ഡല ദിവാകരനായിരുന്ന ജീ. പിയുടെ സ്മരണയേയും പരോക്ഷമായി ആദരിക്കുന്നുണ്ടെന്നു് പറയാം.

ശ്രീ. പരമേശ്വരൻപിള്ള അഭിവന്ദ്യനായ ഒരു കൺഗ്രസ്സ് പ്രവൎത്തകൻകൂടിയായിരുന്നു. 1894 ലും 1898-ലുംഅദ്ദേഹം അതിന്റെ കാൎയ്യദൎശിയായിരുന്നു. അതിനിടക്കു കൂടിയ സമ്മേളനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ദക്ഷിണാഫ്രിക്കയിലെ ഭാരതീയരുടെ അവശതകളെപ്പററിയാണു അദ്ദേഹം സാധാരണ പ്രസംഗിച്ചിരുന്നതു്. പ്രസ്തുതപ്രശ്നം അവധാനതയോടെ പഠിച്ചു് അതിനു വേണ്ടി ശ്രമിച്ചിരുന്ന മാന്യവ്യക്തികളിൽ ജീ. പി. ഗണനീയനായിരുന്നു.

1896-ൽമഹാത്മജി ഇദംപ്രഥമമായി മദ്രാസ്സ് സന്ദൎശിച്ചു. ജീ. പി. അദ്ദേഹത്തിന് ഹൃദ്യമായ ഒരു സ്വീകരണം നല്കുകയും, സകല സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്കയും ചെയ്തു. സംപൂജ്യനായ ബാപ്പുജി തന്റെ "സത്യാന്വേഷണപരീക്ഷ"കളിൽഇക്കാൎയ്യത്തെപ്പററി കൃതജ്ഞതാപൂൎവ്വം സ്മരിച്ചിട്ടുണ്ട്.

"......എനിക്കു ലഭിച്ച ഏററവും വലിയ സഹായം മദ്രാസ് സ്റ്റാൻഡേർഡ് പത്രാധിപരായിരുന്ന ശ്രീയുത് പരമേശ്വരൻപിള്ളയുടേതായിരുന്നു. പ്രസ്തുത പ്രശ്നത്തെ കൂലംകഷമായി മനസ്സിലാക്കിയതിനു പുറമേ എന്നെ അദ്ദേഹത്തിന്റെ ആഫീസിലേക്ക് ക്ഷണിക്കയും മാൎഗ്ഗദൎശനം നല്കുകയും ചെയ്തു............ സ്റ്റാൻഡേർഡിന്റെ കാളങ്ങൾ മുഴുവൻ

അധീനതയിൽ വിട്ടുതരികയും, ഞാൻ അതിനെ ധാരാളം ഉപയോഗിക്കയും ചെയ്തിട്ടുണ്ട്."

അപ്പോഴേക്കും, ജി. പി. യും, പത്രവും അസൂയാർഹമായ ഒരു പദവിയെ സമാർജ്ജിച്ചുകഴിഞ്ഞിരുന്നു. ആചാര്യ പി. സി. റായി തൻെറ ഗവേഷണശ്രമങ്ങൾക്ക് പ്രചരണത്തിനായി ജീ. പി-യോട് അപേക്ഷിക്കുകയും അദ്ദേഹം അതു് സഹർഷം നല്കുകയും ചെയ്തിരുന്നു. ദാദാഭായി നവറോജിയായിരുന്നു ജീ. പി-യുടെ സഹായം ആവശ്യപ്പെട്ടിരുന്ന മററൊരു മഹാവ്യക്തി.

1897-ൽ യശശ്ശരീരനായ ഡാക്ടർ ററി. എം. നായരുമൊന്നിച്ചു അദ്ദേഹം വിക്ടോറിയാ ചക്രവർത്തിനിയുടെ വജ്രജൂബിലി ആഘോഷവേളയിൽ ഇംഗ്ലണ്ടു സന്ദർശിച്ചു. ഇംഗ്ലീഷുകാർക്ക് ഇൻഡ്യയെപ്പററിയുണ്ടായിരുന്ന അത്യധികമായ അറിവില്ലായ്മയെ പരിഹരിക്കാൻ അദ്ദേഹം കഴിയുന്നത്ര ശ്രമിക്കയുണ്ടായി. ഒട്ടുവളരെ ആംഗലസദസ്സുകളിൽ അദ്ദേഹം പ്രസംഗിച്ചു. പല മിത്രങ്ങളെയും ആ യാത്രയിൽ സമ്പാദിച്ചു. പ്രധാനമന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റൺ അവരിലൊന്നായിരുന്നു. അവിടത്തെ താമസത്തിനിടയ്ക്കു തന്നെ "റിപ്രസൻറേററീവ് ഇൻഡ്യൻസ്" എന്ന തൻെറ ഗ്രന്ഥത്തെ പ്രസിദ്ധീകരിച്ചു. * മുപ്പത്തിയാറു ഭാരതീയമഹാന്മാരുടെ ചരിത്രശകലങ്ങളാണതിലുൾപ്പെട്ടിരുന്നതു്. പ്രൌഢസുന്ദരമായ ഒരുശൈലിയിലാണ് ഈ പുസ്തകം എഴുതപ്പെട്ടിട്ടുള്ളതു്.

* ഈ ഗ്രന്ഥം ഇംഗ്ലണ്ടിലെ റൌട്ട്ലഡ്ജ് ആൻഡ് സൺസ് കമ്പനിക്കാരാണു പ്രസിദ്ധീകരിച്ചതു്. അതിമനോജ്ഞമായ ഒരു പ്രസിദ്ധീകരണമായിരുന്നു അതു്. (ക. പ.)

"ടൈംസ്" മുതലായ ഒന്നാംകിട പത്രങ്ങൾപോലും ഈ ഗ്രന്ഥത്തെ മുക്തകണ്ഠം സ്തുതിച്ചു. തിരുവനന്തപുരത്തെ വിദ്യാർത്ഥിജീവിതവും ആദ്യകാലത്തെ, മദിരാശിയിലെ സ്വസ്ഥതയും നശിപ്പിച്ച വെമ്പാക്കം രാമയ്യങ്കാരുടെ ജീവചരിത്രം ഇതിൽ ചേർത്തിരുന്നുവെന്നുള്ളതു് അദ്ദേഹത്തിൻെറ ഹൃദയവിശാലതയ്ക്കു ഉത്തമലക്ഷ്യമാണ്. ഇംഗ്ലണ്ടിലെ സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി എഴുതിയ ലേഖനങ്ങൾ 'ലണ്ടനും പാരീസും' എന്നപുസ്തകരൂപത്തിൽ പ്രകാശിതമായി. ഇന്നു അദ്വിതീയമായിത്തന്നെ ഇരിക്കുന്ന ഒരു സഞ്ചാരഗ്രന്ഥമാണിതു്.

കൌമാര സ്വപ്നങ്ങളുടെ സാക്ഷാത്കരണം എന്നാണ് തൻെറ ഇംഗ്ലണ്ട് സന്ദർശനത്തെപ്പററി ജി. പി-ക്കു പറയാനുണ്ടായിരുന്നതു്. ആംഗലനാട്ടിനോടും, നാട്ടുകാരോടും അവിടത്തെ പല വ്യവസ്ഥിതികളോടും, അതിയായ ബഹുമാനത്തോടും കൂടിയാണ് അദ്ദേഹം മടങ്ങിവന്നതു്.

ജീ. പി-യുടെ അതുലമായ ആധിപത്യത്തിൽ സ്ററാൻഡേർഡിൻെറ കീർത്തി അനുദിനം വളർന്നുപൊലെതന്നെ, അതിൻെറ മുഖം നോക്കാതുള്ള നിശിതനിരൂപണങ്ങൾമൂലം പ്രബലരായ ശത്രുക്കളുടെ എണ്ണവും വദ്ധിച്ചു. അധികാരപ്രമത്തരായ ചിലർക്കു ഇതു് സഹിച്ചില്ല. അഭിഭാഷകവീരനായിരുന്ന സർ. വി ഭാഷ്യം അയ്യങ്കാർ ഈ പ്രമാണികളിൽ പ്രമുഖനായിരുന്നു. പലരുടേയും പ്രേരണാനുസാരം സർ. ഭാഷ്യം, സ്റ്റാൻഡേർഡ് പത്രാധിപരുടെ മേൽ കേസു കൊടുത്തു. ആ പ്രശസ്തമായ പക്ഷപാതിത്വം എന്ന മുഖപ്രസംഗമായിരുന്നു കേസ്സിനു നിദാന

മായിത്തീൎന്നു. ഒരു ഒത്തുതീൎപ്പിനായി പലരും ശ്രമിച്ചു. മറയ്ക്കാനും, പൊറുക്കാനും കഴിവുള്ള മനസ്ഥിതിയോടു് ജീ. പി. അപകീൎത്തികരമായി കരുതിയിരുന്ന പ്രസ്താവനകളെ പിൻവലിച്ചു. കുഴപ്പങ്ങൾ, അതുകൊണ്ടവസാനിക്കുമെന്നു് എല്ലാവരും കരുതി. ഭാഷ്യം തൃപ്തനായില്ല. കേസു തുടൎന്നുനടന്നു. വിധി ജീ. പി. ക്കു് എതിരായിരുന്നുവെന്നു് പറയേണ്ടതില്ലല്ലോ?

ഈ അപജയം അദ്ദേഹത്തിനു് അസഹ്യമായിത്തോന്നി. തന്റെ പ്രതിയോഗികളുടെ പ്രവൃത്തിമാൎഗ്ഗത്തിൽ നിയമവൃത്തിയിൽ തനിക്കും പ്രാവീണ്യം നേടണമെന്നദ്ദേഹത്തിനു് ആശ ജനിച്ചു. നിയമബിരുദം നേടണമെന്നുള്ളതായിരുന്നു അടുത്ത ആശ. സാമ്പത്തിക പ്രശ്നങ്ങളെ കേവലം അഗണ്യമാക്കി, ബാരിസ്റ്റർ ബിരുദലബ്ധിക്കായി അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചു.

മൂന്നു് വൎഷക്കാലത്തെ അദ്ദേഹത്തിന്റെ അവിടത്തെ താമസം ബഹുൎമ്മുഖമായ പ്രവൎത്തനങ്ങൾ കൊണ്ടു നിറഞ്ഞതായിരുന്നു. വെറും നിൎദ്ധനനായിട്ടാണു് അദ്ദേഹത്തെ ബിലാത്തി കണ്ടതു്. ഇൻഡ്യയിൽ നിന്നും ധനസഹായം ലഭിക്കുമെന്നുള്ള ആശയ്ക്കും വഴിയില്ലായിരുന്നു. അതിനാൽ പഠിത്തത്തിനൊപ്പം ജോലി ചെയ്യേണ്ടതായി വന്നുകൂടി. ലേഖനങ്ങൾ എഴുതിയാണു് ജീവിക്കേണ്ടിവന്നതു്. പല സുപ്രസിദ്ധമാസികകളിലും അദ്ദേഹം തുടൎന്നെഴുതി. ജീ. പിയുടെ ലേഖനങ്ങൾക്കായി ആംഗലമാസികകൾ അഹമഹമികയാ മുന്നോട്ടു വന്നു.

മാതൃഭൂവിനു് വേണ്ടിയുള്ള പരിശ്രമങ്ങളിൽ അദ്ദേഹം ഇത്തരുണത്തിലും ഉദാസീനനായിരുന്നില്ല. ബ്രിട്ടീഷു് കാൺഗ്രസ്സു് കമ്മററിയുടെ ആഭിമുഖ്യത്തിൽ പലയിടത്തും സഞ്ചരിച്ചു് പ്രസംഗങ്ങൾ നടത്തി. മിക്കവാറും ദക്ഷിണാഫ്രിക്കയിലെ ഇൻഡ്യാക്കാരുടെ അവശതകൾ തന്നെയായിരുന്നു പ്രസംഗവിഷയം. തന്റെ മൎദ്ദിതസഹോദരങ്ങളുടെ അവകാശസ്ഥാപനത്തിനായി ബ്രിട്ടീഷ് ജനതയോടു് ആത്മാൎത്ഥമായിഅഭ്യൎത്ഥിച്ചു. പ്രധാനമന്ത്രിയുടെ മുമ്പിൽ നിവേദനസംഘങ്ങൾ അയച്ചു. വന്ദ്യപിതാമഹനായ നവറോജ് ഭാരതീയസ്വാതന്ത്ര്യപ്രശ്നത്തിനു് ആംഗലരുടെ പിന്തുണതേടുവാനായി ശ്രമിക്കയായിരുന്നു. ഏതൽ സംരംഭങ്ങളിലും ജീവനാഡിയായി നിന്നതു് ജീ. പി. തന്നെയായിരുന്നു. ഒന്നാമത്തെ സന്ദൎശനവേളയിൽ ഗ്രന്ഥകാരനെന്നു് കീൎത്തി പരത്തിയ ശ്രീ. പരമേശ്വരൻ പിള്ള, ഇത്തവണ വാഗ്മി എന്നു് പുകഴ് നേടി.

ബാരിസ്റ്റർ ബിരുദം സമ്പാദിച്ചതിനുശേഷം അദ്ദേഹം 1902-ൽതിരിച്ചു വന്നു. വിശ്രമരഹിതമായി നാട്ടിനും, സ്വജനങ്ങൾക്കും വേണ്ടിച്ചെയ്ത എണ്ണമററ പ്രവൃത്തികൾ ജീ. പിയുടെ ആരോഗ്യപൂൎണ്ണമായ ശരീരത്തെ വല്ലാതെ ഉലച്ചു കളഞ്ഞു. പരിക്ഷീണമായ ശരീരത്തോടാണദ്ദേഹം മദ്രാസിൽ വന്നതു്. അവിടത്തെ ഡാക്ടറന്മാർ പരിപൂൎണ്ണവിശ്രമം അത്യന്താപേക്ഷിതമാണെന്നും, വിശ്രമാൎത്ഥം തിരുവിതാംകൂറിലേക്കു് പോകണമെന്നും അഭിപ്രായപ്പെട്ടു.

ബോട്ടു് വഴി കൊല്ലത്തെത്തിയ ശ്രീ. പരമേശ്വരൻ പിള്ളയ്ക്കു നാനാജാതിമതസ്ഥരായ ആളുകൾ ചേൎന്നു രാജോചിതമായ സ്വീകരണം നല്കി. ഡിസംബർ മാസത്തിലെ മഞ്ഞണിഞ്ഞ ഒരു പ്രഭാതത്തിൽ അവിടെ തടിച്ചു കൂടിയിരുന്ന

ജനാവലി, ആറാംമാസത്തിനു ശേഷം, അതേ പട്ടണത്തിൽ വച്ചു്, പക്ഷേ വ്യത്യസ്തമായ പരിതഃസ്ഥിതികളിൽ, സ്മര്യപുരുഷൻെറ ഭൗതികാവശിഷ്ടങ്ങളെ അന്ത്യവിശ്രമസ്ഥലത്തേക്കനുയാത്ര ചെയ്യുന്നതിലേക്കായി വീണ്ടും സമ്മേളിക്കേണ്ടിവരുമെന്നു് സ്വപ്നേപി വിചാരിച്ചിരിക്കയില്ല. തിരുവനന്തപുരവും ചരിത്രനായകനു് അതിഗംഭീരമായ ഒരു സ്വീകരണം നല്കി.

തിരുവിതാംകൂർ ഹൈക്കോട്ടിൽ അദ്ദേഹം ഒരു അഭിഭാഷകനായി ചേന്നു. ഒരു പത്രപ്രവത്തകനെന്ന നിലയിൽ അദ്ദേഹം നേടിയ പ്രശസ്തി, നിയമജ്ഞനെന്ന നിലയിലും അദ്ദേഹത്തിനു് കൈവരുമെന്നു് എല്ലാവരും പ്രതീക്ഷിച്ചു. മഹാരാജാവു് തിരുവിതാംകൂർ സവ്വീസിൽ കൊടുക്കാമെന്നു് പറഞ്ഞ ഉന്നതമായ ഒരു ഉദ്യോഗം അദ്ദേഹം വിനയ പുരസ്സരം നിരസിച്ചു. അനുദ്യോഗസ്ഥനായി കഴിഞ്ഞാൽ രാജ്യത്തേയും മനുഷ്യസമുദായത്തേയും കൂടുതൽ സേവിക്കാൻ കഴിയുമെന്നായിരുന്നു ജി. പിയുടെ അഭിപ്രായഗതി. രണ്ടു മൂന്നു മാസത്തിനകം അദ്ദേഹം തിരുവനന്തപുരം ബാറിലെ ഒരു നേതാവായി.

എന്നാൽ ക്രൂരമായ വിധി അതിനു് കാലദൈർഘ്യം നല്കിയില്ല. ചഞ്ചലവും സദാ പ്രവൃത്തിനിരതവുമായ അദ്ദേഹത്തിൻെറ ആത്മാവിനു് നിത്യമായ ശാന്തി നല്കണമെന്നു അതിനു തോന്നി. അദ്ദേഹത്തിൻെറ ആരോഗ്യം നിശ്ശേഷം തകന്നു. രോഗചികിത്സക്കായി അദ്ദേഹം സ്നേഹിതനായ ഡാക്ടർ പീററർ ലക്ഷ്മണൻെറ കൊല്ലത്തുള്ള വസതിയിലേക്കു് താമസം മാററി. വിദഗ്ദ്ധമായ വൈദ്യസഹായത്തിനു വശപ്പെടാതെ അദ്ദേഹത്തിൻെറ ജീവശുകം ശുഷ്കമായ പഞ്ജരത്തെ വെടിഞ്ഞിട്ടു പറന്നു കളഞ്ഞു.

1903 മെയ് മാസം 21-ാംതീയതി, തൻെറ മുപ്പത്തിയൊമ്പതാമത്തെ വയസ്സിൽ ജീ. പി. ചരമമടഞ്ഞു. ഈ അകാലമരണത്തിൽ ഭാരതം അവികലമായ സങ്കടംകൊണ്ടു. സേവനതൽപരനായ ഒരുത്യാഗിയാണു് രാഷ്ട്രത്തിനു് നഷ്ടപ്പെട്ടതു്. ഭാരത ദേശീയ നഭസ്സിലെ ഒരു ഉഡുപ്രവരൻ എരിഞ്ഞടങ്ങി. അങ്ങനെ ജീവിതത്തിൻെറ ഉച്ചത്തിൽ, യുവത്വത്തിൻെറ കോമളിമയിൽതന്നെ ആ ജീവിതം അപഹൃതമായി.

ശ്രീ. ജീ. പരമേശ്വരൻ പിള്ള ഇഹലോകവാസം വെടിഞ്ഞിട്ടു് നാല്പത്തിഅഞ്ചു കൊല്ലം തികഞ്ഞു. മഹോന്നതരായ മററു ചില രാഷ്ട്രനായകന്മാരുടെ സംഭവബഹുലമായ ചരിത്രത്തിനിടയിൽ അദ്ദേഹം പ്രായേണ വിസ്മൃതനാണു്. ആത്മാർത്ഥമായ സേവനത്തിൻെറ പ്രതിഫലം വിസ്മൃതിയാണല്ലൊ? വിദേശിലിവാൻജിമാരുടെ പ്രതിമകഠ വെക്കാൻ വെമ്പിയ വഞ്ചിവസുന്ധരയിലെ സമുദായ നായകന്മാർ, വേലുത്തമ്പി കഴിഞ്ഞാൽ ഏററവും ധീരനും സമുന്നതനുമായ ശ്രീ. ജി. പരമേശ്വരൻ പിള്ള അവർകളുടെ സ്മരണയെ നിലനിത്തുന്നതിനായി ഒന്നും ചെയ്തിട്ടില്ല. ഒരു ജീവചരിത്രഗ്രന്ഥം പോലും ഇതുവരെ പ്രസിദ്ധീകൃതമായില്ല. തിരുവിതാംകൂറിനു ലഭ്യമായ ഉത്തരവാദഭരണം ഈയിടെ ഭരണഘടനാ നിമ്മാണത്തിനായി കൂടിയ കാണസംബ്ളി എന്നിവ ചരിത്രനായകൻെറ പറയാത്ത സ്മരണകളായി ശോഭിക്കും. അദ്ദേഹത്തിൻെറ പുത്രനും, അനുഗ്രഹീതനായ ഒരിംഗ്ലീഷു് പുസ്തകകത്താവും പത്രപ്രവത്തകനുമായി

# സാഹിത്യചിന്തകൾ

(നീലകണ്ഠദീക്ഷിതരുടെ 'ശിവലീലാൎണ്ണവ'ത്തിൽ നിന്നു്)

പണ്ഡിതർ, ഈ. വി. രാമൻനമ്പൂതിരി.

വേണുക്കളും വീണകളും തരംപോൽ
പാടുന്നു; കാണാമിതു ബാലകൎക്കും,
ഖഗത്തിനും; കാവ്യമതിക്കുവാനും
നോക്കാനുമോ—ചിത്രജനങ്ങൾ മാത്രം! 1

ശിവന്നിടം ശബ്ദമയം ശരീരം,
വലത്തുപങ്കൎത്ഥമയം—പ്രസിദ്ധം!!
അപ്പോൾജഗന്മങ്ഗലമൈശ്വരാങ്ഗം
കാവ്യം:—കഥം തീക്കുമതല്പപുണ്യൻ? 2

ഈശസ്തുതിസ്ഥായി മുതിന്ന വേദം,
ചൊന്നോ പദം, ശാബ്ദിക—താൎക്കികാദ്യം?
ഓതുന്നതില്ലേ കവിയെന്നഭീക്ഷ്ണം?;
അപ്പോൾകവിത്വം പരകാഷ്ഠതന്നെ! 3

കൎണ്ണത്തിലെത്തിലെത്തീട്ടുടനങ്ങു താനേ
വററുന്ന ഗാനം മണലിൽ ജലംപോൽ;
സുധാസമാനം കവിസൂക്തിയൊന്നാ-
ണുള്ളത്തിനാനന്ദമമന്ദമേകാൻ! 4

ഒററക്കവിക്കെപ്പണി കാൺകിലൊക്കം
സാരസ്വതം കോശമൊഴിഞ്ഞതായ് നാം;
സൂക്ഷിച്ചതിന്നുള്ളു നിരീക്ഷ ചെയ്താൽ
കാണാം, കിടപ്പൂ കവികോടി കോണിൽ! 5

നല്ലൎത്ഥമേ നോക്കിയെടുത്തു നേടീ
'സൎവ്വജ്ഞ'താകീൎത്തി ശശാങ്കചൂഡൻ;
കാണും, കവിപ്രജ്ഞ കടന്നു ചെന്നാ-
സ്സൎവ്വജ്ഞനും തെല്ലറിയാത്ത കാൎയ്യം! 6

വക്രോക്തിമട്ടൊരു വിഭൂഷ, പക്ഷേ
വാക്യാൎത്ഥബോധം പരമങ്ങു പററാം;
ബോധ്യങ്ങളൎത്ഥങ്ങളുരയ്പതാകാം:
കവീന്ദ്രർതൻ പോക്കതു വേറെയൊന്നാം. 7

തന്ത്രാന്തരച്ചെപ്പുകൾ നീക്കി, നോക്കു,
താൻ താൻ ജഗൽകല്പന മാററി മാററി,
പേടിപ്പെടാതേ കവിപട്ടമെല്ലാം:
കാവ്യജ്ഞദണ്ഡത്ര ഭയപ്രദം താൻ. 8

മററുള്ള തന്ത്രങ്ങളിലോതിടുന്ന-
തോരോന്നുമോരോന്നുമതാതു തന്നെ;
നിൎവ്വേദഭീശോകജുഗുപ്സിതാദി-
ചേലും രസം കാവ്യജഗത്തിൽ വന്നാൽ! 9

രസജ്ഞരൎത്ഥം സമമാമിടത്തും
തേടുന്നിതേ സൽക്കവിസൂക്തിയേത്താൻ;
സന്താനലാഭം സമമാകിലും നൽ-
സൌന്ദൎയ്യമുള്ളോളെ വിദഗ്ദ്ധർവേൾപ്പൂ. 10

വ്യാമോഹമേകുന്ന വിചിത്രവാക്കാൽ,
മററെങ്ങുമുൾക്കൺഗതി സമ്മതിയ്ക്കാ;

---

ജീ. പി. ശേഖർ ബി. ഏ. ഒരു മഹജ്ജീവചരിത്രനിൎമ്മാണത്തിനു് വേണ്ടിയ കരുക്കൾ ശേഖരിക്കുന്നു എന്നറിയുന്നതു് അത്യന്തം സന്തോഷാവഹമായ ഒരു വാൎത്തയാണു്.

നേതൃത്വത്തിനായി, പരസ്പരവിരുദ്ധങ്ങളായ ആദൎശങ്ങളേയും പൊക്കിപ്പിടിച്ചു, മുദ്രാവാക്യങ്ങൾകൊണ്ടു്, അന്തരീക്ഷത്തിന്റെ നിശ്ശബ്ദതയെ ഭേദിപ്പിക്കുന്ന, നേതൃസ്ഥാനകാംക്ഷികളെ, ശ്രീ. ജീ. പി. യുടെ ത്യാഗമോഹനമായ ജീവിതം തങ്ങളുടെ പ്രവണതകളെ ശരിയായ മാൎഗ്ഗങ്ങളിൽ വിനിയോഗിക്കാൻ പ്രേരിപ്പിക്കുമെങ്കിൽ—?

ക്ഷണത്തിൽ മാററുന്നിതു നീണ്ടകാലം
നൽക്കാന്തയേപ്പോൽ കവിതാവിലാസം! 11

ഛന്ദംപെറും ഛേച്ഛ ലഭിക്കു ചിന്ത,-
ക്കുന്തസ്സെഴുംമാറു ചമക്കു വാക്യം,
ബന്ധം നിരീക്ഷിക്കു—കവിക്കിതെല്ലാ-
മെന്തക്ഷതാനന്ദമണക്കുയില്ല!! 12

ശ്വാസം പിടി,ച്ചിന്ദ്രിയനിഗ്രഹം ചെ,-
യ്താംബുഭക്ഷ്യാനശനാദിയോടേ
ക്ലേശിച്ചിടാ,തീശനിലുള്ള നിത്താൻ
കവിക്കയോഗം കൃതി തീർക്കൽ തന്നേ. 13

വാഗ്ദേവിതൻ കൺകടയേല്പതത്രേ
നാല്ക്കാലിമർത്ത്യവ്യതിരേകമൂലം;
പ്രജ്ഞാധനന്മാർ നര,രായതററാ-
ക്കേർക്കുന്നു പാരം ശ്വസൃഗാലസാമ്യം. 14

പഴക്കമേല്ക്കാം, പതിരായ് ഭവിക്കാം,
കദാപി കാണാ രസവത്തു ഭേദം;
ഇജ്ജാതി സാരസ്വതസൽഫലം ഹാ!
സദൈകരൂപം, കൃതികൾക്കു കിട്ടും. 15

ബാല്യം പരം പ്രകൃതഭാഷിതങ്ങൾ,
വാർദ്ധക്യമത്രേ സ്മൃതിവേദവർഗ്ഗം;
സാഹിത്യമൊന്നേ മൊഴിമാതിൽ എന്നും
താരുണ്യമെന്നാണു വിദഗ്ദ്ധപക്ഷം. 16

ശബ്ദാർത്ഥസാർത്ഥ്യം രസഭാവരീതി-
വ്യംഗ്യപ്രഭേദം, പുതുവാക്യശൈലി—
എന്തെന്തിൽ വെക്കേണ്ടു കവിക്കു ദൃഷ്ടി?
ഹാ!രാട്ടിനും ഭാരമിവണ്ണമുണ്ടോ? 17

നിലത്തെഴുത്താദി വിമുക്തിയോളം
വിദ്യാളിയെ ദുഃഖമയങ്ങളാക്കി,
ജനങ്ങളൊരൊട്ടൊന്നിളകൊൾവതിന്നായ്-
ക്കാവ്യം സദാനന്ദ,മജൻ ചമച്ചോ? 18

പദങ്ങളല്ല,ർത്ഥവുമുണ്ടയല്ല,
പദങ്ങളേച്ചേർക്കുക ശീഘ്രമാവാം;
അക്കട്ടിലുള്ളീക്കവിതാപദത്തിൽ,
എന്തുച്ചനീചം വിധി കാട്ടിവെച്ചു!! 19

ശാസ്ത്രങ്ങൾ, ശബ്ദങ്ങ,ളുദാർത്ഥജാല,-
മാചാര്യ—രോരോന്നുമതാതു തന്നേ;
ഇതേ വിശേഷം കവിതാപഥത്തിൽ:
വാഗ്ദേവിതൻ കൺകളിയിങ്ങുവെല്വൂ 20

സ്ഥാനം പിഴച്ചാലൊളി ചേർക്കയില്ല
കൃതിക്കു നല്ലോരു പദങ്ങൾപോലും;
മൂക്കത്തു തൂക്കീടുകി,ലംഗനക്കു
മുഖപ്പകിട്ടങ്ങനെ തോട ചേർക്കും? 21

ഒരൊററവാക്കേ, കമനീയമായ
കൃതിക്കു കേടാം, നില നിന്ദ്യമായാൽ;
വെളിക്കു നില്ക്കുന്നൊരു ദംഷ്ട്ര, നല്ല
മുത്തൊത്തിടും ദന്തനിരക്കു തുല്യം! 22

നല്ലോരലങ്കാര,മതിൻെറ യോഗ്യ-
സ്ഥാനത്തുസാർത്ഥം,ബത! ശോച്യമന്യം;
വ്യങ്ഗ്യം വിളങ്ങാത്ത കൃതിക്കു മേല-
തജീവദേഹത്തിലെറിഞ്ഞ പണ്ടം 23

വിദ്വൽപ്രിയം വ്യംഗ്യപഥത്തെ വിട്ടു,
ശബ്ദാർത്ഥചിത്രങ്ങളിലെത്തിരാഗം,
കലിത്തഴപ്പാൽ, നിഗമങ്ങൾ മാററി,
മന്ദർക്ക ഭാഷാകൃതിയിൽക്കണക്കേ. 24

ഒന്നാംയുഗേ വ്യങ്ഗ്യമഭങ്ഗമുണ്ടായ്,
വ്യങ്ഗ്യം ഗുണീഭൂതമുദിച്ചു രണ്ടിൽ,
മൂന്നാമതിൽപ്പൊന്തിയിതർത്ഥചിത്രം,
പിന്നീടു വന്നു യമകപ്രപഞ്ചം! 25

കാവ്യാധിരാജ്യം കലരും ബുധന്മാ-
രിച്ഛബ്ദചിത്രേ രസമേല്ക്കയില്ല;
രംഭാദ്യർ വൻപിൽപ്പെടുമുമ്പർനാട്ടിൽ,
ചെന്നിട്ടു, കാണാനൊരു കാണ വേണോ? 26

പദം പടുക്കുന്നതു തന്നെ കാവ്യ-
മെന്നോർത്തതിൽത്താൻ പണിയുന്നു മൂഢർ
മുങ്ങുന്നു, കൈകാൽകളിളക്ക തന്നെ
വൻചാട്ടമെന്നോർത്ത കിടാങ്ങൾപോലെ. 27

# നീലഅരുവി

ഇ. എം. കോവൂർ.

ഒലവക്കോട്ടുനിന്ന് അണച്ചും കിതച്ചും ഓടിയെത്തിയ മംഗലാപുരം മെയിൽ വണ്ടി അവസാനം ഷോർണ്ണൂർ സ്റ്റേഷനിൽവന്നു ചത്തപോലെയങ്ങു നിന്നു. ഞങ്ങളുടെ അടുത്ത കമ്പാർട്ടുമെൻറുകളിൽനിന്നും ഉടനെ പത്തിരുപതു സാരിക്കാരികൾ പുറത്തു പ്ലാററുഫാമിലേക്കിറങ്ങി.

ഏതോ കോളേജടച്ചു നാട്ടിലേയ്ക്കു പോകുന്ന കൂട്ടരാണവർ. വണ്ടിമാറി തൃശ്ശൂരും ആലുവായിലും എത്തേണമെന്നുള്ളതാണവരുടെ ലാക്ക്.

നേരം വെളുത്തധികം കഴിഞ്ഞിട്ടില്ലാതിരുന്നതിനാൽ അവരിൽ മിക്കവൎക്കും, രാത്രിയിൽ മഴയും, കാററും ഏററുലഞ്ഞ ഒരടയ്ക്കാമരത്തോപ്പിൻെറ ച്ഛായ തോന്നിച്ചു. ഹാൻഡ്ബാഗുകളും കക്ഷത്തിലിടുക്കി ചിലർ വലിയ ട്രങ്കുപ്പെട്ടികളിൽ ആഞ്ഞുവലിക്കയും തള്ളുകയുമാണ്. മററു ചിലർ പ്ലാററുഫാറത്തിൽ ആലുവാക്കരിമ്പുകൾപോലെ നിവൎന്നുനിന്ന്, മാറത്തു കൈകളുംകെട്ടി, ഓടിക്കൂടുന്ന പോർട്ടറന്മാൎക്ക് നിർദ്ദേശങ്ങൾ നല്കുകയാണ്. മററു ചിലർ കുനിഞ്ഞും ഇരുന്നും കാലുകളിലെ സ്ലിപ്പേഴ്സിൻെറ വാറുകളും, ബക്കിളും ശരിപ്പെടുത്തി. മററു ചിലർ നേരെ കോഴിക്കോട്ടേയ്ക്കും, കണ്ണൂരേയ്ക്കും പോകുന്ന സതീൎത്ഥ്യകളോട് എഴുതയയ്ക്കാൻ മറക്കല്ലെ "പ്ലീസ് പ്ലീസ്, മറക്കല്ലെ ഇന്ദിരേ!" "സ്റ്റാമ്പിൻെറ കാൎയ്യം ഓൎത്തോളണെ വിശാലം!" "മധുച്ചേട്ടനെ കണ്ടാൽ ചോദിച്ചെന്നു തീൎച്ചയായും പറേണേ" എന്നെല്ലാം ജനാലകളിൽക്കൂടെ തലയകത്തേയ്ക്കു കടത്തി അഭ്യൎത്ഥിക്കയാണ്. വേറൊരു കൂട്ടൎക്ക് പറവാനൊന്നുമില്ലാത്തതിനാൽ തൊട്ടതിനും തൊടാത്തതിനുമെല്ലാം കുടുകുടെച്ചിരിയാണ്.

വണ്ടിയിലും, പ്ലാററുഫാറത്തിലും ഉള്ളവരുടെയെല്ലാം ശ്രദ്ധ ആ യുവതികളുടെ സാരിവരിമ്പുകളിൽ കുടുങ്ങി. ഒന്നരമണിക്കൂർ കഴിഞ്ഞു വന്നുചേരേണ്ട ജോലാർപേട്ട് പാസ്സഞ്ജർ കാത്തിരിക്കുന്ന കൂട്ടരെല്ലാം ഒന്നും രണ്ടുമായി, എന്തോ കാഴ്ച കാണ്മാനെന്നപോലെ, അവൎക്കു ചുററിനും അല്പം അകലെ കൂടിനില്ക്കാനുള്ള ഭാവമായി. വണ്ടിയിൽ ഇനിയും മുമ്പോട്ടു പോകേണ്ട ചെറുപ്പക്കാർ പതുക്കെ ഓരോ കാൎയ്യങ്ങൾ പറഞ്ഞു പുറത്തിറങ്ങി സിഗററുകളും കത്തിച്ചു അവരെനോക്കിയും, നോക്കാതെയും നിലയായി. പോർട്ടറന്മാൎക്കെല്ലാം ആ പെൺകുട്ടികളുടെ പെട്ടികളും, കിടക്കകളും മാത്രമെ ആവശ്യമുള്ളു. ഹിൻഡുവും, ഓറിയൻറും വില്ക്കാൻനടക്കുന്ന പയ്യന്മാൎക്ക് അവരെക്കൊണ്ടതു വായിപ്പിച്ചെങ്കിലേ മനസ്സമാധാനം ലഭിക്കയുള്ളെന്നുതോന്നി. ടിക്കററു ചെക്കേഴ്സിനു അവരെത്തന്നെ ചെക്കു ചെയ്യണം. അരമണിക്കൂർ അവിടെ താമസമുള്ളതിനാൽ ഡ്രൈവരും, കരിയിൽ കുഴഞ്ഞു ഭൂതങ്ങളെപ്പോലെ തോന്നിച്ച ഫയർമെന്നും താഴത്തിറങ്ങി അവരെ

നോക്കി വെറുതെ നില്ക്കയാണു്. വായിൽ വിസിലും, കക്ഷത്തിനടിയിൽ ചുരുട്ടിയ ചെങ്കൊടിയും, വലംകയ്യിൽ നിവർത്ത പച്ചക്കൊടിയുമായി നടക്കുന്ന ഗാർഡു കൂടെയും അവരുടെ അടുത്തുള്ള വണ്ടിച്ചക്രങ്ങൾക്കുതാറുമാറൊന്നുമില്ലെന്നു വീണ്ടും വീണ്ടും തിട്ടം വരുത്തുന്നതിൽ തൽപരനായി മിഴിച്ചുനോക്കയാണു്.

ആകപ്പാടെ ഞാനും—മിസ്റ്റർ മേനോനും—തീവണ്ടിയിൽവച്ചെനിക്കു ലഭിച്ച ഒരു സ്നേഹിതനായിരുന്നു അദ്ദേഹം—പുറത്തേക്കു നോക്കുമ്പോൾ കണ്ടതു് യുവത്വം കൊണ്ടു തരിക്കുന്ന കുറെ നല്ല പെൺകുട്ടികളേയും, അവരുടെപെട്ടികളിലും, സഞ്ചികളിലും, എല്ലാത്തിലും നോക്കി നിർവ്വാണസൗഖ്യമടഞ്ഞു കഴിയുന്ന ഒരു പുരുഷലോകത്തെയുമായിരുന്നു. അയസ്കാന്തം ഇരുമ്പു ശകലങ്ങളെയെന്നപോലെയായിരുന്നു ആ കോളേജുകുമാരികൾ മററുള്ളവരെ ആകർഷിച്ചതു്.

ഒരുപാക്കററു് സിഗററു വാങ്ങുവാൻ തരപ്പെട്ടുമോ എന്നു പല പ്രാവശ്യവും ശ്രമിച്ച ശേഷം എൻെറ സ്നേഹിതൻ മേനോൻ അല്പം ദേഷ്യത്തോടെ പറഞ്ഞു

“ശവങ്ങൾ, എല്ലാം പോയി വായും തുറന്നു്, വെള്ളവുംവീഴ്ത്തി നില്ക്കയാണു്. ആ മററെ ശവങ്ങളുടെ ചുററിനും.”

എനിക്കതു പിടിച്ചില്ല—തീരെ പിടിച്ചില്ല. ഞാൻ ഉടനേ പറഞ്ഞു:—

“മിസ്റ്റർ മേനോൻ, അവരും മനുഷ്യരല്ലെ?” എന്നു്.

“മനുഷ്യരായിരിക്കും. പക്ഷെ, ഇവന്മാരൊക്കെ പുരുഷന്മാരാണെന്നെനിക്കു് തോന്നുന്നില്ല. കഥയും, കാര്യവുമില്ലാത്ത ഈ പെണ്ണുങ്ങൾ ലോകത്തെ ഇങ്ങനെയിട്ടു ചക്രം തിരിക്കുന്നതു കാണുമ്പോൾ വാസ്തവം പറഞ്ഞാൽ എനിക്കു ദേഷ്യമാണു വരുന്നതു്. ആറടിപൊക്കവും നെഞ്ചിനു അമ്പതഞ്ചിഞ്ചു വീതിയുമുള്ള ഇവനെയൊക്കെയിട്ടു ഇങ്ങനെ കുരങ്ങു കളിപ്പിക്കുവാൻ അവററകളുടെ കൈവശം എന്താണുള്ളതു്? മിസ്റ്റർ എന്താണുള്ളതു്?”

“എന്താണില്ലാത്തതു്?”

ഈ ചോദ്യത്തിനു ശ്രീ മേനോൻ മറുപടി പറയുന്നതിനുമുമ്പായി പെൺകുട്ടികളുടെ ഒരാരവം കേട്ടു. വണ്ടി നീങ്ങുകയായിരുന്നു. പ്ലാററുഫാറത്തിൽ നിന്ന കൂട്ടർ അകത്തിരുന്നിരുന്ന കൂട്ടരോടു യാത്ര ചോദിക്കുന്ന ബഹളമായിരുന്നു ഞാൻ കേട്ടതു്. മേനവനെയും അയാളുടെ സ്ത്രീജാതിവിദ്വേഷത്തെയും തല്ക്കാലംവിട്ടു് ഞാനും ജനാലയ്ക്കുള്ളിൽ കൂടെ തല മററനേകരേയും പോലെ വെളിയിലേക്കുനീട്ടി കാററിലുലയുന്ന ആ സാരിക്കാരെനോക്കി സന്തോഷിച്ചു. ചിത്രശലഭങ്ങൾകണക്കു് ചാടിത്തുള്ളി, ഉയത്തിപ്പിടിച്ച കൈപ്പത്തികൾ ചലിപ്പിച്ചു യാത്രപറഞ്ഞുല്ലസിച്ച അവരെനോക്കി സ്ത്രീസൃഷ്ടിയിൽ സംതൃപ്തി ദശിച്ചു.

വണ്ടി കുറെപ്പോയി. ഒരാനന്ദസ്വപ്നത്തിനുശേഷം ഉണർന്ന ഒരുവനെപ്പോലെ, ഞാൻ പുറത്തേക്കു് എന്തൊക്കെയോ ചിന്തിച്ചുനോക്കിയിരിക്കയായിരുന്നു.

ശ്രീമോനോൻ അല്പം പുകയിലപ്പൊടി തള്ളി മൂക്കിൽക്കയററിയശേഷം ഒരു യോഗിയുടെ നിഷ്കാമമനഃസ്ഥിതിയോടെ പറഞ്ഞു:—

“മിസ്റ്റർ ഇതെല്ലാം ഒരു തോന്നൽ മാത്രമാണു്.”

ഞാൻ ഞെട്ടിയുണർന്നു. “എന്തെല്ലാം?”

യാതൊരു ശക്തികളുമില്ലാത്ത ഈ സ്ത്രീകളിൽ തൻെറ ആദരവും, ഭക്തിയും, ശക്തിയുമെല്ലാം അർഹിക്കുന്ന എന്തോ ഒന്നുണ്ടെന്നുള്ള "പുരുഷൻെറ—ആ തോന്നൽ."

"അതു തോന്നലാണോ? യാഥാർത്ഥ്യമല്ലേ? അല്ലെങ്കിൽ മനുഷ്യജാതിയുടെ ആരംഭംമുതൽ പുരുഷനെന്തിനിങ്ങനെ കാട്ടുന്നു? ഒന്നു ഞെരുടിയാൽ, ഒന്നു കയ്യിലിട്ടു കശക്കിയാൽ, ഇല്ലാതാക്കാവുന്ന ഈ ലോലതയ്ക്കു് അവൻ എന്തിനു് അടിപണിയണം?"

"വെറും ദുശ്ശീലം. ഏതോ ഞരമ്പിൻെറ താർമാറു്. അതു മാററാം. പക്ഷേ സ്ത്രീകളുടെ ഏററവും വലിയ നിർഭാഗ്യം ആയിരിക്കും അതു്."

"എങ്ങനെ?"

"മാന്ത്രികശക്തി നശിച്ച മാന്ത്രികരായിരിക്കും അവരപ്പോൾ. അവരുടെ അംഗചലനം കണ്ടു ചാടാൻ അപ്പോൾ പാവകൾ സന്നദ്ധരാവില്ല. കൺകോൺ എറിയലുകൾക്കും, അധരങ്ങളുടെ ത്രസനങ്ങൾക്കും, ശോണിമയ്ക്കും അപ്പോൾ രണ്ടണയുടെ കാര്യസിദ്ധിപോലും ഉണ്ടാവില്ല. മറയ്ക്കപ്പെട്ടതിനെക്കുറിച്ചു് ഒരു മണ്ണാങ്കട്ട പോലും ആരും അപ്പോൾ കരുതുകില്ല. കാട്ടാനയെ മരുക്കുവാൻ പ്രാപ്തിയില്ലാത്ത പാപ്പാനെപ്പോലെ അവർ വിരമിക്കേണ്ടിവരും—തങ്ങളുടെ സാരിയും, ബ്ളൗസും പിന്നിഒതുക്കിയ തലമുടിയും, അളകങ്ങളും പാട്ടും, കണ്ണുനീരും, ചിരിയും, മൃദുലതയും മററനേകം അനേകം തോട്ടിയും, തുടലും, വടിയും എല്ലാം എല്ലാമായി."

"അങ്ങനെ സംഭവിക്കുമോ? അങ്ങനെ സംഭവിക്കുന്നതു ഭൂമുഖത്തുനിന്നും മനുഷ്യജാതിയുടെ അന്തർദ്ധാനത്തിൻെറ നാന്ദിയായിരിക്കും."

"അതേ, മനുഷ്യനെ സംബന്ധിച്ചിടത്തോളം ലോകാവസാനം അങ്ങനായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആസ്സാം മലകൾക്കിടയിലെ ആ ഗ്രാമത്തിൽ സംഭവിച്ചതു പോലെ."

"ഏതു ഗ്രാമം?"

"മണിപ്പൂരിൽ നിന്നും അറുപതോ എഴുപതോ മൈലകലത്തായി പർവ്വതങ്ങളുടെയിടയിൽ കഴിയുന്ന ആ ഗ്രാമം—ശോണപുരം."

"അവിടെയെന്തുണ്ടായി?" ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

"പറയാം, അല്പം രസമുള്ള കഥയാണതു്"

"ഞാനവിടത്തെ-അസ്സാമിലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ ഒരു റേഞ്ചറായിരുന്നു. ഏഴെട്ടു കൊല്ലങ്ങൾക്കു മുമ്പു് എനിക്കാഗ്രാമത്തിൽ ചെന്നെത്തേണ്ട ഒരാവശ്യം വന്നു കൂടി. കാടും മലയും നിറഞ്ഞ അവിടെ എത്തിച്ചേർന്നതു് ആനപ്പുറത്തായിരുന്നു. ഗവമ്മെണ്ടു വക ഒരു കാംപ് ഷെഡ്ഡിൽത്താമസിച്ചുകൊണ്ടു ഞാൻ എൻെറ പണിയിൽ ഏർപ്പെട്ടു. പക്ഷേ, ഒന്നുരണ്ടു ദിവസങ്ങൾക്കുള്ളിൽ ഞാനൊരു പ്രത്യേകത അവിടെ സൂക്ഷിച്ചു. സ്ത്രീകളെന്നൊരു കൂട്ടരേ അവിടെയുണ്ടായിരുന്നില്ല—എഴുപതുകഴിഞ്ഞ രണ്ടോ നാലോ മുത്തിത്തള്ളകളൊഴിച്ചു്. അതെന്നെ കുറെ അത്ഭുതപ്പെടുത്തി. ആസ്സാമിലെ എത്രയോ ഗ്രാമങ്ങൾ ഞാൻ സന്ദർശിച്ചിരുന്നു. അവിടെയെല്ലാം പെണ്ണുങ്ങളായിരുന്നു ജനസംഖ്യയിൽ കൂടുതൽ. കണ്ണുകളെല്ലാം ചീനമട്ടിലുള്ളതാണെങ്കിലും കാഴ്ചയ്ക്കു നല്ല സുമാറുള്ള പെണ്ണുങ്ങൾ. ശോണ

പുരത്തെ വൃത്യസ്തത മനസ്സിലാക്കുവാൻ കഴിയാഞ്ഞ ഞാൻ ഒരു ദിവസം വൈകിട്ട് തടിവ്യാപാരം കൊണ്ട് ഉപജീവനം കഴിയ്ക്കുന്ന ബലിഷ്ഠകായനായ ഒരു ചെറുപ്പക്കാരനോട് ചില അന്വേഷണങ്ങൾ നടത്തി. ഞാൻ ചോദിച്ചു:—

"മല്ലിക, നീയെവിടെയാണു താമസിക്കുന്നത്?"

"ഇവിടെ അടുത്ത്?"

"അമ്മയും പെങ്ങാന്മാരും ഉണ്ടോ?"

"അമ്മ മരിച്ചു പോയി. പെങ്ങന്മാരെല്ലാം നാടുവിട്ടു."

"നീ വിവാഹം കഴിച്ചതാണോ?"

"ആയിരുന്നു."

"ഭാര്യ മരിച്ചു പോയോ?"

"ഇല്ല."

"പിന്നെ?"

"ഓടിപ്പോയി."

"എന്തിനു്?"

"മററുള്ള പെണ്ണുങ്ങൾ പോയപ്പോൾ അവളും അങ്ങുപോയി."

"മററുള്ള പെണ്ണുങ്ങൾ എവിടെപ്പോയി?"

"ഓരോരോ സ്ഥലങ്ങളിൽ—ആസ്സാമിലും ബംഗാളിലുമെല്ലാം അവരിപ്പോളുണ്ടെന്നാണു പറയുന്നതു്.

"അവരെന്തിനങ്ങനെ ചെയ്തു?"

"ഇവിടെ ഒരു സംഭവമുണ്ടായി?"

"എന്തു്? എന്നു്?"

"കുറെ കൊല്ലങ്ങൾക്കു മുമ്പു്. ഒരു അസാധാരണസംഭവം."

"പറയു മല്ലിക, വിസ്തരിച്ചു പറയു."

"അതാ കിഴക്കു വശത്തായി രണ്ടു മലകൾ കാണുന്നില്ലേ? ശവം തിന്നി മലകളെന്നാണു് ഞങ്ങൾ അവയെ വിളിക്കാറുള്ളതു്. ചെവുത്താന്മാരുടെ കളിയാണവിടെ. പകൽപോലും യക്ഷികളവിടെയുണ്ടെന്നാണു പറയുന്നതു്. പത്തോ പന്ത്രണ്ടോ കൊല്ലങ്ങൾക്കു മുമ്പു് അവിടെ ഒരു സംഭവമുണ്ടായി. ആടു മേയിക്കാൻ പോയ ഒരുവനാണതാദ്യം കണ്ടതു്. ഒരരുവി. കടും നീലനിറത്തിലുള്ള വെള്ളമായിരുന്നു അതിൽ തിളച്ചു് പതഞ്ഞിരുന്നതു്. അതിൽനിന്നും പൊങ്ങിയിരുന്ന നീരാവി കട്ടിയേറിയ മൂടൽമഞ്ഞുപോലെ സകലിടവും പരന്നു. എന്തോ വല്ലാത്ത തരം ഒരു സുഗന്ധമായിരുന്നു അതിനുണ്ടായിരുന്നതു്. ഒരിക്കൽ ശ്വാസിച്ചാൽ വീണ്ടും വീണ്ടും ശ്വാസിക്കണമെന്നുള്ള ഒരു തോന്നൽ. ഞങ്ങൾ ഗ്രാമത്തിലെ പുരുഷന്മാരെല്ലാം അവിടെ ഓടിക്കൂടി ആ സുഗന്ധം വീണ്ടും വീണ്ടും വലിച്ചു ശ്വാസിച്ചു. യക്ഷിയുടെ മുടിയിലെ സുഗന്ധമാണതെന്നു ചില വൃദ്ധന്മാർ പറഞ്ഞു തന്നു. പക്ഷേ ഞങ്ങൾ കൂട്ടാക്കിയില്ല. മാദകത്വം നിറഞ്ഞ ആ സൗരഭ്യം ഞങ്ങൾ തുടരെത്തുടരെ അനുഭവിച്ചു. വലിച്ചു വലിച്ചാസ്വദിച്ചു.

ഞാൻ വിവാഹം കഴിച്ചിട്ടു് അപ്പോൾ കഷ്ടിച്ചു് ഒരു മാസക്കാലമേ കഴിഞ്ഞിരുന്നുള്ളു. അടുത്ത ഗ്രാമത്തിലെ ഒരു പ്രധാനിയുടെ പുത്രി. ആരോഗ്യവും സൌന്ദര്യവും കൊണ്ടവൾ ഒരു പഴുത്ത മാതളനാരങ്ങപോലെ മിന്നിയിരുന്നു. കറുത്തിരുണ്ട മുടി. നീണ്ട ലോലമായമൂക്കു്. ചുംബനലക്ഷങ്ങളെ ക്ഷണിച്ചുവരുത്തുന്നതരം അധരങ്ങൾ. ആരെയും അടിപണിയിക്കുന്ന പുഞ്ചിരി. മുത്തുമാലകൾ. മൈലാഞ്ചിച്ചാ

ത്തു്. നീണ്ടപീലികളുള്ള തിളങ്ങുന്നകണ്ണുകഠം. കാൽചിലമ്പു്.

അവളുമായുള്ള വിവാഹം സ്വർഗ്ഗസംപ്രാപ്തിയായി ഞാൻ കരുതി. വെള്ളവും കോരിക്കൊണ്ടവഠം വരുന്ന വേളകളിൽ അവളുടെ കൈവളകളും കാൽച്ചിലമ്പും ഉയത്തിയ ശിഞ്ജിതം എൻെറ ഹൃദയത്തിൽ എന്തെന്നില്ലാത്ത വികാരക്കോളിളക്കങ്ങഠം തന്നെ ഉയത്തിയിരുന്നു. അവളുടെ നാമം പറയുന്നതു കൂടെയും എനിക്കു് അമൃതായിരുന്നു.

ഒരു മാസം—അതെങ്ങനെ പോയെന്നു ഞാനറിഞ്ഞില്ല. രാത്രികഠം—അവയുടെ ദൈർഘ്യകുറവിനെക്കുറിച്ചു ഞാൻ സദാ പരാതിപ്പെട്ടു. അവളെ തൃപ്തിപ്പെടുത്താൻ പ്രപഞ്ചവിസ്തൃതിയുടെഅന്ത്യംവരെയും പോവാൻ ഞാൻ സന്നദ്ധനായിരുന്നു. അവളുടെ ഇമകളിൽ നിഴലിടുന്ന ഒരു തുള്ളി കണ്ണുനീർ—അതിനെന്നെ ആത്മഹത്യയ്ക്കു കൂടെയും നിഷ്പ്രയാസം പ്രേരിപ്പിക്കുവാൻ ശക്തിയുണ്ടായിരുന്നു. അവളുടെ നോട്ടം, നാണംകുണുങ്ങൽ, സൌന്ദര്യപ്പിണക്കം—ഇവയെല്ലാം എത്ര അനന്തശക്തങ്ങളായിരുന്നു! എൻെറ ഈശ്വരാ!

ഗ്രാമത്തിലെ മററു യുവാക്കന്മാരോടൊപ്പം ഞാനും ആ അത്ഭുതക്കാഴ്ച കാണ്മാൻ പോയി. ആ നീല അരുവിയും അതിൽനിന്നും സമൃദ്ധിയായി ഉയന്ന നിരാവിയും ഞാനും ദശിച്ചു. ഞങ്ങളെല്ലാം ആ സൗരഭ്യത്തിൽ ആറാടി. അതിൻറടുത്തുനിന്നും പോവാൻ ഞങ്ങഠംക്കാക്കും തോന്നിയില്ല. അവണ്ണനീയമായ ഒരാനന്ദം.

ആഴ്ചയൊന്നു കഴിഞ്ഞു. പണി കഴിഞ്ഞാലുടൻ ആ നീല അരുവിയുടെ സമീപം എത്തേണമെന്നുള്ളതായിരുന്നു ഞങ്ങഠം പുരുഷന്മാരുടെയെല്ലാം ആവേശം.

കാമ—എൻെറ ഭാര്യ—ഒടുവിൽ ചോദിച്ചു:—

"നിങ്ങഠം എവിടെയാണു് ഇങ്ങനെ എന്നും പോകുന്നതു്?"

"ആ നീല അരുവിയിൽ."

"എന്തിനു്?"

"അവിടെയെത്തിയാൽ എത്ര സുഖമാണെന്നറിയാമോ?"

"നിങ്ങഠം ഒന്നാലോചിക്കുന്നുണ്ടോ, എന്നോടൊന്നു സംസാരിച്ചിട്ടു തന്നെ എത്ര ദിവസങ്ങളായെന്നു്?"

ഞാനപ്പോഴാണു അക്കാര്യം ഓത്തതു്. കാമയോടു ശരിക്കൊന്നു സംസാരിച്ചിട്ടു് ദിവസങ്ങഠം തന്നെ കഴിഞ്ഞിരുന്നു. അവളുടെ വളകളുടെയും കാൽച്ചിലമ്പിൻെറയും ശബ്ദങ്ങഠം കുറെ ലോഹക്കഷണങ്ങളുടെ നിരത്ഥശബ്ദങ്ങളായി മാത്രമേ എനിക്കു തോന്നിയിരുന്നുള്ളു. അവളിങ്ങനെ കണക്കുവിട്ടു പുഞ്ചിരിക്കുന്നതും, അധരങ്ങഠം ചൊടിപ്പിക്കുന്നതും, കണ്ണിൻെറ കോണുകളിൽകൂടി നോക്കിനിന്നു സാരിയുടെ തുമ്പിൽ വിരലുകഠം കൊണ്ടു ഞെരിച്ചു തള്ളുന്നതും അതിൽ ഇടിക്കിടെ കടിക്കുന്നതും എല്ലാം എന്തിനാണെന്നെനിക്കു മനസ്സിലായില്ല. അവഠം പരിഭവങ്ങഠം പറഞ്ഞു—എനിക്കു മനസ്സിലായില്ല. കരഞ്ഞു—എൻെറ ഹൃദയം അലിഞ്ഞില്ല. തിരിച്ചു വീട്ടിൽ പോകുമെന്നു ഭീക്ഷണിപ്പെടുത്തി—ഞാൻ വകവച്ചില്ല.

ഒന്നെനിക്കു ബോദ്ധ്യമായി, കാമ കാട്ടുന്നതെല്ലാം വിഡ്ഢിത്തരമാണെന്നു്. ഇവളെന്തിനിങ്ങനെ എൻെറ മുമ്പിൽ കൊഞ്ചിക്കുഴയണം! ഈ പാട്ടും ചിരിയും—

അവ എന്നിൽ യാതൊരു ചൂടും സൃഷ്ടിച്ചില്ല. പാവം! ഞാനവളെ വെറുമൊരു മനുഷ്യജീവിയായി മാത്രം കണ്ടു. കാലും കയ്യുമുള്ള ഒരു മനുഷ്യജീവി. മററുള്ള മനുഷ്യജീവികളെപ്പോലെയൊന്നു്. ഞാനവൾക്കവേണ്ടി നെട്ടുവീർപ്പിടണമെന്നു്—എന്തിനു്! ഞാനവളെ ഓമനയെന്നുവിളിച്ചു താലോലിക്കണമെന്നു്—എന്തിനു്! ഭേഷ്! നല്ല തമാശ!

എനിക്കൊന്നും മനസ്സിലായില്ല. അവൾക്കെന്നിൽ യാതൊരുപ്രേരണാശക്തിയും പ്രചോദനാശക്തിയും ചൂട്ടും ഇല്ലാതായി. അവൾ പലതും ശ്രമിച്ചുനോക്കി. എന്നെ കടുകിട അതനക്കിയില്ല.

തൻെറ ആവനാഴിയിലെ അസ്ത്രങ്ങൾ കൊന്നിനും എൻെറമേൽ യാതൊരു ശക്തിയുമില്ലെന്നു കണ്ടപ്പോൾ അവളുടെ കണ്ണുകളിൽ ഒരു സംഭീതി പടരുന്നതു് ഞാൻ കണ്ടു. മേലിൽ ഞാൻ അവൾക്കവേണ്ടി രാപകലില്ലാതെ പണിയെടുക്കില്ലാ; അവളുടെ തന്നിഷ്ടങ്ങളൊന്നും നടത്തിക്കൊടുപ്പാൻ ഞാൻ ആളാവില്ല. ഇതെല്ലാം അവൾ പെട്ടെന്നു മനസ്സിലാക്കി.

ഒരു നിസ്സഹായത അവളിൽ പേട്ടെന്നുയൻു. കെട്ടിപ്പിടിക്കവാനും, ആടിക്കഴയവാനും മാത്രം പരിശീലിച്ചിട്ടുള്ള ആ കരപല്ലവങ്ങൾക്ക എങ്ങനെ പണിയെടുത്തു ചിലവിനുണ്ടാക്കാൻ കഴിയും? മൃദുലമൃദുലമായ ആ ശരീരം ജോലിയെടുപ്പാൻ കൊള്ളുന്നതോ? തൻെറ കൈവശമുള്ള ഒററമൂലി ഫലപ്രദമാകാത്ത ഒരു വൈദ്യനെപ്പോലെ അവൾക്ക തോന്നി! കണ്ണുകളിലും, ആത്മാവിലും കടുത്തഭയം ഉയൻു. എങ്ങനെയിനി ജീവിക്കമെന്നുള്ള ഭയം.

പിറേറദ്ദിവസം കേട്ടു അടുത്ത വീട്ടിലെ കിശോരൻെറ ഭായ്യ പിണങ്ങി അവളുടെ അച്ഛൻെറ വീട്ടിലേക്ക പോയെന്നു്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ എൻെറ സഹോദരി ശ്യാമ—അവളെ ഈ ഗ്രാമത്തിൽ ഒരാൾ തന്നായിരുന്നു കല്യാണം കഴിച്ചിരുന്നതു്—അവളിങ്ങു ഞങ്ങളുടെ വീട്ടിൽ തിരിച്ചെത്തി.

ശ്യാമ കായ്യങ്ങൾ കുറെ തുറന്നുപറഞ്ഞു. അവളുടെ ഭത്താവു് കുറെ ദിവസങ്ങളായി അവളേയും അടുക്കളയിൽ കിടന്ന ഉരലിനേയും ഒന്നുപോലെയാണു് നോക്കുന്നതു്, അവരോടു പെരുമാറുന്നതു് ഒന്നുപോലെയായിരുന്നുവെന്നെല്ലാം.

“ജ്യേഷ്ഠാ, അയാൾ പുരുഷനല്ല. പുരുഷനുള്ള ഒരു ഗുണവും അയാൾക്കില്ല. സ്നേഹമില്ല, കരുതലില്ല, വീടുമില്ല, പെണ്ണെന്താണെന്നറിവില്ല. ചുരുക്കത്തിൽ ഒരു മണ്ണാങ്കട്ടയുമയാൾക്കില്ല.” എന്നവൾ അതിവാശിയോടെ പരാതിപ്പെട്ടു. ഒരു സഹോദരനോടവൾ അതിൽക്കൂടുതൽ എന്തു പറവാനാണു്!

പക്ഷേ എനിക്കൊന്നും മനസ്സിലായില്ല. കാമയും അങ്ങനെയൊക്കെത്തന്നെ എന്നോടു തലേ ദിവസം പറഞ്ഞിരുന്നു. ഈ പെണ്ണുങ്ങൾക്കെല്ലാം എന്താണു സംഭവിച്ചിരിക്കുന്നതു്! ഇവരുടെയെല്ലാം തല ക്രുദ്ധത്തോടെ തിരിഞ്ഞുവോ? എൻെറ ഈശരാ!”

ഒരു മാസത്തിനുള്ളിൽ നാലാറു യുവതികൾ ആ ഗ്രാമം വിട്ടു പുറത്തെവിടെയോ പോയി. അവരെ അന്വേഷിച്ചാരും പോയുമില്ല.

ഒരു വായാടി സ്ത്രീ കാമയേയും ശ്യാമയേയും ഗ്രാമത്തിലെ മററു സ്ത്രീകളേയും എല്ലാം വിളിച്ചുകൂട്ടി ഒരു ദിവസം ഗ്രാമ

ക്കിണറിന്റെ സമീപംനിന്നു് ഇപ്രകാരം ഒരു പ്രസംഗം തട്ടിവിട്ടു:—

“ഇവിട്ടത്തെപ്പുരുഷന്മാർക്കെല്ലാം എന്തോ പെട്ടെന്നു സംഭവിച്ചിരിക്കുന്നു. ആ നശിച്ച അരുവിയിലെ നീരാവി ശ്വസിച്ചതിൽ പിന്നെയാണിതെല്ലാം. തലമുറതലമുറകളായി പുരുഷന്മാരെ നാം അടക്കിവച്ചിരുന്ന കരുക്കൾക്കും ആയുധങ്ങൾക്കും അവരുടെ മേൽ എന്തുകൊണ്ടോ യാതൊരു ശക്തിയുമില്ലാതായിത്തീർന്നിരിക്കുന്നു. നാമും പാറക്കഷണങ്ങളും ഇന്നവർക്കൊന്നുപോലെയാണു്. പണ്ടവർ കേട്ടു നിർവൃതിയടയാറുണ്ടായിരുന്ന നമ്മുടെ സല്ലാപങ്ങൾ ഇന്നവർക്കു വെറും ലാടന്റെ കിട്ടക്കിലെ അർത്ഥമില്ലാത്ത ശബ്ദങ്ങളാണു്. അതവരെ വല്ലാതെ ക്ഷീണിപ്പിക്കുന്നു; മനം മടുപ്പിക്കുന്നു, മുഷിപ്പിക്കുന്നു. നമ്മുടെ ആഭരണങ്ങളും അണിഞ്ഞൊരുക്കും—ഒരു കാലത്തവ അവരുടെ ഹൃദയങ്ങളെ ആലിലപോലെ ഇട്ടു വിറപ്പിച്ചിരുന്നെങ്കിൽ, ഇന്നവ അവർക്കൊരു നേരം പോക്കിനുള്ള വഴിമാത്രമാണു്. നമ്മുടെ ശക്തിഹീനത, ആരോഗ്യക്കുറവു്, തൻകാര്യം, കുറവുകൾ, കുററങ്ങൾ ഇവമാത്രമാണിന്നവർ കാണുന്നതു്. ചുരുക്കത്തിൽ സ്ത്രീകൾ സ്ത്രീകളെക്കാണുന്നപോലെ തന്നെ അവർ നമ്മെ കണ്ടു തുടങ്ങിയിരിക്കുന്നു. ഇനി എന്താണു രക്ഷ? ഇനി എവിടെയാണു് അഭയം?”

ആ വായാടിയുടെ പ്രസംഗംശരിക്കു ഫലിച്ചു. നാലാമമാസത്തിനുള്ളിൽ ചൈതന്യവും സ്ത്രീത്വവും അല്പമെങ്കിലുമുള്ള സകല സ്ത്രീകളും ഞങ്ങളുടെ ഗ്രാമം ഉപേക്ഷിച്ചു സാർ, അതാണിവിടെ സ്ത്രീകളെ കാണ്മാനില്ലാത്തതു്.”

“മിസ്റ്റർ, ഇതായിരുന്നു മല്ലികന്റെ കഥ. നിങ്ങളെന്തു പറയുന്നു.” എന്നു പറഞ്ഞു് ശ്രീ മേനോൻ ചിരി തുടങ്ങി. ഞാനും കൂടെ കുറേനേരം ചിരിച്ചു. പിന്നീടു ഞാൻ ചോദിച്ചു:—

“മിസ്റ്റർ മേനോൻ, നിങ്ങളും ആ നീല അരുവിക്കടുത്തു പോകയുണ്ടായോ?”

“അല്പം അടുത്തുവരെ. എന്താ ചോദിച്ചതു്?”

“ഇപ്പോൾ മനസ്സിലായി. ഷോർണ്ണൂരിൽ വച്ചു് ആ നല്ല പെൺകുട്ടികളോടു കാട്ടിയ അനാദരവിന്റെ കാര്യം ഇപ്പോൾ മനസ്സിലായി.”

“അനാദരവു കാട്ടുകയോ? അതും പെൺകുട്ടികളോടു? ഞാനോ? എപ്പോൾ?”

“അല്പം മുൻപു്”

“അതോ? സിഗററു കിട്ടാഞ്ഞതദേഷ്യമായിരുന്നില്ലേ? പുകവലിക്കാഞ്ഞതിലുള്ള ഈർഷ്യ.”

വണ്ടി ഈ സമയം ഒരു സ്റ്റേഷനിൽ ചെന്നുനിന്നു. സ്റ്റേഷന്റെ പേർ വായിച്ചശേഷം ശ്രീ: മേനോൻ കിടക്കയും സൂട്ടുകേസ്സുമായി പുറത്തു ചാടിയിറങ്ങി.

യാത്ര പറവാൻ അദ്ദേഹം കൈനീട്ടി. ഞാനതിൽ കടന്നു പിടിച്ചു, ഞെരിച്ചുകൊണ്ടു ചോദിച്ചു:—

“ഇവിടെവിടെപ്പോകുന്നു.?”

“ഒരു പെൺകുട്ടിയെക്കാണുവാൻ.”

“ഏതു ?”

“അടുത്ത ആഴ്ച ഞാൻ വിവാഹം കഴിക്കുവാൻ പോകുന്ന പെൺകുട്ടി, അമ്മിണി. നിങ്ങൾക്കുള്ള വിവാഹക്ഷണം ഇതാ നേരിട്ടു്.”

“അപ്പോൾ ആ നീരാവിയുടെ കഥയോ?”

“ഏതു നീരാവി? ഓ—അതോ? അതൊരു കഥ.”

“വാസ്തവമോ?”

വണ്ടി അപ്പോഴേയ്ക്കും അനങ്ങി; ഓട്ടമായി. ചിരിച്ചു കൊണ്ടയാൾ എന്തോമറുപടി പറഞ്ഞെന്നു തോന്നി. വിസിൽ വിളി അപ്പോളുയരുകയാൽ അതെന്തായിരുന്നെന്നു കേൾപ്പാൻ തരപ്പെട്ടില്ല.

# കേരളം ജയിക്കട്ടെ!!

തൃക്കൊടിത്താനം ഗോപിനാഥൻനായർ.

അഷ്ടസിദ്ധികളാല്ല-
മാത്മീയദ്യുതിയാല്ല–
മാര്യശാന്തിയിൽ മന്ദം
പുലന്ന മലയാളം
ഭൂവിലാസത്താലാക്കം
കൺകുളിക്കമാറെന്നും
ശ്രീവികാസത്താൽപ്പാരം
നിർവൃതി പകന്നേകി
ഭാരതവഷത്തിലെ
നന്ദനോദ്യാനംപോലെ
ഭാവുകം വഴിഞ്ഞേകി
രാജിച്ചു പലകാലം!!
വീരയോധർ തൻ കൈവാ-
ളിളക്കം മാതാവിൻെറ
ധീരഹൃത്തിന്നേകി
തുംഗാഭിമാനം നൂനം!

ഐകമത്യത്തിൻ ചാരു
സംഗീതമാണക്കാലം
സഹ്യനിൽ നിന്നും കേട്ട
മമ്മരാരവമെല്ലാം.
പശ്ചിമാബ്ധിയിലന്നു
കല്ലോലജാലം ചേന്നു
നിച്ചലും സ്നേഹത്തിൻെറ
ഗീതങ്ങളാവത്തിച്ചു!

വീരതേജസ്സിൽ മംഗ–
ളോമ്മികൾ വിരിച്ചന്നു
കേരളം വിരാജിച്ചു
പുണ്യസൽക്ഷേത്രംപോലെ!
അന്നത്തെപ്പുലരികൾ
കേരളക്ഷമയ്ക്കുള്ളി-
ലുന്നതാനന്ദത്തിൻെറ
മാരിവില്ലൊളിവീശി...!

സ്വാത്ഥത പിന്നീടെത്തി–
യെന്തിനെന്നറിഞ്ഞീലീ-
ഭാർഗ്ഗവരാമക്ഷേത്രം
ഭാഗിച്ചു മൂന്നായ്ക്കഷ്ടം!
മൂന്നായിപ്പിരിഞ്ഞന്നു
ഭ്രാതാക്കൾ, സൗഭാഗ്യത്തിൻ
പൊന്മയകവാടങ്ങ-
ളീവിധമടച്ചിട്ടു;

എന്തിനു നമുക്കേവം
മാറി നില്ക്കണം, മമ
ചിന്തണോം ചുടു കണ്ണീ–
രിനിയും ചിരകാലം?
അസമത്വത്തെബ്ബലി–
നല്കിയ മഹാബലി
അമൃതം പകന്നേകി
വാണരുളിയ നാട്ടിൽ

എന്തിനായ് സഹജാതർ
മൂന്നു ചേരിയിൽ നിന്നു
സന്തതമനൈക്യത്തിൻ
വിത്തുകൾ പകക്കണം?
ഉണരാം നമുക്കിന്നു
കൈകൾ കോത്തൊന്നായ്ച്ചേന്നു
നിതരാം മനോഹര
വേദിയിലെത്തിച്ചേരാം!

ഐക്യകേരളം സൃഷ്ടി–
ച്ചസമത്വത്തെ നീക്കി
സ്വച്ഛമാം ജനായത്ത–
ഭരണം നടപ്പാക്കി
വീരകേരളത്തിൻെറ
ധന്യമാം ചരിത്രത്തി-
ലാരചിക്കണം നമ്മൾ
നവ്യമാമദ്ധ്യായങ്ങൾ!!

ധീരത കൊളുത്തുന്ന
ത്തൂവിളക്കൊളി തൂവി-
ക്കേരളം തിളക്കണം
സാത്വികപ്രകാശത്തിൽ!
കേരളാംബികേ, വെല്ക!
മംഗളാനന്ദം പൂകി-
പ്പാരിനു സ്വാതന്ത്ര്യത്തിൻ
തുംഗശംഖൊലിയേകി!

കേരളാംബികേ, വെല്ക!
ധമ്മദീപ്തിയിൽക്കൂടി–
പ്പാരിനു സമത്വത്തിൻ
മാർഗ്ഗദർശിത്വം നല്കി!
വാരററ പരശ്വധ–
മേന്മയുൽഘോഷിച്ചെന്നും
കേരളം ജയിക്കട്ടെ!
ശ്രീഭൃഗുരാമക്ഷേത്രം!!

# തച്ചോളി വീട്ടിലേക്ക്

പി. കെ. കൃഷ്ണൻ നായർ.

നാം കടത്തനാട്ടിലെ ആ പഴയനായർ തറവാട്ടിലേക്ക് ഒരു വിരുന്നു പോവുക! അപ്പോൾ ഒന്നുണ്ടു്—നമ്മുടെ സ്ഥിതിവിശേഷം എത്രമാത്രം ഭിന്നവും ഉന്നതവുമായാലും അവിടത്തെ ആതിഥേയന്റെ പേരിന്റെയും പെരുമയുടെയും മുമ്പിൽ ഒന്നു വഴങ്ങിയിട്ടു വേണം നാം അവിടെ കാൽവെപ്പാൻ! അല്ലാതിരുന്നാൽ, നമുക്കു ആ ഔദാര്യം, മഹിമാതിശയം, ആസ്വദിപ്പാൻ തരപ്പെടാതെ പോവും!

വടക്കെ മലബാറിൽ, വടകര, റെയിൽവെസ്റ്റേഷനിൽ ഇറങ്ങിയാൽ കൂസൽകൂട്ടാത്ത ഒരുവക സന്നദ്ധഭടരെന്നോണം ഇരുപുറവും തഴപ്പുതലയുയർത്തി നില്ക്കുന്ന കേരവൃക്ഷങ്ങൾ പരിലസിക്കുന്ന ഒരു കൊച്ചുനിരത്തു കിഴക്കോട്ടു വടകരവയലിൽ (ഇപ്പോഴത്തെ നാരായണനഗരം) കൂടി നിങ്ങളെ 'മേപ്പയിൽ' എന്ന ആ പഴയ ജനപദത്തിലേയ്ക്കു് കൂട്ടിക്കൊണ്ടു പോകുന്നു.

താഴെ നെല്പ്പാടം മലത്തിപ്പിടച്ചുനില്ക്കുന്ന ആ കുന്നിൻ പുറത്താണു തച്ചോളിമാണിക്കോത്തു് എന്ന വീടു സ്ഥിതിചെയ്തിരുന്നതു്. നാം ഇപ്പോഴേയ്ക്കും ഒരര നാഴിക ദൂരം നടന്നു കാണും: അത്രേയയുള്ളൂ!

കേരളത്തിലെ ശിവാജിയായ ഒതേനന്റെ വീടു സ്ഥിതിചെയ്തിരുന്ന ആ സ്ഥലത്തേയ്ക്കു ചെല്ലുമ്പോൾ നമുക്കു ഒന്നാമതായി കാണാനാവുക, അന്നു് ആ ബാലന്റെ ജലക്രീഡാസുഖം അനുഭവിപ്പാൻ സുതരാം ഭാഗ്യം സിദ്ധിച്ചു ഒരു കൊച്ചു കുളമാണു്. കെട്ടിപ്പടുത്തിയിരുന്ന അതിന്റെ കല്ലുകളെല്ലാം കൊഴിഞ്ഞു നില്ക്കുകയാണു്. അതിൽ നിന്നാകട്ടെ, ആവേശമരുളുന്ന പഴയ കാലസ്മരണകളെ, ആഭിജാത്യം കൈവെടിയാത്ത ഒരു വൃദ്ധന്റെ വക്ത്രത്തിൽ നിന്നെന്നപോലെ, നമുക്കു ഗ്രഹിക്കാവുന്നതാണു്. കുളം ഇപ്പോഴും വെള്ളമുള്ളതും ഉപയോഗയോഗ്യമായതും ആകുന്നു. അങ്ങിനെ കുളവും കടന്നു നാം കിഴക്കു ഭാഗത്തു മണ്ഡപം നില്ക്കുന്നേടത്തേയ്ക്കു കയറിച്ചെല്ലുക. ഭൂതകാലഗന്ധം നുകരാൻകാംക്ഷയുള്ളവരാണു നാമെങ്കിൽ, ആ മണ്ഡപം നില്ക്കുന്നതു തന്നെ പഴയ നാലുകെട്ടു വീട്ടിന്റെ തറമേലാണെന്നു കാണാം. മണ്ഡപമുററത്തു പഴയ പുരത്തറയുടെ കല്ലുകൾ ജനങ്ങളുടെ കാൽച്ചവിട്ടേററു സഹിഷ്ണുതയാന്നു കിടക്കുകയാണു്. ഭീമസേനന്റെ ഉദ്ധതമായ ശകാരാഘാതമേററിട്ടും പുഞ്ചിരിതൂകിക്കിടക്കുന്ന മാരുതിവീരനെക്കുറിച്ചുള്ള മധുരസ്മരണയാണു് ആ കല്പൊളികളിൽ കാണുക!

മുററത്തു് ഇന്നു കാണുന്ന കിണർ സ്ഥാനസ്വഭാവം കൊണ്ടു പഴയ വീട്ടിന്റെതാവാൻ തന്നെയാണുവഴി. പിന്നീടു നന്നാക്കിയെടുത്തതായിരിക്കാം. എന്നാൽ അവിടെ ഇപ്പോൾ കാണുന്ന മണ്ഡപം അടുത്ത കാലത്തു് എടുപ്പിച്ചതു് തന്നെയായിരിക്കണം. ഒരു നായർ തറവാട്ടിന്നു യോജിച്ച നിലയിൽ അന്നവിടെ അനുബ

ന്ധമായി പലതും ഉണ്ടായിരുന്നു മതിയാവൂ:—ഒരു വലിയ പടിപ്പുര, പത്തായപ്പുര, കളരി, മണ്ഡപങ്ങൾ, ബ്രാഹ്മണമഠം, സത്രം, പശുവാല, മൂരിയാല മുതലായവയെല്ലാം. ഒരു നായർ തറവാട്ടിന്നു ഇവയൊക്കെ അന്നു് ഒഴിച്ചു കൂടാത്തവയായിരുന്നു. അങ്ങിനെ തന്നെ അവയെല്ലാം ചേർന്നതു തന്നെയായിരുന്നു ആ ഗൃഹം എന്നതിന്നു് അതിൻെറ പരിസരങ്ങളിൽ അവിടെവിടെയായി പിലതിന്നും ഇന്നുള്ള സ്ഥലനാമങ്ങളും മററും മതിയായ സാക്ഷ്യം വഹിക്കുന്നുണ്ട്. ഇതിന്നു പുറമേ, നമ്മുടെ ശ്രദ്ധയിൽ പെടേണ്ടിയിരിക്കുന്നതും, നമുക്ക് ആവേശമരുളാൻ പോരുന്നതുമായ ഒരു കാഴ്ച അവിടെ കാണാറുണ്ട്. ക്ഷേത്രത്തിൻെറ അയൽ പക്കത്തെ പറമ്പിൻെറ കൊള്ളിന്നടുത്തു് ഒരു കല്ത്തറയുണ്ട്. അതു് "എന്നെവെടിവെച്ചപൂലുവനെ പകരം വെടിവെച്ചപുള്ളുവൻെറതാണ്". നമ്മുടെ ദുഷിച്ചസാമുദായികാചാരത്തിൻെറപ്രതിരൂപമായി അതു നിലകൊള്ളുന്നു. കാററും വെയിലും മഴയും മഞ്ഞും വിലവെക്കാതെ ജോലിചെയ്യുകയും, അലഞ്ഞു കഴിയുകയും, സവർണ്ണസമുദായങ്ങളിൽ നിന്നകന്നു നില്ക്കുകയും ചെയ്യുന്ന കേരളത്തിലെ താഴ്ന്ന വർഗ്ഗത്തിൻേറതു്. ക്ഷേത്രമാകട്ടെ, സകലവിധ സുഖങ്ങളും അനുഭവിപ്പാൻ സമുദായം സൌകര്യം ചെയ്തു കൊടുക്കുന്ന പ്രഭുവർഗ്ഗത്തിൻേറതും! പുള്ളുവൻെറ കല്ത്തറ അങ്ങിനെ ശീതാതപാദികൾ സഹിച്ചു സ്വാമിപൂജചെയ്യുകയാണ്. അതു കാൺകേ, നമ്മുടെ ഭാവന ഒരു സ്വല്പനേരത്തേയ്ക്കെങ്കിലും നമ്മെ പുളകം പുതപ്പിക്കാതിരിക്കയില്ല.

എന്നാൽ, ഒതേനക്കുറുപ്പ് കണ്ണുരുട്ടിയും കൈവലിച്ചും ജനങ്ങളെ പേടിപ്പെടുത്തി ഏകശാസനത്തിലിരുത്തി ധനവും സ്ഥാനവും ഹഠാദാർജ്ജിച്ചിരുന്ന ഒരു പ്രഭുവർഗ്ഗത്തിൻെറ പ്രതിനിധിയോ? അല്ലേ, അല്ല! തൻെറ ദേശവാസികളുടെ സുഖസൌകര്യങ്ങൾക്ക് ആവശ്യമായ നെല്ലും പൊന്നും നിലവും നിലയും മററു വിഭങ്ങളും സമ്പാദിക്കുകയും, അവയെ തനിക്കും അവക്കും വേണ്ടി ഉപയോഗിക്കുകയും ചെയ്യുകയായിരുന്നു കേരളത്തിലെ പഴയ നായരുടെ പതിവു്. നേരും നെറിയും നിലനിത്തുവാൻ അവൻ വാളെടുക്കുകയും ചെയ്തിരുന്നു. ദുർബലനെ ഭീഷണിപ്പെടുത്തുവാനും കൊലപ്പെടുത്തുവാനും അല്ലായിരുന്നു അതു്. പക്ഷേ, സ്വാർത്ഥികളും ജനദ്രോഹികളും ദുരാഗ്രഹികളും ആയിരുന്ന ഒരു ദുഷ്ടവർഗ്ഗം അന്നു കേരളത്തിലുമുണ്ടായിരുന്നിരിക്കണം. അന്നത്തെ അവശരായ ഭൂരിപക്ഷം ജനങ്ങളുടെ ആശയത്തിനും അഭിലാഷത്തിനുംഒപ്പിച്ചതൻെറ ഭക്തിപൂർണ്ണമായ മനഃസാക്ഷിക്കനുസരിച്ച് ധീരധീരം പൊരുതി ആ പരമ്പരാഗതമായ കേരളീയസംസ്കാരം നിലയുറപ്പിക്കാൻ ശ്രമിച്ചതിൻെറ ഫലമായിട്ടായിരിക്കണം ഒതേനൻ കീർത്തിമാനും ജനങ്ങളുടെ പ്രേമാരാധനാപാത്രവുമായിത്തീന്നതു്. അല്ലെങ്കിൽ, എന്തിന്നു് ആ താണ ജാതിക്കാരൻ പുള്ളുവൻ ക്രോധത്തോടും താപത്തോടും കൂടി ഒതേനൻെറ ഘാതുകനെ പകരം വെടിവെയ്ക്കുന്നതു? ദ്രോഹിയും ദുഷ്ടനും ആയ ഒതേനൻ ഒടുങ്ങട്ടെ! ഈ പുള്ളുവനും തൻെറ ജാതിക്കാക്കും പൊറുതി കിട്ടുമല്ലോ!

ഒതേനൻെറ വംശം ശരീരം കുലുങ്ങാതെയും, വിയപ്പുപൊടിയാതെയും, പാവും കസവും ഇറക്കി പൊന്മോതിരവുമണിഞ്ഞു പല്ലക്കിലും പടവിയിലും കഴിഞ്ഞു കൂടിയിരുന്ന ഒരു പ്രഭുവംശമായിരുന്നു

വെന്നു ധരിക്കരുതു്. അവക്കു് ഒരു പ്രഭുകുടുംബത്തിന്നോ, നാട്ടുവാഴിക്കോ ചേന്നതരത്തിലുള്ള സമ്പത്തു് ഉണ്ടായിരിക്കാം, ഭൂമിയുണ്ടായിരിക്കാം, മററു വിഭവങ്ങളും ഉണ്ടായിരിക്കാം. മേൽക്കോയ്മസ്ഥാനവും ആജ്ഞാശക്തിയും കരഗതമായിരിക്കാം. പക്ഷേ, അവയൊന്നും കേവലം തൻെറ സ്വാത്ഥ്യവും ആഡംബരവും നിലനിത്തുവാനോ, വളത്തുവാനോ അല്ലായിരുന്നു ഉപയോഗിച്ചിരുന്നതെന്നു മാത്രം! അരുമപ്പെട്ട തങ്ങളുടെ സംസ്കാരത്തെ വളത്തുവാനേ അതെടുത്തു ഉപയോഗിച്ചിരുന്നുള്ളു.

സാധാരണക്കാരൊത്തു എഴുത്തു പള്ളിയിലും കളരിയിലും തോട്ടിലും പുഴയിലും വയലിലും വരമ്പത്തും കപ്പയിലും കുന്നിന്മേലും ചെന്നു് അവരുമായിക്കൂടിക്കഴിയുന്നവർ തന്നെയായിരുന്നു ഒതേനൻെറ കുടുംബത്തിലുള്ളവർ.

"അട്ടയുള്ള കണ്ടം കൊട്ടക്കൊല്ല്യേട്ടാ,
അട്ടകടിച്ചോളു * ചാട്ടന്നേരം
എന്നു നിനച്ചും കരയും കുങ്കി"

എന്നു് അദ്ദേഹം ജ്യേഷ്ഠനോടു തൻെറ അന്ത്യകാലത്തു പറയുകയാണു്. വയലിലെ കൃഷി തുടങ്ങിയ ദേഹാദ്ധ്വാനം ആവശ്യമായ ജോലികൾ അന്നത്തെ പ്രഭുവഗ്ഗത്തിനു നിഷിദ്ധമായിരുന്നില്ല. ഇന്നിക്കാണുന്ന വൈകൃതങ്ങളും വേണ്ടാതനങ്ങളുമെല്ലാം നമ്മിൽ പിന്നീടു ഇഴഞ്ഞു കയറിയതായിരിക്കണം.

അന്നത്തെ കേരളീയൻ വീരരസപ്രധാനനാണു്. അവന്നു് എല്ലാം അതിൽനിന്നു തുടങ്ങുകയും അതിൽ വെച്ചു് അവസാനിക്കുകയും ചെയ്യുന്നു. വീരംഅതിൻെറ പാരമ്യത്തിൽ - ആത്മാപ്പണത്തിൽ- കലാശിക്കുക തന്നെയാണു ചെയ്യുക. തൻെറയും, സ്വന്തം വംശത്തിൻേറയും, സ്വദേശത്തിൻേറയും മാനം രക്ഷിപ്പാൻ കേരളീയൻ, വേണ്ടി വന്നാൽ, തൻെറ ജീവനെ ത്യജിക്കുന്നു. അങ്ങിനെ തന്നെ ആ ശരീരത്തെ വളത്തുവാനും രക്ഷിപ്പാനും അവൻ പാടുപെടുകയും ചെയ്യുന്നു. കുട്ടിയുടെ കരളിന്നും കായത്തിന്നും കരുത്തു കൂട്ടുവാൻ എന്തെല്ലാം അവനുവേണ്ടി ചെയ്യുന്നു! എത്ര ഗുരുക്കന്മാരേയും പണിക്കന്മാരേയും അവൻ കണ്ടുമുട്ടുന്നു! എത്ര കാവുകളിലും കഴകങ്ങളിലും കളരികളിലും അവൻ ആരാധന നടത്തണം! ദിനചയ്യ എന്തു കേമമാണു്? ഭക്ഷണം എന്തു രുചിയിലും ചിട്ടയിലും നടത്തുന്നു! എന്നിട്ടോ? ആവശ്യമാകുമ്പോൾ, മരണത്തിനു മുമ്പിൽ കിടന്നു കൊടുപ്പാൻ അവൻ ഒരു മിന്നിട്ടു സമയത്തിന്നും അവധി ചോദിക്കുകയുമില്ല. ആ ആത്മാപ്പണം രജോഗുണപ്രധാനമായ വീരം!

വളരെ ഭിന്നമായ മറെറാരു രംഗം.—ഗാന്ധിജിയുടെ ജീവിതചയ്യ ശ്രദ്ധിക്കുക! ഭക്ഷണദ്രവ്യങ്ങൾ തിരഞ്ഞെടുക്കുന്നതിൽ എന്തൊരു ശ്രദ്ധ! അതു കഴിക്കുന്നതിൽ എത്ര കൃത്യം! എന്നിട്ടോ? ചിലപ്പോൾ പ്രായോപവേശവും ജീവാപ്പണോദ്യമവും! ഇതു സാത്വികമായ വീരം!—അവസാനമായി, ആ ജീവാപ്പണോദ്യമം സഫലമാവുകയും ചെയ്തു!!

ശിവാജിയെപ്പോലെതന്നെ ഒതേനനും വലിയ ഭക്തനായിരുന്നു. ലോകനാർകാവിലെ പരദേവത അദ്ദേഹത്തിനു 'പ്രത്യക്ഷ'മരണത്രേ! വടകരയ്ക്കടുത്തു് അറക്കിലാട്ടു് എന്ന ഗ്രാമത്തിൽ ഒരു ക്ഷേത്രമുണ്ടു്. അവിടെ മകരമാസം ഇരുപത്തെ

* ചാട്ടുക എന്ന വാക്കിനു വടക്കെ മലബാറിൽ എറിയുക എന്നും അത്ഥമുണ്ടു്.

ട്ടാംതീയതിതോറും ഒരു 'മന്തിരി'വെയ്പ്പ്
ഉത്സവം നടക്കുന്നു. നാനാദേശങ്ങളിൽ
നിന്നും ആളുകൾ നോമ്പെടുത്തു തങ്ങളു
ടെ പൈതങ്ങളേയും ചുമന്നുകൊണ്ടു് അ
റക്കിലാട്ടമ്പലത്തിൽ എത്തുന്നു. ദീപാ
രാധനയായി സന്ധ്യയ്ക്കു കൊട്ടക്കായ
യിൽ വെന്ത നെയ് പകൻ തിരികൊളു
ത്തുന്നു. ഭക്തിവിവശമായ ഒരു മനോഹര
ക്കാഴ്ച! ഈ ആഘോഷം ഒതേനൻ നിശ്ച
യിച്ച ഒരു നേർച്ചയാണുപോലും! അതു്
ഇന്നുവരേയും വലിയ ആവേശത്തോടെ
നടത്തിവരുന്നു. അദ്ദേഹത്തിന്റെ സ്വാ
ധീനശക്തിയും ഭക്തിശ്രദ്ധയും ഇതിൽ
നിന്നും വ്യഞ്ജിക്കുന്നതാണു്. തന്റെ ഗുരു
നാഥന്റെ (പണിക്കരുടെ) പ്രീതിക്കായി
വെട്ടിച്ചു ശരിപ്പെടുത്തിക്കൊടുത്ത ഒരു
കുളവും, ദക്ഷിണചെയ്ത കുറെ സ്വത്തുക്ക
ളും ഇതിന്നടുത്തു ചേന്നമംഗലത്തു് ഇ
പ്പോഴും ഉണ്ടു്. അങ്ങിനെ അദ്ദേഹം
പലക്കും പലതും സംഭാവനകൾ ചെയ്ത
തായി പറയപ്പെടുന്നുണ്ടു്.

ഒതേനനും കാര്യസ്ഥനായ ചാപ്പനുമാ
യുള്ള ബന്ധം ശ്രദ്ധേയമാണു്. കാര്യ
സ്ഥൻ എന്നു 'മമത'യിലാണു്! ഈ കാ
ലത്തൊക്കെ ഈ ഉദ്യോഗം എത്ര താണ
നിലയിലേക്കാണു ചവുട്ടി താഴ്ത്തപ്പെട്ടിരി
ക്കുന്നതെന്നു നോക്കുക! അവർ തമ്മിൽ
എങ്ങും കണികാണാൻ കിട്ടാത്ത സൌ
ഹൃദം! ഒതേനന്റെ ശിശുസഹജമായ
ഹൃദയനൈർമ്മല്യം അവർ തമ്മിലുള്ള
പെരുമാററത്തിന്റെ നിഴലിൽ നിന്നും
അനുമാനിക്കാവുന്നതാണു്.

വടകര പരവന്തലക്ഷേത്രത്തിന്നടുത്തു
ള്ള ഒരു കരിങ്കൽപറമ്പിൽ വിസ്തൃതമായ
ഒരു പഴയ കിണർ ഉണ്ടു്. ഒരിക്കൽ ആ
കായികാഭ്യാസി തന്റെ കുട്ടിയേയും ഒക്ക
ത്തുവെച്ചു് ആ കിണർ കടന്നു ചാടുകയു
ണ്ടായത്രേ! അതിന്നു മതിയായ ദേഹായാ
സം ലഭിക്കുക അത്ഭുതാവഹം തന്നെ!

ഒതേനന്റെ വംശം ഇപ്പോൾ നശിച്ചു
പോയിരിക്കുന്നു. രണ്ടു മൂന്നു കൊല്ലം
മുമ്പുവരെ ഒരു സ്ത്രീ മാത്രമായി ജീവിച്ചിരി
പ്പുണ്ടായിരുന്നു. വയസ്സു ചെന്നു് അവർ
മരിച്ചുപോയി. ഒതേനന്റെ സ്മരണയെ
കൊണ്ടാടുന്നതിന്നായി കൊല്ലംതോറും
മകരം പതിനഞ്ചിനു തച്ചോളി മാണി
ക്കോത്തു വെച്ചു് ഇപ്പോഴും ഉത്സവം നട
ത്തി വരുന്നുണ്ടു്.

...........................................

ലൈബ്രറികൾക്കും, ചരിത്രവിദ്യാർത്ഥികൾക്കും മററും അത്യന്താപേക്ഷിതമായ
കുറുപ്പുംവീട്ടിൽ, കെ. എൻ. ഗോപാലപിള്ള അവർകളുടെ

**കേരളമഹാചരിത്രം.**

ഒന്നാംഭാഗം വില 3 ക. രണ്ടാംഭാഗം അച്ചടിയിൽ.

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

# ഭാമയുടെ പശ്ചാത്താപം

കട്ടംപേരൂർ, എം. ഗോവിന്ദൻനമ്പൂരി.

“എങ്കിലും അചിരപ്രേമമാണപ്പുമാനെന്നല്പവും
ശങ്കിച്ചില്ലൊരുമട്ടും ഞാനയ്യോ! കിനാവിലും.
കഷ്ടമേ! കാലംതെറ്റിപ്പീയൂഷമായിട്ടു ഞാൻ
വീക്ഷിച്ചു കാകോളം ഹാ മൌഢ്യമെന്തിതിൽപ്പരം?
താവകപ്പുതുപ്രേമപ്പൂഞ്ചോലതൻ തീരത്തു
കാൽകുത്താൻ തുനിഞ്ഞതു മാമക ദോഷംതന്നെ.
യൌവനക്കുറിക്കൂട്ടിലൊട്ടു പങ്കെടുത്തു ഞാൻ
ദൈവമേ പൂശിച്ചു നിൻ ചന്തമേറിന നെഞ്ചിൽ
അഷ്ടനമ്മമാരറിഞ്ഞീടുകിലീവൃത്താന്തം
പച്ചക്കുതന്നെ തിന്നുമിക്കൊച്ചുകളേബരം.
“ജാതിയിൽ കുശവത്തി ഭാമയോ വിദ്യാഹീന
മാണിക്യം മലിനമാം കൂപത്തിൽ ത്യജിക്കൊല്ലേ”!
ഈവിധം സന്ദേശം ഞാനാദ്യമേയറിയിച്ചു;
ആവാക്കുഭവാനന്നു ബോധിച്ചീലൊട്ടും തന്നെ.
“റാണിയായ് ഘോഷിച്ചീടാമെന്നരമനയിങ്കൽ
കേണിടേണ്ടൊട്ടും നിന്നെ വഞ്ചിച്ചുപോകില്ലഞാൻ”
പൂത്തുനില്ക്കുമാമക്കൊച്ചു തേൻമാവിൻ ചുവട്ടിൽവ-
ച്ചിത്രവട്ടമങ്ങെന്നോടീവിധം സത്യം ചെയ്തു?
പാർത്തുകൊണ്ടപ്പോളെല്ലാം സാക്ഷിയായ് വിഹായ
(സ്സിൽ
പാർത്തിരുന്നവെൺകുളിർചന്ദ്രനുമെന്നെക്കണ്ടാൽ
പുച്ഛമാണയ്യോ പരിഹാസപാത്രമായുള്ള
മർത്ത്യജീവിതമെന്തിന്നാക്കിതിൽ മോഹംതോന്നും?
‘നിത്യമാമെന്നാലയം വന്ദിതനാകും ഭവാൻ
‘തന്നുടെ പാദസ്പർശംകൊണ്ടു പാവനമായി”
എന്നകമഴിഞ്ഞുള്ള വാത്സല്യമോടു പുറ
ത്തൊന്നിവരും കാട്ടീടവെ താരുണ്യത്തിടമ്പു നീ
“ഭാമിനിമണേ, ഭാമേ, താവകസാന്നിദ്ധ്യത്താൽ
മാമകപ്പുരിയിന്നെത്ര ശോഭനമായി”
ഇങ്ങനെ മന്ദസ്മിതം തൂകിയുദ്ഘോഷിച്ചു കൊ-
ണ്ടന്നോടെൻ തനുതന്നിൽ പുളകംപൂശിച്ചില്ലേ?
ഇന്നങ്ങയ്യതു മറന്നീടുവാനകക്കരു-
ത്തെങ്ങനിന്നയ്യോ വന്നു? കല്ലെന്നോ തവചിത്തം?
നാണയമില്ലാഞ്ഞിട്ടോ ഭാമയ്ക്കുകഷ്ടം ഭവൽ
പ്രാണനാഥയായ് വാഴാനർഹതയില്ലെന്നായി?
സ്ത്രീകളെക്കബളിപ്പിച്ചുന്നതു കാര്യം കാണാം-
നേതെല്ലാമുപായങ്ങളും കൈവരിക്കുന്നു പുമാൻ!
വഞ്ചന ജയിക്കട്ടെ; ഹാ ഹാ തേ വണിക്ശ്രേഷ്ഠ!
മനഞ്ചഴിഞ്ഞുള്ള രാഗം നഷ്ടമായ് നശിക്കട്ടെ!
പോരുമേപോരും പോരും കാപട്യകേദാരമേ,
ധീരതയിതുപോലെ മറ്റെങ്ങും കാട്ടിടൊല്ലേ?
അല്ലെങ്കിലെന്തിന്നയ്യോ മററുള്ള ജനത്തിൽ ഞാൻ
തള്ളിവയ്ക്കുവാനൊരുങ്ങീടുന്നെന്നപരാധം?”
ഇങ്ങനെയോരോന്നോർത്തു നിത്യവും പാവം ഭാമ
തിങ്ങിനപശ്ചാത്താപം പൂണ്ടുകൊണ്ടുഴറുന്നു

# പുലയി

എം. പി. പണിക്കർ.

അങ്ങിങ്ങായ് കീറിപ്പോയവാരിളക്കരിത്തുണി-
യൊന്നിനാൽ ചുളിവീണ ദേഹത്തു ചുററിക്കൊണ്ടും,
വെണ്മതിക്കീറാം‘മരിവാള’മായ്. പ്രാഞ്ചി,പ്രാഞ്ചി,
വിൺവയൽ കതിർകൊയ്ത്തു സന്ധ്യയാം, ‘പുലക്കള്ളി’
‘കററകൾ’ അടുക്കായിച്ചക്രവാളത്തിൻവക്കിൽ
ചോരസംഭ്രമാൽവച്ചു നമ്രമാം മുഖത്തോടെ
നില്ക്കുകയായി, കൂലികിട്ടുവാൻ; സമ്പന്നനാ-
മുതലാൾതൻ ‘കടലിന്റെ’ പുറത്തെപ്പടിക്കലായ്.

*   *   *   *   *

പാരിന്റെ മുക്കാൽപങ്കും കൈവശം വന്നെങ്കിലും
പാരിച്ച ദുരാഗ്രഹം തീരാത്ത പാരാവാരം;
“കൂലിവേണമോ? നിനക്കെന്തടീ വേണങ്കിലാ-
പ്പാടത്തുകാണും ‘നെല്ലിൻമുത്തുകൾ’ പെറുക്കിക്കോ”
ഗർജ്ജനം,കേട്ടപ്പാവം, പേടിയാൽ വിറപൂണ്ടു.
നിശ്ചലം മരവിച്ചു നിന്നുപോയവിടത്തിൽ

*   *   *   *   *

വിസ്തൃതസമുദ്രമേ! പാവത്തെ വലച്ചു നീ
വിസ്തൃതമാകുംതോറുമസ്വസ്ഥനലച്ചിലാൽ.

# കലാകാരൻ

പത്മസേനൻ, ചേലാട്ട്.

അയാൾ ഒരു കലാകാരനാണു്. മനുഷ്യജീവിതത്തിലെ അജ്ഞാതങ്ങളായ ഹൃദയവേദനകളും, കണ്ണുനീർത്തുള്ളികളും, നെടുവീർപ്പുകളും ചിത്രീകരിക്കുന്ന ഒരുഭാവനാസമ്പന്നൻ. ആ ഭാവനയുടെ മധുരചുംബനങ്ങൾ കലാലോകത്തെ പുളകമണിയിച്ചു. ആ ഓടക്കുഴലിൽനിന്നു് ഒഴുകിക്കൊണ്ടിരുന്ന അനശ്വരഗാനങ്ങൾ കലാലോകത്തെ മത്തുപിടിപ്പിച്ചു. ആ മെലിഞ്ഞ കയ്യിൽ ചലിച്ചുകൊണ്ടിരുന്ന തൂലിക കാവ്യനർത്തകിയുടെ പശ്ചാത്തലസംഗീതമായിരുന്നു. അന്തസ്സാരവിഹീനമായ ഒരൊററ വരിപോലും ഇന്നോളം ആ തൂലിക കുറിച്ചിട്ടില്ല. ആത്മപരാജയത്തിന്റെ ശോകപൂർണ്ണമായ നിഴലുകൾ—ആശകളററ ഒരു യുവഹൃദയത്തിന്റെ ജീവരക്തത്തിൽ കുറിക്കപ്പെട്ട വരികൾ-ഇരുളിൽ കിടന്നുകൊണ്ടു വെളിച്ചത്തിനുവേണ്ടിയുള്ള വെമ്പൽ—അതായിരുന്നു ആ കവിതകൾ. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയോടുള്ള ഉഗ്രമായ സമരത്തിന്റെ ജയകാഹളമായിരുന്നു ആ കവിതകളിലെ ഓരോ പാദങ്ങളും. ശോകാന്ധകയ ആ യുവഹൃദയത്തിന്റെ ആഴത്തിൽ വികാരജന്യങ്ങളായ ചില ചലനങ്ങൾ ഉളവായി. അങ്ങനെ അയാൾ ഒരു കവിയായി. കവനസ്വരൂപിണിയുടെ രാഗശീതളമായ ചുംബനമുദ്രകൾ മാത്രം അയാൾക്കു് ആശ്വാസമരുളി. അയാളുടെ ജീവിതത്തിലെ മന്ദഹസിക്കുന്ന നിമിഷങ്ങളാണവ. ആയിരക്കണക്കിനു് ആരാധകർ നാട്ടുമ്പുറത്തും നഗരങ്ങളിലും അയാൾക്കുണ്ടായി. മാസികകളും, വാരികകളുമെല്ലാം ആ കവിതകൾക്കു് ഒരുന്നതസ്ഥാനം കല്പിച്ചു.

സുധാകരൻ—അതായിരുന്നു ആ യുവകവിയുടെ പേരു്. പട്ടണത്തിൽ നിന്നു കുന്നുമാറി ഉൾനാട്ടിന്റെ ഒരൊതുങ്ങിയ കോണിലാണു് സുധാകരൻ താമസിച്ചിരുന്നതു്. പച്ച പുതച്ച രണ്ടു കുന്നുകൾക്കിടയിൽ കിടക്കുന്ന, കവിത തുളുമ്പുന്ന പ്രകൃതിസുന്ദരമായ ഒരു നാട്ടുമ്പുറം. ഏകാന്തതയുടെ അനശ്വരതയിലേയ്ക്കു ഒഴുകുന്ന ആ പുഴവക്കത്തു് കുന്നിൻചരിവിൽ ഒരു കൊച്ചുവീട്ടിലാണു് അയാൾ താമസിക്കുക. അവിടെനിന്നു നോക്കിയാൽ അകലെ ഒരു പാടവുംപാടത്തിനപ്പുറം മൊട്ടക്കുന്നുകളുമാണു്: ആ പുഴയുടെ വളവിൽ കുറെ പൊററക്കാടുകൾ പടൻ പന്തലിച്ചു ഒരു ദിവാന്ധകാരം ഒട്ടിച്ചേർന്നിട്ടുണ്ടു്.

സുധാകരന്റെ ജീവിതത്തിനു പിന്നിൽ ശോകസങ്കുലമായ ഒരു ചരിത്രമുണ്ടു്. നാട്ടുമ്പുറത്തെ ഒരു കൃഷകന്റെ കുടിലിൽ ജനിച്ചു്, ബാല്യത്തിൽ തന്നെ അച്ഛനും അമ്മയും മരിച്ചു്, അങ്ങനെ കഷ്ടപ്പാടുകളുടേയും ജീവിതയാഥാർത്ഥ്യങ്ങളുടേയും നടുവിലാണു് അയാൾ വളർന്നതു്. സ്നേഹംനിറഞ്ഞ, സഹതാപപൂർവ്വമുള്ള, ഒരൊററ നോട്ടംപോലും അയാളുടെ ബാല്യത്തിൽ അയാൾക്കു ലഭിച്ചി

ട്ടില്ല. അങ്ങനെ നീറിപ്പിടിക്കുന്ന നിരാശയിലും വിശപ്പിലും വളന്നു്, അയാൾ ഒരു കവിയായി. ക്ലേശപൂണ്ണമായ ജീവിതത്തിന്റെ വഴിത്താരയിൽ കൂടിയുള്ള ആ യാത്രയിൽ അയാൾക്കു് ഒരു കൂട്ടുകാരിയെ കിട്ടി. ആ വിവാഹം മൂലം അയാളുടെ സാമ്പത്തികമായ ചുററുപാടുകൾക്കു് അല്പമൊരാശ്വാസം ഉണ്ടാവുമെന്നു് അയാൾ പ്രത്യാശിച്ചിരുന്നു. പക്ഷേ, അതയാൾക്കു് ഒരു ഭാരമായിട്ടാണു തീന്നതു്. ജീവിതത്തിലെ കത്തവ്യങ്ങൾ ആ മധുവിധുവിന്റെ മലർമെത്തയിൽനിന്നു് അയാളെ വിളിച്ചുണത്തി.........ഏകാന്തതയുടെ മടിത്തട്ടിൽ കിടന്നുകൊണ്ടു് മധുവിധുവിന്റെ മാദകമായ രാവുകളെപ്പററി അയാൾ സ്മരിക്കാറുണ്ടു്. വസന്താവസാനത്തിലെ പുഷ്പത്തിന്റെ ഇതൾപോലെ കൊഴിഞ്ഞുപോയ ആ കാലം......അതെന്നും നിലനിന്നിരുന്നെങ്കിൽ!–എന്നയാൾ ആശിക്കാറുണ്ടു്.

സരള—അതാണയാളുടെ സഹധമ്മിണിയുടെ പേരു്. ആയിരമായിരം പ്രതീക്ഷകളോടെയാണു അവൾ ഭർത്തൃഗൃഹത്തിലേക്കു പോയതു്. സവ്വസമാരാധ്യനായ ഒരുകലാകാരൻ—ഒരു ജീവിതചിത്രകാരൻ—അങ്ങനെയുള്ള ഒരാളുടെ ഭാര്യാപദംഏതൊരു സ്ത്രീക്കും അഭിലഷണീയമാണു്. മധുരസ്വപ്നങ്ങളുടെ മോഹനസൌധങ്ങൾ അവളുടെ ഭാവനയിൽ അവൾ കണ്ടിരുന്നു. അസൂയാർഹമായ ആ പത്നീപദം അതർഹിക്കുന്ന ഗൌരവത്തോടെ അവൾ സ്വീകരിച്ചു.

നേരം വെളുത്താലുടനെ സുധാകരൻ എഴുത്തു മേശക്കരികിലിരുന്നു് എന്തെങ്കിലും എഴുതുവാൻ തുടങ്ങും. ചക്രവാളത്തിന്റെ സീമയററ അപാരതയിലേക്കു കണ്ണുമിഴിച്ചുനോക്കിയിരുന്നിട്ടു് വീണ്ടും ഒരു നെടുവീർപ്പോടെ അയാളെഴുതിത്തുടങ്ങും, ബാഹ്യലോകവുമായി യാതൊരു ബന്ധവുമില്ലാത്തതു പോലെ.

അടുക്കളപ്പടിയിൽനിന്നുകൊണ്ടു സരള അഭിമാനത്തോടെ അതു നോക്കി നില്ക്കാറുണ്ടു്. എന്നാൽ ഒരിക്കലെങ്കിലും ഒന്നു പുഞ്ചിരിച്ചുകൊണ്ടു് അയാൾ തിരിഞ്ഞു നോക്കിയിട്ടില്ല. പലപ്പോഴും അതവൾ ആശിച്ചിട്ടുണ്ടു്.

കാലം പതുക്കെ കടന്നുപോയി. മനുഷ്യജീവിതത്തിൽ പല വ്യതിയാനങ്ങളും പരിവത്തനങ്ങളും ഉണ്ടായി. വല്ലികൾ മൊട്ടിട്ടു. പൂക്കൾ വിടന്നു—പൂഴി മണ്ണിൽ അലിഞ്ഞു ചേന്നു. പുഴയിൽ വെള്ളം വററി—വീണ്ടും വെള്ളം പെരുകി......... കാലം അപാരതയിലേക്കുള്ള ആ അവിരാമമായ യാത്ര തുടന്നു കൊണ്ടിരുന്നു.

ഒരു ദിവസം പതിവുപോലെ സുധാകരൻ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. സരള അരികിൽ ഒരു കട്ടിലിൽ കിടപ്പുണ്ടു്. അവളുടെ കഴുത്തിലും കാതിലും കയ്യിലും ആഭരണങ്ങൾ ഒന്നുമില്ല. എല്ലാം അവരുടെ ജീവിതാവശ്യങ്ങൾക്കു വേണ്ടി വിററുപോയി. അവൾ അതെല്ലാം സഹിച്ചു. സഹിക്കാതെ ഗത്യന്തരമില്ലല്ലോ? അവൾ പടുത്തുകെട്ടിയ മോഹനസ്വപ്നസൌധങ്ങൾ എല്ലാം നീറി എരിഞ്ഞു പോയി. ഉടഞ്ഞ ആ കിനാവുകളെ താലോലിച്ചു കൊണ്ടവൾ കട്ടിലിൽ ചരിഞ്ഞുകിടക്കുകയാണു്. അന്നു് ഒരുശ്രാവണപൌണ്ണമിയായിരുന്നു. തുറന്നു കിടന്നിരുന്ന ജാലകത്തിലൂടെ നിലാവു് അകത്തുകടന്നു് അവളുടെ മേനി മുഴുവൻ വെള്ളപ്പട്ടു വിരിച്ചിരുന്നു. ചുരുണ്ട തലമുടി അലക്ഷ്യമായി തലയണയിൽ ചിതറിക്കിടക്കുന്നു.

അവൾ ആ മങ്ങിയ മണ്ണെണ്ണവിളക്കിന്റെ പ്രകാശത്തിൽ അയാളുടെ മുഖത്തേയ്ക്കു നോക്കി. അയാൾ അങ്ങിനെ കുനിഞ്ഞിരുന്നു് എഴുതുകയാണു്. ജീവിതത്തിന്റെ ആർത്തിരമ്പുന്ന അഭിലാഷങ്ങളുടെയും, യാതനകളുടെയും സജീവചിത്രങ്ങൾ വരക്കുകയാണയാൾ. ജീവിതക്ലേശങ്ങളുടെ കരിനിഴലുകൾ ആ ക്ഷീണിച്ച മുഖത്തെ മൂടിയിട്ടുണ്ടു്. ഒരു നെടുവീർപ്പോടെ അവൾ കട്ടിലിൽ ചരിഞ്ഞുകിടന്നു. അകലെ നിലാവിൽ തിളങ്ങുന്ന പുഴയിലേക്കവൾ നോക്കി. ചെറുതരംഗങ്ങളിലൂടെ ആയിരം വെള്ളിക്കസവുനാടകൾ ചലിച്ചുകൊണ്ടിരുന്നു. പുകപോലെ മഞ്ഞു വ്യാപിച്ചിരുന്നു. ആ തിരിവിലെ പൊന്തകളിലൂടെ കുളിർകാററു് ചൂളംവിളിക്കുന്നുണ്ടായിരുന്നു. വയലിനക്കരെ ഒരു പാലക്കൊമ്പത്തിരുന്നു കൂജനം ചെയ്യുന്ന ഒരു പുള്ളിക്കുയിലിന്റെ ശബ്ദം വായുവിൽ ചെറു തരംഗങ്ങൾ ഉളവാക്കിക്കൊണ്ടു് അന്തരീക്ഷത്തിൽ വിലയിച്ചു. സരളയുടെ ഹൃദയത്തിൽ അവ്യക്തമായ ഒരു മധുരവികാരം മെല്ലെ സ്വരം മീട്ടുവാൻ തുടങ്ങി. കിടക്കയിൽ മാറിടം അമർത്തിക്കൊണ്ടു് അവൾ ഒരു നെടുവീർപ്പിട്ടു. മൂകമായ കുറെ പ്രതീക്ഷകൾ —ഉടഞ്ഞ കുറെ കിനാവുകളുടെ ശകലങ്ങൾ കാററിൽ അലിഞ്ഞുചേർന്നു. വീണ്ടും അവൾ അയാളുടെ എഴുത്തു മേശയിലേയ്ക്കു നോക്കി. ആ ക്ഷീണിച്ച കൈ യാന്ത്രികമായെന്നപോലെ ചലിച്ചുകൊണ്ടിരിക്കുന്നു.

“ഉറക്കംവരുന്നില്ലേ?” സരള ചോദിച്ചു

“ഇല്ല, നിനക്കു് ഉറങ്ങണമെങ്കിൽ ഉറങ്ങിക്കൊള്ളൂ.” എഴുതുന്നതിനിടയിൽ അയാൾ അലക്ഷ്യമായി പറഞ്ഞു.

ഒരു നനുനനുത്ത കാററു് മുറിക്കുള്ളിലേയ്ക്കു കടന്നു. ഒരു നേരിയ കുളിരു്... സരളയുടെ ശരീരത്തെ കിക്കിളിയിട്ടു. കുറേനേരം അങ്ങനേ അയാളുടെ മുഖത്തേയ്ക്കു നോക്കിയിട്ട് നൈരാശ്യത്തോടെ ചുണ്ടുകടിച്ചമർത്തിക്കൊണ്ടവൾ കമഴ്ന്നുകിടന്നു. മാഞ്ഞുപോയ മധുരസ്വപ്നങ്ങളുടെ അവശിഷ്ടങ്ങൾ മാത്രം ആ കുടിലിൽ ചിതറിക്കിടപ്പുണ്ടു്.........പുലച്ച്ക്കോഴിയുടെ കൂകൽ കേട്ടു സരള കണ്ണുതുറന്നു. എഴുത്തുമേശമേൽ തലചാച്ചു സുധാകരൻ ഒരു കുഞ്ഞിനെപ്പോലെ തളർന്നുറങ്ങുകയായിരുന്നു. അയാൾ എഴുതിയ അപൂർണ്ണമായ ആ ചെറുകഥ—സ്ത്രീ—എന്നായിരുന്നു അതിന്റെ ശീർഷകം—മേശമേൽ ഇരിപ്പുണ്ടു്. പേന അതിനുമീതെ—വിശ്രമിക്കുന്നു. അവൾ ആ കടലാസ്സെടുത്തു നിവർത്തി.

“......ഒരു സ്ത്രീയുടെ ജീവിതം. അതു് ഏച്ചുകെട്ടപ്പെട്ട കുറെ ആശകളാണു്. സരള പല്ലുകടിച്ചു് കണ്ണുതുറിച്ചു് വീണ്ടും ആ കടലാസ്സിലേയ്ക്കു നോക്കി.”......... ലോകത്തിൽ ഒരൊററ സ്ത്രീപോലും സംതൃപ്തിയോടെ മരിക്കുന്നില്ല. സ്നേഹിക്കുന്നതിലല്ല സ്നേഹിക്കപ്പെടുന്നതിലാണു് ഒരു സ്ത്രീയുടെ സംതൃപ്തി നിലകൊള്ളുന്നതു്. അവളുടെ അടങ്ങാത്ത ഈ സ്നേഹദാഹമാണവളെ അധഃപതിപ്പിക്കുന്നതു്...... ഒരു സ്ത്രീയുടെ ജീവിതം. അതു് ഒരു തകർന്ന സ്വപ്നമാണു്.”

ഒന്നുകൂടി സുധാകരനെ തുറിച്ചുനോക്കിയിട്ടു് അവൾ ആ കടലാസു് മേശപ്പുറത്തേയ്ക്കിട്ടു. “കഷ്ടം സ്നേഹത്തിന്റെ തേന്മലരുകൾ വിടരുവാൻ പര്യാപ്തമല്ലാത്ത ഒരു പാഴ്മരുഭൂമിയിലാണു് ഞാൻ ഇത്രനാളും അലഞ്ഞുനടന്നതു്.” സരളയുടെ

അന്തരാത്മാവു മന്ത്രിച്ചു. വെറുപ്പോടെ അവൾ പുറത്തേയ്ക്കിറങ്ങിപ്പോയി.

സംഭവങ്ങൾക്കു യവനികയിട്ടുകൊണ്ടു് ദിവസങ്ങൾ ഇഴഞ്ഞുനീങ്ങി. പട്ടിണിയുടെ ക്രൂരമായ മർദ്ദനങ്ങൾ ആ കുടുംബത്തെ ശ്വാസംമുട്ടിച്ചു. കടക്കാർ അയാളെ നോക്കി അസഭ്യം പുലമ്പി. വീണ്ടും അയാൾ എഴുതിക്കൊണ്ടിരുന്നു.

ഒരു ദിവസം സരള പറഞ്ഞു.—"എഴുതിയതുകൊണ്ടു മാത്രമായില്ല. ആഹാരം കഴിക്കണമെങ്കിൽ മറെറന്തെങ്കിലും ജോലി നോക്കണം."

"ഏറിയ പങ്കു സാഹിത്യകാരന്മാരും സാഹിത്യസേവനം ഒരു "സൈഡ്' ബിസിനസ്സ്" എന്ന നിലയിലാണു് നടത്തുക. ഞാൻ അതു തീരെ ഇഷ്ടപ്പെടുന്നില്ല" സുധാകരൻ പറഞ്ഞു.

"ഇഷ്ടപ്പെടാത്തിടത്തോളം പട്ടിണിയും കിടക്കണമെന്നേയുള്ളു" പ്രഫുല്ലമായ പനിനീർപൂവുപോലെ പ്രസന്നമായ മുഖത്തെ മന്ദഹാസത്താൽ മധുരമാക്കിക്കൊണ്ടു് സരള പറഞ്ഞു.

"എൻെറ പുസ്തകം അച്ചടിച്ചു കഴിയട്ടെ. അപ്പോൾ ഇതൊക്കെ മാറിക്കൊള്ളും." അയാൾ മറുപടി പറഞ്ഞു.

അങ്ങനെ ആ പുസ്തകവും പുറത്തുവന്നു. ആയിരം കോപ്പികൾ. ആ കോപ്പികൾ അത്രയും ഒരാഴ്ചക്കുള്ളിൽ വിററഴിഞ്ഞു. പക്ഷേ പണം നിറഞ്ഞതു പ്രസാധകൻെറ പെട്ടിയിൽ മാസികകളിലും വാരികകളിലും ആ പുസ്തകത്തെപ്പററി പല സഹൃദയരും ആസ്വാദനങ്ങളും അഭിപ്രായങ്ങളുമെഴുതി!

ഒരു ദിവസം സുധാകരൻ പ്രസാധകൻെറ അടുക്കൽചെന്നു. "ഇരിക്കണം സാറേ!" വെററിലക്കറ പിടിച്ച പല്ലുകൾ പുറത്തേക്കു കാട്ടിക്കൊണ്ടു പ്രസാധകൻ പറഞ്ഞു.

"എന്നാൽ...... ധൃതിയാണെങ്കിൽ... ഞാൻ നിർബന്ധിക്കുന്നില്ല..."

"കുറച്ചു ഉറുപ്പിക വേണമല്ലോ?"

പ്രസാധകൻെറ മുഖം കറുത്തു. "എൻെറ സാറേ! പുസ്തകങ്ങൾ ഒന്നും ചിലവായിട്ടില്ല. അവിടവിടെ ഏല്പിച്ചിട്ടേയുള്ളു. ചുരുങ്ങിയതു് ആറു മാസത്തെ താമസമെങ്കിലുമുണ്ടാകും പണം പിരിഞ്ഞു കിട്ടാൻ."

നീറുന്ന ഹൃദയത്തോടെ—പൊരിയുന്ന വയറോടെ അയാൾ നിശ്ശബ്ദനായി അവിടെ നിന്നിറങ്ങിപ്പോയി. സമയം സന്ധ്യ കഴിഞ്ഞിരുന്നു.

വീട്ടിൽ ചെന്നപ്പോൾ സരള കട്ടിലിൽ മൂടിപ്പുതച്ചു കിടക്കുകയായിരുന്നു. അയാൾ കട്ടിലിന്നരികിൽ ചെന്നു നിന്നു. "സരളേ!" അയാൾ വിളിച്ചു. അവൾ മെല്ലെ മുഖമുയർത്തി. ആ കവിളുകളിലൂടെ രണ്ടു കണ്ണുനീർച്ചാലുകൾ ഒഴുകുന്നുണ്ടായിരുന്നു.

"നീ എന്താ കരയുന്നതു്?" സുധാകരൻെറ ഹൃദയം അനുകമ്പാർദ്രമായി. അവൾ ഒന്നും മിണ്ടിയില്ല. അയാൾ സാവധാനം ആ കട്ടിലിൽ ഇരുന്നു്, മെല്ലെ അവളുടെ നെററിയിൽ സ്പർശിച്ചുനോക്കി. അവൾക്കു നല്ല പനിയുണ്ടായിരുന്നു. പട്ടിണിയുടെ മർദ്ദനംമൂലം അവളുടെ മാംസളമായിരുന്ന കവിളുകൾ അല്പം കുഴിഞ്ഞുപോയിരുന്നെങ്കിലും ആ മുഖത്തിൻെറ അഴകിനു് ഒരു കുറവും ഉണ്ടായിട്ടില്ല. ഘനീഭവിച്ച നിലാവുപോലെ—ഏകാന്തമായ പൊയ്കയിൽ വികസിച്ച വെൺതാമരപ്പൂവുപോലെ സ്നിഗ്ദ്ധകോമളമായിരുന്നു ആ വദനം.

സുധാകരന്റെ മനസ്സു വല്ലാതെ വേദനിച്ചു. അന്നോളം അയാൾ സരളയെപ്പററി ശ്രദ്ധിച്ചിട്ടില്ല. ഒരു യുവതിയുടെ അഭിലാഷങ്ങളേയും ജീവിതസൌഖ്യങ്ങളേയുംപററി അയാൾ ചിന്തിച്ചിട്ടില്ല. മനുഷ്യജീവിതത്തിലെ കണ്ണുനീരിന്റെ ചിത്രങ്ങൾ വരയ്ക്കുകയായിരുന്നു അയാൾ. സ്വന്തം ഭാൎയ്യ പട്ടിണിയിലും ആത്മവേദനയിലും കിടന്നു പൊള്ളുകയും! തനിക്കു കിട്ടിയ അനൎഘമായ ആ അമൃതചഷകം—ഇതാ തകൎന്നു താഴെ കിടക്കുന്നു...... അയാൾ അവിശ്രമം എഴുതിയിട്ടുണ്ട്. ഒരൊററ വരിപോലും തന്റെയോ സരളയുടെയോ വിശപ്പടക്കുവാൻ പൎയ്യാപ്തമായിട്ടില്ല..............പിന്നെ അയാൾ എന്തിനെഴുതി?

സുധാകരൻ പുറത്തേക്കിറങ്ങി. വയററിൽ കാട്ടുതീ—ഹൃദയത്തിൽ കൊടുങ്കാററ്. അയാൾ—ഡോക്ടറുടെ അടുത്തു ചെന്നു.

"ഉം. എന്താടോ വന്നതു്?" ഡോക്ടർ സ്വതസ്സിദ്ധമായ അഹംഭാവത്തോടെ ചോദിച്ചു.

"എന്റെ ഭാൎയ്യയ്ക്കു നല്ല സുഖമില്ല."

"അതിനു ഞാനെന്തു വേണം?........." ഡോക്ടർ അവജ്ഞാനിർഭരമായി ഒന്നു മന്ദഹസിച്ചു.

"വീട്ടിൽവരെ ഒന്നു വന്നാൽ ഉപകാരമായി"

"തല്ക്കാലം സൌകൎയ്യമില്ല. നാളെ രാവിലെ ആശുപത്രിയിൽ വന്നേക്കു." ഡോക്ടർ അലക്ഷ്യമായി പറഞ്ഞിട്ടു് അകത്തേക്കു കയറിപ്പോയി. സുധാകരന്റെ ആത്മാഭിമാനത്തിന്റെ അടിയിൽ ഒരു ചലനം—കണ്ണുകളിൽ ഒരു പിടയൽ—അടങ്ങാത്ത വിദ്വേഷത്തോടെ സുധാകരൻ തുറിച്ചുനോക്കി...അകത്തുനിന്നും ഡാക്ടറുടെ ഭാൎയ്യയുടെ കലുങ്ങിക്കലുങ്ങിയുള്ള ചിരി സുധാകരന്റെ ചെവിയിലേക്കിഴഞ്ഞുവന്നു...........അയാൾ തിരിഞ്ഞു നടന്നു. തണുത്തു മരവിച്ച ആ ഇരുട്ടിലൂടെ അയാളുടെ കാലുകൾ യാന്ത്രികമായെന്നപോലെ നീങ്ങിക്കൊണ്ടിരുന്നു.

അയാൾ വീട്ടിനുള്ളിലേക്കു കയറി. സരള 'അസ്വാസ്ഥതയോടെ കിടന്നുരുളുകയായിരുന്നു. "സ—ര—ളേ!" സുധാകരൻ തൊണ്ടയിടറലോടെ വിളിച്ചു. അവൾ ആ അസ്വാസ്ഥതയിൽ ഒന്നു തിരിഞ്ഞുനോക്കി. വെള്ളം കുടിക്കണമെന്നു കൈ കൊണ്ടു കാണിച്ചു.

അയാൾ അടുപ്പിലേക്കുനോക്കി. ഒരാഴ്ചയായിട്ടുണ്ടാവും അതിൽ തീ പിടിപ്പിച്ചിട്ട്. ഭ്രാന്തനെപ്പോലെ അയാൾ പുറത്തേക്കിറങ്ങി. ഒരു അലൂമിനിയം പാത്രത്തിൽ കുറെവെള്ളം കൊണ്ടുവന്നു് അടുപ്പിലേക്കു കയററി വച്ചു. തീപ്പെട്ടിയുരച്ചു് അയാൾ അടുപ്പിലേക്കു കാണിച്ചു. നനവു പററിയ വിറകുകൊള്ളികൾ പുകഞ്ഞുകൊണ്ടിരുന്നു. തീകത്തുന്നില്ല. വീണ്ടും അയാളുടെ കണ്ണുകൾ സരളയുടെ നേരേ തിരിഞ്ഞു. വേദനാനുഭൂതിയോടെ അവളുടെ വപുസ്സ് കിടന്നു ചലിക്കുകയാണു. സുധാകരൻ എഴുന്നേററു. അയാൾ എഴുതിവച്ചിരുന്ന കുറെ കഥാബീജങ്ങളും കവിതാശകലങ്ങളും, മൂലയിൽ കൂട്ടിക്കിടന്നിരുന്ന കത്തുകളും വാരിയെടുത്തു് അടുപ്പിന്നരികെകൊണ്ടു ചെന്നിട്ടു. വികാരജന്യമായ ഒരു വികൃതഹാസം അയാളുടെ മുഖത്തെ പൈശാചികമാക്കിയിരുന്നു. അയാൾ ഓരോന്നായി എടുത്തു് അടുപ്പിലേക്കു വച്ചു്, തീ ഊതിക്കത്തിച്ചു. തീ ആളിക്കത്തി. ആ രക്തതീനാളങ്ങളിൽ നിന്നു്

സ്ഫുലിംഗങ്ങൾ പറന്നു. വീണ്ടും പൈശാചികമായി ചിരിച്ചുകൊണ്ടു് സുധാകരൻ എഴുന്നേററു്; അല്പം വെള്ളം ഒരു പിഞ്ഞാണത്തിൽ പകൎന്നെടുത്തു. അയാൾ കട്ടിലിന്നരികിലേക്കു നീങ്ങി. സരള അനക്കമില്ലാതെ കിടക്കുന്നു.

"സ—ര—ളേ!" ഭ്രാന്തനെപ്പോലെ അയാൾ വിളിച്ചു. നിശ്ശബ്ദത. നിശ്ചലത. നിമേഷങ്ങൾ പാഞ്ഞു പോയി. "സ—രളേ!" ആ വിളി പല തവണ ആവൎത്തിക്കപ്പെട്ടു. നിറഞ്ഞ നിശ്ശബ്ദതയിൽ അകലെ കുന്നിൻ ചരിവിൽ ആ വിളി മാറെറാലിക്കൊണ്ടു. സുധാകരൻ സരളയുടെ മുഖം പിടിച്ചുയൎത്തി. അവളുടെ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു പോയിരുന്നു. നെഞ്ഞിടിപ്പുകൾ നിലച്ചു് മാറിടം നിശ്ചലമായിരുന്നു.

സുധാകരന്റെ മുമ്പിൽ ഒരു കൊടുങ്കാററുവീശി......പിഞ്ഞാണം താഴെ വീണുടഞ്ഞു......സരളയുടെ മാറിടത്തിലേക്കു് സുധാകരന്റെ മുഖം. ദീനമായ ഒരാക്രന്ദനത്തോടെ അമൎന്നു.

*     *     *     *

പട്ടണത്തിൽക്കൂടി എപ്പോഴും ഒരു ഭ്രാന്തൻ പൊട്ടിച്ചിരിച്ചുകൊണ്ടു നടക്കുന്നതു കാണാം. വഴിവക്കിൽ നിന്നു് തെരുവുപിള്ളേർ അയാളെ കൂക്കിവിളിച്ചു കല്ലെറിയും.

"പാവം. ഇങ്ങനെ ഭ്രാന്തുപിടിച്ചു പോയല്ലോ? നല്ല ഒരു കലാകാരനായിരുന്നു." ചില സഹൃദന്മാർ സഹതാപം പ്രദൎശിപ്പിച്ചു.

മനസ്സിന്റെ മാറാത്ത വേദനകളുടെ ചലനങ്ങൾക്കു സഹൃദയലോകം കല്പിക്കുന്നപേരു്. ഭ്രാന്തു്! പരമാൎത്ഥത്തിൽ സുധാകരൻ ഭ്രാന്തനാണോ?

പകൎപ്പവകാശം കഥികനു്.


## ശ്രീമാൻ ആർ. നാരായണപ്പണിക്കർ ബി. എ. എൽ. ററി. അവൎകളുടെ കൃതികൾ.

ആത്മസമൎപ്പണം—ശ്രീമതി നിരുപമാദേവിയുടെ ദീദി എന്ന ബംഗാളി നോവലിന്റെ വിവൎത്തനം   വില 2—4—0

സതീശചന്ദ്രൻ—ശരച്ചന്ദ്രചട്ടോപാദ്ധ്യായന്റെ ചാരിത്രഹീൻ എന്ന ബംഗാളിനോവലിന്റെ വിവൎത്തനം   ,, 3—0—0

രമ—ശരച്ചന്ദ്രചട്ടോപാദ്ധ്യായന്റെ രമ എന്ന നാടകത്തിന്റെ വിവൎത്തനം   ,, 1—8—0

ലളിത—ശരച്ചന്ദ്രചട്ടോപാദ്ധ്യായന്റെ ലളിത എന്ന ബംഗാളി നോവലിന്റെ വിവൎത്തനം   ,, 1—0—0

ദേവികാറാണി—ഷില്ലർ എന്ന സുപ്രസിദ്ധ ജൎമ്മൻ മഹാകവിയുടെ ഗ്രന്ഥത്തിന്റെ വിവൎത്തനം (ഷില്ലർ മഹാകവിയുടെ ജീവിതസംഗ്രഹം മുഖവുരയിൽ കാണാം)   ,, 1—0—0

റെഡ്ഢ്യാർ പ്രസ്സ് & ബുക്കുഡിപ്പോ—തിരുവനന്തപുരം.

# വിരക്തി

പി. കൃഷ്ണൻകുട്ടിനായർ.

അരുണൻ പുതുകനകത്തുകിൽ
ധര നീളെ വിരിക്കെ-
യൊരു മല്ലിക മൃദുലസിത
സഹിതം വികസിപ്പൂ
കുളിർതെന്നലിലിളകിപ്പരി-
മളധോരണി പൊങ്ങു-
ന്നളവിങ്കലൊരളികാമുക-
നരികത്തിലണഞ്ഞു.

അതിയായ് മധുകൊതിയാൽ മന-
മലിയും പടിയോരോ-
വിധമങ്ങിനെ മധുപൻ പല
മധുരോക്തികളരുളീ.

അതു മല്ലിക തല തെല്ലൊരു
ചലനേന വിലക്കി,
മധുമത്തനൊടലർ സത്വര
മിദമുത്തരമോതി:—

"തരുണാഭ കലർന്നിന്നലെ
വിലസീടിന മലരിൽ
പുരുമോദമൊടളി നീ ബഹു
കളിയാടി രസിച്ചു.
അവയിന്നിത നവയൗവന
സുഷമാവലി വേറി-
ട്ടു,വശം നിപതിച്ചു ഭുവി
തുഹിനാശ്രുവിൽ, മുഴുകീ.

അണയും പലതോതിച്ചതി
കരുതാത്തൊരു മലരെ-
പ്പുണരും മതി കുളിരുംപടി
- കുതുകത്തൊടു ഗാഢം.
കരുതീടുകയതുമില്ലൊരു
പൊഴുതും പുനരിതുപോൽ
പരിപാവന സുമജീവിത
സുധയെത്ര കുടിച്ചു?

വിടരോടിടപെടുകിൽ പട്ട-
മതിയാകില്ല മേവം
മുടിയും ദൃഢമുടനെന്നതു
പഠിയാനിടയായി.

തനുപോലെ തമസ്സാം തവ
മനമെന്നൊരു ലവവും
നിനയാതലർകുലമിങ്ങനെ
വിലയിച്ചിതു പലതും.
മണവും പുതുഗുണവും ചെറു-
തൊഴിവാകിലൊരണുവും
പ്രണയം കണികാണാൻ പണി,
ഘൃണയും ഖലഹൃദയേ.
മമ വാസന ഭുവിസേവന
മതിനാകണമെന്നാൽ
മതി, ഞാനതിലതിമാനസ
ചരിതാർത്ഥത നേടും!!

# ത്യാഗിനി

## 1944 ജാനുവരിമാസത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം

രംഭാവനം, വാസുദേവൻനായർ.

പല നൂററാണ്ടുകളായി പൗരസ്വാതന്ത്ര്യനാശകക്കുരുക്കിൽപ്പെട്ടു പരിതപിച്ചുകൊണ്ടിരുന്ന ഭാരതാംബിക, പരമാനന്ദം കൊണ്ടു പുളകിത ശരീരിണിയായി പ്പരിശോഭിക്കുന്ന ഒരു പൊൻപുലരി പ്രത്യക്ഷപ്പെടാറാകുന്നു. ജീവിതത്തെ നോക്കി നെടുവീർപ്പിട്ടിരുന്ന ആബാലവൃദ്ധം ഭാരതീയരും ആഗാഖാൻ മന്ദിരത്തിന്റെ പരിസരപ്രദേശങ്ങളിൽ പാഞ്ഞുകയറുന്നു. അവരുടെ അവിശ്രാന്തമായ അന്വേഷണവും അവകാശത്തിലേക്കുള്ള ആനന്ദസഞ്ചാരവും തമ്മിൽ കൂട്ടിമുട്ടുന്നതു കാണുവാൻ, ദുസ്സഹദുഃഖങ്ങളുടെ അലതല്ലൽ മറകളുടെ മഹാഗ്രന്ഥങ്ങളായി മാറുന്നതു നോക്കുവാൻ, അങ്ങിനെ ആനന്ദാശ്രുക്കൾ പൊഴിക്കുവാൻ, അവർ അക്ഷമരായി എങ്കിലും, അച്ചടക്കത്തോടുകൂടി കാത്തുനില്ക്കുന്നു.

സർവ്വത്ര ശാന്തത! മനുഷ്യസമ്പർക്കമില്ലാതെ മൗനം പൂണ്ടിരുന്ന ആ മനോഹരമന്ദിരം, മഹത്തുക്കളുടെ സമാഗമം കൊണ്ട് സർവ്വോന്മേഷവത്തായി കാണപ്പെടുന്നു. ശിശിരർത്തുവിൽപോലും ഇലകൊഴിഞ്ഞ ദേവതാരദാരുക്കൾ അവയുടെ നീണ്ട പത്രങ്ങൾ തൂക്കി അനങ്ങാതെ നോക്കിനില്ക്കുന്നു. പ്രശാന്തരമണീയമായ പച്ചപ്പുല്പ്പരപ്പ് പ്രഭാതകോമളിമയിൽ പനിനീർത്തുള്ളികൾ പൊന്തിച്ചു മധുരമംഗളമന്ദഹാസം തൂകി ബഹുമാന്യരായ അതിഥികൾക്കു സ്വാഗതമരുളുന്നു.

കണ്ണഞ്ചിക്കുന്ന കനകകമനീയഗോളം പൂർവ്വാംബരത്തിൽ പൊങ്ങിവന്നു പുഞ്ചിരി പൊഴിക്കുന്നു. അതിന്റെ കിരണകന്ദളങ്ങളിൽ ഹിമപടലം രജതക്കമ്പികൾ നീട്ടുന്നു. അതാ! കുളിരണിക്കല്ലുകൾ കൊണ്ടു പടുത്ത കുടീരമൊന്നു ഉയർന്നു കാണുന്നു. മാലതീമല്ലികാദി കുസുമ തരുക്കൾ ആ കുടീരത്തിനു ചുററും അണിനിരന്നു തഴച്ചു പടർന്നു നില്ക്കുന്നു. അവയുടെ പുതുമലരുകൾ ഇളം തെന്നലിൽ പരിമളം പരത്തുന്നു.

അതൊരു പൂവാടിയല്ലെങ്കിൽ ഒരു തപോവാടമാണ്. അതുല്യദിവ്യസ്നേഹത്തിന്റെ അഭിരാമത അവിടെ കണ്ടില്ലെങ്കിൽ, അകളങ്കത്യാഗത്തിന്റെ അനന്തവ്യാകുലത അവിടെ കാണാം.

യശഃസ്വരൂപിണിയായസുചരിതയുടെ പാവനക്ഷേത്രമാണതു്. പാവനതയുടെ അപാരത, മണ്ണിൽ മറഞ്ഞിരിക്കുന്ന പുണ്യഭൂമിയാണതു. അതേ! ഭാരതാംബികയുടെ വാത്സല്യസന്താനത്തിന്റെ—ലോകൈകവന്ദ്യയായ കർമ്മയോഗിനിയുടെ—മനുഷ്യന്റെ മൗലികാവകാശം സുരക്ഷിതമാക്കാൻ ധീരധീരം സമരം ചെയ്ത



ത്യാഗിനിയുടെ — ദേവി കസ്തൂരിഭായിയുടെ കുടീരമാണതു്; നമസ്കരിക്കുക!

ഒരു ഗാനമധുരിമ! അന്തരംഗത്തിന്റെ അടിത്തട്ടിൽ നിന്നും മുഴങ്ങി ഉയരുന്ന ഒരു മധുരമന്ത്രം. ആനന്ദസന്ദായകമായ ഒരു പഞ്ചമരാഗം! പരാജയങ്ങളിൽ നിന്നും പൊട്ടിച്ചുയരുന്ന പാവനസൂക്തം! ശോകാത്മകമായ ത്യാഗത്തിന്റെ സുന്ദരവേണുനാദം! വന്ദേ! മാതരം! അക്രമരഹിതമായ സ്വാതന്ത്ര്യസമരത്തിന്റെ വിജയകാഹളധ്വനി! "ജേ! ഹിന്ദു്!" അവിടമെങ്ങും മുഴങ്ങി.

അതാ! പ്രഭാതത്തിന്റെ തൂവെൺകതിരൊളിയിൽ പാരിന്റെ ധൂസരഭാവം ലയിച്ചുചേരുന്നു. ആദരണീയമായ ഒരു കോമളരൂപം ആ കുടീരത്തിനരികിൽ കൂപ്പുകൈയ്യോടെ നില്ക്കുന്നു. അനന്തതയിൽ ആത്മചൈതന്യം കാണുന്നതുപോലെ അനശ്വരമായ വിശ്രാന്തിയെ ആസ്വാദിക്കുന്നതുപോലെ, നവ്യപ്രചോദനങ്ങൾ കൊണ്ടു അകമലിഞ്ഞു് ആഹ്ലാദിക്കുന്നതുപോലെ. നിഗൂഢരഹസ്യങ്ങൾ പലതും അറിഞ്ഞു് അത്ഭുതസ്തബ്ധനായതുപോലെ ആ ദിവ്യരൂപം അനങ്ങാതെ നില്ക്കുന്നു.

അർദ്ധനഗ്നമായ ആ സുന്ദരരൂപം അഹിംസയുടെ നിർമ്മലസ്വരൂപമാണു്; ത്യാഗധീരതയുടെ താരുണ്യപാരാവാരമാണു്; അശരണതയുടെ ആശാനികേതനമാണു്; മാനവസമുദായത്തിന്റെ അന്തഃകരണമാണു്; അക്രമരാഹിത്യത്തിന്റെ അനശ്വരമാതൃകയാണു്. ആദർശമാണു്; സത്യത്തിന്റെ സാക്ഷാത്കാരമാണു്.

മൗനവ്രതംകൊണ്ടു് മഹത്തായ മീമാംസകൾ മൂഢലോകത്തിന്റെ മുൻപിൽ കാഴ്ചവയ്ക്കുന്ന മഹാത്മജി, സംഗീതത്തിന്റെ സൗന്ദര്യത്തിൽ ബദ്ധശ്രദ്ധനായി



സമരകാഹളധ്വനി അദ്ദേഹത്തിന്റെ വിചാരവീചിയെ പിന്നിൽ മറഞ്ഞ വസന്തങ്ങളിലൂടെ പലായനം ചെയ്യിപ്പിച്ചു. അദ്ദേഹം ദേവാലയത്തിൽ നോക്കി. അദ്ദേഹത്തിന്റെ കണ്ണുകൾ മിന്നിത്തിളങ്ങി. ബംഗാൾ, ബീഹാർ തുടങ്ങിയ രാജ്യവിഭാഗങ്ങളിലെ ദയനീയ സംഭവങ്ങൾ ഭീകരപ്രവർത്തനങ്ങൾ, പൈശാചികപ്പകവീട്ടലുകൾ, അദ്ദേഹത്തിന്റെ പുരികക്കൊടികളെ വക്രിപ്പിച്ചു. മനുഷ്യസ്വാതന്ത്ര്യത്തിനു മാർഗ്ഗവിലംഘികളായിക്കാണുന്ന മഹത്ത്വാവിട്ട മതാവലംബികളെ മനഃസാന്തരപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ ഹൃദയം കൊതിച്ചു. രാഷ്ട്രമാതാവായ തന്റെ പ്രേമസർവ്വസ്വത്തിന്റെ കുടീരത്തിൽ അഴകോടണിയിക്കുവാൻ മഹാത്മജി കയ്യിലെടുത്ത പുഷ്പമാല്യം വിറച്ചു. അദ്ദേഹത്തിന്റെ അധരപല്ലവം ചലിച്ചു.

അഹിംസാധർമ്മത്തിന്റെയും ഐക്യത്തിന്റെയും, അക്ഷയയശസ്സിനെ പ്രകീർത്തിച്ച് അദ്ദേഹം പാടി. ഭാരതാംബികയുടെ കരചരണങ്ങളെ കരുതിയിരിക്കുന്ന സമുദായശൃംഖലയെ ഉരുക്കിമാറ്റുന്ന പ്രാർത്ഥനാഗീതം ഭക്തസഞ്ചയം ഏറ്റുപാടി. ഭാരതീയജനതാസംസ്കാരത്തിന്റെ പാരമ്യത്തെ കുറിക്കുന്ന പരിണധ്വസൂക്തങ്ങൾ പലതും അങ്ങിനെ ഉതിർന്നുവീണു. യാഥാർത്ഥ്യത്തിന്റെ പരമസൗന്ദര്യം പൊൻവീണക്കമ്പി മീട്ടി ശ്രുതിയിട്ടു. സത്യവും ത്യാഗവും താളം പിടിച്ചു.

ദേവിയുടെ ആജ്ഞയെ അദ്ദേഹം പ്രതീക്ഷിച്ചു.

ദേവി ആജ്ഞാകാരിണിയാണ്, സത്യത്തിന്റെ പരുപരുത്ത പാതയിൽക്കൂടി ധർമ്മഭടസംഘത്തെ നിർഭയം നയിക്കുവാൻ. ഒരു അളവുകോലാണ്, അഴലൊഴിയാത്ത ത്യാഗത്തിന്റെ അഴകും ആഴവും നോക്കുവാൻ. ഒരു ശബ്ദവാഹിനിയാണ്, ജീവിതത്തിന്റെ പതറിയ സ്വരങ്ങൾ പരിഭവംകൂടാതെ പകർത്തി കേൾപ്പിക്കുവാൻ; ഒരു ചിത്രകാരിണിയാണ്, മൂകവും വികാരത്തേജകവുമായ പ്രത്യാശകളിൽ പ്രതിച്ഛായകൾ പകർത്തുവാൻ.

പല പരാജയങ്ങളിലും പരിചയിച്ച പരമാർത്ഥവാദിക്ക്—മഹാത്മജിക്ക്—ഒരു പ്രഃചോദനമുണ്ടായി. ആത്മസംയമനം സാധിച്ച ആ പരമഹംസൻ നിശ്ചലനായി. ശാന്തതയിൽ ചിത്രം വരയ്ക്കുന്ന ആ യതിവര്യന്റെ ദിവ്യനിർമ്മലവദനത്തിൽ ഗാംഭീര്യം ഛായമിട്ടു. അദ്ദേഹത്തിന്റെ കയ്യിലിരുന്ന പുഷ്പമാല്യം യശഃസ്വരൂപിണിയായ സഹധർമ്മിണിക്കു കാഴ്ചവച്ചു.

ഒരു വൈദ്യുതശക്തി അദ്ദേഹത്തിന്റെ ഹൃദയത്തിൽ തുളച്ചു കയറി. ശരീരം വിയർത്തു. മസ്തിഷ്കം അതിവേഗത്തിൽ ഭ്രമണം ചെയ്തു. നെറ്റിയിൽ വരകൾ തെളിഞ്ഞു. ഭൗതികാതീതമായ ഭാവനാവിശേഷംകൊണ്ടാവാം, ആ പരമപാവനമൂർത്തിയിൽനിന്നും ഒരു ജ്യോതിഃസ്ഫുലിംഗം ഉദിച്ചുയർന്നു. ആ പ്രഭാകന്ദളം അന്തരീക്ഷത്തിൽ വ്യാപിച്ച് അദ്ദേഹത്തിനു പരിവേഷം ചാർത്തി. മങ്ങിയവയും മറന്നു മറഞ്ഞവയുമായ ഭൂതകാലപാരമാണുക്കൾ ആ പ്രഭാപൂരത്തിൽ പറന്നു പരിശോഭിച്ചു.

ബാപ്പുജി അവയെ നോക്കിനിന്നു. സർവ്വസംഹാരകമായ ശക്തിവിശേഷം പരമാണുക്കളെങ്കിൽ സർവ്വസ്ഥിതിവിശേഷവും തീർച്ചയായും കാണും. രക്ഷയ്ക്കു കാരണഭൂതയായി "ത്യാഗിനി, ദേവി

കസ്തൂരിഭായി" എന്നു കനകലിപികളിൽ ലേഖനം ചെയ്തിരിക്കുന്നതു് അദ്ദേഹത്തിന്റെ അന്തശ്ചക്ഷുസ് ദർശിച്ചു.

ഹൃദയത്തിൽ കുളിരണിയിക്കുന്ന ദാമ്പത്യജീവിതാരംഭംമുതൽ പല മധുമാസങ്ങളും, മനോഹരഹർമ്മ്യങ്ങളും, മഴക്കാലങ്ങളും, മുടിഞ്ഞ ജയിലറകളും, വേനമണ്ഡപങ്ങളും, വെന്തുരുകുന്ന മണല്ക്കാടുകളും, നിയമലംഘനങ്ങളും, നിർദ്ദയമായ മുളവടിപ്രയോഗങ്ങളും, നഗ്നമായ സത്യത്തിനുവേണ്ടി നീതിമാന്മാരുടെ നിസ്തുലത്യാഗങ്ങളും, ആ പരിവേഷത്തിന്റെ പ്രഭയിൽ അദ്ദേഹം കണ്ടു. ധീരതയുടെ മണിവിളക്കായി, സംസ്കാരത്തിന്റെ സാക്ഷാത്ക്കാരമായി തന്റെ സഹധർമ്മിണിയെ അദ്ദേഹം എവിടെയും ദർശിച്ചു.

പരിഷ്കരിച്ച പാഠശാലകളിൽ പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത പാവന മനഃസ്ഥിതി, നാഗരീകത്വത്തിന്റെ നിർലജ്ജമായ നഗ്നത നിർദ്ദയം വെളിപ്പെടുത്തുന്ന പടിഞ്ഞാറൻ പട്ടണങ്ങളിൽ പരിചയിച്ച പഴകിയ പതിയെ പരിചരിക്കുവാൻ തയ്യാറായ പണ്ടത്തെക്കാലം അദ്ദേഹത്തിന്റെ മുൻപിൽ ആവിർഭവിച്ചു. ആ വനബാലികയുടെ അരസികവും ഗ്രാമ്യവും എന്നാൽ പാവനവുമായ പരിചരണങ്ങൾ പരമസുഖപ്രദമായിരുന്നു എന്നു് അദ്ദേഹം നിസ്സന്ദേഹം തീർച്ച ചെയ്തു. ആ ഗ്രാമീണകന്യകയുടെ ഗാർഹികോപനിഷത്തുകൾ ഗീതാസാരാംശത്തേക്കാൾ ഗഹനമായി അദ്ദേഹം കണ്ടു. പരിഭവസ്വരത്തിന്റെ പാറപ്പുറങ്ങൾ നേരായ മാർഗ്ഗത്തിലെ കുളിരണിത്തളങ്ങളാണെന്നു് അദ്ദേഹം സ്ഥാപിച്ചു. ശാസന കല്പനയാക്കി, ആംഗ്യം അനുഗ്രഹമാക്കി, ആരാധനീയർ അഭിമാനിച്ചാരാധിച്ച ആ അകളങ്കവിഗ്രഹത്തിന്റെ ജീവിത മഹാഗ്രന്ഥം പദാനുപദമായി അദ്ദേഹത്തിന്റെ സ്മരണ പാരായണം ചെയ്തു.

പരിചാരിക, പാചകി, പിച്ചക്കാരി, പതിവ്രത, പരമാർത്ഥവാദിനി, പാരതന്ത്ര്യവൈരി, പൗരസമത്വവാദിനി, പരിഷ്കാരിണി എന്നീ നിലഭേദങ്ങളിൽ സഹധർമ്മിണിയും സഹചാരിണിയുമായി ജീവിതം നയിച്ച തപോധന, ഇന്നും തന്നെ നിയന്ത്രിക്കുന്നതായി അദ്ദേഹം വിശ്വസിച്ചു; സന്തോഷിച്ചു. വീട്ടുകാരിയോടു ചോദിക്കാതെ ഒരു കൂട്ടുകെട്ടിലും ബാപ്പുജി ഉൾപ്പെട്ടിരുന്നില്ല. അവശതകളനുഭവിക്കുന്ന ഹരിജനങ്ങളെ ഉയർത്തുവാൻ ദേവിയുടെ അകമഴിഞ്ഞ സഹകരണം അദ്ദേഹത്തിനുണ്ടായിരുന്നു. പടിഞ്ഞാറൻ പര്യടനത്തിലും വട്ടമേശസമ്മേളനാവസരത്തിലും ആഫ്രിക്കൻ സ്വാതന്ത്ര്യസമരത്തിലും, ഉപ്പുവാരിപ്രസ്ഥാനത്തിലും, രാഷ്ട്രമാതാവിന്റെ നിർദ്ദേശം അദ്ദേഹത്തിനു വിജയം കൈവരുത്തി. മഹത്ത്വം വെടിഞ്ഞ മതാവലംബികൾ, അന്ധമായ മതാചാരപ്രസക്തന്മാർ, പിറന്ന നാടിന്റെ മൗലികാവകാശസംരക്ഷണത്തിനു മാർഗ്ഗകണ്ടകങ്ങളായി നിന്നിരുന്നതു് ദേവി കണ്ടു കരൾപൊട്ടി കരഞ്ഞിരുന്നു. അന്യനാട്ടുകാർക്ക് ആദികാലം മുതൽ ആശ്രയവും ആഹാരവും കൊടുത്തുവന്ന ഭാരതഭൂതലം, അതിന്റെ അരുമസ്സന്തതികൾ നിവർന്നു നില്ക്കാൻ അനുവദിക്കാതിരുന്നതു് ആരുടെ തകരാറു കൊണ്ടാണെന്നു് അവർ അവഗാഢം ആലോചിച്ചിരുന്നു. അതു് ഭാരതീയജനതയുടെ മടിയും മതാസക്തിയും മുടിഞ്ഞ അടിമത്ത മനഃസ്ഥിതിയും താൻമാത്രപ്രസക്തിയും തൊഴുത്തിൽകുത്തും കൊണ്ടു മാത്രമാണെന്നു് അവർ ഹൃദയവേദനയോടുകൂടി അപലപിച്ചിരുന്നു.

ആചാരങ്ങളെ ആവശ്യാനുസരണം അനുവദിക്കുകയോ അനുകരിക്കുകയോ ചെയ്യണമെന്നല്ലാതെ, അന്ധവിശ്വാസങ്ങളെ വേദവാക്യമായി എണ്ണരുതെന്ന് അവർ ആത്മാർത്ഥമായി അനുയായികളെ ഉപദേശിച്ചിരുന്നു. മതവും മനുഷ്യനും തമ്മിൽ ഐക്യം വരുത്തുവാൻ, അങ്ങിനെ അടിമത്തമകററുവാൻ അവർ ആശിച്ചിരുന്നു. അതിനു വേണ്ടിയുള്ള വൻതരം പദ്ധതികൾ, ഗുരുദേവൻ ആസൂത്രണം ചെയ്തിരുന്നവയെ അവർ വിശകലനം ചെയ്തു വ്യത്തിയാക്കിയിരുന്നു. വിജയമില്ലാത്ത വേലകളെ അവർ വെറുത്തിരുന്നെങ്കിലും ഭർത്തൃവാക്യം വേദവാക്യമായി കരുതി വിജയത്തിനു വേണ്ടി മുന്നണിയിൽനിന്നു സമരം നടത്തിയിരുന്നു; സകല ത്യാഗങ്ങളും അനുഷ്ഠിച്ചിരുന്നു.

അങ്ങിനെ അഹിംസയുടെ അസ്ഥിവാരത്തിൽ നിന്നിളകാതെ, ധർമ്മത്തിന് അണുപോലും ലോപം വരുത്താതെ തനിക്കു താങ്ങും തണലുമായി നിന്ന ത്യാഗിനി തൻെറ സത്യാന്വേഷണത്തിനു മാർഗ്ഗദീപം തെളിക്കട്ടെ എന്നു മഹാത്മജി പ്രാർത്ഥിച്ചു.

"ഇൻഡ്യ വിട്ടൊഴിയുക" പ്രമേയത്തിൻെറ അനന്തരഫലങ്ങൾ, ക്രിപ്സ് നിർദ്ദേശങ്ങൾ അവയുടെ പശ്ചാത്തലങ്ങൾ, രാഷ്ട്രീയസ്തംഭനനിവാരണത്തിനുള്ള പലതരം പദ്ധതികൾ, വേവൽപ്രഭുവിൻെറ വളവും വണ്ണവും കുറഞ്ഞ പുതിയ വിളംബരങ്ങൾ, ആംഗ്ലേയമന്ത്രിസഭാപ്രതിനിധികളുടെ നവീനനിർദ്ദേശങ്ങൾ, ഇവ ഒന്നൊന്നായി മഹാത്മജിയുടെ മുൻപിൽ വന്നണിനിരന്നു. മതത്തിൻെറ പേരിൽ ഭാരതം പങ്കു വയ്ക്കണമെന്നവാദം മഹാന്മാരെന്നു നടിക്കുന്നവർ ഉന്നയിക്കുന്നതിൽ അദ്ദേഹം ആശ്ചര്യപ്പെട്ടു. അതിൻെറ വിദൂരഭാവിയിൽ നടക്കാവുന്ന നരവേട്ടയുടെ ഭയങ്കരത അദ്ദേഹം വിഭാവന ചെയ്തു. പടിഞ്ഞാറൻ നയതന്ത്രങ്ങൾ പങ്കുവയ്പിനും തമ്മിലടിക്കും പിൻതുണ നില്ക്കുന്നതദ്ദേഹം കണ്ടു.

ഭാഗിക്കുന്നതിനു വേണ്ടി മതാന്ധ്യം മനുഷ്യരെ ആബാലവൃദ്ധം അരിഞ്ഞുവീഴ്ത്തി. പാവങ്ങൾ പലരും നശിച്ചു. പല ഗ്രാമങ്ങളും അഗ്നിക്കിരായായി. ജീവനും സ്വത്തിനും സുരക്ഷിതമായ അവസ്ഥയില്ലാതായി.

കൊള്ളയും കൊലപാതകവും കൊണ്ടു നിറഞ്ഞ ബംഗാൾഗ്രാമങ്ങളിൽ കാൽനടയായി ചുററിസ്സഞ്ചരിക്കണമെന്ന് ആ മാന്ത്രികൻ ഉറച്ചു. അവിടെയെല്ലാം അലഞ്ഞു നടന്ന് അഹിംസാതത്ത്വങ്ങൾ പാടണമെന്നും, ആ സിദ്ധാന്തങ്ങളെ പ്രായോഗികമാക്കണമെന്നും അദ്ദേഹം തീർച്ചചെയ്തു. അക്രമരാഹിത്യത്തിൻെറ പരാജയം ലോകത്തിൻെറ പരാജയം മാത്രമാണെന്ന് ആ ത്യാഗസമ്പന്നൻ വിശ്വസിച്ചു.

ശാന്തസുസ്മേരവദനനായി അദ്ദേഹം മാതാ കസ്തൂർബായുടെ കുടീരമകുടത്തിൽ നോക്കിയതിനു ശേഷം ഇങ്ങനെ അരുളിച്ചെയ്തു. "അധികകാലം ഇങ്ങനെ അവശേഷിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു പരീക്ഷണം കൂടി. ഞാൻ മാത്രം."

ഭാരതത്തിൻെറ വീരസന്താനങ്ങൾ പലരും ആദ്ദേഹത്തിൻെറ ആജ്ഞ നിർവ്വഹിക്കുന്നതിനായി കാത്തുനില്ക്കുകയാണ്. അവരോടു തിരിഞ്ഞു അദ്ദേഹം പറഞ്ഞു "നിങ്ങൾക്കു പലതും ചെയ്യുവാനുണ്ട്. എന്നെവിട്ടേക്കു. ഞാൻ മാത്രം"

ജേഹിന്ദ് ഘോഷം മുഴങ്ങി. ഒരു ബാംബർ വിമാനം പറന്നു താഴ്ന്നു. ആസാദ് അതിൽക്കയറി ഹിമാലയപ്രാന്തത്തിലേക്കു പറന്നു ഭരണാധികാരിയെ കാണാൻ.

പലരും പല വാഹനങ്ങൾ തേടി, ദേശീയഗാനങ്ങളുംപാടി പലവഴികളിൽകൂടി, പ്രയാണം തുടങ്ങി. ഹിന്ദു-മുസ്ലീം സംഘട്ടനങ്ങളുടെ പൈശാചിക രംഗങ്ങൾകണ്ടു് നെഹ്റു ദുഃഖിച്ചു. ലോകചരിത്രം സൃഷ്ടിക്കുവാൻ, ലോകചക്രം തിരിക്കുവാൻ, ആ അഖിലലോകപൗരൻ ആത്മാൎത്ഥമായി ആശിച്ചു. ബാപ്പുജിയുടെ ദൗത്യം വിജയിക്കട്ടെ എന്നദ്ദേഹം പ്രാൎത്ഥിച്ചു.

ആവിവണ്ടിയുടെ ഒരു മൂന്നാംക്ലാസ്സുമുറി ആ വൃദ്ധവൈരാഗിയെ എതിരേററു......

ആ വൃദ്ധതാപസൻ കാൽനടയായി ബംഗാളിലെ കുഗ്രാമങ്ങൾതോറും നടന്നു് അഹിംസാസന്ദേശംപരത്തി. ആ മാന്ത്രികശക്തിയിൽ വിവിധമതക്കാരും തരക്കാരുംതലകുനിച്ചു. അവർ "സ്നേഹിതാ!" എന്നു് അന്യോന്യം വിളിച്ചു. കസ്തൂരിഭായിസ്മാരകനിധി ഗ്രാമീണരുടെ പട്ടിണിയെ പരിഹരിക്കുവാൻ വിനിയോഗിച്ചു. ദേവിയുടെ പാവനനാമം ഗ്രാമീണബാലികമാർ പാടിപ്പുകഴ്ത്തി. ദേവിയുടെ കാലടികൾ ആ ബാലികമാർ ഭക്തിപൂർവ്വം പിൻതുടരുമെന്നു പ്രതിജ്ഞ ചെയ്തു.

"ത്യാഗിനി"— ആ മൂന്നക്ഷരങ്ങൾക്കു സൎവ്വഥാ യോഗ്യയായ ഒരു മഹതി മാത്രമേയുണ്ടായിട്ടുള്ളു—ദേവി കസ്തൂരിഭായി.


## വായിച്ചു രസിക്കുവിൻ!

ശ്രീ. ഇ. എം. കോവൂരിൻെറ

| | | | | |
|---|---|---|---|---|
| കൃത്തമ്പലം | * | * | * | ക. 1—0—0 |
| അശോകത്തണലിൽ | * | * | | ,, 1—4—0 |
| സ്പന്ദിക്കുന്ന മണ്ണു് | * | * | * | ,, 1—4—0 |
| ഞാൻകണ്ട ഇ. വി. | * | * | | അച്ചടിയിൽ |

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

# ഹാവായിയൻ നർത്തകി *

മലയേഷ്യാ, കെ. രാമകൃഷ്ണപിള്ള

1

നിറന്ന മധുമാസപ്പൂങ്കുല തന്മേൽ പാറി-
പ്പറന്നു കളിയാട്ടം പൊൻചിത്രശലഭമോ?
പൂനിലാവെള്ളിപ്പൂച്ചിൽ പുഷ്കലപ്രഭ പൂണ്ടും
വാനിങ്കൽ പുളയ്ക്കുന്ന വാർമിന്നൽ പിണർതാനോ?
കണ്ണഞ്ചും വിധത്തിലപ്പൊൺകൊടി വിദ്യുദ്ദീപ-
മണ്ഡിതമാകും നൃത്തവേദിയിൽ പ്രത്യക്ഷയായ്.

നർത്തനകലയായ നറുംപാൽക്കടൽ കട-
ഞ്ഞതത്വിൽ സംജാതയാം ദേവിയിന്ദിരയല്ലീ?
അഥവാ,യിസ്വർഗ്ഗീയ കലതൻ സന്ദേശമാ-
ന്നവതീർണ്ണയായ് വന്നോരപ്സരസ്സാകാമിവൾ.
വെമ്പിനേ,നേതോ ദിവ്യസുന്ദരി നടമാട്ട-
മുമ്പർകോൻ സദസ്സിങ്കൽ ഭാഗ്യാൽ ഞാനണഞ്ഞെന്നായ്.

2

വെണ്മവീശുന്ന മല്ലപ്പൂക്കളും, ജവന്തിതൻ
നന്മലർകളും പിന്നിമെടഞ്ഞ ശിരോഭൂഷ,
വാടാമല്ലിയാൽ ചെയ്ത ചെവിപ്പൂ, പൊൻചെമ്പക-
വാർമുകുളങ്ങൾ തീർത്ത കങ്കണകേയൂരങ്ങൾ,
ചെമ്പനിനീർപ്പൂക്കളാൽ കെട്ടി, സൗരഭവർണ്ണ-
സമ്പൻമൂർത്തിയായ് മാറത്തുലയുമോമന്മാല്യം,
പേരില്ലാവനമലർക്കൂട്ടവും തളിർകളും
വാരി നെയ്തുണ്ടാക്കിയ ചാരുവാമധോരുകം,
ഓർത്തേൻ ഞാ,നുദ്യാനത്തിന്നുൽഫുല്ലവസന്ത ശ്രീ
മൂർത്തിയാന്നാഹാ! വന്നിങ്ങരങ്ങേറിനാളല്ലീ?
ആയിരം മഴവില്ലിന്നഴക,മവളില-
ന്നായിരം വസന്തത്തിൻ കാന്തിയും കളിയാടി.

---

* പ്രകൃതിമോഹനമായ് ഹാവായ് (Hawaii) ദ്വീപിലെ നിവാസികൾക്ക് സ്വന്തമായ ഒരു നൃത്തവിശേഷവുമുണ്ട്. ഇതിനു നല്ല മെയ്വഴക്കവും അംഗചാലനസൗഷ്ഠവവും അത്യന്താപേക്ഷിതമാണ്.

3

സാവധാനത്തിലോരോന്നെൻ കാതിൽ മന്ത്രിച്ചോരു
ഭാവനാസഖിയേ ഞാനിക്കിളി കൂട്ടിക്കൂട്ടി,
ചോദിച്ചേൻ, "ഇവൾക്കെമ്മട്ടായത്തമായീ കലാ-
ചോദിതമാമീയംഗചാലന സുസൗഷ്ഠവം"
തെല്ലു പുഞ്ചിരിതൂകിയോതിനാ, "ഓഹോ! കേട്ടി-
ട്ടില്ലയോ? വാനോർനാട്ടിൽ, നന്ദനപ്പൂങ്കാവിങ്കൽ,
നീലവിണ്ണണിത്തിങ്കൾ തൂവെള്ളിക്കളർപ്പൊടി-
നീളവേ വാരിവീശും പാതിരാത്രികൾതോറും,
നൃത്തമാട്ടമാറുണ്ടു നിതരാം കലാലീന-
ചിത്തരായ് നിരാബാധമപ്സരപ്പെൺ തയ്യകൾ.
കോൾമയിർക്കൊണ്ടുകൊണ്ടു ശാശ്വതമധുമാസ-
ക്കോളിൽ വീണിളകീടമങ്ങുള്ള ലതകളിൽ,
കാലേന പകർന്നതാം തൽക്കലാചാതുര്യ്യമീ-
ബാലയിലംഗംതോറും വിരിഞ്ഞുകാൺമൂ നമ്മൾ.
പുഷ്പഭൂഷിതദിവ്യവല്ലികളാലല്ലോയീ-
യത്ഭുതാംഗിയെച്ചമച്ചരുളീ ചതുർമ്മുഖൻ?"

4

ചിലപ്പോൾ പൂമ്പൊയ്കതൻ കൊച്ചുകല്ലോലംപോലേ,
ചിലപ്പോൾ നേരാലൊലിച്ചൊഴുകും പുഴപോലെ,
ചിലപ്പോൾ വളഞ്ഞിഴഞ്ഞീടും പൊൻപാമ്പെന്നപോൽ
ചിലപ്പോൾ തുള്ളിച്ചാടും തൂമിന്നൽപിണർപോലെ,
ആമങ്കക്കൊടിയേവം ലാസ്യകൗതുകത്തിങ്കൽ
ഹാ, മറന്നുപോയല്ലോയീ കേവലം തന്നെത്തന്നെ.
മൃദുവായ് മുഴങ്ങിയ വീണതൻ പ്രതിനാദ-
മധുരം കേൾക്കായ് വന്നിതവൾതൻ ഗാനാലാപം.
ആ നറുംപൈമ്പാൽ വഴിഞ്ഞൊഴുകിപ്പരക്കവേ-
യാനന്ദസുനിർവൃതമായിതു സഭാതലം.
ഗാനനർത്തനങ്ങൾതൻ രമ്യരഞ്ജനമേലു-
മാ നവരംഗത്തിലെൻ മാനസമലിഞ്ഞുപോയ്.

5

എന്നോർമ്മ നിമിഷത്തിൽ പാഞ്ഞിതു ബഹുദൂരം
പിന്നിട്ടു നേത്രോത്സവമായൊരു ദ്വീപംതന്നിൽ.
ശംഖശുക്തികൾ വാരിച്ചിതറിത്തിരക്കൈകൾ
ഭംഗിയിൽ പതഞ്ഞേറും വെൺമണൽക്കടൽപ്പുറം,

നീളവേ തുണദ്രുമനന്ദപയം നിറഞ്ഞോററം
നീലാഭമായിക്കാണും പൗരാണികാരണ്യങ്ങൾ,
വാർനിറപ്പകിട്ടിന്റെ മോഹനപ്രദർശന-
സ്ഥാനങ്ങളാകും വനവാടികാസഹസ്രങ്ങൾ,
അഴകിൻ ഖണ്ഡങ്ങളാംപക്ഷികളുയിരാണ്ടു-
ള്ളലർമാലപോൽ പാറിപ്പറക്കും നികുഞ്ജങ്ങൾ,
പുലരിപ്പെണ്ണിൻ കവിൾക്കുമ്പിൻ നാനാനിറ-
പ്പൊലിമ വീണ്ടും പൂശിപ്പുളയ്ക്കും പൂമ്പാററകൾ,
വെണ്ണിലാക്കളിർമദ്യം സ്വാദിച്ചങ്ങനെ തെളി-
ത്തണ്ണീരു തിരതല്ലിയാടുന്ന തടാകങ്ങൾ,
വന്യശാദ്വലങ്ങൾ തന്നേകാന്തങ്ങളിൽ പ്രേമ-
ധന്യരായ് ച്ചരിക്കുന്ന യുവതീയുവാക്കന്മാർ,
അഞ്ചിതം നിഴലിച്ചു കണ്ടേ,നിച്ചിത്രങ്ങളാ-
മഞ്ജുളമുഹൂർത്തത്തിൻ വെൺതിരശ്ശീലച്ചാത്തിൽ.
വ്യഞ്ജിതാശയമാമാവിശിഷ്ടതൌര്യത്രിക
രഞ്ജന തൻ സ്വർഗ്ഗീയവീചികാവ്യജനങ്ങൾ,
മെല്ലവേയെന്നെ വീശിക്കൊണ്ടു പോയിതു സമുൽ-
ഫുല്ലമാമൊരു സുഖസ്വപ്നവാടിയിലേയ്ക്കായ്.



ഇംഗ്ലീഷ് രാജകുമാരി ശിശുക്കളുടെ ഇടയ്ക്കു്.

രാജകുമാരി ഡാക്റ്റർ ബർണാഡിന്റെ ശിശുമന്ദിരം സന്ദർശിച്ചപ്പോൾ കേവലം മൂന്നു വയസ്സു പ്രായമുള്ള റോണി സ്മിത്ത് തന്റെ 'ആട്ടംകുതിര'യെപ്പററി വിസ്തരിച്ചു പറയുന്നതു്.

# ആ പരമാർത്ഥം

ജീ. ബി. നായർ, മണ്ണഞ്ചേരി.

(മനോഹരന്റെ വായനമുറി. മേശപ്പുറത്തു കുറെ കടലാസുകഷണം അടുക്കില്ലാതെ കിടക്കുന്നു. മേശക്കടുത്തുള്ള ഒരു കസേരയിലിരുന്നു മനോഹരൻ എന്തോ എഴുതുന്നു. ഇടയ്ക്കിടെ ചിന്തിക്കുന്നു. വിലാസിനി പ്രവേശിക്കുന്നു. 14 വയസ്സ്. പതുക്കെ പ്പതുക്കെ പതുങ്ങിവന്നു് മനോഹരൻ പുറകിൽ നില്ക്കുന്നു. മനോഹരൻ എഴുതുന്നതു് എത്തിനോക്കിയിട്ടു ചൂണ്ടുവിരൽ തുള്ളിച്ചിട്ടു അല്പം പുറകോട്ടു മാറി നിന്നശേഷം "ഠോ" എന്നു ശബ്ദിക്കുന്നു. മനോഹരൻ ഞെട്ടിത്തിരിഞ്ഞു നോക്കുന്നു.)

മനോഹരൻ—(ശാസനാസ്വരത്തിൽ) എന്താ വിലാസിനീ ഇതു്? ഞാനങ്ങു ഭയന്നു പോയല്ലോ! ഞാൻ എത്രതവണ പറഞ്ഞിട്ടുണ്ടു് വല്ലതും എഴുതിക്കൊണ്ടിരിക്കുമ്പോൾ എന്നെ ശല്യം ചെയ്യരുതെന്നു്?

വിലാസിനി—(പരിഭവസ്വരത്തിൽ) ഓ!, ഞാൻ ഇവിടെ വരുന്നതു തന്നെ ചേട്ടനു ശല്യമാ.

മനോ—കണ്ടോ, ഉടനെ പിണങ്ങിയല്ലോ!

വിലാ—ഞാൻ പിണങ്ങിയില്ലാ. (അല്പനേരത്തെ മൗനത്തിനുശേഷം) ചേട്ടൻ എന്റെ പിറന്നാളിനു് എനിക്കൊരു കവിത സമ്മാനിച്ചില്ലെ? അതിന്നു ഒരു പാരിതോഷികം തരാൻ ഞാൻ ശ്രമിച്ചു വരികയാണു്. (പുഞ്ചിരിയിടുന്നു.)

മനോ—(പരിഹാസസ്വരത്തിൽ) എന്നിട്ടു ഇതുവരെ വിലാസിനിയുടെ ശ്രമം സഫലമാക്കാൻ കഴിഞ്ഞില്ലല്ലോ! കഷ്ടം! (മൂക്കിൽ വിരൽ വയ്ക്കുന്നു.)

വിലാ—കഴിഞ്ഞു ചേട്ടാ, കഴിഞ്ഞു. ഞാൻ ആ ഉപഹാരവും കൊണ്ടാണു് ഇന്നു വന്നിട്ടുള്ളതു്.

മനോ—എന്നിട്ടു വിലാസിനിയുടെ കയ്യിൽ ഒന്നും കാണുന്നില്ലല്ലോ?

വിലാ—(പാവാടക്കുത്തിൽ നിന്നും ഒരു ചെറിയ ഡെപ്പി വെളിയിലെടുത്തിട്ടു്) അതു് ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുകയാണു്.

മനോ—ഒന്നു തുറന്നു കാണിക്കൂ!

വിലാ—പാടില്ല. കാണിക്കുകയില്ല.

മനോ—എന്നാൽ ഇങ്ങുതരൂ. കയ്യിൽ കിട്ടിക്കഴിഞ്ഞാൽ കാണാമല്ലോ!

വിലാ—കയ്യിൽത്തരുകയില്ലാ.

മനോ—പിന്നെ?

വിലാ—ചേട്ടൻ ഈ പേന താഴെ വച്ചിട്ടു കയ്യുംകെട്ടി കണ്ണുമടച്ചു് ഈ കസേരയിലിരുന്നാൽ തരാം.

മനോ—ശരി (പേന താഴെ വച്ചിട്ടു കയ്യും കെട്ടികണ്ണുമടച്ചിരിക്കുന്നു. വിലാസിനി പതുക്കെ പുറകിൽ ചെന്നു് ഷർട്ടിന്റെ കോളർ പൊക്കിപ്പിടിച്ചുകൊണ്ടു ടിൻ തുറന്നു് അതിലുള്ള വിട്ടിലിനെ ഷർട്ടിനുള്ളിൽ ഇടുന്നു. മനോഹരൻ സർവ്വാംഗം കിക്കിളിയോടെ ചാടി എഴുന്നേല്ക്കുന്നു)

മനോ—(ഷർട്ടു കുടഞ്ഞു കൊണ്ടു്) ഛേ! ഇതെന്തു്? വിട്ടിലോ?

വിലാ—(ചിരിച്ചു കൊണ്ടു്) അല്ലാ! ഇതെന്താണു ചേട്ടാ? ചേട്ടനു ലേഖനമെഴുത്തു തന്നെയല്ലാ, സക്കസ്സും അറിയാമോ?

മനോ—(ഷർട്ടു കുടഞ്ഞു വിട്ടിലിനെ പുറത്തു കളയാൻ ശ്രമിച്ചുകൊണ്ടു്) വിലാസിനീ, നിന്റെ കുട്ടിക്കളി നിറുത്തണം, കേട്ടോ?

വിലാ—ചേട്ടനറിയാമോ ഞാൻ ഇതിനുവേണ്ടി എത്ര ദിവസം ബുദ്ധിമുട്ടിയെ

ന്നു്? ചേട്ടനു പററിയ രണ്ടു വീരന്മാരെ പിടിക്കാൻ ഞാൻ മൂന്നു ദിവസം വിളക്കും കൊളുത്തിവച്ചു കാത്തിരുന്നു.

മനോ—ഈശ്വരാ, നിൻെറ കുട്ടിക്കളി എന്നു തീരും?

വിലാ—ചേട്ടൻെറ ലേഖനമെഴുത്തു തീരുമ്പോൾ എൻെറ കുട്ടിക്കളിയും തീരും.

മനോ— വിലാസിനിയ്ക്കു നാണമില്ലേ എന്നോടു കളിക്കാൻ?

വിലാ—ഞാനെന്തിനു നാണിക്കണം?

മനോ—ഞാനൊരു യുവാവല്ലേ?

വിലാ—ഞാനൊരു കുമാരിയല്ലേ?

മനോ—ഒരു കുമാരി അപരനായ ഒരു യുവാവിനോടു സംസാരിക്കുന്നതുതന്നെ അനുചിതമല്ലെ?

വിലാ—നിശ്ചയമായും; ഏതു കുമാരിയാണു ചേട്ടാ അപ്രകാരം ഒരു തെററു ചെയ്തതു്?

മനോ—വിലാസിനി തന്നെ.

വിലാ—വിലാസിനി അപ്രകാരം ഒരു തെററു ചെയ്തിട്ടില്ലാ—ങ്—

മനോ—പിന്നെ നാം തമ്മിൽ എന്താണു ബന്ധമുള്ളതു്?

വിലാ—എന്തെങ്കിലും ഉണ്ടായിരിക്കാം.

മനോ—എന്നാൽ പറയൂ എന്താണെന്നു്. കേൾക്കട്ടെ!

വിലാ—ഇപ്പോൾ പറയാറായിട്ടില്ല.

മനോ—അതെന്തുകൊണ്ടു?

വിലാ—നാം തമ്മിൽ ബന്ധമില്ലെന്നു തീർത്തു പറയാൻ ചേട്ടനു് എങ്ങനെ കഴിയും? ബന്ധമില്ലാഞ്ഞിട്ടാണോ ചേട്ടനെ ഇവിടെ താമസിപ്പിച്ചു് അച്ഛൻ ചെലവു തരുന്നതു്?

മനോ—അതു വിലാസിനിയുടെ അച്ഛൻെറ മഹാമനസ്കത കൊണ്ടായിരിക്കാം.

വിലാ—വെറും മസാമനസ്കത മാത്രമാണെങ്കിൽ ഇത്ര വളരെ ധനം ചെലവാക്കി ചേട്ടനെ സ്കൂളിലും മററും അയയ്ക്കുമോ?

മനോ—(ആലോചിക്കുന്നു) ആ, അതെന്തോ!......(വീണ്ടും ചിന്ത)

വിലാ—ചേട്ടൻ യാതൊരു തൊഴിലുമില്ലാതെ—നിത്യവൃത്തിയ്ക്കു വകയില്ലാതെ വലഞ്ഞു നടന്നപ്പോഴല്ലേ അച്ഛൻ ചേട്ടനെ കണ്ടുമുട്ടിയതു്?

മനോ—അതെ.

വിലാ—അതെന്താ അങ്ങനെ നടക്കേണ്ടിവന്നതു്? ചേട്ടനു് അമ്മയില്ലായിരുന്നോ?

മനോ—എൻെറ അമ്മ ചെറുപ്പത്തിൽ മരിച്ചുപോയി. അമ്മയെക്കണ്ട ഓർമ്മപോലും എനിക്കില്ല.

വിലാ—അച്ഛനില്ലായിരുന്നോ?

മനോ—(ആലോചിച്ചിട്ടു്) ആ, അതെന്തോ! എനിക്കറിഞ്ഞുകൂടാ.

വിലാ—ചേട്ടനെ മുൻപു സംരക്ഷിച്ചുപോന്ന വല്യമ്മയോടു ചേട്ടൻ ചേട്ടൻെറ അച്ഛനമ്മമാരെപ്പററി ഒന്നും ചോദിക്കാറില്ലായിരുന്നോ?

മനോ—പലതവണയും ചോദിച്ചിട്ടുണ്ടു്. അതിനു മറുപടി ആ വൃദ്ധയുടെ കുഴിഞ്ഞുതാഴ്ന്ന കണ്ണുകളിൽ നിന്നും പൊഴിഞ്ഞുവീണ കുറെ കണ്ണീർകണങ്ങളായിരുന്നു.

വിലാ—അവർ മരിക്കാൻ സമയത്തു പോലും ചേട്ടൻെറ മാതാപിതാക്കളെപ്പററി ഒന്നും പറഞ്ഞില്ലേ?

മനോ—ഇല്ല.

വിലാ—ചേട്ടന്ന അമ്മയെക്കണ്ട ഓൎമ്മയുണ്ടോ?

മനോ—ഉണ്ട്.

വിലാ—അവരുടെ ചെകിട്ടിൽ ഒരു പാടുണ്ടായിരുന്നോ?

മനോ—വിലാസിനിയെന്താണ് ഈ വിധമുള്ള ചോദ്യങ്ങൾ ചോദിക്കുന്നതു്?

വിലാ—വെറുതെ ചോദിക്കുന്നതാ. ഞാൻ അവരെ കണ്ടിട്ടുണ്ടോ എന്നറിയാൻ.

മനോ—ഉണ്ടായിരുന്നു. പക്ഷേ, വിലാസിനി കണ്ടിരിക്കാൻ ഇടയില്ല. അവർ പറവൂർകാരിയായിരുന്നു.

വിലാ—അവർ ഇവിടെവന്നു താമസിച്ചതെന്തിനാണ്?

മനോ—പിച്ചയ്ക്കു വന്നതാണ്.

വിലാ—അവൎക്കു മറുവല്ല പ്രത്യേക അടയാളങ്ങളും പറയാനുണ്ടോ?

മനോ—വിലാസിനിയുടെ ചോദ്യത്തിൽ എനിക്കു വലുതായ സംശയം ജനിക്കുന്നു. ഈവിധമുള്ള ചോദ്യങ്ങൾ ഇന്നു വിലാസിനി ചോദിക്കുവാനുള്ള കാൎയ്യമെന്തു്?

വിലാ—എനിക്കു കുറച്ചുനാളായി ഒരു സംശയം ഉണ്ടായിട്ടുണ്ടു. അതിനെ മാററാനാണ്. അവൎക്കു വല്ല മറുകോ വല്ലതും കാണത്തക്ക നിലയിൽ ഉണ്ടായിരുന്നോ?

മനോ—ഉണ്ടായിരുന്നു. വലത്തേ പുരികത്തിനു മുകളിൽ ഒരു കറുത്ത മറുക്.

വിലാ—എനിക്ക് ഒരു സംശയമുണ്ട്. ചേട്ടനു ആനന്ദിക്കാനുള്ള സമയം അടുത്തുവെന്നു തോന്നുന്നു.

മനോ— (ആലോചിക്കുന്നു)

വിലാ—ചേട്ടൻ ഇവിടിരിക്കൂ. ഞാൻ വേഗം മടങ്ങിവരാം. (വിലാസിനി പോകുന്നു)

മനോ—(ആത്മഗതം) തെണ്ടിത്തിരിഞ്ഞു വന്ന എന്നെ ഇത്രയുംകാൎയ്യമായി സ്വീകരിച്ചു വിലാസിനിയുടെ അച്ഛൻ സംരക്ഷിച്ചു പോരുന്നതിൽ എന്തോ രഹസ്യം അന്തർലീനമായിട്ടുണ്ട്. ഇത്രയും നാളായി ഞാൻ അറിയാൻ കാത്തിരിക്കുന്ന രഹസ്യം—എൻെറ മാതാപിതാക്കളെപ്പററിയുള്ള വിവരം വിലാസിനിയുടെ അച്ഛനു് അറിയാമായിരിക്കാം. വിലാസിനിയുടെ സംസാരത്തിൽ നിന്ന് അവൾ എന്തോ രഹസ്യം കണ്ടുപിടിച്ചിട്ടുണ്ടെന്നു തോന്നുന്നു.

(വിലാസിനി ഒരു ഫോട്ടോയുമായി ഓടിയെത്തുന്നു. ഫോട്ടോ മനോഹരനെ കാണിച്ചിട്ട്) ഇതിൽ കാണുന്ന സ്ത്രീയും ചേട്ടനെ സംരക്ഷിച്ചുപോന്ന വല്യമ്മയുമായി വല്ല സാമ്യവും തോന്നുന്നുണ്ടോ?

മനോ—ഉണ്ട്. (സൂക്ഷിച്ചുനോക്കിയിട്ട്)

ഇതാ ആ മറുക കാണുന്നു. ഈ അടുത്തു നില്ക്കുന്നതു വിലാസിനിയുടെ അച്ഛനാണല്ലോ?

വിലാ—അതെ; അദ്ദേഹം തന്നെ അങ്ങയുടെയും അച്ഛൻ.

മനോ—ഹാ! ഇതു സത്യമോ? വിലാസിനീ, എൻെറ അമ്മ തന്നെയോ ഇതു്?

വിലാ—അതെ. എൻെറ അച്ഛനാൽ വഞ്ചിതയായ സ്ത്രീ—ചേട്ടൻെറ അമ്മ. അച്ഛൻ നിയമാനുസൃതം വിവാഹം കഴിച്ച സ്ത്രീയിലുള്ള മകൾ ഞാനും.

മനോ—ഹാ! സഹോദരീ, ഈ രഹസ്യം നീ എങ്ങനെ കണ്ടുപിടിച്ചു?

വിലാ—ഇന്നലെ അച്ഛൻ ഈഫോട്ടോ എടുത്തു നോക്കുന്നതു ഞാൻ ഒളിവിൽ നിന്നുകണ്ടു. അച്ഛൻ ഈ ഫോട്ടോ അല

മാരികളുടെയിൽ വസ്ത്രങ്ങളുടെയെല്ലാം അടിയിലാണ് സൂക്ഷിച്ചിരുന്നത്.

(വിലാസിനിയുടെ അച്ഛൻ പ്രവേശിക്കുന്നു. മനോഹരൻ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ കാലടികളിൽ കെട്ടിവീണുകൊണ്ട്) അച്ഛാ:—ആ അങ്ങയെ തിരിച്ചറിയാനുള്ള ഭാഗധേയം ഇതുവരെ എനിക്കു നല്കാതിരുന്നതെന്ത്? അച്ഛാ പറയൂ. ഞാൻ അങ്ങയുടെ പുത്രൻ തന്നെയോ?

വിലാ: അച്ഛൻ—(മനോഹരനെ പിടിച്ചെഴുന്നേല്പിച്ചിട്ട്) മകനെ, നീ എന്റെ മകൻ തന്നെ; ഇവൾ എന്റെ മകളും. നിങ്ങൾ സഹോദരീസഹോദരന്മാർ. എന്റെ യൗവനകാലത്ത്—ഞാൻ പറവൂർ പോലീസ് ഇൻസ്പെക്ടരായിരുന്നപ്പോഴാണ് നിന്റെ അമ്മയുമായി പരിചയപ്പെട്ടത്. നിന്റെ അമ്മ മാധവി; അവൾ ഒരു നിർദ്ധന ഈഴവകുടുംബത്തിലെ അംഗമായിരുന്നു. യൗവനത്തിന്റെ ചാപല്യങ്ങൾ ഞങ്ങളെ പ്രണയബദ്ധരാക്കി. അവൾ എന്നിൽനിന്നു ഗർഭിണിയായി. അന്ധമായ വർഗ്ഗീയചിന്തയാകുന്ന ചെന്തീയിൽ ഞങ്ങളുടെ പ്രേമലത വാടിത്തളർന്നുപോയി. അവളെ ഒരു അഭിസാരികയാക്കി വീട്ടുകാർ വെളിക്കു തള്ളി. വാസ്തവം വെളിപ്പെടുത്താൻ അഭിമാനം എന്നെ അനുവദിച്ചില്ല. അവൾ ഒരു പിച്ചക്കാരിയെന്ന നിലയിൽ ഒളിവിൽ ഈ വീട്ടിൽ വന്നു താമസിച്ചു. ഞാൻ രഹസ്യമായി അവൾക്കു ചില ചില്ലറ സഹായങ്ങൾ ചെയ്തുവന്നു. അവൾ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. നശിച്ച സാമുദായിക നിയമമാണ് ഈ പരമാർത്ഥം ഗോപനം ചെയ്തത്.


# കലാനിധി

(കഥാമയസാഹിത്യമാസിക)

കേരളീയസാഹിത്യസമ്രാട്ടുകളുടെ ഗദ്യപദ്യലേഖനങ്ങൾ, ചെറുകഥകൾ, നാടികകൾ, വിനോദഭാവനകൾ, കാർട്ടൂണുകൾ, വനിതാവിഭാഗം, ബാലപംക്തി, ജ്യോതിഷപംക്തി, കലാപംക്തി, സിനിമാപംക്തി, നിരൂപണപംക്തി മുതലായവയാൽ സമലംകൃതമായി ഓരോ മലയാള മാസവും ഒന്നാംതീയതിതോറും കൃത്യമായി പുറപ്പെടുന്നത്.

വരിസംഖ്യ എപ്പോഴും മുൻകൂർ.

| | | |
|---|---|---|
| ആറുമാസത്തേയ്ക്ക് | ഇൻഡ്യയിൽ | 3 ക. 8 ണ. |
| ഒരു വർഷത്തേയ്ക്ക് | ,, | 6 ക. |
| ,, | ഇൻഡ്യയ്ക്കു വെളിയിൽ | 8 ക. |
| ഒററപ്രതിക്കു | ഏജൻറു വഴി ഇൻഡ്യയിൽ | 8 ണ. |
| ,, | ,, ഇൻഡ്യയ്ക്കു വെളിയിൽ | 10 ണ. |

വി. പി. ഏർപ്പാടില്ല.

മാനേജർ—കലാനിധി, റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം.

N. B. മേൽവിലാസം വ്യക്തമായും പൂർണ്ണമായും എഴുതിയിരിക്കണം.

ഗദ്യകവിത.

# വിപ്ലവത്തിലേക്ക്

കെ. അച്യുതൻ പിള്ള.

……………കൊടുങ്കാറ്റേ! ഓടിവരുക. ഓടിവരുക. ഇവിടത്തെ ചാരുപ്രഭങ്ങളായ മേരുക്കുന്നുകളെയെല്ലാം ചേറുനിറഞ്ഞ ആ അഗാധഗർത്തങ്ങളിലേക്കടെത്തിയിടാൻ നിങ്ങൾ ഓടിവരണേ! മാമലകൾ മലയമാരുതന്റെ മധുരമർമ്മരത്തിൽ മനം മയങ്ങി മദിച്ചുയർന്നു നില്ക്കുമ്പോൾ താഴ്വരകളിലെ കുണ്ടും കുഴിയും ചേറും ചളിയും കെട്ടി എക്കാലവും അങ്ങനെ നില്ക്കണമെന്നോ? ആ പവിഴക്കുന്നുകളുടെ ഉയർച്ചയും ഈ താഴ്വരകളുടെ താഴ്ചയും എന്നേക്കുമായി അകലാൻ—സമത്വത്തിന്റെ വാഴ്ചയും ഹൃദയത്തിന്റെ വേഴ്ചയും എന്നേയ്ക്കുമായി ഉയരാൻ കൊടുങ്കാറ്റേ! നീയിങ്ങെത്തിയേ കഴിയൂ………………

……………മഹാപ്രളയമേ! കൂലം കുത്തി ഇരമ്പിയലച്ച് പാറക്കെട്ടുകളെ പാറിപ്പറപ്പിച്ച് ഇങ്ങോടിയെത്താൻ എന്താണിത്ര താമസം? വർഗ്ഗീയതയിൽ ഇടുങ്ങിച്ചീഞ്ഞ് ഈ ഭൂമി ദുഷിച്ചുപോയി. മാത്സര്യത്തിന്റെ കറ വാർന്ന് ഈ ലോകം ഇരുണ്ടുപോയി. വശ്യമോഹനമായ വിശ്വമുഖം കറുത്തുകഴിഞ്ഞു. ഈ പാഴ്ക്കരികൾ ആ പെരുവെള്ളത്തിൽ കഴുകിയടിച്ചു പോകണം. അങ്ങനെ വിപ്ലവത്തിന്റെ 'മത്തു' പിടിച്ച് കലക്കിക്കഴിയുമ്പോൾ ഒരു വെണ്ണക്കട്ടിപോലെ ഈ പാവനമായ ഭൂവലയം ഉയർന്നുവരും. അന്നേ സമാധാനം കൈവരൂ. അന്നേ മനുഷ്യനെ മനുഷ്യൻ തിരിച്ചറിയൂ…… ……

……………ഭൂകമ്പങ്ങളേ! നിങ്ങൾക്കു സ്വാഗതം! ആ മണിമേടകളെത്തകിടം മറിക്കാൻ നിങ്ങൾ ഓടിയെത്തുക. അങ്ങനെ മുതലാളിത്തത്തിന്റെ കനകസ്തംഭങ്ങൾ ഇടിഞ്ഞിടിഞ്ഞു തകരണം. ജന്മിത്വത്തിന്റെ വന്മരങ്ങൾ വേരിളകിപ്പിഴുതു പിഴുതു വീഴണം, ഒരു പട്ടിണിപ്പാവത്തിന്റെ അസ്ഥിക്കൂടം കിടന്നു കിലുകിലാ വിറയ്ക്കുംപോലെ. ഭൂമി കുലുക്കങ്ങളേ! നിങ്ങൾ ഓടിയെത്തുക!…………

……………………വെള്ളിടികളേ! ഈ തണുത്ത ഭൂമുഖത്തെ തീപ്പുതപ്പിൽ പൊതിഞ്ഞ് അല്പം ചൂടു പിടിക്കാൻ നിങ്ങളും ഓടിയെത്തുക. ഉയർന്നുലാത്തുന്ന വെള്ളിമേഘങ്ങൾ പരിഹസിച്ചോട്ടെ! കാർമേഘങ്ങളേ! കരഞ്ഞുവീർത്ത ആ കറുത്ത മുഖങ്ങളിൽ പ്രതികാരത്തിന്റെ ഒരു മിന്നൽപ്രഭ മിന്നിത്തിളങ്ങട്ടെ! നിങ്ങൾ ഗംഭീരങ്ങളായ ഇടിനാദങ്ങൾ മുഴക്കി ആ കൊടുമുടികളെ കിടുകിടാ വിറപ്പിക്കുക! നിങ്ങളുടെ കരച്ചിൽ കാണാൻ കണ്ണില്ലാത്തവർക്ക് ഈ ഇടിനാദങ്ങൾ കേൾക്കാൻ കാതുണ്ടായേക്കാം……………

……………അഗ്നിപർവ്വതങ്ങളേ, നിങ്ങൾ പൊട്ടിത്തെറിക്കുക! കദനാഗ്നിയിൽ ഉരുകിപ്പതഞ്ഞ ആ ഹൃദയത്തിൽനിന്നും നീലധൂമികകൾ ചുരുളുചുരുളായി ഉയരട്ടെ! ഒരു ക്ഷയരോഗി ചെഞ്ചോരത്തുള്ളികൾ തുപ്പുംപോലെ ആ ദഗ്ദ്ധഹൃദയങ്ങളിൽക്കൂടി പൊള്ളുന്ന ആഗ്നേയജലം ഇരച്ചൊഴുകി ചീറ്റിത്തെറിക്കട്ടെ! ആ ഉഷ്ണജലത്തിൽ വെന്തുരുകിക്കഴിയ

# ദില്ലി—പടക്കപ്പൽ *

മഹാകവി, പള്ളത്ത്.

ജർമ്മനിയുടെ ജഗജ്ജയവീരാഹങ്കാര-
മമ്മത്തെപ്പിരങ്കിയാൽ പിളർന്ന പടക്കപ്പൽ
† 'അക്കിലിസ്സി'ന്ന "ദില്ലി", യറബിപ്പെരുംകടൽ
പൊക്കിനയലകളാം കൈകളാലാലിംഗിതം—

വാരുണീറാണിയാൾ തൻ മടിയിൽ—തുറമുഖ-
ഭാരത്തിൽ—നെട്ടനീളെക്കിടപ്പൂ മഹാസത്വം.
പാശ്ചാത്യപ്പെരുംപോരിൽ ചിന്നിന ചെന്നിണ
പാട്ടുകൾമാഞ്ഞിട്ടില്ലിപ്പടക്കപ്പലിനിന്നും.[ത്തിൻ

എന്തെല്ലാം ഭയാനകനാടകസ്മരണക-
ളെന്തെല്ലാം കിനാവുകൾ നീ തട്ടിയുണർത്തുന്നു!

"ഭാരതക്കടൽത്തീരത്തുണ്ടു ഞാൻകാവൽക്കാരൻ;
സ്വൈരമായ് ശ്വസിക്കുവിൻ! സ്വൈരമായുറ
[ങ്ങുവിൻ

ഭാരതസ്വാതന്ത്ര്യം ഞാൻ വഹിച്ചു വരുന്നെ"ന്നു;
ധീരമായുദ്ഘോഷിക്കയാവാമിപ്പടക്കപ്പൽ.
"കാവേരി" "കൃഷ്ണ"രണ്ടുപാർശ്വത്തിലകമ്പടി
സേവിക്കെ, ദില്ലിരാട്ടു ഗമിപ്പൂ ഗംഭീരനായ്.

ഇന്നിതാതരംഗരാഗോപരിനൃത്തം, ഗാന-
സുന്ദരം നടത്തുമീ നമ്മുടെ മഹാനൗക
ചീറിയും, ചെന്തീപ്പൊരി പാറിയും, ചിതറിയും
മാറണിന്നിണം, ചെയ്യാംസംഹാരനൃത്തംനാളെ.

നമ്മുടെ 'മഹാത്മാ'വിന്നഹിംസാസന്ദേശത്തിൻ-
നന്മധുകണം ചിന്നും മാറൊലിയലയ്ക്കവേ,
ആയതുമെററുപാടിപ്പാശ്ചാത്യഭൂവിൽ, ശാന്തി-
ഗായകൻ, നെട്ടനീളെസ്സഞ്ചരിക്കവേ, നെഹ്റു,

പോർക്കരിങ്കാറിൻനിരപൊക്കമോ തലവാനിൽ?
തീക്കട്ടമോവീണ്ടുംനാട്ടു കരുതിക്കളമാക്കി?
വാളിനു രക്തതൃഷ്ണ തീരുകില്ലയോ? തോക്കിൻ-
വായ് മൂടിക്കെട്ടില്ലയോ?–ഭാവിഗർഭസ്ഥമെല്ലാം.

ബ്രിട്ടാന്യാകണ്ഠീരവൻ മെരുക്കപ്പെട്ടുപോയി;
തട്ടുകില്ലലച്ചുമേലിയാഴിയലകളിൽ.
മുവ്വലകടലുകൾ തിരകൈനിരകളിൽ
ശുമ്പില്ലാപ്പടിയിതാ മുത്തുരത്നങ്ങളേന്തി,
കോരിയിട്ടീടുന്നൊരു കോൾമയിരോടും മമ
ഭാരതമാതേ, തവ തിരുമുല്ക്കാഴ്ച, വെയ്പൂ!

ഏകടൽത്തീരംനോക്കി നംക്രമിട്ടു നില്ക്കും
വങ്കിടദില്ലിപ്പടക്കപ്പലേ, നമസ്കാരം!
മുവ്വാഴിയലകളിൽ, സ്വച്ഛീയസ്വാതന്ത്ര്യത്തിൻ
ഗർവ്വിതഗീതദ്ധ്വനി മുഴക്കിക്കൊണ്ടുപോക്ക!

† കൊച്ചിത്തുറമുഖത്തെത്തിയ 'ദില്ലി' പടക്കപ്പൽ.

* രണ്ടാംമഹായുദ്ധത്തിൽ 'അക്കിലിസ്സ്' എന്ന കപ്പൽ ജർമ്മനിയെ പരാജയപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യാഗവണ്മെൻറ് ആ കപ്പൽ വിലയ്ക്കെടുത്തു 'ദില്ലി' എന്ന് നാമകരണം ചെയ്തതാണ്.

അവകാശം കർത്താവിന്.

---

മ്പോൾ കുറേക്കാലത്തേയ്ക്കെങ്കിലും ഈ ഭൂമി കറയററ ഒരു കനകക്കട്ടയായി മാറിയേക്കാം............

...............കൊട്ടങ്കാറേറ, മഹാ പ്രളയമേ, ഭൂകമ്പങ്ങളേ, വെള്ളിടികളേ, അഗ്നിപർവ്വതങ്ങളേ, നിങ്ങളെല്ലാം ഓടിയെത്തുക! നിങ്ങളുടെ കാഹളനാദങ്ങൾ—ഉച്ചൈസ്സ്വരം മുഴക്കുക! അതുകേട്ട് ആകാശം അടന്നുവീഴണം! ഭൂമി ചിതറിത്തെറിക്കണം. പാവങ്ങളുടെ നിലവിളി കേൾക്കാത്ത ആകാശം ഇവിടെ വേണ്ട! ദുഃഖിതരുടെ തപ്തബാഷ്പം വീണാലലിയാത്ത ഭൂമി ഇവിടെ വേണ്ട!...............

...............ഒന്നുകിൽ എല്ലാം തകർന്നു തരിപ്പണമാവണം. അല്ലെങ്കിൽ പാരിടത്തിൻെറമാറിടത്തിൽ സമാധാനത്തിൻെറ വെന്നിക്കൊടി ശാശ്വതമായി പ്പാറിക്കളിക്കണം. പ്രകൃതിയിലെ പുല്ത്തുരുമ്പുകൾ പോലും ഈ മഹാസമരത്തിലെ സേനാനികളാകുമ്പോൾ നാമെന്തിനു മടിക്കുന്നു. സഹോദരന്മാരെ, ഉണരുക! നമുക്കങ്ങോട്ടു പോകാം—ആ അടക്കളത്തിലേയ്ക്കു—ആ മഹാ വിപ്ലവത്തിലേയ്ക്ക്!!...........

# ഒരു യാമിനി

എച്ച്. എച്ച്.

പകലവൻ പടിഞ്ഞാറെ പടിവാതിൽ കടന്നു പുറത്തേക്കു പോയി! രണ്ടാംപക്കത്തെ വിധുവധു ഛായാമറയുടെ വിടവിലൂടെ നോക്കി നില്ക്കുന്നു! താരകസ്സഖിമാരും തങ്ങളുടെ മുഖപടങ്ങൾ വിടർത്തി എത്തിയെത്തിനോക്കുന്നു!

സന്ധ്യാനമസ്കാരം കഴിഞ്ഞു പതിവുപോലെ ഞാനെൻെറ വീട്ടിനു തൊട്ടുള്ള പുഴക്കരയിലെ ആ മണല്പ്പരപ്പിൽ ചെന്നു കിടന്നു. അച്ഛസ്ഫടികം പോലുള്ള സ്വച്ഛജലം വഹിച്ചുകൊണ്ടു സ്വച്ഛന്ദം ഒഴുകിപ്പോകുന്ന ചോല വഴിമദ്ധ്യേ കണ്ടുമുട്ടിയ വല്ലീശതങ്ങളുമായി ചെയ്തു നർമ്മസല്ലാപത്തിൻെറ മർമ്മരരവം ശ്രുതിമധുരമായിരുന്നു. പരിസരങ്ങളിലെ ഫല സമൃദ്ധങ്ങളായ പരസ്സഹസ്രം കേരവൃക്ഷങ്ങളും തടിച്ചുപടർന്നു തളിർത്തു പൂത്തു നിന്നിരുന്ന പരശ്ശതം മാന്തരുക്കളും സന്ധ്യാസമീരണനൊന്നിച്ചു നൃത്തം ചെയ്യുകയായിരുന്നു. പ്രകൃതിയുടെ ഉദാരമായ ഈ ഉപചാരമേററു ആ മണൽ വിരിപ്പിന്മേൽ മലർന്നു കിടന്നിരുന്ന ഞാൻ അല്പമൊന്നു കണ്ണയർത്തുപോയി.

“ശംസേട്ടൻ ഉറങ്ങിപ്പോയോ?” “രതിയേട്ടൻ ഇനിയും എത്തിയിട്ടില്ലല്ലോ!” എന്നിങ്ങനെ എൻെറ ശിരോഭാഗത്തുനിന്നുകൊണ്ടു രണ്ടിളംകളമൊഴിമാർ നടത്തിയ കുശലപ്രശ്നം എന്നെ ആ ലഘുനിദ്രയിൽ നിന്നുണർത്തി. “സ്വാഗതം, സോദരിമാരേ!” എന്നു പറഞ്ഞുകൊണ്ടു ഞാൻ എഴുന്നേററിരുന്നു. ആ കൊച്ചു തരുണിമാർ ഇരുവരും വന്നു് എൻെറ മുന്നിലും ഇരുന്നു.

ആഗതമാരിൽ ഒന്നു് എൻെറ ആപ്തമിത്രം രതീന്ദ്രൻെറ ഏകഭഗിനി സുശീലയും, ഒന്നു് എൻെറ ഇളയസഹോദരി, സൈബുന്നിസയും ആയിരുന്നു. ഇരുവരും അന്യോന്യം വലിയ തോഴിമാരും ഒരേ ക്ലാസ്സിൽ പഠിക്കുന്നവരുമാണു്. രതീന്ദ്രനും ഞാനും അയല്ക്കാരും സതീർത്ഥ്യരും, ശൈശവം മുതല്ക്കേ മിത്രങ്ങളുമാണു്. ഞങ്ങളുടെ കുടുംബങ്ങളും തലമുറകളായി സൌഹാർദ്ദത്തിലും സൌഭ്രാത്രത്തിലും കഴിഞ്ഞു വരുന്നു. സുശീല എന്നെ ‘ശംസേട്ടൻ’ എന്നും ‘സൈബു’ രതീന്ദ്രനെ ‘രതിയേട്ടൻ’ എന്നുമാണു് വിളിക്കാറു്. രതീന്ദ്രൻ ഒരു തികഞ്ഞ ചിന്തകനും, യുവാവാണെങ്കിലും, യുവാതീതമായ സ്വഭാവവൈശിഷ്ട്യങ്ങളുടെ ഒരു നിലയനവുമാണു്. പലപ്പോഴും സന്ധ്യയ്ക്കുശേഷം ഞങ്ങളിരുവരും ആ മണല്പ്പരപ്പിൽ ഇരുന്നു് ആശയവിനിമയം ചെയ്യാറുണ്ടു്. അപ്പോഴെല്ലാം ഞങ്ങളുടെ ഈ കൊച്ചനുജത്തിമാരും അവിടെ വന്നുചേർന്നു ഞങ്ങളുടെ സംഭാഷണങ്ങൾ ശ്രവിക്കുകയും, അവകളിൽ പങ്കുകൊള്ളുകയും പതിവാണു്. പ്രസ്തുതദിവസം പകലേ രതീന്ദ്രൻ എൻെറ അടുക്കൽ വന്നിരുന്നു. പിറേറന്നു സ്കൂളിൽ വിദ്യാഭ്യാസഡയരക്ടരവർകൾ വരുന്നതു കൊണ്ടു തനിക്കൊരു പുതിയ സാരിവേണമെന്നും വിവരം ‘ശംസേട്ട’നോടു പറഞ്ഞാൽ ‘സൈബു’വിനും ഒന്നു ലഭിക്കുമെന്നും സു

ശീല പറഞ്ഞതായി അദ്ദേഹം എന്നെ അറിയിച്ചു. എനിക്കല്പം ജോലിത്തിരക്കുണ്ടായിരുന്നതു കൊണ്ടു സാരി വാങ്ങിക്കുന്ന കാര്യം ഞാനദ്ദേഹത്തെത്തന്നെ ഭരമേല്പിച്ചു. അങ്ങനെ അദ്ദേഹം സാരിവാങ്ങിക്കാനായി പട്ടണത്തിൽ പോയിരിക്കയായിരുന്നു. നേരമ്പോക്കിന്ന് ഞാനെൻെറ കൂട്ടുകാരികളോടു പറഞ്ഞു:—

"സൈബ്യവും സുശീലയും കൂടി ഇന്നെന്നെ ഈ ഇരുട്ടത്ത് ഏകാകിയായി ഇരുത്തിയല്ലോ. നിങ്ങളിരുവരും ചേൎന്ന് ഇന്ദ്രതീന്ദ്രനെ എവിടെ യൊളിപ്പിച്ചു? പറയുവിൻ!"

സൈബ്യ—എനിക്കതിൽ പങ്കില്ല, ജ്യേഷ്ഠ! സുശീലയുടെ സൂത്രമായിരുന്നു അത്.

ഞാൻ—വരട്ടെ, അങ്ങനെ! നിങ്ങളിലാരോ ഒരാൾ അദ്ദേഹത്തെ ഒളിപ്പിച്ചതു് ശരിയാണല്ലേ?

സുശീല— ഞാനൊളിപ്പിച്ചതൊന്നുമല്ല. നാളെ സ്കൂളിൽ ഡയരക്ടരവർകൾ വരുന്നതു കൊണ്ടു് എനിക്കൊരു പുതിയ സാരി വേണമെന്നും വിവരം ശംസേട്ടനോടു പറയണമെന്നും ഞാൻ ജ്യേഷ്ഠനോടു പറഞ്ഞതു ശരിയാണ്.

ഞാൻ—ശരി! സുശീലയ്ക്കു് ഒരു സാരി വേണമെന്നു വരുമ്പോൾ അതെൻെറ അറിവോടുകൂടെ ആയിരിക്കണം വാങ്ങിക്കേണ്ടതെന്ന വാഞ്ഛയാലാണോ സുശീല അങ്ങനെ പറഞ്ഞതു്?

ഇതുകേട്ടു അവരിരുവരും പരസ്പരം ഒന്നു നോക്കി പൊട്ടിച്ചിരിച്ചു.

"അതവിടെ നില്ക്കട്ടെ. ഇന്നത്തെ ഈ രാത്രിയുടെ കമനീയതയെ പരാമർശിച്ചു നിങ്ങൾക്ക രണ്ടു പേൎക്കും വല്ലതും പറയുവാനുണ്ടെങ്കിൽ, കേൾക്കാം" എന്നു ഞാൻ പറഞ്ഞു.

സൈബ്യ—കാറൊഴിഞ്ഞു നീലിമ ചേൎന്ന ആകാശമേൽത്തട്ടിൽ നിന്നു വിളങ്ങുന്ന ആ താരകാദീപലക്ഷങ്ങൾ ഓരോന്നും എത്ര കമനീയമായിരിക്കുന്നു!

സുശീല—

അന്തിക്കുവാനിൽ തിളങ്ങുമത്താരകാ-
വൈദ്യുത ദീപങ്ങൾ പാൎക്കം കണ്ണേ!
ഒന്നത! ചോലയിലൊന്നു പോൽ മിന്നുമാ
മിന്നാമിനുങ്ങുകൾ നോക്കരുതോ?

സൈബ്യ—

നീലപ്പൂമ്പട്ടാട തന്മേൽ കസവിനാൽ
ചേലിൽ നൽപ്പൂപ്പണി ചെയ്തുവോ,
അഞ്ജനവൎണ്ണപ്പട്ടാടമേൽ ഭംഗിയിൽ
സ്വൎണ്ണക്കുത്തിട്ടതോ മെല്ലം? ചൊല്ലു!

സുശീല—

രണ്ടിനും ഛായവുമെന്നല്ലോ തേച്ചങ്ങു
ചന്തം വരുത്തിയച്ചിത്രകാരൻ!

സൈബ്യ—

കട്ടക്കരിനിറം ലജ്ജിച്ചു പോകുമ-
ക്കൂരിരുൾ കൊണ്ടല്ലോ ഭംഗിയേററി!

അപ്പോഴേയ്ക്കു് ആ ബാലികമാരുടെ പുറകിൽ പെട്ടെന്നു് ഒരു ഇലക്ട്രിക് ടാൎച്ചുമായി പ്രത്യക്ഷപ്പെട്ട ഒരാൾ—

സൃഷ്ടികൾക്കെന്തൊരു മെച്ചമിതോൎക്കിൽ
സൃഷ്ടിച്ചവനുതാൻ സ്തോത്രമെല്ലാം!!

ആഗതൻെറ സുപരിചിതമായ മധുരസ്വരം കേട്ടമാത്രയിൽ പെൺകുട്ടികൾ രണ്ടും സബഹുമാനം എഴുന്നേററുനിന്നു. "സ്വാഗതം, രവീന്ദ്രാ!" എന്നു ഞാൻ പറഞ്ഞു. "സുരാത്രം, സംസുദീൻ! സുരാത്രം, സോദരിമാരേ!" എന്നു സസ്മിതം പ്രതിവചിച്ചുകൊണ്ടു് ഒരു കൈയിൽ ടാൎച്ചും മറുകയ്യിൽ ഒരു പൊതിക്കെട്ടുമായി വന്നു, രവീന്ദ്രൻ എൻെറ അരുകിൽ ഇരുന്നു. പെൺകുട്ടികൾ അവരുടെ സ്ഥാനങ്ങളിലും ഇരുന്നു.

ഞാൻ—രവീന്ദ്ര! ഞാനീ കൊച്ചു വിദ്വഷിമാരുടെ വിജ്ഞാനീയ വിവാദത്തിൽ ലയിച്ചുപോയിരുന്നു. നിങ്ങൾ വന്നിട്ട് ഒട്ടുനേരമായോ?

രതീന്ദ്രൻ—ദൂരത്തു നിന്നുതന്നെ ഞാനീ സമ്മേളനം കണ്ടു. അപ്രതീക്ഷിതമായി ഇതിൽ പങ്കുകൊള്ളണമെന്ന വിചാരത്താൽ ഞാൻ മെല്ലെ മെല്ലെ നടന്നു ആ ദേവദാരുവിൻെറമറവിൽ വന്നുനിന്നു. ആദ്യമായി ഞാൻ കേട്ടതു് സൈബുവിൻെറ 'കാറൊഴിഞ്ഞ' ആകാശവർണ്ണനയായിരുന്നു. അതുതൊട്ട് എല്ലാം ഞാൻ കേട്ടു. ശംസുദ്ദീൻ! ഇവരിരുവരും സമ്മാനാർഹമാരാണ്. ഇതാ, ഈ പൊതിക്കെട്ടഴിച്ചു് ഇതിലെ ഉള്ളടക്കം യോഗ്യതാനുസരണം ഇരുവർക്കും വീതിച്ചു കൊടുക്കണം!

ഇങ്ങനെ പറഞ്ഞുകൊണ്ടു താൻ കൊണ്ടുവന്ന ആ പൊതിക്കെട്ട് അദ്ദേഹം എൻെറ കയ്യിൽ തന്നു. ഞാനതഴിച്ചു് അദ്ദേഹം ടാച്ചുലൈററ് കാണിച്ചുതന്നു. സൈബുവിൻെറയും സുശീലയുടെയും വദനകുമുദങ്ങൾ വികസിച്ചു. അതിവിശേഷമായ രണ്ടു പട്ടുസാരികളായിരുന്നു ഉള്ളടക്കം. ഒന്നു നീലപ്പട്ടിൽ കസവുകൊണ്ടു താരപ്പണികൾ ചെയ്തതും, ഒന്ന് കറുത്ത പട്ടിൽ ഒരേ തരത്തിൽ നിറയെ കസവുപുള്ളികൾ പണിചെയ്തതും ആയിരുന്നു. "സൈബുവിന് നീലാംബരത്തിലും, നക്ഷത്രങ്ങളിലും, സുശീലയ്ക്ക ചോലയിലും, മിന്നാമിനുങ്ങുകളിലുമാണല്ലോ കൌതുകം! ഇതാ, യഥായോഗ്യം എടുത്തുകൊൾക" എന്നു പറഞ്ഞുകൊണ്ടു് ആ സാരികൾ രണ്ടും ഞാൻ അവരുടെ മുമ്പിൽ വെച്ചുകൊടുത്തു. കരിംപട്ടു് സുശീലയും നീലപ്പട്ടുസാരി സൈബുവും എടുത്തു.

യാമിനിയുടെ രമണീയകത പാരമ്യം പൂണ്ട ആ പരിസരത്തെ ആകമാനമൊന്നു അവലോകനം ചെയ്തുകൊണ്ടു് രതീന്ദ്രൻ പറയുകയായി:—

"ഹാ, എത്ര മനോമോഹനമായ ഒരു മണിമഞ്ചത്തിലാണു് നാമിപ്പോൾ വിശ്രമം കൊള്ളുന്നതു്! നോക്കുക! വെള്ളപ്പട്ടു വിരിച്ചപോലെ ധവളവും മൃദുലവുമായ മണൽത്തിരകൾ അട്ടിയട്ടിയായി നിരന്നു പരന്ന ഇത്തരം എത്രയെത്ര വെൺമണൽ മെത്തകളും, മിന്നിത്തിളങ്ങുന്ന ലക്ഷോപലക്ഷം താരകാരത്നങ്ങൾ പതിച്ച നീലാംബരവിതാനവും പൊന്നിണങ്ങിയ ഈ പ്രപഞ്ചമഹാമഞ്ചത്തിൻമുമ്പിൽ ഏതൊരു ശില്പകലാവിദഗ്ദ്ധനും മുട്ടുകുത്തേണ്ടേ? ദിഗന്തങ്ങളിൽ നിന്നും, കൊഞ്ചിക്കുഴഞ്ഞു കൊണ്ടോടിയണയുന്ന ഈ ഇളംകുളിർ കാററിൻമുമ്പിൽ അംബരചുംബികളായ രമ്യഹർമ്മ്യങ്ങളിലെ വിശാലമണിയറകളിൽ സൃഷ്ടിതങ്ങളായ ആ വിദ്യുച്ഛീജനങ്ങൾ സമസ്തം തലതാഴ്ത്തണ്ടേ? ഈ ദിവ്യമായ ഈ മഹാമഞ്ചത്തിൽ നമ്മെ ഇരുത്തി താരാട്ടി താലോലിക്കുന്ന ആ പരാശക്തിക്കു ആയിരമായിരം സ്തോത്രം!!

ഞാൻ—വിത്തുഖുർആൻ പറയുന്നു—"മനുകലമേ! നിങ്ങൾ ഭക്തിയുള്ളവരായിരിപ്പിൻ, നിങ്ങളെയും നിങ്ങൾക്കുമുമ്പുള്ളാരെയും സൃഷ്ടിച്ച ആ പരമപോററിയെ ആരാധിപ്പിൻ; അവനത്രേ ഭൂമിയെ നിങ്ങൾക്കൊരു വിരിപ്പായും ആകാശത്തെ ഒരു മേല്പെട്ടിയായും ചമച്ചതും ആകാശത്തുനിന്നും ജലമിറക്കി അതുമുഖേന നിങ്ങൾക്കുപജീവനത്തിനു പയുക്തങ്ങളായ ഫലമൂലാദികൾ പുറപ്പെടുവിച്ചതും, ആകയാൽ, അറിഞ്ഞുകൊണ്ടു് നിങ്ങള വന്നു സമന്മാരെ കല്പിക്കായ്വിൻ"

[ശേഷം 443-ാം പേജിൽ] (2.21,22)

# വാവിട്ടു കരഞ്ഞുപോയി

മനേഴി.

ആ മണിമേടയെ
ച്ചുററും മരതക-
ശ്യാമളച്ഛായമാം
കോലായിലേറി ഞാൻ
ആരെയും കാണാത്തു
ഴലെ, ക്കിലുകിലെ-
ന്നാരവത്തുവെള്ളി
നാണ്യം വിതറുമ്പോൾ—
ആകർഷകമായ
ഹാവഭാവങ്ങളാ-
ലീക്ഷകൾക്കത്ഭുത
വിഭ്രമമേകുമ്പോൾ—
എമ്പാടുമോമനി-
ച്ചുള്ളോരഴകിന്റെ
നാമ്പായ് തളിർത്തു
കൊഴുത്തു വളർന്നവൾ—
ഓടിക്കളിച്ചാർത്തു
ചാടിപ്പുറത്തുവ-
ന്നെൻമുഖംനോക്കിപ്പ-
കച്ചൊട്ടു നിന്നുപോയ്!
അങ്ങവിചാരിതം
ബ്രേക്കിട്ടു നിർത്തിയോ-
രെഞ്ചിനെപ്പോലവൾ
നിന്നു തപ്ത പ്രഭം.
അപ്പൊങ്കിനാവിൻ
പിറകെപ്പുറപ്പെട്ടോ-
രത്ഭുതജ്യോതിസ്സൊളി-
ച്ചാളതിന്നിടെ—

* * * * *

ഞാനെങ്കിലാമെ-
യ്യഴകിന്നൊഴുക്കക-
ണ്ടമ്മട്ടുനിന്നു പോയ്
പ്രജ്ഞാവിഹീനനായ്!

എന്തുസൌഭാഗ്യമാ-
ണെന്തു സൌമുഖ്യമാ
ണിങ്ങിനെക്കൂടിയു-
മുണ്ടോ നരസൃഷ്ടി?
ഞാനൊരു പുഞ്ചിരി
പ്പൂവെട്ടത്തോമലിൻ
മുന്നിലേക്കിട്ടു കൊ-
ടുത്തു സസംശയം
അപ്പെൺകിടാവു-
മധരങ്ങൾ കോട്ടിയൊ-
രല്പസ്മിതത്താല-
തേററു വാങ്ങീ ഭൃശം.
ആ മണിച്ചുണ്ടുക-
ളുമ്മ വെച്ചീടുവാ
നെത്രമേലാശിച്ച-
തില്ലന്നു മന്മനം.
ആരെന്നു ചൊല്ലിഞാൻ
വാരിയെടുക്കണെ-
മപ്പിഞ്ചുടലാമ-
ഴകിന്നൊഴുക്കിനെ!
ധന്യമാണപ്പുരം
താദൃശസൌഭാഗ്യ
സമ്പന്നമാകയാൽ
ധന്യ തന്നമ്മയും

* * * *

‘കുട്ടിക്കു പേരെന്തു
കേൾക്കട്ടെ’യെന്നു ഞാൻ
കൌതുകത്തിൻകളി-
ക്കോപ്പെടുക്കുംവിധൌ
‘സീത’യെന്നാമണി-
ച്ചുണ്ടിൽനിന്നും വീണു
ജാതമോദം രണ്ടു
തൂമണിമുത്തുകൾ.

ഉൽക്കണ്ഠയിൽ കോട്ട-
കുമ്പിളെങ്കാതുക-
ളുൾക്കൊൾകയായ-
ത്തെളിത്തേൻ കണികകൾ.
സീത, ഹാ! സൌന്ദര്യ
ദേവത, ചാരിത്ര
പാവിത,സന്ത്യക്ത
ജീവിതസൌഭഗ—
അച്ചെറുവാക്കിലു
റങ്ങിക്കിടക്കുന്നി
ത്തുജ്ജ്വലസ്ത്രീത്വവു
മാത്മീയ സിദ്ധിയും.
ആർഷസംസ്കാരമെ-
രിതീയിലിട്ടെട്ട-
ത്താകർഷകമായ് നി
റം പിടിപ്പിച്ചതാം
സീതയെന്നുള്ളൊരു
നാമമീപ്പെൺകൊടി
വീതവിദ്വേഷമാ
ന്ധർമ്മപ്രകർഷമാം.
മർത്ത്യഹസ്തങ്ങളിൽമാ-
ലിന്യമേൽക്കാത്ത
മുഗ്ദ്ധം മുകുളമീ
മഞ്ജുമെയ് നിർണ്ണയം.
ദൈവികനീതിയിൽ
ത്തുവൊളിവീണുവീ-
ണാവിലഹീനമ
ലരായിതുമിനി.
മർത്ത്യനിശ്വാസമതി
ന്മുഖത്തുള്ളതാം
ശുദ്ധി കെട്ടത്താൽ—
വിഷണ്ണനായ് നിന്നു ഞാൻ.

* * * *

ഒട്ടുതണ്ണീർ വേണ
മെന്നു ഞാൻ കുട്ടിത-
ന്നൌദാര്യബോധവും
തൊട്ടു നോക്കീ ലവം.
ഇപ്പോൾ വരാമെന്ന-
കത്തേക്കു പാഞ്ഞവ-
ളപ്സരസ്സിൻ വടി-
വൊത്ത തന്നാംബയായ്
വീണ്ടുംപുറപ്പെട്ടു
കാറിൽക്കയറിയ
ത്തുമിന്നൽ വീണ്ടുമി-
ണയിട്ടടിച്ചപോൽ
അമ്മയും കുട്ടിയു—
മാരണ്ടു പേർക്കുള്ള
സാമ്യതയോ, ഭാവ
രമ്യതയോ വരം?
അങ്ങിനെ നോക്കി ഞാൻ
നില്ക്കേയവളൊരു
വിങ്ങലോടത്രെ വി
ദഗ്ദ്ധമായ് പാർത്തതും.
'എന്നാഥ'നെന്നുട-
നാപതിച്ചീടിനാ-
ളക്ഷണ,മീഞാന
വളുടെ നാഥനോ?—

* * * *

പട്ടാളസേവന
ത്തിന്നു പോയ്ത്തങ്ങളെ
വിട്ടാളിവനെന്നു
കണ്ടു മന്മാനിനീ
എന്നെയ് വിയപ്പിൻ
കണങ്ങളാൽ വാങ്ങി-
പ്പൊന്മണി ചിന്നിയീ
ഹർമ്മ്യം രചിച്ചവൾ
മൽപ്രേമവായ്പിൻ
സുഭഗസ്വരൂപമാ—
മിപ്പെൺകിടാവിനെ-
പ്പേർത്തും വളർത്തുവോൾ
ആറുവർഷങ്ങളി-
രുളിൻപടർപ്പുക-
ളങ്ങു പിന്നിട്ടവ-
ന്നുള്ളൊരെൻ കാല്ക്കലായ്
അങ്ങിനെ വീണു കി
ടന്നാളതുകണ്ടൊ-
രെന്മകൾ വാവിട്ടു
കഷ്ടം കരഞ്ഞുപോയ്!

# ആശാലത

## അദ്ധ്യായം ൧൪.

വണ്ടിയിൽ കേറി ഇരുന്നഉടനേ വിലാസൻ ശരത്തിനോട ചോദിച്ചു:—

"വീട്ടിലേക്ക പോകാം. ഊണകഴിച്ചിട്ട് സ്വസ്ഥമായി എത്രമണിക്കൂർ വേണങ്കിലും സംസാരിക്കാം. അങ്ങനെയല്ലേ? അതിൽ വല്ല ആക്ഷേപവുമുണ്ടോ?"

"എന്താക്ഷേപം? നേരേമറിച്ചു വളരെ നാളുകൾക്ക ശേഷം ഇന്ന നിന്നോടുകൂടി ശാപ്പാടുകഴിക്കുന്നതിൽ ആനന്ദമേഉള്ളു"

"വാസ്തവത്തിൽ നിന്നെ വീട്ടിലേയ്ക്കു കൂട്ടികൊണ്ടു പോയിട്ട് എത്രനാളായിരിക്കുന്നു! അന്ന ഹിന്ദുദേശാഭിമാനിമണ്ഡലത്താൽ നടത്തപ്പെട്ട ടെനിസ് കളിക്കശേഷം, നീ എന്നോടുകൂടി വീട്ടിൽവന്ന് ഊണകഴിച്ചിതിൽ പിന്നെ അവിടെ വന്നിട്ടേ ഇല്ലല്ലോ? അടാ—എത്ര വൎഷങ്ങളായിരിക്കുന്നു!"

"അതേ, അതെ—നാലഞ്ചുവൎഷമായിരിക്കുന്നു. കാലം എത്ര വേഗത്തിൽ പാഞ്ഞു കൊണ്ടിരിക്കുന്നു!"

"കാലത്തിന്റെ അതിശയം നോക്കു. ഇന്നനടന്നപോലിരിക്കുന്നു."

ഇപ്രകാരം പറഞ്ഞുകൊണ്ടു് വിലാസൻ വണ്ടി വേഗം വിട്ടു. ഇരുവരുടെ വായിലും പുകഞ്ഞുകൊണ്ടിരുന്ന സിഗററിന്റെ പൊരികൾ പറന്നു കാററിൽ ലയിച്ചുപോയി. കാലദേവന്റെ ചെയ്തിയും അതേ മട്ടുതന്നെ. നമ്മുടെ ആയുഷ്കാലവും അതുപോലെ വേഗത്തിൽ ചെന്നു മറഞ്ഞുപോകുന്നു.

"എത്ര ഭയങ്കരവേഗത്തിൽ വണ്ടി ഓടിക്കുന്നു?" എന്നു ശരത്തു പറഞ്ഞു.

"എനിക്ക പതുക്കേ ഓടിക്കുന്നതു് ഇഷ്ടമേ അല്ല."

"അതുകൊണ്ടുതന്നെയാണു അടിയ്ക്കടി ആപത്തു നേരിടുന്നതും."

"അതു ശരിയല്ല—എന്റെ ജീവിതത്തിൽ ഒരേ ഒരുകുറി മാത്രമേ വിപത്തു നേരിട്ടിട്ടുള്ളു."

"തളവലാഗ്രാമത്തിൽ വച്ചു നടന്നതു്—അല്ലേ?"

"അതേ—ആ വിപത്തിൽ എനിക്കു ശരീരത്തിന്ന് അധികമൊന്നും കേടുപററിയില്ല; മനസ്സിനാണു് പരുക്കുപററിയതു്"

"ആശയുടെ സഹവാസം കൊണ്ടോ?"

"അതെ"

"അവൾ ഒരു അസാധാരണ പെൺമണിതന്നെ—അല്ലേ?"

"അതിൽ എന്തു സന്ദേഹം! ശരത്തു്, നീ എന്നോടു് തുറന്നുപറഞ്ഞിട്ടില്ലെങ്കിലും, അവളെ പ്രേമിക്കുന്നു എന്നു ഞാൻ അറിയാതിരിക്കുന്നില്ല. നിന്റെ ഭാഗ്യത്തെഓർത്തു് എനിക്കു വാസ്തവത്തിൽ സന്തോഷമുണ്ടാകുന്നു."

ആശാഗതമായ പ്രേമത്തെപ്പററി ആ സുഹൃത്തുക്കൾ വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. അവർ വിലാസന്റെ ഗൃഹത്തിൽ എത്തിയഉടനേ ഊണിന്നു് ഇരുന്നു. അതിനുശേഷവും സംഭാഷണം

അവസാനിച്ചില്ല.—ഇടയ്ക്കിടയ്ക്ക് മററു വിഷയങ്ങളെപ്പററിയും, ചർച്ച നടന്നുവെങ്കിലും, ഒടുവിൽ സംഭാഷണം തിരിഞ്ഞു മറിഞ്ഞു ആശയുടെ അടുക്കൽതന്നെ എത്തി. ഒരു സ്പ്രിംഗ് വലിച്ചു നീട്ടിയിട്ട് വിട്ടാൽ അതു എത്രപ്രകാരം പൂർവസ്ഥിതിയെ പ്രാപിക്കുമോ, അതുപോലെ അവർ നടത്തിക്കൊണ്ടിരുന്ന സംഭാഷണത്തിൽ ഇതരവിഷയങ്ങൾ ഇടയ്ക്കു കയറിയാലും, ഒടുവിൽ ആശയിൽതന്നെ ചെന്നവസാനിച്ചുകൊണ്ടിരുന്നു.

കമ്പനി ഉദ്യോഗം കൈവിടാനുണ്ടായ കാരണത്തെ വിലാസൻ സ്നേഹിതനോടു പറഞ്ഞുകേൾപ്പിച്ചു. ഒടുവിൽ തൻെറ മനോഗതിക്കു മാററം സംഭവിച്ചതിനെയും അദ്ദേഹം വെളിപ്പെടുത്തി.

"ശരത്ത്, ഞാൻ എത്രതന്നെ വാനോളം പുകഴ്ത്തിയാലും, ആശയുടെ മനസ്സിൽ ഇരിക്കുന്ന വിശാലവീക്ഷണത്തെയും, കരുണയെയും, ഏഴകൾക്കുവേണ്ടി അവൾ അനുഷ്ഠിക്കുന്ന ത്യാഗത്തെയും, പൂർണ്ണമായി വർണ്ണിക്കാൻ എന്നാൽ സാദ്ധ്യമല്ല. ദേശസേവനം എന്ന ഒന്നു മാത്രമാണ് അവൾ അണിയുന്ന ആഭരണം. അല്പസമയം വൈദ്യുതപ്രവാഹത്തിന് എന്തെങ്കിലും തകരാറു പററിയാൽ, പ്രധാനമായ ചക്രം ചുഴലാതെ നിന്നു പോകുന്നതുപോലെ, കമ്പനിഉദ്യോഗം വഴിക്കു ആശയുടെ സക്തം ലഭിച്ചു; എൻെറ ജീവിതഗതിയുടെ പ്രധാനചക്രവും പെട്ടെന്നു നിന്നുപോയി. എന്നിട്ടും ഞാൻ ജോലി ഉപേക്ഷിച്ചില്ല. എൻെറ ജീവിതത്തിൻെറ ഓരോ തുറയിലും ഞാൻ മാററങ്ങൾ കണ്ടുതുടങ്ങി. മുൻപ് ആശാപൂർവം കളിച്ചുവന്ന ടെന്നിസ് ഇപ്പോൾ എങ്ങോട്ടുപോയോ എന്തോ? ടെന്നിസ് റാസ്കററു കണ്ടാൽ എനിക്കിപ്പോൾ വെറുപ്പു തോന്നുന്നു. അവ മൂലയിൽ തൂങ്ങിക്കിടക്കുന്നു. എൻെറ തോക്കു തൊട്ടിട്ട് എത്രകാലമായെന്ന് എനിക്കു തന്നെ നിശ്ചയമില്ല. പിന്നെയും എന്തെല്ലാം മാററങ്ങൾ! ആശ ഇനി എന്നു വിമുക്തയാവും? നീ—ഞാൻ, ആശ—നാം മൂവരുംചേൎന്നു ദേശസേവയ്ക്കു വട്ടം കൂട്ടണം. പ്രാപ്തയൌവനന്മാരുടെ വിദ്യാഭ്യാസവും അതിൽ ഉൾപ്പെടുത്തണം. ഇപ്പൊഴേ ദേശസേവനത്തിൽ ഇറങ്ങണമെന്നാണ് എൻെറ ആഗ്രഹം."

ശരച്ചന്ദ്രൻ അല്പം ദുഃഖം കലൎന്ന കരലിൽ പറഞ്ഞു. "നാം മൂവരുംചേൎന്ന്— എന്നു പറഞ്ഞല്ലോ—അതു് സാദ്ധ്യമാകുമെന്ന് ആൎക്കറിയാം"

വിലാസൻ ആശ്ചൎയ്യപൂർവം:—"എന്തുകൊണ്ട് ആൎക്കറിയാമെന്നു പറയുന്നു? ഞാൻ ചെയ്യുന്ന നിശ്ചയത്തിൽ നിനക്കു വിശ്വാസമില്ലെ?"

"ഛെ! ഛെ! ആശയുടെ പ്രേരണാശക്തിയാൽ നിനക്കുണ്ടായ ഈ മനംമാററത്തിൽ എനിക്ക് എള്ളോളവും സന്ദേഹം ഇല്ല. അതെങ്ങനെ ഉണ്ടാകും?"

"പിന്നെ എന്താണു ആൎക്കറിയാമെന്നു പറഞ്ഞതു?"

"അതിന് ഒരു വലിയ കാരണമുണ്ട്."

"എന്നോടു പറഞ്ഞുകൂടാത്തതാണോ അതു്?"

"അതു് നിന്നോടു പറയാമെന്നുവച്ചു തന്നെയാണ് നീ വിളിച്ചപ്പോഴേ കൂടെപ്പുറപ്പെട്ടതു്. യദൃച്ഛയാ നാം കണ്ടുമുട്ടാതിരുന്നെങ്കിൽ തന്നെയും, ഞാൻ താനെ നിന്നെത്തേടിവരുമായിരുന്നു."

"അങ്ങനെയാണെങ്കിൽ കാൎയ്യം വിവരിച്ചു പറയൂ."

"ആശ വെളിയിൽ വരുംമുമ്പേതന്നെ, ഒരുപക്ഷേ, ഞാൻ ജയിലിലായേയ്ക്കും."

"എന്തിനു്?"

"കുററത്തെ അധിക കാലം ഒളിച്ചു വയ്ക്കാൻ സാധിക്കുമോ?"

"നീ ആമാതിരി എന്തുകുററം ചെയ്തു?"

"സത്യാഗ്രഹത്തിനു തലേ ദിവസം രാത്രി ഞാൻ ഒക്കാർമേൻ ധ്വരയെ നല്ല പോലെ ചതച്ചു് മാരുതിക്കോവിലിൽ കെട്ടിയിട്ട കഥ നീയും അറിഞ്ഞുകാണുമല്ലോ, ഇല്ലേ?"

"അതേ, അതുകൊണ്ടെന്താണു്?"

"ആ രഹസ്യം ഒരുപക്ഷെ, വെളിയിൽ വന്നേയ്ക്കും. ഫിർദോസ് എന്ന ഡ്രൈവർ എന്തോ തൊന്തറവുണ്ടാക്കുമെന്നു് കാണുന്നു. ഇനി ഇരുനൂററമ്പതു രൂപാ കൂടി കൊടുത്താൽ താൻ സ്വദേശമായ ഇറാനിലേക്കു പൊയ്ക്കൊള്ളാമെന്നു അവൻ പറയുന്നു. അല്ലെങ്കിൽ ഞാനാണു കുററക്കാരനെന്നു അവൻ പോലീസിൽ അറിവിക്കുമത്രേ. അതിനാൽ എനിക്കു മനസ്സമാധാനമേ ഇല്ല. നിന്നെക്കണ്ടു സഹായമഭ്യർത്ഥിക്കണമെന്നു വിചാരിച്ചു കൊണ്ടിരുന്നു. എന്നാൽ അതു ചെയ്യാൻ മടിച്ചിട്ടു "വരുന്നതു വരട്ടെ" എന്നു ഞാൻ കരുതി. നീ ഇപ്പോൾ ലോനാവലാവിൽ ആയിരിക്കും എന്നായിരുന്നു. എന്റെ വിചാരം. ഇപ്പോൾ നീ എന്നെ കണ്ടതു നന്നായി."

ഇപ്രകാരം പറഞ്ഞിട്ടു് ശരച്ചന്ദ്രൻ നെററി ചുളിച്ചു തന്റെ വലംകൈയാൽ ശിരസിനെ താങ്ങിക്കൊണ്ടു് അല്പം കുനിഞ്ഞിരുന്നു. തന്റെ ദുർദ്ദശാപരിപാകത്തെ സ്നേഹിതനോടു തുറന്നുപറഞ്ഞതു് വാസ്തവം. എന്നാൽ അങ്ങനെ ചെയ്തതു്, ശരിയായോ ഇല്ലയോ എന്നു് അദ്ദേഹത്തിനുതന്നെ നിശ്ചയമില്ലായിരുന്നു.

"എന്നാൽ നീ ആ ഫിർദോസ്സിനു് ഇത്ര വളരെ പണം കൊടുത്താൽ പിന്നെ അവൻ തന്റെ നാട്ടിലേക്കു മടങ്ങും എന്നു നിനക്കു് എന്തു നിശ്ചയം?" എന്നു വിലാസൻ ചോദിച്ചു.

തലയെ യഥാപൂർവ്വം വലതു കൈയ്യിൽ താങ്ങിക്കൊണ്ടു് ശരച്ചന്ദ്രൻ പറഞ്ഞു:—

"വാസ്തവം പറഞ്ഞാൽ............ഒരു കൈത്തോക്കുകൊണ്ടു് അവന്റെ കഥ കഴിച്ചാലോ എന്നു കൂടെ തോന്നിപ്പോകുന്നു......നിന്റെ അടുക്കൽ ഒരു റിവാൾവർ ഇരുന്നില്ലേ?"

വിലാസൻ കമ്പിതനായി. "ശരത്, നിന്റെ തലയിൽ എപ്പോഴും ബലാൽകാരത്തിന്റെ അലകൾ തന്നെ അടിച്ചുകൊണ്ടിരിക്കുന്നു. അതെന്തുകൊണ്ടു്?"

"അതു് എന്റെ രക്തത്തിൽ പോലും കലൻ പോയിരിക്കുന്നു."

"എന്നാൽ നീ ഇതൊക്കെ തീർച്ചയായും കളയണം. ആശയ്ക്കു ബലാല്ക്കാരത്തിലും, വിധ്വംസകപ്രവൃത്തിയിലും, വിശ്വാസമില്ലെന്നു് നിനക്കറിഞ്ഞുകൂടെ? അവൾ നിമ്മാതൃകപ്രവൃത്തികളിലും അഹിംസയിലും അഴിവില്ലാത്ത വിശ്വാസത്തോടുകൂടിയിരിക്കുന്നു."

"അവളുടെ സന്തോഷത്തിനും തൃപ്തിക്കും വേണ്ടി മാത്രമാണല്ലോ ഞാൻ ബലാൽ കാരത്തെ ഒരുവിധം അടക്കിവച്ചുകൊണ്ടിരിക്കുന്നതു്."

"ഇനിമേലും നിന്നെഅവൾ അടക്കിനിത്താൻതന്നെയാണു പോകുന്നതു്" എന്നു പറഞ്ഞിട്ടു വിലാസൻ ചിരിച്ചുകൊണ്ടു ശരച്ചന്ദ്രന്റെ മുതുകത്തു ഒന്നുതട്ടി. അന

ന്തരം അദ്ദേഹം ഇരുമ്പുപെട്ടി വച്ചിരുന്ന അറയ്ക്കകത്തേക്കു കടന്നു.

അല്പം കഴിഞ്ഞു് വിലാസൻ ഒരു നോട്ടുകെട്ടോടുകൂടി വെളിയ്ക്കു വന്നിട്ടു്, അതിനെ ശരച്ചന്ദ്രന്റെ കൈയിൽ കൊടുത്തശേഷം "ഫിർദോസിന്റെ വായടപ്പാൻ ഇതു മതിയാകുമോ?" എന്നു ചോദിച്ചു. അതിരററ കൃതജ്ഞതയും സന്തോഷവും പ്രകാശിപ്പിക്കുന്ന നേത്രങ്ങളോടെ ശരച്ചന്ദ്രൻ തല കുലുക്കി. വിലാസൻ അദ്ദേഹത്തിന്റെ തോളിൽ കൈവെച്ചുകൊണ്ടു പറഞ്ഞു:—

"ഇനി നീ ഒട്ടും മനസ്താപപ്പെടേണ്ട"

ശരച്ചന്ദ്രൻ തന്റെ ഇരുകൈകളാലും വിലാസന്റെ മുഴങ്കൈയിനെ പിടിച്ചു തന്റെ മുഖത്തോടു് അണച്ചുകൊണ്ടു് പറഞ്ഞു "നീ ചെയ്ത ഈ ഉപകാരത്തെ ഞാൻ എങ്ങനെ മറക്കും? നിന്നെ ഞാൻ ഒരു കാലത്തും മറക്കയില്ല."

വിലാസൻ ഉറക്കേച്ചിരിച്ചു. "എട പൈത്യമേ! ഞാൻ നിനക്കു പണം തന്നതു് എന്റെ മനസ്സമാധാനത്തിനും ശാന്തിക്കും വേണ്ടിമാത്രമാണു്. ഇതിനെ പുകഴ്ത്താനെന്തിരിക്കുന്നു? നീ,ആശ,ഞാൻ ഈ മൂവരും ചേർന്നു് ദേശസേവയിൽ ഏർപ്പെടണം എന്നാണു് എന്റെ ഹൃദയപൂർവമായ വിചാരം. എന്റെ ഈ വിചാരമനുസരിച്ചു കാർയ്യങ്ങൾ മുന്നോട്ടു പോകണമെങ്കിൽ നീ ജയിലിൽ പോകാതിരിക്കണം. അതിനെ തടയാനാണു് എന്റെ ശ്രമം."

ശരച്ചന്ദ്രൻ വിലാസനെ ഉററു നോക്കീട്ടു് നെടുവീർപ്പിട്ടു. "വിലാസ്! നീ എത്ര സുന്ദരൻ! നിന്റെ ശരീരത്തിനൊപ്പം മനസ്സും അഴകാർന്നതുതന്നെ. നീ ഒരു ഉപകാരം കൂടിചെയ്തുതരണം, സാധിക്കുമോ?" എന്നു പറഞ്ഞു.

"ഉപകാരമോ? ആരിൽ നിന്നാണു് ഇനി നിന്നെ രക്ഷിക്കേണ്ടതു്."

"ആശയുടെ അടുക്കൽ നിന്നു്."

"ആശയുടെ അടുക്കൽ നിന്നോ? എന്തൊരു വിചിത്രമായ വാക്കാണിതു്?"

"കള്ളമല്ല. ഓകാർമേന്നേസംബന്ധിച്ചു ഞാൻ ചെയ്തതൊക്കെ ലോകദൃഷ്ടിയിൽ നിന്നും മറച്ചതുപോലെ ആശയുടെ നേത്രങ്ങളിൽ നിന്നും, മറയ്ക്കേണ്ടിയിരിക്കുന്നു. ആശ എന്റെ ഈ ബലപ്രയോഗത്തെപ്പററി അറിഞ്ഞു പോയാൽ എന്നെ നിശ്ശേഷം വെറുക്കും. സത്യാഗ്രഹകാലത്തു ഞാൻ ആ ഡയറക്ടന്മാരെ കല്ലെറിഞ്ഞതും ഓകാർമേൻ; സംഭവവും ആശയോടു പറയരുതു്. പറഞ്ഞു പോയാൽ എന്റെ പ്രേമദീപം അണഞ്ഞുപോകും; അനുരാഗദുർഗ്ഗം തകരും; എന്റെ പ്രേമവിഷയകമായ സ്വപ്നം........"

"എട കിറുക്ക! ഇതൊക്കെ അവളറിഞ്ഞിട്ടു വേണമല്ലോ"

"അതല്ല—നിനക്കു ഇതൊക്കെ അറിയാമല്ലോ. ഒരു പക്ഷേ നീ......"

"എട പ്രേമദാസ, ഞാൻ നിനക്കു് എതിരായി പ്രചരണം തുടങ്ങുമെന്നാണോ നിന്റെ സന്ദേഹം? അതൊക്കെ മറന്നുകളക. ഈ രഹസ്യങ്ങളെപ്പററിയുള്ളയാതൊരു സംഗതിയും ഞാൻ ആരോടും മിണ്ടുകയേ ഇല്ല. നീ നിന്റെ പ്രേമപ്പന്തയത്തിൽ ജയിക്കതന്നെ വേണം. ആശയും നീയും ആനന്ദപൂർവമായ പ്രേമജീവിതം നയിച്ചു കാണണമെന്നാണു് എന്റെ മനഃപൂർവമായ ആഗ്രഹം. പ്രേമത്തിന്റെ അനുഭൂതി എനിക്കു മുമ്പെങ്ങും ഉണ്ടായിട്ടില്ല. അതെന്തൊരു വസ്തുവാണെന്നു പോലും ഞാൻ അറിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ..."

ആ വാക്യം പൂർത്തിയാകും മുമ്പ് വിലാസൻ ഒരു സിഗററ് എടുത്ത് കടിച്ചുപിടിച്ചിട്ട് പാക്കററു മേശപ്പുറത്തുവച്ചു.

"ഉം—എന്നാൽ ഇപ്പോൾ...ആരോടുള്ള പ്രേമക്കുരുക്കിൽ അകപ്പെട്ടു?"

വിലാസൻ മറുപടി ഒന്നും പറയാതെ തല അല്പം കുനിച്ചു സിഗററിന്റെ പുകയെ ഒന്നുരണ്ടു പ്രാവശ്യം ഉള്ളിലേക്കു വലിച്ചിട്ട്, അല്പാല്പമായ! അതിനെ വെളിയിലേക്കുവിട്ടുകൊണ്ടിരുന്നു. അനന്തരം തല ഉയർത്തി, ചുണ്ടുകളെക്കോട്ടി പുകയേ കമ്പിയുടെ രൂപത്തിൽ മേല്പോട്ടേക്കു വിട്ടു. അനന്തരം ആ പുകയുടെ പടലത്തെ നോക്കി സംസാരിക്കുന്നമട്ടിൽ പറഞ്ഞു:-

"ഒന്നും ഇല്ലാ—ഒരു പ്രേമത്തിലും കുടുങ്ങീട്ടില്ല."

വളരെ നാളുകൾക്കു ശേഷം അന്ന് ശരച്ചന്ദ്രനെ കണ്ടുമുട്ടിയതിനാൽ വിലാസന്റെ മനസ്സിൽ ഒരു വിധതൃപ്തിയും ആനന്ദവും ഉണ്ടായി; എന്നാലും അന്നു രാത്രി അദ്ദേഹത്തിനു ഉറക്കം വന്നില്ല.

അദ്ദേഹം ആശയെപ്പററിയും, അവളിൽ തനിക്കുണ്ടായിരിക്കുന്ന മൂകപ്രേമത്തെപ്പററിയും ചിന്തിച്ചുകൊണ്ടു് തിരിഞ്ഞും മറിഞ്ഞും കിടന്നു.

തനിക്ക് അവളിൽ അളവററപ്രേമം ജനിച്ചിരുന്നുവെന്നതു വാസ്തവം തന്നെ. എന്നാൽ ഈ പ്രേമം ഒടുവിൽ പതിന്മടങ്ങായി വർദ്ധിച്ച്, അതു വഴിക്ക് എന്തെങ്കിലും അപകടം തനിക്കു നേരിട്ടാലോ?

അതു പല മടങ്ങു വളൎന്നുവരുന്നതായി അദ്ദേഹത്തിനു അനുഭവപ്പെട്ടുതുടങ്ങി. മനസ്സു തന്നെ അദ്ദേഹത്തിനോടു പ്രശ്നം ചെയ്യാൻ ആരംഭിച്ചു:—

"പ്രേമം പലമടങ്ങു വളരുന്നെങ്കിൽ വളരട്ടെ. അതിനെ വെളിപ്പെടുത്തിയേ തീരൂ എന്നു എന്തെങ്കിലും ചട്ടമുണ്ടോ? വെളിമേൽകാണിക്കപ്പെടുന്ന പ്രേമം യഥാൎത്ഥപ്രേമമേ അല്ല. അതു വെറും കല്പനമാത്രമാണ്—പ്രേമിക്കുന്നതിൽ തന്നെ ഒരു മാതിരി ആനന്ദമുണ്ടായിട്ട്, പ്രേമത്തിനു വേണ്ടി പ്രേമിക്കുന്നപക്ഷം, അതു തന്നെയാണ് നിഷ്കളങ്കപ്രണയം. കായികസുഖത്തെയോ തുച്ഛമായമനഃപ്രീതിയേയൊ കരുതിച്ചെയ്യപ്പെടുന്ന പ്രേമം ആ പേരിന് അനൎഹമാണ്-അതു കാമമാകുന്നു.

ഇങ്ങനെയുള്ള ചിന്തകളാൽ അദ്ദേഹത്തിന്റെ മനസ്സിനു തെല്ലൊരാശ്വാസമുണ്ടായി.

"നീ ആരുടെ പ്രേമത്തിനുവേണ്ടി ഇങ്ങനെ ഏങ്ങികൊണ്ടിരിക്കുന്നോ, ആ വ്യക്തിഅറിയാതെ നീ പ്രണയിക്കുന്നതെങ്ങനെ? എടടാ! ഏതെങ്കിലും സന്ദൎഭവശാൽ നിന്റെ പ്രേമം യാദൃച്ഛികമായി വെളിപ്പെട്ടുപോയാൽ........."

ആ കല്പന എത്ര ആനന്ദപ്രദമായിരിക്കുന്നു! എന്നാൽ......പരസ്പരപരിവൃത്തമല്ലാത്ത പ്രേമത്തെ വെളിപ്പെടുത്തുന്നതിനെക്കാൾ മറച്ചു വെയ്ക്കുക തന്നെയാണുത്തമം. നീ ആശയെ പ്രണയിക്കുന്നതിൽ നിനക്ക് ഒരു ആനന്ദമുണ്ട്—എന്നാൽ അതിനേക്കാൾ ആനന്ദം ആശ നിന്നെ സ്നേഹിക്കുന്നുണ്ടെന്നറിഞ്ഞാൽ ഉണ്ടാകാം—പക്ഷേ അവൾ നിന്നെ സ്നേഹിക്കുന്നുണ്ടോ? ഇല്ലല്ലോ. ഈശ്വര! എന്തിനെന്നെ ഈ ദുൎഘടപ്രേമത്തിൽ തള്ളിവിട്ടു? ആരു തന്നെ സ്നേഹിക്കുന്നില്ലയോ, അവളിൽ പ്രേമം ജനിക്കുക! എന്തു ദൈവവിധിയോ എന്തോ?

വിലാസനു് ഉടനേ സുനേത്രയുടെ സ്മരണ ഉണ്ടായി. അദ്ദേഹം തന്നെയും സുനേത്രയേയും സംബന്ധിച്ചു ചിന്ത തുടങ്ങി. താൻ ഒരിക്കലും വാക്കുകൊടുക്കാതിരുന്നിട്ടും അവൾ തന്നെ സ്നേഹിക്കുന്നു. തന്നെ കല്യാണം കഴിക്കണമെന്നുള്ള ദൃഢസങ്കല്പത്തോടുകൂടി ഇരിക്കുന്നതിനാൽ അവളെ താൻചെന്നു കാണുകപോലും ചെയ്യുന്നില്ലെന്നു മാത്രമല്ല; തീവ്രമായി വെറുക്കയും ചെയ്യുന്നു. അവളൊരു മൂഢയാണെന്നു കൂടി താൻ വിചാരിക്കുന്നു. എന്നാൽ തന്നെ സ്നേഹിക്കുന്നതു് ഒരു പാതകമാണെങ്കിൽ, തന്നെ സ്നേഹിക്കാത്ത ആശയെ സ്നേഹിക്കുന്നതിൽ താനും കുററവാളിയാകണ്ടേ? സുനേത്രയ്ക്കും അവ്യതിഹതമായ പ്രേമം തന്നെ ലഭിച്ചു. അവൾ തന്നെത്താൻ തപിപ്പിച്ചു കൊണ്ടു് ജീവിതത്തിൽ വിരക്തയെന്നപോലെ ദിവസങ്ങൾ നയിക്കുന്നു. അതിനാൽ താനും തൻെറ പ്രേമത്തെ വെളിപ്പെടുത്താതെയും, ആശയുടെ പ്രേമത്തെ പ്രതീക്ഷിക്കാതെയും, ഇരുന്നാൽ പിന്നെ തനിക്കു് എന്തു സുഖം? അതെ! തൻെറ അനുരാഗത്തെത്യജിക്ക തന്നെ വേണം—ആശയോടു തൻെറ പ്രേമത്തെ വെളിപ്പെടുത്തുകയേ അരുതു്."

വീണ്ടും അദ്ദേഹത്തിൻെറ മനസ്സു് നിഷ്ക്രിയമായിരുന്നില്ല. ഒരു ചിന്താപരമ്പര ഉദിച്ചുപൊങ്ങി—മനസ്സു് പ്രശ്നാവലി ആരംഭിച്ചു:—എന്നാൽ നീ വീണ്ടും ആശയെ കാണാതിരിക്കുമോ? അവളോടു സംസാരിക്കാതെ വാമൂടക്കെട്ടികൊണ്ടു് മൌനമായി ഇരുന്നുകളയുമോ? അവളോടു അടുത്തു പെരുമാറാതിരിപ്പാൻ നിനക്കു സാധ്യമാണോ? എന്താണു മറുപടി പറയാത്തതു? നീ പിന്നെ എന്തു കൊണ്ടു് സുനേത്രയോടു സംസാരിക്കാനും ഇടപഴകാനും, അവളെ ച്ചെന്നു കാണാനും തയ്യാറാവാതെ അവളെ വെറുക്കുന്നു? നീ ആശയെപ്രേമിക്കുന്നതിൽ അണുമാത്രമെങ്കിലും കുറവായിട്ടാണോ സുനേത്ര നിന്നെ പ്രേമിക്കുന്നതു്? പറയൂ സമാധാനം പറയൂ; അവൾ മാത്രം കുററക്കാരിയോ? നീ......?

ഈ ചോദ്യങ്ങൾക്കു ശരിയായ മറുപടി ഒന്നും വിലാസൻ കണ്ടില്ല. വളരെ നേരം ഉറങ്ങാതെ ഉരുണ്ടു പിരണ്ടു കിടക്കയിൽ കിടന്നു.

സുനേത്രയുടെ പ്രേമത്തിനു് വ്യതിഹാരം ചെയ്യാത്തതിൽ താൻ കുററക്കാരനല്ലെന്നു വിലാസൻ വിചാരിച്ചുപോന്നു. എന്നാൽ സുനേത്ര തന്നെ സ്നേഹിക്കുന്നു എന്നതുകൊണ്ടുമാത്രം അവൾ കുററക്കാരിയാകുമോ? ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പ്രേമം മനുഷ്യയത്നകൃതമല്ലെന്നു സ്പഷ്ടം. എന്നാൽ അതിനെ അടക്കുന്നകാര്യം സാധ്യമേയല്ലെന്നു ഇന്നേ—അതായതു് ആശാഗതമായ തൻെറ പ്രേമം അടക്കാൻ സാധിക്കാതെ തിണ്ടാടാൻ ഇടവന്ന ഇന്നേ—അദ്ദേഹത്തിനു ഗ്രഹിക്കാൻ കഴിഞ്ഞുള്ളു. പ്രേമത്തെ സംബന്ധിച്ച കുഴങ്ങിയപ്രശ്നങ്ങൾ തന്നെ എത്ര സന്തോഷകരവും സന്താപപ്രദവും ആയിരിക്കുന്നു! വാസ്തവത്തിൽ പ്രേമം ഒരുവനെ ഭ്രാന്തു പിടിപ്പിക്കതന്നെ ചെയ്യുന്നു!

ഒടുവിൽ സുനേത്രയുടെ പേരിൽ ഹൃദയം തെല്ലലിഞ്ഞു, "ഹാ സുനേത്ര! ദുർഭാഗ്യവതി" എന്നു തന്നത്താൻ പറഞ്ഞുപോയി. അല്പനേരത്തിനുള്ളിൽ അദ്ദേഹം അറിയാതെ തന്നെ നിദ്രയിൽ ആണ്ടു.

പിറേറദിവസം പകലെ അദ്ദേഹം പുസ്തകം തുറന്നു മുഖത്തിനുനേരെ പിടിച്ചു കൊണ്ടിരുന്നു. എന്നാൽ മനസ്സു് ആശയെ ഒരു തട്ടിലും, സുനേത്രയെ മറെറാരു

തട്ടിലും വച്ചു തൂക്കിക്കൊണ്ടിരുന്നതല്ലാതെ പുസ്തകത്തിലെങ്ങും പതിഞ്ഞില്ല.

വൈകുന്നേരം സുദേക്ഷ്ണാബായി അപ്രതീക്ഷിതമായി മുറിക്കകത്തു കടന്നുചെന്നിട്ട് ചോദിച്ചു!—"വിലാസ, എന്തു ചെയ്തുകൊണ്ടിരിക്കുന്നു.?"

പുസ്തകത്തിന്റെ നടുക്കുവച്ചിരുന്ന വിരലെടുക്കാതെ തന്നെ, അതിനെ മേശപ്പുറത്തുവച്ചുകൊണ്ട് അദ്ദേഹം "ഒന്നുമില്ല" എന്നു മറുപടി പറഞ്ഞു

"വെളിയിൽ വല്ലേടത്തും പോകുന്നോ?"

"നിശ്ചയമില്ല."

"എന്നോടുകൂടി വരുന്നോ? ഞാൻ വെളിയിലേക്കു പോകുന്നു."

"എവിടെ?"

"സുനേത്രയുടെ വീട്ടിലേക്കു—നീയും വരുന്നോ?"

"ഇല്ല, അമ്മ പോകണം. ഞാൻ നാളെ പോകാം". അതിനുശേഷം സുദേക്ഷ്ണ ഒന്നും പറഞ്ഞില്ല. ക്ഷണനേരം അവിടെ നിന്നിട്ട് അവർ താഴത്തേയ്ക്കിറങ്ങിപ്പോയി.

മോട്ടാറിന്റെ ശബ്ദം കേട്ടു. അതു് അല്പല്പമായി കുറഞ്ഞുകുറഞ്ഞു് ഒടുവിൽ കാണാതെയായി. വണ്ടിപോയതു് വിലാസൻ അറിഞ്ഞു.

സുനേത്രയെ താൻ പ്രേമിക്കാതിരിക്കുന്നതിൽ അവർക്കു് എത്രമാത്രം മനോവേദനയുണ്ടായോ, അത്രയും വേദന തത്സംബന്ധമായി തന്റെ മാതാവും അനുഭവിച്ചു കൊണ്ടാണിരുന്നതെന്നു വിലാസൻ അറിയാതിരുന്നില്ല. പെററുവളർത്തിയ മാതാവിനു മനസ്സറിഞ്ഞു് ദുഃഖം വരുത്തുന്നതിൽ കവിഞ്ഞു് ഒരു പാപവുമില്ല. ആഹാ! ഈ ലോകഗതി എത്ര വിചിത്രമായിരിക്കുന്നു! പ്രപഞ്ചം കോർത്തുകുന്ന ഈ ന്തലാമാലയിൽ പെട്ടു വലയാത്തതായിട്ടാരാണുള്ളതു്! ഈ ബ്രഹ്മാണ്ഡസൃഷ്ടിയിൽ മനുഷ്യനു് എത്തും പിടിയും ഇല്ലാത്ത എത്രയോ സംഗതികൾ ഇരിക്കുന്നു! പിന്നെ അവൻ എന്തു ചെയ്യാനാണു്?................

വിലാസന്റെ ഹൃദയം തപിച്ചു. ഈ ദുഃഖകരമായ സംഗതികളൊന്നും മനസ്സിൽ കടത്തിവിടാത്ത എങ്ങോട്ടെങ്കിലും ദിക്കിൽ പോകതന്നെവേണമെന്നു കരുതി അദ്ദേഹം മോട്ടാറിൽ കയറിപ്പുറപ്പെട്ടു.

പ്രിൻസ് റോഡ്ഡിൽ തനിക്കു പ്രിയപ്പെട്ട ഒരു ഹോട്ടലുണ്ടു്. അതിന്റെ വാതുക്കൽ വണ്ടി നിറുത്തി. വില്ലാധരിച്ച സേവകൻ ഒരുത്തൻ സലാം ചെയ്തിട്ടു്, അദ്ദേഹത്തിനു കതകുതുറന്നു കൊടുത്തു.

ഹോട്ടലിൽ പ്രവേശിച്ച മാത്രയിൽ അവിടെ എരിഞ്ഞു കൊണ്ടിരുന്ന വൈദ്യുതവിളക്കുകളുടെ ജ്യോതിസ്സു കണ്ടു് വിലാസനു് മനസ്സിൽ ഒരുവിധം ആഹ്ലാദം ഉദിച്ചു.

"പ്രകാശമേറിയ വെളിച്ചം എത്ര ആനന്ദപ്രദം! വൈകുന്നേരത്തെ ജ്യോതിർമ്മയമായ വിളക്കിന്റെ വെളിച്ചം വാസ്തവത്തിൽ ആനന്ദപ്രദംതന്നെയാണു്. ഈ ആനന്ദം എന്തുകൊണ്ടുണ്ടാകുന്നു? ഇതവിധമാനന്ദം എല്ലാവർക്കും ഉണ്ടാകുന്നുണ്ടോ? അതോ എനിക്കുമാത്രമേ ഉള്ളോ? ആവോ ആരുകണ്ടു? എന്നിൽ ഏതെല്ലാം വിധത്തിലുള്ള മാററങ്ങൾ വന്നുചേർന്നിട്ടും എന്റെ പഴയ സുഖഭോഗങ്ങളെമാത്രം കൈവിടുന്നതിനു് എനിക്കു കഴിയാതെ വന്നതുപോലെ തോന്നുന്നല്ലോ, അതെന്തുകൊണ്ടു്?................"

ഹോട്ടൽമുതലാളി സലാം ചെയ്തിട്ടു് ഇംഗ്ലീഷിൽ പറഞ്ഞു:—ഈ ഹോട്ടലിൽ വന്നിട്ടു കുറെ അധികം നാളായല്ലോ?"

വിലാസൻ അല്പം പുഞ്ചിരിതൂകിയിട്ട് തല തെല്ലൊന്നു കുനിച്ചു. അതിൻെറ അത്ഥം എന്തെങ്കിലും ആയിക്കൊള്ളട്ടെ എന്ന് അദ്ദേഹം നിശ്ചയിച്ചു.

നാലഞ്ചുപരിചാരകന്മാർ വിലാസനെ സ്വാഗതം ചെയ്യുന്നമട്ടിൽ കസാലകൾ തുടച്ച് ഇരിക്കുന്നതിനു് ആംഗ്യം കാട്ടി. അനന്തരം അവർ പ്രസന്നവദനരായി ഭക്ഷ്യഭോജ്യങ്ങൾ കാട്ടി.

എന്തെങ്കിലും കൊണ്ടുവരാൻ പറഞ്ഞ് അവരുടെ ഉപചാരത്തെ താൻ ഏററതായി കാണിക്കണമെന്നുദ്ദേശിച്ച് വാതുറക്കുന്നതിനിടയ്ക്ക് മേലത്തെ ജന്നലിൽ നിന്നു ഒരു കുരൽനാദം കേട്ടു:—

'ഹലോ വിലാസ്!' എന്നു്.

വിലാസൻ ശിരസ്സുയത്തി മേല്പോട്ടു നോക്കിയപ്പോൾ, അവിടെ സാക്ഷാൽ ഭാഗ്ഗവരാമൻ ഇരിക്കുന്നതാണു കണ്ടതു്—അദ്ദേഹം ഉടനേ മാടിപ്പടികൾ വഴിക്കു്, ഭാഗ്ഗവരാമൻ ഇരുന്ന സ്ഥലത്തു ചെന്നിട്ട്

"എന്തെല്ലാമാണ് ലോകവാത്തകൾ? സാധാരണനിലയിൽ തന്നെ ഇരിക്കുന്നോ? അതോ വിശേഷിച്ചു വല്ലതും ഉണ്ടോ?" എന്നു ചോദിച്ചു.

വിലാസൻ അർത്ഥഗർഭമായി ഇംഗ്ലീഷിൽ പറഞ്ഞതിനെ കേട്ടെങ്കിലും, അതിൻെറ അർത്ഥം അയാളുടെ ചളിത്തലയിൽ കയറിയില്ല. അയാൾ ഒരു കള്ളച്ചിരി ചിരിച്ചതേയുള്ളു. ഭാഗ്ഗവരാമൻ തന്നെ കണ്ട ഉടനെ മേല്പോട്ടേക്കു ക്ഷണിച്ചതിൻെറ ഉദ്ദേശം വിലാസനു മനസ്സിലായി.

"എന്താണു വേണ്ടതു്? എന്തൊക്കെ കൊണ്ടുവരാൻ പറയട്ടെ?" എന്നു അദ്ദേഹം ചോദിച്ചു.

"വേണ്ട! വേണ്ട! ഒന്നും വേണ്ട."

"ഛേ! ഛേ! അങ്ങനെ പറയരുതു്"

"വേണ്ട, വേണ്ട." എന്നു ഭാഗ്ഗവരാമൻ പറഞ്ഞെങ്കിലും, അയാൾക്ക് എന്തു കുടിക്കണമെന്നു മനസ്സിലുണ്ടായിരുന്നോ അതു കൊണ്ടുവന്നുവയ്ക്കാൻ വിലാസൻ ഏർപ്പാടുചെയ്തു. അതിനെ മുൻപിൽ കൊണ്ടു ചെന്നുവച്ച ഉടനേതന്നെ അയാൾ രണ്ടു കപ്പ് നിറച്ചു ഒരേമൂച്ചിൽ കുടുകുടാ കുടിച്ചു തീർത്തു.

അയാൾക്കു ലഹരി തലയ്ക്കു പിടിച്ചു തുടങ്ങിയതുകണ്ട് വിലാസൻ തൻെറ മനസ്സിൽ വച്ചിരുന്ന ചോദ്യങ്ങൾ ചോദിപ്പാനാരംഭിച്ചു.

"എന്താ! മിസ്റ്റർ ഭാഗ്ഗവറാം! ആ ഓക്കർമേൻെറ കാര്യം പിന്നെ എങ്ങനെ ആയി? കുററക്കാരനെ 'പിടികിട്ടുമെന്ന ദിക്കായിട്ടുണ്ടോ? അതോ ഇല്ലയോ?"

ഭാഗ്ഗവരാമൻ കൈയിൽ പിടിച്ചിരുന്ന ഗ്ലാസ്സിനെ അങ്ങോട്ടും ഇങ്ങോട്ടും ആട്ടിക്കൊണ്ടു് കണ്ണുകളെ പകുതി മേല്പോട്ടു ഉയത്തി "ഉഹ്ഹും!—അതു് ഒരു വലിയ വിചിത്രമായ രഹസ്യമായിരിക്കുന്നു" എന്നു പറഞ്ഞു.

"വിചിത്രമാണെങ്കിൽ വളരെ വിഷമമേറിയതായിരിക്കുമല്ലോ?"

"വിഷമം! മണ്ണാങ്കട്ടിയാണ്. ഒടുവിൽ ഞങ്ങളുടെ രഹസ്യപ്പോലീസ്സുവകുപ്പിൽ വന്നുചേർന്നു ആ സംഗതി."

"എന്നുവച്ചാൽ—എനിക്കു മനസ്സിലായില്ല."

"സാർ, ഒരു വിഷയത്തെപ്പററി തുൻപു ലഭിക്കുംവരെ അതിനെ അധികമായി ഞങ്ങൾ വെളിയിൽ വിടാറില്ല. കുററവാളികളകപ്പെടുംവരെ, അവനെപ്പററിയുള്ള

അന്വേഷണങ്ങളെ തുടൻ നടത്തിക്കൊണ്ടിരിക്കണം എന്നുള്ളതാണ് ഞങ്ങളുടെ നിശ്ചയം. എന്നാൽ, പ്രസ്തുതകേസുപോലുള്ള ഏതെങ്കിലും ആണെന്നു വരികിൽ അതിശീഘ്രം കണ്ടുപിടിച്ചാലുണ്ട്—അതായതു സംഭവം നടന്നിട്ട് ഒരു മാസത്തിനുള്ളിൽ പിടികിട്ടിയാൽ കിട്ടിയെന്നു പറയാം. മാസം ഒന്നു കഴിഞ്ഞിട്ടും തുമ്പു കിട്ടാഞ്ഞാൽ ഞങ്ങൾ ആഫീസരുടെ അടുക്കൽ റിപ്പോർട്ടു ചെയ്തിട്ടു ചുമ്മാതിരിക്കയേ ഉള്ളൂ. പിന്നെ യദൃച്ഛയാ ആൾ താനേവന്നു അകപ്പെടുന്നുവെങ്കിലേ ഞങ്ങൾ അതിൽ ഏർപ്പെട്ടൂ. അല്ലാതെ ഞങ്ങൾ എന്തു ചെയ്യാനാണ്? ആറിയ കഞ്ഞി പഴങ്കഞ്ഞിതന്നെ ആണല്ലോ. ആകേസ്സു കൈവിട്ടു കഴിഞ്ഞു. ഇപ്പോൾ മനസ്സിലായോ?"

"ഓഹോ! കാര്യം അങ്ങനെയോ? അപ്പോൾ കേസ്സ് റദ്ദു ചെയ്തു എന്നു പറയണം. രണ്ടു ബാട്ടിൽകൂടി കൊണ്ടുവരാൻ പറയട്ടെ. വേണ്ടെന്നു പറയരുത്. തീർച്ചയായും കുടിച്ചേതീരൂ. ഞാൻ കൊണ്ടുവരുവാൻ പറയട്ടെ."

ഭാഗ്ഗവരാമൻ പിന്നെയും കുടിച്ചു; അയാളുടെ ബോധം കുറേക്കൂടെ കെട്ടുതുടങ്ങി. ഇതുപോലൊരു സന്ദർഭം ഇനി കിട്ടുകയില്ലെന്നറിഞ്ഞ വിലാസൻ വേറെയും ചില രഹസ്യങ്ങൾ അറിയണമെന്നുള്ള ഉദ്ദേശത്തോടുകൂടി പറഞ്ഞു:—

നിങ്ങൾ അല്ലാതെ വേറെ ആരെങ്കിലും എന്നോടു ഇമ്മാതിരി പറഞ്ഞിരുന്നെങ്കിൽ ഞാൻ കളിയാക്കി വിടുമായിരുന്നു. എന്നാൽ നിങ്ങളെപ്പോലുള്ള വലിയ ഉദ്യോഗസ്ഥന്മാർ പറഞ്ഞാൽ വിശ്വസിക്കാതെ തരമില്ല. അപ്പോൾ, ഓക്കാർമേൻ കേസ് ഇതോടു അവസാനിച്ചു എന്നാണോ അർത്ഥം?"

"അതേ! ആ കേസ്സ് സംബന്ധിച്ച് ഞാൻ അധികമൊന്നും ശ്രദ്ധിച്ചിരുന്നില്ല. അതിനെക്കാൾപ്രമാദമായ ഒരു കേസ്സിലാണ് എന്റെ ശ്രദ്ധ പതിഞ്ഞിരുന്നതു്."

"ആ പുതിയ കേസ്സെന്താണ്?"

"കേസ്...എ...ന്നാ...ൽ......കേസ്സ്,,

അല്ല...ഒരു അഴകേറിയ...പെണ്ണ്... ഇരിക്കുന്നു...പെണ്ണ്."

"പെണ്ണോ? ഏതുപെണ്ണ്? എന്നോടു പറഞ്ഞുകൂടാത്തതാണോ? ഒരു കുപ്പികൂടി കൊണ്ടുവരാൻ പറയട്ടെ. ബായ്, ഒരു കുപ്പികൂടി കൊണ്ടുവരൂ...ഏതു പെണ്ണിനെപ്പററിയാണ് നിങ്ങൾ പറയുന്നതു്?"

"തളവലാസത്യാഗ്രഹത്തെ നയിച്ചുകൊണ്ടിരുന്നില്ലേ? അവൾതന്നെ...നിങ്ങൾക്കറിഞ്ഞുകൂടെ?"

"എനിക്കു സ്ത്രീകളെ നോക്കി നല്ല പഴക്കം ഇല്ല. ആരാണ് ആ പെണ്ണ്?"

"അങ്ങനെയാണെങ്കിൽ നിങ്ങൾ അവളെ കണ്ടിട്ടില്ലായിരിക്കാം"

"അതിരിക്കട്ടെ—ആ പെണ്ണിന് എന്തു പററി?"

"കുറച്ചു കാലമായി ആ...പെണ്ണി......ന്മേൽ എനിക്ക്...ലവ്...തോന്നിയിരിക്കുന്നു. അവളേപ്പററിയുള്ള വിചാരം എന്നേ വിടുന്നില്ല...വിലാസ്, ഞാൻ എന്തു പറയട്ടേ. ആ ചരക്കിനെ......ഏതു വിധത്തിലെങ്കിലും...വശീകരിക്കണം...ഇതെന്തു്? ഇതെന്തു്? നിങ്ങളുടെ മുഖത്തു് ഒരു ഭാവപ്പകർച്ച! ആ സത്യാഗ്രഹം നിയമവിരുദ്ധമാണെന്നു സക്കാർ പറഞ്ഞാലും, അവളെ സംബന്ധിടത്തോളം, അതു അങ്ങനെ അല്ലെന്നു ഞാൻ പറയും. സാർ, ആ സത്യാഗ്രഹക്കടൽ കടഞ്ഞിട്ടാണല്ലോ ഈ യുവതിയാകുന്ന അമൃതം ലഭിക്കാനിടയായതു്."

ഭാൎഗ്ഗവരാമൻ ഇപ്രകാരം സംസാരിയ്ക്കവേ വിലാസന്നു് മുമ്പെങ്ങും ഉണ്ടാകാത്ത മാതിരി കോപം ജനിച്ചു. അയാളുടെ ചെകിട്ടത്തു പടീർ, പടീർ എന്നു രണ്ടു കൊടുക്കാൻ അദ്ദേഹത്തിന്റെ കൈ തരിച്ചു. എന്നാൽ ആത്മനിയന്ത്രണം ചെയ്തുകൊണ്ടു് അദ്ദേഹം സംഭാഷണം തുടൎന്നു:—

"അമൃതം ആൎക്കു ലഭിച്ചു? നിങ്ങൾക്കാണോ? അങ്ങനെ ആണെങ്കിൽ അവൾ ജയിലിലിലാണെന്നു പറയണം."

ഭാൎഗ്ഗവരാമൻ ഇപ്പോഴേയ്ക്കും പൂൎണ്ണമായി മധുവിനു വശപ്പെട്ടു കഴിഞ്ഞിരുന്നതിനാൽ ഉറക്കെച്ചിരിച്ചുകൊണ്ടു പറഞ്ഞു:— ഞാൻ, ജയിലിൽ കിടക്കുന്നു എന്നു പറഞ്ഞാൽ എന്റെ ഉറക്കറയിൽ കിടക്കുന്നു എന്നു പറയുന്നതിനൊപ്പമാണു്. എനിക്കു് അവിടെ ഇല്ലാത്ത സൌകൎയ്യമേതു ?

"ഏതു സ്ത്രീ ഒരുവനെ പ്രേമിക്കുന്നില്ലയോ, ആ സ്ത്രീയെ അവളുടെ ഇഷ്ടത്തിനു വിപരീതമായി ബലാൽകാരത്താൽ സ്വാധീനപ്പെടുത്തി തന്റെ ഇച്ഛാപൂൎത്തിവരുത്താൻ നോക്കുന്നതു കൊണ്ടു ഒടുവിൽ ദോഷമേ നേരിടൂ. അതു ദുഃഖഹേതുവാണു്—എന്നൊക്കെ പ്രേമത്തെപ്പററി ഗവേഷണം നടത്തിയിട്ടുള്ള ഗ്രന്ഥകാരന്മാർ എഴുതിയിരിക്കുന്നല്ലോ?—അതൊന്നും വാസ്തവമല്ലേ?"

"അവളുടെ ഇഷ്ടത്തിനു വിപരീതമെന്നു് നിങ്ങൾ പറയുന്നതെന്തു്? ജയിലിൽ ഇരിക്കുന്നവൾക്കു് എന്തിച്ഛ! ഞങ്ങളുടെ ഇച്ഛതന്നെ അവളുടേയും ഇച്ഛ. ഞങ്ങൾക്കിതൊന്നും അത്ര പ്രമാദമായ കാൎയ്യമല്ല. അവൾ ഇപ്പോൾ എത്രതന്നെ എതിൎത്തു പറഞ്ഞാലും, ഒടുവിൽ ഇണങ്ങുകതന്നെ ചെയ്യും. വരുന്ന ഞായറാഴ്ച കാൎയ്യം നടക്കുമെന്നു വിശ്വസിക്കുന്നു. അതിനുശേഷം എന്നെ കാണാൻ ഇടവന്നാൽ "കാൎയ്യം സാധിച്ചു" എന്നു് ഞാൻ പറയാം— വിലാസ്, അതു മാത്രമല്ല........"

വിലാസന്നു് ഇതിനുമേൽ ചുമ്മാതിരിക്കാൻ സാധിച്ചില്ല. അദ്ദേഹം താനിരുന്ന കസേരയെ ഇരുകൈകളാലും തള്ളിമാററിയിട്ടു് വീരാവേശത്തോടെ എഴുന്നേററു.

കണ്ണുകളിൽ തീപ്പൊരി പാറിക്കൊണ്ടു് അദ്ദേഹം പറഞ്ഞു;—ഛീ! നിറുത്തു്! ഇനി ഒരു വാക്കു ഉച്ഛ്വസിച്ചുപോയാൽ അതിനോടുകൂടെ നിന്റെ ജീവൻ അസ്തമിക്കും."

ഭാൎഗ്ഗവരാമൻ കൈയിലിരുന്ന കണ്ണാടിപ്പാത്രത്തെ മേല്പോട്ടും കീഴ്പോട്ടും ആട്ടിക്കൊണ്ടിരുന്നു; അയാളുടെ തല അങ്ങോട്ടും ഇങ്ങോട്ടും ഉലഞ്ഞു. ചുണ്ടു് ഒരു വശത്തേക്കു കോട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു:—ഓ! വിലാസ്, നിങ്ങൾക്കു എന്റെ മേൽ അസൂയയോ? അടട! നിങ്ങൾക്കു് നേരത്തെ പറയാമായിരുന്നില്ലേ? വേണമെങ്കിൽ നിങ്ങൾക്കും അതിൽ പങ്കുകൊള്ളാമല്ലോ. വിരോധമില്ല."

ഇപ്രകാരം പറഞ്ഞു കൊണ്ടു ഭാൎഗ്ഗവരാമൻ ചിരിക്കാൻ ഭാവിച്ചു. എന്നാൽ ചിരിക്കു പകരം, ചുണ്ടുകളിൽ ചുടുചുട ഇടിയാണു് വീണതു്. വിലാസൻ തന്റെ ബലം മുഴുവനും പ്രയോഗിച്ചു മൂന്നാലു പ്രഹരങ്ങൾ മുഖത്തും ചുണ്ടിലും ഏല്പിച്ചു.

അത്രമാത്രം. ഭാൎഗ്ഗവരാമന്റെ മുഖം സാക്ഷാൽ മാരുതിയുടെ മുഖം പോലെ ആയി. എല്ലുതകരുംപോലൊരു ശബ്ദവും കേട്ടു. അയാളുടെ കയ്യിലിരുന്ന ഗ്ലാസ്സു താഴെവീണു തകൎന്നു നുറുകഷണങ്ങളായി. ഭാൎഗ്ഗവരാമൻ മനുഷ്യൎക്കില്ലാത്ത ഒരു വിചിത്രമായ കരലിൽ നായ് മോങ്ങും

പോലെ മോങ്ങിക്കൊണ്ടു നിലംപതിച്ചു. അയാളുടെ വായിൽ നിന്നു മദ്യം കളുകുള എന്നു വെളിയിൽ വന്നു.

വിലാസൻെറ കോപം അടങ്ങിയില്ല. എന്നാൽ ഇതിനുള്ളിൽ ഹോട്ടൽ മുതലാളിയും മററു ചിലരും വന്നുകൂടി. അവരിൽ ചിലർ വിലാസനെ തടഞ്ഞിട്ടു് ഭാർഗ്ഗവരാമനെ തൂക്കി എടുത്തിരുത്തി ആശ്വസിപ്പിക്കാൻ നോക്കി.

ഭാർഗ്ഗവരാമൻെറ വായിൽ നിന്നും സ്രവിച്ച രക്തം തറയിൽ വീണു് ഒഴുകിക്കൊണ്ടിരുന്നു. സൂക്ഷിച്ചു നോക്കുന്നവൎക്കു് ആ രക്തത്തിൽ അയാളുടെ ഒന്നു രണ്ടു പല്ലുകളും കാണാമായിരുന്നു. നേരത്തെ ബോധം കെട്ടിരുന്ന അയാൾ ഇപ്പോൾ വെറും പിണം പോലെ ആയി.

അയാളെ തൂക്കിയെടുത്തു കൊണ്ടു പോയ ഹോട്ടൽ പരിചാരികന്മാർ "എന്താണു നടന്നതു്?" എന്നു ചോദിക്കും പോലെ വിലാസനെ സൂക്ഷിച്ചു നോക്കി.

"കണ്ട പെണ്ണുങ്ങളെയെല്ലാം പററി വായിൽ തോന്നിയതൊക്കെ ഉഴറിക്കൊണ്ടിരുന്നു—നാക്കിനു ഞരമ്പില്ലാത്തതു പോലെ. അവനെ കൊല്ലേണ്ടതായിരുന്നു. അതിനിടയ്ക്കു........" എന്നു് അദ്ദേഹം സകോപം പറഞ്ഞു.

ഭാർഗ്ഗവരാമൻ ആരാണെന്നു ഹോട്ടൽ പരിചാരകന്മാൎക്കെല്ലാം അറിയാമായിരുന്നു. അവർ അദ്ദേഹത്തിനെ എടുത്തുകൊണ്ടു് കോണിപ്പടിക്കുകീഴെ ഇറങ്ങി.

വിലാസൻ കൂടക്കൂടെ ആ ഹോട്ടലിൽ പോകാറുണ്ടായിരുന്നതിനാൽ അദ്ദേഹത്തിനെയും അവിടെ ഉള്ളവൎക്കെല്ലാം അറിയാമായിരുന്നു.

വിലാസൻ തൻെറ കീശയിൽ നിന്നു് ഒരു അഞ്ചുരൂപാ നോട്ടു് എടുത്തു മുതലാളിയുടെ കൈവശം കൊടുത്തിട്ടു പറഞ്ഞു: "ഈ വിദ്വാനെ അയാളുടെ സ്ഥലത്തെത്തിക്കുവിൻ! മദ്യലഹരിയാൽ നിലത്തു വീണു പല്ലുപോയിരിക്കുന്നു. പാവം! ഒരു ടാക്സി പിടിച്ചു് അതിൽ കേററി അയയ്ക്കണം. എന്നാൽ അയാൾക്കു പുതിയ പല്ലു വയ്ക്കാനുള്ള ചെലവു ഞാൻ വഹിക്കയില്ല"

ഇതുകേട്ടു് അവിടെ കൂടിയിരുന്നവരെല്ലാം ഉറക്കെച്ചിരിച്ചു.

അവരെല്ലാം അവിടം വിട്ടതിനുശേഷം വിലാസൻ കസാലയിൽ ഇരുന്നിട്ടു്—"അമ്പമ്പ! ഇനി ഒരു മാസത്തേക്കു് ഈ പിശാചിനു് ആശയെ കാണാൻ സാധിക്കയില്ല. അതിനുമുമ്പു് എങ്ങനെയെങ്കിലും ശ്രമിച്ചു് ആശയെ........"എന്നിങ്ങനെ അദ്ദേഹം ആലോചന തുടങ്ങി.

---

[430-ാംപേജിൻെറ തുടൎച്ച.]

രതീന്ദ്രൻ—ഗീതയും ഇതുതന്നെയാണു പദേശിച്ചതു നോക്കുക:—

തമേവ ശരണം ഗച്ഛ സൎവ്വഭാവേന ഭാരത
തത് പ്രസാദാത് പരാം ശാന്തിം സ്ഥാനം-
പ്രാപ്സ്യസി ശാശ്വതം.

"ഭാരത! അവനെത്തന്നെ സൎവ്വഭാവേന ശരണം പ്രാപിച്ചുകൊൾക. അവൻെറ പ്രസാദത്താൽ നിനക്കു ശാശ്വതമായ പരമശാന്തിപദം പ്രാപിക്കാം"

(ഭഗവദ്ഗീത)

അനന്തരം ഞങ്ങൾ നാലു്വരും എണീററുനിന്നു് ഇങ്ങനെ പ്രാൎത്ഥിച്ചു:—

തൊഴുന്നിതാ അടിയങ്ങൾ—ജഗന്നാഥ! കനിയേണം
കഴിയുവാനിതുപോലിങ്ങൊരുമയിലിവരെന്നും;
പരക്കേണം ഭവൽകീൎത്തി—പരക്കെയിബ്ഭുവിനിത്യം
ഒരുവരുമൊഴിയാതങ്ങുണരേണം ഭവൽഭാവം




## ഗർഭിണിയുടെ ആഹാരവിഹാരാദികൾ.

മിസിസ് ഹെലൻതോമസ്.

ഗർഭധാരണം സാധിച്ച മാസംമുതൽ തന്നെ ഗർഭിണി തൻെറ ആഹാരവിഹാരാദികളിൽഅതീവശ്രദ്ധയുംതാൽപര്യവും പ്രദർശിപ്പിക്കണം. ഗർഭധാരണത്തിനുമുമ്പുവരെയും അവൾക്കു തന്നെയും, തൻെറ ഭർത്താവിനേയും, പററിമാത്രമെ ചിന്തിക്കുവാനുണ്ടായിരുന്നുള്ളു. എന്നാൽ ഗർഭധാരണത്തിനുശേഷം തൻെറ ശരീരത്തിൽ ബീജാങ്കുരമെടുത്തിരിക്കുന്ന മൂന്നാമതൊരു വ്യക്തിയാണു് അവളുടെ സർവ്വചിന്തകളുടേയും കേന്ദ്രമായിത്തീരേണ്ടതു്. പൂർണ്ണതയിലേയ്ക്കു നിമിഷംപ്രതി വളർന്നുകൊണ്ടിരിക്കുന്ന ആ മൂന്നാമത്തെ വ്യക്തിയെ അവൾക്കു പത്തുമാസങ്ങൾ തൻെറ ഉദരത്തിനുള്ളിൽ സംവഹിക്കേണ്ടതായുണ്ടു്. തൻെറ രക്തംകൊണ്ടു പിഞ്ചുശരീരത്തെ പരിപോഷിപ്പിക്കയും, തൻെറ ഉൽകൃഷ്ടങ്ങളായ ചിന്തകൾകൊണ്ടു് അതിൻെറ ബുദ്ധിമണ്ഡലത്തിൻെറ അടിസ്ഥാനമിടുകയും, തൻെറ സ്നേഹവിശ്വാസങ്ങൾകൊണ്ടു് അതിൻെറ പിഞ്ചുഹൃദയത്തെ സ്പന്ദിപ്പിക്കയും ചെയ്യുന്ന അവളുടെ ആ പത്തുമാസങ്ങൾ തൻെറയും തൻെറ ഗർഭസ്ഥിതമായ ശിശുവിൻെറയും ജീവിതകാലത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമാണെന്നു് അവൾ മനസ്സിലാക്കണം. അവളുടെയും തൻെറ ഉദരസ്ഥിതമായ ശിശുവിൻെറയും ഭാവികാലാരോഗ്യം അധിഷ്ഠിതമായിരിക്കുന്നതു് ഈ പത്തുമാസങ്ങളിലെ അവളുടെ ആഹാരവിഹാരാദികളിലാണെന്നു മാതാവാകുവാൻ പോകുന്ന യുവതി ഗ്രഹിച്ചിരിക്കണം.

ഗർഭിണി രാവിലെ നിദ്രയിൽനിന്നുണർന്നയുടനെ മുഖവും കൈകാലുകളും കഴുകി ശുദ്ധിവരുത്തി ഏതാനും നിമിഷങ്ങൾ ഈശ്വരപ്രാർത്ഥനയിൽ കഴിക്കുന്നതു നല്ലതാണു്. തൻെറയും തൻെറ ഗർഭസ്ഥിതമായ ശിശുവിൻെറയും ജീവഹാനിപോലും സംഭവിച്ചേക്കാനിടയുള്ളതായ ഏതു വിഷമഘട്ടത്തെയും, വേദനയെയും തരണം ചെയ്യാനുള്ള കായികവും, മാനസികവുമായ ശക്തിയും, സന്നദ്ധതയും ഗർഭിണിയായിരിക്കുന്നകാലത്തിലെ ഓരോ നിമിഷവും അവൾക്കു് ആവശ്യമാണു്. അവയ്ക്കുവേണ്ടി അവൾ തൻെറയും തൻെറ ശിശുവിൻെറയും ജീവദാതാവായ ഈശ്വരനിൽ മനസ്സു് ഏതാനും നിമിഷം ദിവസേന ലയിപ്പിക്കുന്നതിൽ അസാംഗത്യമില്ല. പ്രാർത്ഥനകൊണ്ടു മനസ്സു് ഔന്നത്യത്തിലേയ്ക്കു് ഉയരുന്നതുമൂലം അവൾക്കും സ്വശിശുവിൻെറ 'പാശ്ചാത്തത്തിനും

ആദ്ധ്യാത്മികമായ ഒരു പരിശുദ്ധിയും സംസ്കാരവിശേഷവും ലഭിക്കുന്നതുമാണ്.

കാപ്പിയോ ചായയോ കഴിച്ചുകൊണ്ട് ഗർഭിണി തൻെറ ദിനം ആരംഭിക്കരുത്. തൻെറയും ശിശുവിൻെറയും ആരോഗ്യത്തെ സ്വല്പമായിട്ടെങ്കിലും ക്ഷതപ്പെടുത്തുന്ന ആ പാനീയങ്ങൾക്കു പകരം ഒരു ഗ്ലാസ്സ് മധുരനാരങ്ങാനീരുമാത്രം അവർ ദിവസേന രാവിലെ കുടിക്കട്ടെ. ഇപ്രകാരം അവർ ചെയ്യുമെങ്കിൽ, പ്രകൃതി സമൃദ്ധമായി അതിൽ സംഭരിച്ചിരിക്കുന്ന പോഷകാംശങ്ങൾ അവൾക്കും സ്വശിശുവിനും ലഭിക്കുന്നതാണ്.

ഗർഭാരംഭകാലങ്ങളിൽ സാധാരണയുണ്ടാകാറുള്ള ഛർദ്ദിയെ ഗർഭലക്ഷണമായികരുതുന്നവരുണ്ട്. ഇതിനെ ഒരു ഗർഭധാരണലക്ഷണമായി സ്വീകരിക്കുന്നതിനുള്ള പ്രകാശം ആധുനികസയൻസ് ഇനിയും നമുക്കു തന്നിട്ടില്ല. ഛർദ്ദിയുടെ യാതൊരു ലക്ഷണവും ഗർഭാരംഭംമുതൽ അവസാനംവരെ ഉണ്ടാകാത്ത മാതാക്കൾ നമ്മുടെയിടയിലുണ്ട്. ഗർഭോദയകാലത്തു് പ്രത്യക്ഷപ്പെടാറുള്ള ഈ ഛർദ്ദിയുടെ നിശ്ചിതകാരണങ്ങളെ കണ്ടുപിടിക്കുന്നതിന് ആധുനികസയൻസിനു ഇനിയും സാധിച്ചിട്ടില്ല. ഗർഭകാലഛർദ്ദിയുടെ കാരണം എന്തുതന്നെയായിരുന്നാലും ഒരു ഗ്ലാസ് മധുരനാരങ്ങാനീര് ദിവസേന പ്രഭാതത്തിൽ കുടിക്കുന്നതു ഗർഭിണികളുടെ പ്രഭാതകാലഛർദ്ദിയെ ഗണ്യമായി വിപാടനം ചെയ്യുന്നതാണ്.

ഗർഭിണിക്കും ശിശുവിനും ജീവിക്കുവാനുള്ളതുകൊണ്ട് രണ്ടുപേർക്കാവശ്യമുള്ള ആഹാരം ഗർഭിണി കഴിക്കണമെന്നു് വിചാരിക്കുന്നവരുണ്ട്. രണ്ടുപേരുടെ ആഹാരംകൊണ്ടു ഒരാളുടെ ആമാശയം നിറയ്ക്കുന്നതുപോലെ ബുദ്ധിശൂന്യമായ ഒരു ഏർപ്പാടാണിതു്. അതു ഗർഭിണിയുടെയും ഗർഭസ്ഥിതമായ ശിശുവിൻെറയും ആരോഗ്യത്തെ ക്ഷതപ്പെടുത്തുകയും താറുമാറാക്കുകയും ചെയ്യും. ഗർഭിണിക്കും ശിശുവിനും ആവശ്യമായ പോഷകങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കി ആ പോഷകങ്ങൾ സുലഭമായുള്ള ആഹാരങ്ങൾ കഴിക്കുകയാണു ഗർഭിണി ചെയ്യേണ്ടതു്.

ഗർഭിണിക്കും ഗർഭസ്ഥിതമായ ശിശുവിനും അത്യന്താപേക്ഷിതങ്ങളായ രണ്ടു പദാർത്ഥങ്ങളാണ് "കാത്സിയ"വും "ഫോസ്ഫറ"സും. ഇവയുടെ അഭാവം മാതൃശരീരത്തിലെ ഓജസ്സിനെ കുറയ്ക്കുകയും, അവളുടെ ശരീരത്തെ നിഷ്പ്രയാസം രോഗവിധേയമാക്കുകയും ചെയ്യുന്നു. മാത്രമല്ല, മാതൃശരീരത്തിലെ ഇവയുടെ അഭാവം ഗർഭസ്ഥിതമായ ശിശുവിൽ ക്ഷയം മുതലായ രോഗങ്ങൾക്കു അടിസ്ഥാനമിടുന്നു. ഗർഭിണിക്കും ശിശുവിനും ഈ അവശ്യപോഷകങ്ങൾ ലഭിക്കുന്നതു് പശുവിൻപാലിൽ നിന്നാണ്. അതുകൊണ്ടു് ഗർഭിണി ആദ്യമാസംമുതൽ തന്നെ ദിവസേന 48 ഔൺസു പാലെങ്കിലും പല പ്രാവശ്യമായി കുടിക്കണം! അപ്രകാരം തന്നെ വിററമിൻ ഏ. ബി., ബി.2, സീ. ഡി എന്നീ പോഷകങ്ങൾ അടങ്ങിയ ആഹാരങ്ങളും അവർ കഴിക്കണം. കോഴിമുട്ട, തക്കാളിപ്പഴം (ടുമാററാ), പഴത്തപപ്പായ, പച്ചിലക്കറികൾ ആദിയായവ ഈ പോഷകങ്ങളെ ധാരാളമായി നല്കുന്നവയാണ്.

ദിവസേന വളർന്നുവരുന്ന ഗർഭസ്ഥിതമായ ശിശു മാതാവിൻെറ നഖം, പല്ല്, മുടി എന്നിവയിൽനിന്നുപോലും മൂലധാതുക്കളെ വലിച്ചെടുക്കുന്നതുകൊണ്ടു്

ഗർഭിണി തന്റെ പല്ലുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, കൈകാലുകളുടെ നഖങ്ങൾ വാസലൈൻകൊണ്ടു ദിവസവും ലേപനം ചെയ്യുന്നതിനും മുടി ആവണക്കെണ്ണ തടവിയശേഷം ചീകിമിനുസപ്പെടുത്തുന്നതിനും ശ്രദ്ധിക്കണം. സ്തനങ്ങളും ഉദരത്തിന്റെ കീഴ്ഭാഗവും ഒലിവുഎണ്ണ പുരട്ടി മെല്ലെമെല്ലെ തലോടുന്നതും നല്ലതാണ്.

ശരീരത്തിനോ മനസ്സിനോ ക്ലേശകരമായ ജോലികളിൽ നിന്ന് അവൾ അകന്നു ജീവിക്കണം. എന്നാൽ അനായാസകരമായ ഗൃഹജോലികൾ അവൾ ചെയ്യുന്നതു് അവളുടെയും ശിശുവിന്റെയും ആരോഗ്യത്തിനു നല്ലതാണ്. പകൽ മദ്ധ്യാഹ്നത്തിനുശേഷം ഒരുമണിക്കൂർ എങ്കിലും അവൾ വിശ്രമിക്കയോ ഉറങ്ങുകയോ ചെയ്യണം. ആദ്യത്തെ ഒന്നുരണ്ടു മാസങ്ങൾക്കുശേഷം അവൾ വൈകുന്നേരം പുറത്തിറങ്ങി അരമണിക്കൂർ നടക്കുന്നതു് നല്ലതാണ്. അതിനുശേഷം ചൂടുവെള്ളം പകർന്നുള്ള ഒരു കുളിയും അവളുടെ ഗർഭകാലാരോഗ്യത്തിനു ഉത്തമമാണു്. രാത്രി ഒൻപതുമണിമുതൽ രാവിലെ എട്ടുമണിവരെ അവൾ ദിവസേന ഉറങ്ങണം. സിനിമാ, ഉത്സവം ആദിയായി ജനബാഹുല്യമുള്ള സ്ഥലങ്ങളിൽ നിന്നും രാത്രി ഉറക്കമെഴിക്കുന്നതിൽനിന്നും ഗർഭിണി ഒഴിഞ്ഞുവർത്തിക്കണം. ലഹരിപദാർത്ഥങ്ങൾ, ഉഷ്ണജന്യമായ ആഹാരവിഹാരാദികൾ ഇവയിൽനിന്നു അവൾ അകന്നു് ജീവിക്കണം.

ശുദ്ധവും ലളിതവുമായിരിക്കണം ഗർഭിണിയുടെവസ്ത്രങ്ങൾ. മാതൃത്വത്തോടുകൂടി വിടർന്നുവളർന്നുവരുന്ന തന്റെ സ്തനങ്ങളെ കെട്ടിപ്പൂട്ടി വെക്കരുതു്. വികസിച്ചുവരുന്ന ഉദരത്തിനു യാതൊരു പ്രകാരത്തിലും ക്ഷേമമോ പ്രതിബന്ധമോ ഭവിക്കാത്തതായിരിക്കണം ഗർഭിണിയുടെ വസ്ത്രധാരണരീതി.

ഗർഭിണിയുടെ ഭർത്താവു് അവളെ മാസത്തിൽ ഒരിക്കലെങ്കിലും ഒരു വനിതാഡോക്ടരുടെ അടുത്തുകൊണ്ടുപോയി അവളെ പരിശോധിപ്പിക്കയും, ആ ഡോക്ടരുടെ നിർദ്ദേശങ്ങൾ അനുഷ്ഠിക്കയും ചെയ്യണം.

---


## അച്ചടിച്ചു തയ്യാറായി വരുന്നു!!

മിസ്സിസ്സ് ഹെലൻ തോമസ്സിന്റെ

ഗദ്യ നാടകം. ★ ലു ലുബ്ബുൻ ൻ ★ വില ഉറുപ്പിക 1 മാത്രം.

ഫ്രെഞ്ചു് നാടകകർത്താവായ മോളിയെയുടെ ഗദ്യനാടകത്തിന്റെ സമാഹരണം

റെഡ്യാർ പ്രസ്സ്—തിരുവനന്തപുരം.




## ഒന്നായിത്തീരുകില്ലേ?

പി. എൻ. പെരുമ്പളം, (ഒരു വിദ്യാർത്ഥി)

കേരളം! മോഹനലാവണ്യസങ്കേതം,
കേരളമെന്നും വിജയിക്കട്ടെ!

തുഞ്ചൻ തന്നോമനപ്പൈങ്കിളി പാടിയ-
പഞ്ചമം കേട്ടോരു കേരളത്തെ,
കുഞ്ചന്റെ പൊട്ടിച്ചിരികൾ മുഴങ്ങിയോ-
രഞ്ചിതമാവാകും കേരളത്തെ,
പുഞ്ചനെൽ പാടങ്ങൾ പച്ചവിരിപ്പിനാൽ
പുഞ്ചിരിക്കൊള്ളുന്ന കേരളത്തെ,
കേരവൃക്ഷങ്ങൾ നിരന്നുനിന്നീടുന്ന-
ഭാരതോദ്യാനമാം കേരളത്തെ,
മൂന്നായിവെട്ടിപ്പകുത്തോരു മാനവ,
മന്നിൽ നിൻ സ്വാതന്ത്ര്യ മായുകില്ലേ...?

കേരളം! മോഹന മാമകമാതൃഭൂ-
കേരളമൊന്നായിത്തീരുകില്ലേ......?



## പത്തു മിനിട്ട്.

ഫ്രെഡറിക്ക് എന്നധീരബാലൻ ഫ്രാൻസിലെ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു ബാല്യത്തിൽതന്നെ ഈ ബാലൻ അന്യാദൃശമായ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നെങ്കിലും ഗണ്യമായ ഒരു ന്യൂനത അവന്റെ സ്വഭാവത്തെ ബാധിച്ചിരുന്നു. ഉടനടി ചെയ്യേണ്ട കാര്യങ്ങളെ അവൻ പിൻകാലത്തേയ്ക്കു മാററിവയ്ക്കുകയാണു പതിവ്. "കുഞ്ഞേ, നിന്റെമുറിയിൽ പോയിരുന്നു പാഠം വായിക്കൂ" എന്നു പിതാവ് കല്പിച്ചാൽ "അപ്പാ പത്തുമിനിററുകൂടി കഴിഞ്ഞിട്ടാകട്ടെ" എന്നു അവൻ മറുപടി കൊടുക്കും. "മകനെ പ്രാർത്ഥനയ്ക്കായി വരിക" എന്നു മാതാവു ക്ഷണിച്ചാൽ "അമ്മേ! പത്തുമിനിററു കഴിഞ്ഞിട്ടു മതിയാകും" എന്നു അവൻ ഉത്തരം പറയും. "ഫ്രെഡി! നമുക്കു സ്കൂളിൽപോകാം" എന്നു അവന്റെ സഖാക്കൾ വിളിച്ചാൽ "പത്തുമിനിററു കഴിഞ്ഞിട്ടേ സൌകര്യപ്പെടുകയുള്ളൂ" എന്നവൻ പ്രത്യുത്തരം നല്കും. ഇങ്ങനെ തൽക്ഷണം പ്രവർത്തിക്കേണ്ടകാര്യങ്ങളിലെല്ലാം-എന്നുതന്നെയല്ല അതു എത്ര ഗൌരവമേറിയതായിരുന്നാലും—അവൻ പത്തുമിനിററു കഴിഞ്ഞേ ചെയ്കയുള്ളൂ. അതുകൊണ്ടു എല്ലാവരും അയാളെ "മിസ്റ്റർ പത്തുമിനിററ്" എന്നു ഹാസ്യമായി വിളിച്ചുവന്നു. പ്രായമാകുംതോറും അവനിൽ ഈ ദുഃസ്വഭാവവും വളർന്നുകൊണ്ടിരുന്നു.

ഫ്രെഡറിക്കിനു വയസ്സ് ഇരുപതു കഴിഞ്ഞു. അരോഗദൃഢഗാത്രനായ ഈ യുവാവ് ഏറെതാമസിയാതെ ഫ്രാൻസിലുള്ള സൈന്യത്തിലെ ഭടനായിച്ചേർന്നു. മേക്കി

ണാഫ്രിക്കയിൽ നീഗ്രോജാതിക്കാരുമായുള്ള ഘോരയുദ്ധത്തിൽ ഇയ്യാൾ അനന്യസാധാരണയായ നൈപുണ്യം പ്രദർശിപ്പിച്ചിരുന്നതിനാൽ അത്രവേഗത്തിൽ ഒരു സേനാനായകസ്ഥാനം ലഭ്യമായി. ഒരു ദിവസം ഇദ്ദേഹം ആറു കുതിരപ്പടയാളികളോടൊരുമിച്ചു പാളയമടിക്കുന്നതിനു സൌകൎയ്യമായ ഒരു സ്ഥലം അന്വേഷിച്ചു പുറപ്പെട്ടു. കുതിരകളെ അല്പം അകലെ വിട്ടശേഷം അവർ ഒരു സ്ഥലം പരിശോധിക്കയായിരുന്നു. അവർ നിന്നിരുന്ന സ്ഥലത്തിനു ചുററും വളരെ പൊക്കമുള്ള ഒരുതരം മുളമ്പുല്ലുകൾകൊണ്ടു മൂടിയിരുന്നു. അതിനിടയിൽക്കൂടി ആയുധപാണികളായ ഒരുക്കൂട്ടം കാപ്പിരികൾ ഗൂഢമായി വരുന്നതിനെ മിന്നൽപിണർപോലെ അവരിലൊരാൾ കാണ്മാനിടയായി. ഇനി താമസിച്ചാൽ ആപത്തുനേരിടുമെന്നും, ഉടൻ കുതിരപ്പുറത്തുകയറി രക്ഷപ്പെടണമെന്നു അവൻ സേനാധിപനെ ബോധിപ്പിക്കയും, അവർ കുതിരകളെ സജ്ജമാക്കുകയും ചെയ്തു. "പത്തുമിനിററു കഴിഞ്ഞിട്ടാകട്ടെ" എന്നു അദ്ദേഹം അഗണ്യമായി മറുപടി നല്കിക്കൊണ്ടു അവിടെത്തന്നെ നിന്നു. നിഷ്ഠുരന്മാരായ കാപ്പിരികൾ ഭയജനകമായ ശബ്ദത്തോടുകൂടി മൂൎച്ചയുള്ള കുന്തങ്ങളും നീട്ടിപ്പിടിച്ചുകൊണ്ടു ചെടികളുടെ ഇടയിൽ:നിന്നും മുമ്പോട്ടു പാഞ്ഞുവന്നു. സൈന്യാധിപന്റെ കുതിര ഘോരാരവം കേട്ടു വിരണ്ടോടികളഞ്ഞു. അദ്ദേഹം പരവശനായി, നിസ്സഹനായി, അവിടെ ശേഷിച്ചു. രക്ഷപ്രാപിക്കുന്നതിനായി അദ്ദേഹം അല്പദൂരം ഓടി എങ്കിലും അനുഗമിക്കുന്ന നിഷ്ഠുരന്മാരായ കാപ്പിരികളിൽനിന്നു രക്ഷപ്പെടുന്നതിനു സാധിച്ചില്ല. നിശിതമായ കുന്തങ്ങളെ അവർ ആ സൈന്യധിപന്റെ ശരീരത്തിൽ അത്രദയനീയമാകുംവണ്ണംകുത്തിയിറക്കി. കഷ്ടം! കഷ്ടം! ആ ധീരപുരുഷൻ അസഹ്യമായ വേദനയാൽ നിലവിളിച്ചു ക്ഷണനേരത്തിനുള്ളിൽ പ്രാണൻ വിടുകയും ചെയ്തു. രക്ഷപ്രാപിച്ച ഭടന്മാർ സൈന്യാധിപനെ അന്വേഷിച്ചു തിരിച്ചുവന്നപ്പോൾ അദ്ദേഹം വെട്ടുകളും, കുത്തുകളും, ഏററു മരിച്ചു രക്തക്കളത്തിൽ മുങ്ങിക്കിടക്കുന്നതായി കണ്ടു. ശരീരത്തിന്റെ നാനാഭാഗങ്ങളിലായി ഉണ്ടായ മുപ്പത്തിയാറു മുറിവുകളിൽക്കൂടി രക്തം പ്രവഹിച്ചുകൊണ്ടിരുന്ന ഭയങ്കര കാഴ്ച അവർ ദർശിച്ചപ്പോൾ അവരുടെ നയനങ്ങളിൽനിന്നു അശ്രുക്കൾ ഒഴുകിത്തുടങ്ങി.

★ അടുത്തലക്കം കലാനിധിയിൽ ★

മഹാകവി പള്ളത്തിന്റെ ═══ "കളി കാൎയ്യമായി"

ഒരു നീണ്ട ചെറുകഥ ★ ടാഗോർകൃതിയുടെ പരിഭാഷ.




എൻ കെ. ററി.

ഡാക്ടർ:—(മറെറാരു ഡാക്ടരോട്) എന്റെ സ്നേഹിത! എന്റെ ശ്രമം സഫലമായി. ഞാൻ കൃതാൎത്ഥനായി!

മറെറ ഡാ:—അതെന്താണു് മിസ്റ്റർ?

ഡാ:—ഞാൻ വളരെക്കാലം കൊണ്ടു മലംപനിയെ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുകയായിരുന്നു.

മ.ഡാ:—അതെ, അതെനിക്കറിയാം. അതു് ഇപ്പോൾ എന്തായി?

ഡാ:—എന്തായെന്നോ! മലം പനിയുണ്ടാക്കുന്ന അണുജീവികളുടെ കുടിയിരുപ്പു ലിവറിൽ ആണെന്നു സൂക്ഷ്മമായി മനസ്സിലാക്കി.

ഡാക്ടരുടെ ഭാര്യ—അതൊരു നല്ല കണ്ടുപിടിത്തമായല്ലോ. അപ്പോൾ ചികിത്സ സുകരമാക്കാം.

ഡാ:—അതെങ്ങിനെ?

ഭാ:—എല്ലാവരുടേയും ലിവർ എടുത്തുകളഞ്ഞാൽ മതി. പനിയുള്ളവൎക്കു അതു ഭേദമാകുന്നതിനും, പനിയില്ലാത്തവൎക്കു അതു പിടിപെടാതിരിക്കുന്നതിനും അതു മതിയാകും.

*   *   *   *   *

പിതാവും മാതാവും പുത്രനുമായി കാപ്പികഴിക്കാൻ ഇരിക്കുന്നു.

പിതാവു്—അല്ല! ഇന്നു രണ്ടു മുട്ടയെ ഉള്ളുവല്ലോ.

പുത്രൻ—അതെങ്ങിനെ അപ്പാ—

പി:—എണ്ണിവയ്ക്കുന്നു. ഒന്നു്, രണ്ടു്.

പു:—അതു ശരിതന്നെ. രണ്ടും ഒന്നും മൂന്നു് പിന്നെന്താ?

പി:—അതും ശരിതന്നെ. എനിക്കു പിശകുപററി. ഒന്നു എനിക്ക്. രണ്ടാമത്തേതു മാതാവിനു് മൂന്നാമത്തേതു പുത്രനും എടുത്തുകൊള്ളു.

*   *   *   *   *   *



"കഷ്ടം! കരിങ്കുരങ്ങുസത്തു് സേവിക്കുന്നതിനു മുമ്പു് നിങ്ങൾ എത്ര സുന്ദരനായിരുന്നു!"

*   *   *   *   *   *

"ദന്തചികിത്സാലയം" എന്ന ഒരു പരസ്യപ്പലകയെ കണ്ടു രണ്ടു കുട്ടികൾ—

ഒന്നാമൻ—നോക്കു ആ പരസ്യം. "ദന്തചികിത്സലയം" എന്താണതു്?

രണ്ടാമൻ—'ലയ'മോ? ലായമെന്നാണു്.

ഒ:—ലായമൊ? അതു എന്താണു്?

ര:—ലായം, കുതിരയെ കെട്ടുന്ന സ്ഥലമെന്നു സാറു പറഞ്ഞില്ലെ? അതുകൊണ്ടു് ആളുകളെ കിടത്തി പല്ലു പറിക്കുന്ന സ്ഥലമെന്നൎത്ഥം.

*   *   *   *   *   *

“ശമ്പോ”

ഭാര്യ—നിങ്ങൾ എന്നെ വിവാഹം കഴിക്കുന്നതിന് മുമ്പു വല്ല തെററും ചെയ്തിട്ടുണ്ടോ?

ഭർത്താവ്—ഇല്ലാ, അതു എൻെറ ആദ്യത്തെ അപരാധമാണ്.

* * * * * *



“ഇതു് ബംഗാളി ആർട്ടും മററുമല്ല; എൻെറ ഭാര്യയുടെ ഒരു ഫോട്ടോയാണ്.”

* * * * * *

വാച്ചർ—എടാ കൂട്ടിനകത്തു കടുവായാണ് ഇരിക്കുന്നതു് അടുത്തു ചെല്ലരുതു്.

കുട്ടി—താൻ പേടിക്കേണ്ട. ഞാൻ കടുവായെ വിഴുങ്ങികളയുകയില്ല.


* * * * * *



“അവിശ്വാസപ്രമേയത്തിൽ ഒപ്പുവച്ചവരെപ്പററി സാറിൻെറ അഭിപ്രായമെന്താണ്?”

“ഷേവു തീർന്നിട്ടു പറയാം.”

* * * * * *



“ഞാൻ എന്തെങ്കിലും ബഹളം കൂട്ടിയാൽ, തിരുവിതാംകൂർ റേഡിയോ കേൾപ്പിക്കുമെന്ന്, അമ്മ ഭയപ്പെടുത്തുന്നു.”

* * * * * *



“അതെ, മലയാളത്തിൽ സിനിമാവ്യവസായം അഭിവൃദ്ധിപ്പെടാൻ ഇടയുണ്ട്. അതാണ് ഞാനും മുടി വളർത്തുന്നതു്.”

* * * * * *

രാമൻ—(സിനിമാശാലയിൽ) നീ വീട്ടിൽ പറഞ്ഞിട്ടില്ലല്ലോ. നിൻെറ അച്ഛൻ ഇവിടെ വച്ചു നിന്നെ കണ്ടാലെന്തു് പറയും?

കൃഷ്ണൻ—“എൻെറ പൊന്നുമകനെ! ഞാൻ വന്നിട്ടുണ്ടെന്നു അമ്മയോടു പറയരുതെ” എന്നു പറയും.

* * * * * *

ഭത്താവു്—ഞാൻ വരാൻ വളരെ താമസിച്ചതുകൊണ്ടു് നീ വളരെ ഭയപ്പെട്ടിരിക്കുമെന്നു തോന്നുന്നു.


ഭാര്യ—അങ്ങു് വരാൻ ഇത്രതാമസിക്കുമെന്നു ഞാൻ ഒട്ടുംഅറിഞ്ഞിരുന്നില്ല. അതു കൊണ്ടു വളരെ ഭയന്നു.

* * * * * *



''നിങ്ങളൊരു 'ഡെൻടിസ്റ്റാണെന്നു്', പറയാതെതന്നെ മനസ്സിലായി. എന്റെ മിച്ചമുള്ള രണ്ടു പല്ലും താൻ ആത്തിയോടെ നോക്കുന്നതു ഞാൻ ശ്രദ്ധിച്ചു.''

* * * * * *




* * * * * * *


ഒരുസ്ത്രീ—നിന്റെ ഭത്താവു മരിച്ചുപോയി. എന്നു് സ്വപ്നം കണ്ടാൽ നീ എന്തു ചെയ്യും?

മറെറാരുസ്ത്രീ—''ഭഗവാനെ എന്നെ ഒരിക്കലും ഉണത്തരുതെ'' എന്നു് പ്രാത്ഥിക്കും.

* * * * * * *

ഒരാൾ—ഞാൻ മൂഖന്മാരോടു സംസാരിക്കുകയേ ഇല്ല.

മറെറയാൾ—ഞാനും അങ്ങനെതന്നെ. പക്ഷേ, നിങ്ങളോടു സംസാരിക്കാതിരിക്കാൻ മനസ്സു് വരുന്നില്ല.





കാലൻ—''എന്തു്? മലയാളത്തിലെ ഒരു ചെറുകഥക്കാരനോ? കൊണ്ടുപോകൂ, നരകത്തിലേക്കു്!''




# 1124-ാമാണ്ടു ധനുമാസത്തിൽ ഓരോ കൂറുകാർക്കുമുള്ള ഗുണദോഷഫലങ്ങൾ.

തകഴി കെ. രാമവാര്യർ.

| | | | |
|---|---|---|---|
| | സ. | | |
| | ക. 12. മ.<br>ബു. 19. മ.<br>ശു. 24. ധ. | | |
| | | | മ. |
| ര. ബു.<br>ക. ഗു. | ശു. | ശി. | |

മേടക്കൂറ്:—(അശ്വതി ഭരണി കാർത്തിക കാൽ) സന്താനങ്ങളുടെ സമ്പൽസുഖാദികൾക്കുള്ള ചെലവുകൾ, ബന്ധുക്കളുടെ സൽക്കാരങ്ങൾ, ഔദാര്യം കൂടിയിരിക്ക, ചെവിയ്ക്കോ കണ്ണിനോ അല്പം അസുഖങ്ങൾ ഉണ്ടാവുക, ഇവയൊക്കെ ഉണ്ടാകുമെങ്കിലും മേലധികാരികളുടെ ഇഷ്ടങ്ങളുംതന്നിമിത്തമുള്ള ഉൽക്കർഷങ്ങളും ഉണ്ടാകും. ഉചിതങ്ങളായ പ്രവൃത്തികൾചെയ്യും. വ്യയഭാഗ്യത്തിനു കുറവു വരികയില്ല. 13 14 5 ഈ ദിനങ്ങൾ ശുഭകാര്യങ്ങൾ ചെയ്യുന്നതിനു നല്ലതല്ല.

ഇടവക്കൂറ്:—(കാർത്തികമുക്കാൽ രോഹിണി മകയിരത്തര) പരസഹായം കൂടുതലായി വേണ്ടി വരികയും, ദൂതവൃത്തി നിമിത്തമുള്ള അപവാദങ്ങളും, അനുഭവസുഖത്തിനു വേണ്ടി കടംവാങ്ങി കൂടി ചെലവുചെയ്യുകയും, ഇടയ്ക്കിടെ മനഃപീഡകൾക്കിടവരികയും കളത്രവിഷയസൌഖ്യവും ക്ഷതങ്ങൾ സംഭവിക്കുകയും സഞ്ചാരക്ലേശം വ്യയം ഇവ അധികമാകയും ഫലം. 15 16 17 ഈ തീയതികൾ അത്ര ശുഭമല്ല.

മിഥുനക്കൂറ്:—(മകയിരത്തരയും തിരുവാതിര പുണർതത്തിൽമുക്കാൽ) പ്രവേശിക്കുന്ന കാര്യങ്ങളിലെല്ലാം അപജയം, രോഗപീഡ, അപമാനങ്ങൾക്കിടയാകുക, അയോഗ്യച്ചേഷ്ടികൾ, കളത്രാരിഷ്ടത, പൂജ്യതയും മഹത്വവും, സുഖസാമഗ്രികൾ വാങ്ങുക മുതലായവ് ഫലം. 18 19 20 ഈ ദിനങ്ങൾ ശുഭങ്ങളല്ല.

കർക്കടകക്കൂറ്:—(പുണർതത്തിൽകാൽ പൂയം ആയില്യം) വർദ്ധിച്ചിരിക്കുന്ന ജഠരാഗ്നി ശുഷ്കവിമർശനങ്ങൾ നടത്തുക, അവാസ്തവപ്രസ്താവനകൾ പരത്തുക, പണവിഷയമായ വിഷമത, ഇഷ്ടജനവിരഹം, ദുർജ്ജനങ്ങളിൽ നിന്നുള്ള തകരാറുകൾ ഇവ ഫലം. 21 22 23 ഈ തീയതികൾ നന്നല്ല

ചിങ്ങക്കൂറ്:—(മകം പൂരം ഉത്രത്തിൽക്കാൽ) ബുദ്ധിമുട്ടിനു തക്ക വരുമാനങ്ങൾ ഇല്ലായ്ക, മലകളിലും മററും സഞ്ചരിക്കുന്നതിൽ ആസക്തി, സന്താനങ്ങൾക്കു വേണ്ടിയുള്ള വ്യയം, കുടുംബത്തിൽ മംഗളകാര്യങ്ങൾ പ്രവർത്തിക്കുക, പുണ്യസ്ഥലങ്ങളിൽ പോവുക, മടി കൂടിയിരിക്കുക, പ്രാമാണ്യം വഹിക്കുക, 23 24 25 ഈ ദിവസങ്ങൾ നല്ലതല്ല.

കന്നിക്കൂറ്:—(ഉത്രത്തിൽമുക്കാൽ അത്തം ചിത്തിര അര) ഹൃദ്രോഗം ഉണ്ടാകയും, സ്ത്രീകളുടെ അഭിപ്രായത്തിനു പ്രാബല്യം നല്കുകയും, മനഃപീഡകൾ ഒഴിയാതിരിക്കുകയും, ബന്ധുജനവിരഹം സംഭവിക്കയും, കൃഷികാര്യങ്ങൾക്കു ഉഴലുകയും, ധനപരമായ ക്രയവിക്രയവും ഫലം. 25 26 27 ഈ ദിവസങ്ങൾ ശുഭകാര്യങ്ങൾക്കു യുക്തമല്ല.

തുലാക്കൂറ് —(ചിത്തിര അരയും ചോതിയും വിശാഖത്തിൽ മുക്കാലും) മനഃപീഡ, കലഹം, ഭിന്നിപ്പ്, പത്രപാരായണാസക്തി, വിനോദത്തിൽ പ്രിയം, ക്ഷണസൗഖ്യം, വക്രതയിൽക്കൂടിയുള്ള പ്രവൃത്തി, ദുഃസ്വപ്നങ്ങൾ കാണുക, രക്തദൂഷ്യത്തിൽ നിന്നുള്ള കുരുക്കൾ മുതലായ പീഡകൾ. 28 29 30 ഈ ദിനങ്ങൾ നല്ല കാര്യങ്ങൾ പ്രവർത്തിപ്പാൻ നല്ലതല്ല.

വൃശ്ചികക്കൂറ്:—(വിശാഖത്തിൽകാൽ അനിഴം കേട്ട) ഉദ്ദിഷ്ടസാദ്ധ്യം, കാർഷികഗുണം, വാഹനസിദ്ധി, ദാനതൽപരത, സ്നേഹിതന്മാരെ കൊണ്ടുള്ള സഹായങ്ങൾ, വാഗ്മിത്വം, സന്തോഷം, സാധുക്കളിൽ അനുകമ്പ, പൊതുജനനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുക ഇവ ഫലം. 1 2 3 ഈ ദിവസങ്ങളിൽ ശുഭകാര്യങ്ങൾ ഒന്നും ചെയ്യരുത്.

ധനുക്കൂറ്:—(മൂലം പൂരാടം ഉത്രാടത്തിൽകാൽ) കളത്രപീഡ, ധനനഷ്ടം, ഭരണീയജനങ്ങളുമായിട്ടുള്ള വിയോഗം, നീർദോഷംകൊണ്ടുവരാവുന്ന രോഗാദികൾ, ഈശ്വരകാര്യങ്ങളിൽ തൽപരത, കർഷകർക്കു സഹായങ്ങൾ ചെയ്യുക, വരവിൽ കവിഞ്ഞ സംഭാവനകൾ ചെയ്യുക, സ്ഥാനോന്നതി, പുതിയ സുഹൃത്തുക്കൾ ഉണ്ടാവുക, സഹനശക്തി ഉണ്ടാവുക ഇവഫലം. 4 5 6 ഈ തീയതികൾ ഉത്തമമല്ല.

മകരക്കൂറ്:—(ഉത്രാടത്തിൽ മുക്കാൽ ഓണം അവിട്ടത്തര) പ്രതാപശക്തികൾക്കു ക്ഷയം, പതനം, മതിദുഃഖങ്ങൾ. ഇഷ്ടജനവേർപാട്, സന്താനങ്ങളിൽനിന്നുള്ള ക്ലേശം, വിയോഗം, ദർശനം, അലച്ചിലുകളും ബുദ്ധിമുട്ടുകളും വർദ്ധിക്കുക, വിമർശനതാൽപര്യം, വിവാദം, ധനനഷ്ടം 7 8 9 ഈ ദിനങ്ങളിൽ യാതൊരു ബിസിനസ്സുകളും ചെയ്യരുത്.

കുംഭക്കൂറ്:—(അവിട്ടത്തരയും ചതയവും പൂരുരുട്ടാതി മുക്കാലും) പരന്മാർക്ക് ഉപകാരം ചെയ്യുക, ഈശ്വരകാര്യനിരതത്വം, നൂതനസുഹൃത്തുക്കളുടെ സമാഗമം, അന്യന്മാരുടെ അഭ്യുദയത്തിൽ അസൂയ, അന്യരെപ്പററിയുള്ള ദൂഷണം, പ്രഭുജനങ്ങളുടെ സഹായാനുകൂല്യം, കുത്സിതപ്രവൃത്തികളിലുള്ള ആസക്തി, അന്യജനപ്രമതല ഇവഫലം. 10 11 12 ഈ ദിവസങ്ങൾ ശുഭപ്രദമല്ല.

മീനക്കൂറ്:—(പൂരുരുട്ടാതി കാൽ ഉത്തൃട്ടാതി രേവതി) തുടങ്ങുന്നകാര്യം പൂർത്തീകരിക്കയും, ആശ്രയജനങ്ങളിൽ ആനുകൂല്യവും പ്രവൃത്തികൾക്ക് പുഷ്ടിയും, ധനലാഭവും, കാർഷികകാര്യങ്ങളിൽനിരതത്വവും സമാജനേതൃത്വവും, അവിചാരിതലാഭവും ഒന്നുകൊണ്ടും തൃപ്താവസ്ഥ മനസ്സിന് ഇല്ലായ്കയും ശത്രുക്കൾ വളരുകയും ചെയ്യും. ഇവഫലം. 12 13 14 ഈ ദിനം ശുഭപ്രദങ്ങളല്ല.

കന്നിക്കൂറുകാർ—ശനിയാഴ്ചതോറും ശനിഹോമവും നാമജപങ്ങളും നടത്തുകയും അഗതികൾക്ക് എള്ള് ഭക്ഷണം വസ്ത്രം ഇവ ദാനംചെയ്യുകയും ചെയ്താൽ ദോഷശാന്തി ലഭിക്കും.

മിഥുനക്കൂറുകാർ—വ്യയന്യൂനീകരണത്തിൽ ശ്രദ്ധപതിപ്പിക്കയും വിജ്ഞാനങ്ങളായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും പൊതുജനോപസ്ഥാപനങ്ങൾക്ക് ധനം സംഭാവന ചെയ്യുകയും ശനിയാഴ്ച ഒരിക്കൽ നോക്കുകയും പ്രഭാതസ്നാനം നടത്തുകയും വേണം. എന്നാൽ ദുഷ്കാലത്തിനു ശക്തികുറയും.

കർക്കടകക്കൂറുകാർ—സാധുക്കളായ വിദ്യാർത്ഥികളെ സഹായിക്കയും ഗുരുജനഹിതം പാലിക്കയും രാഷ്ട്രസേവനങ്ങളിൽ ഏർപ്പെടുകയും അകാലങ്ങളിൽ സഞ്ചരിക്കാതിരിക്കയും ആരോഗ്യഹാനി വരാതെ സൂക്ഷിക്കയും ചെയ്യണം. എന്നാൽ കഷ്ടതകൾക്കിടവരാതെ കഴിയാം.

മകരക്കൂറുകാർ— അന്യമുതലുകളിൽ ഏർപ്പെടരുത്. ഭരണീയരുമായി ഐക്യത്തിൽ കഴിയണം. മാതൃഹിതത്തിനു വഴിപ്പെടണം. വിനോദകാര്യങ്ങളിൽ ഏർപ്പെട്ടു സമയത്തെ നയിക്കണം.

ഈ മാസത്തിൽ നെൽകൃഷികൾ പതിനഞ്ചാംതീയതിക്കകമായിതന്നെ നടത്തുന്നതിനു ശ്രമിക്കണം. ഇരുപതാംതീയതി കഴിഞ്ഞുള്ള വിതകൾ പലവിധ വ്യയത്തിനും ഈതിബാധകൾക്കും ഇട വരുത്തുന്നതാണ്.

---

## കലാനിധി പത്രാധിപർഅവർകളുടെ സംശയത്തിനു മറുപടി.

1. ഭാഗ്യാധിപൻ നീചത്തോടു അടുത്തിരിക്കുന്നതു്, ഭാഗ്യത്തിന്റെ പുഷ്ടിക്കുറവിനെയും ബലഹീനതയേയും കാണിക്കുന്നു. അപ്രാപ്യതയിൽ തലയിടും. അഭിമാനം നിറവേററാൻ ഉഴലും.

2. ഭാഗ്യത്തിൽ മാരകാധിപതിയും നീചനുമായ രവിയുടേയും അഷ്ടമാധിപനും മൂഢനുമായ ബുധന്റേയും ഭംഗകാരകനായ ശിഖിയുടേയും യോഗം ഇവകൊണ്ടുള്ള ഫലം

ഭാഗ്യാദിഭാവങ്ങൾ പുഷ്ടിമത്താകാതിരിക്കുന്നതിനും, പ്രവൃത്തികളിൽ മന്ദത, അലസത, കാലതാമസം ഇവ ഉണ്ടാക്കിക്കൂട്ടുന്നതിനു പര്യാപ്തമാണ്. കേതുവിന്റെ യോഗം ഐക്യഭംഗത്തിനു ഇട വരുത്തുന്നതാണ്, ഒൻപതിലെ കേതു മറെറാരു പ്രകാരത്തിൽ നല്ലതുമാകുന്നു. പൊട്ടന്നാവയുള്ള ഭാഗ്യസിദ്ധി, സ്വാഭിപ്രായപ്രാബല്യത, ഉൽക്കർഷേച്ഛ, ഉത്സാഹശീലം, കപടതന്ത്രനിപുണത, വാഗ്മിത്വം, അന്യജനനിന്ദിതം, ആത്മസുഹൃത്തുക്കളുടെ ദ്വേഷം ഇവകൾക്കൂടി അനുഭവിക്കുന്നതാകുന്നു.

3. പ്രധാനമന്ത്രിയുടെ നക്ഷത്രം നിശ്ചയമില്ലാതിരുന്നതിനാലാണ് മുഹൂർത്തകാര്യത്തെപ്പററി അഭിപ്രായം പറയാതിരുന്നതു്. അഷ്ടമരാശി വർജ്യം തന്നെ. ഏഴാംഭാവത്തിലെ പാപോദയവും നന്നല്ല. ശുഭോദയവും ശുഭദൃഷ്ടിയും ഉണ്ടെന്നു സമാധാനത്തിനും വഴിയില്ലാതില്ല.

4. ശത്രുസ്ഥാനാധിപനായ ചന്ദ്രന്റെ ഉച്ചസ്ഥിതികൊണ്ടു ചന്ദ്രൻ മനഃകാരകൻ ആകയാലും സുഖത്തിൽ നില്ക്കയാലും മനഃസുഖയത്നങ്ങൾക്കു ഭംഗപ്രദമെങ്കിലും ശത്രുഹാനിക്കു നല്ലതുമാണ്.

'ഗതംഗതം സർവ്വമുപേക്ഷണീയ'മെന്ന നിലയിൽ മുഹൂർത്തദോഷങ്ങൾ ഉള്ളതിനു പ്രതിവിധി എന്ന നിലയിൽ എനിക്കുള്ള അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊള്ളുന്നു

അഗതികളുടെ സംരക്ഷണത്തിൽ അനുപേക്ഷണീയവും അവസരോചിതവുമായ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചു അവരെ സന്തോഷിപ്പിച്ചു സംരക്ഷിക്കയും, ഗ്രാമീണരുടെ സഞ്ചാരസൗകര്യാദികളിൽ ഉൽസുകരായി മാർഗ്ഗങ്ങൾ സൃഷ്ടിച്ചു കൊടുക്കയും, ജീവൽപ്രധാനമായ ആഹാരപ്രശ്നത്തിനും കാർഷികോൽപാദനത്തിനും കൂടുതലായി സമയവും ധനവും വ്യയം ചെയ്യുകയും, വിദ്യാർത്ഥികൾക്ക് വിജ്ഞാതങ്ങളും വിദഗ്ദ്ധതകളുമായ വിജ്ഞപ്തിയിൽ ജാഗരൂകനായിരിക്കയും അവശതകൾ പരിഹരിക്കയും കൂടി ചെയ്യേണ്ടതാകുന്നു.

# റാണി മംഗളാഭായി




ചരിത്രസംബന്ധമായ ഒരു ഒന്നാന്തരം നോവൽ

ഗ്രന്ഥകർത്താ—കരുപ്പംവീട്ടിൽ കെ. എൻ. ഗോപാലപിള്ള.

വില ക. ൧ ണ. ൪.

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ, തിരുവനന്തപുരം.

Reg: No. T. 154 Reg: No. M. 5192

# കമ്പരാമായണകഥാമൃതം

ശ്രീ: പനങ്കടവത്തു നാരായണൻ അവർകളുടെ പരിഭാഷ.



അഞ്ഞൂറോളം പേജുകൾ. വില ഒന്നര രൂപാ മാത്രം.

റെഡ്യാർ പ്രസ്സ് & ബുക്കുഡിപ്പോ_തിരുവനന്തപുരം.

Printed and Published by T. Subbiah Reddiar, The Reddiar Press, Main Road, Trivandrum.